# എസ് എൻ എ-യുടെ നൂറ്റാണ്ട്

(1920 - 2020)

അഷ്ടവൈദ്യൻ തൃശ്ശൂർ തൈക്കാട്ട് മൂസ്സ്

## എസ് എൻ എ ഔഷധശാല

തൃശ്ശൂർ

# എസ് എൻ എ-യുടെ നൂറ്റാണ്ട്

(1920 - 2020)

Since 1920

അഷ്ടവൈദ്യൻ തൃശ്ശൂർ തൈക്കാട്ട് മൂസ്സ്

**എസ് എൻ എ**

ഔഷധശാല പ്രൈവറ്റ് ലിമിറ്റഡ്

മൂസ്പെറ്റ് റോഡ്, കിഴക്കേകോട്ട, തൃശ്ശൂർ 680005

Tel: 0487- 2420948, 2441947

**SNA-yude Noottandu (1920 - 2020)**

**Publisher:**
SNA Oushadhasala Pvt. Ltd.
Thrissur

**Editorial Team:**
Ashtamoorthi
Raman Mundanad
Anjana Somanathan

**Front Cover Painting:**
Prasanth K. G.

**Back Cover Picture:**
Nisha Krishnan, Channeliam.com

**Design & Layout:**
C&O ad-ventures
Thrissur

**Printed at:**
Vivid Offset Printers
Thrissur

Copyright © 2019
SNA Oushadhasala Pvt. Ltd., Thrissur

# എസ് എൻ എ-യുടെ നൂറ്റാണ്ട്

എസ് എൻ എ ഔഷധശാലയ്ക്ക് 2020-ൽ നൂറു വയസ്സു തികയുമ്പോൾ സ്വന്തം ജാതകം ഒന്നു പരിശോധിയ്ക്കാൻ ഒരുമ്പെടുകയാണ് ഞങ്ങൾ. ഏതു ഘട്ടത്തിലായാലും ഒരു തിരിഞ്ഞു നോട്ടം നല്ലതാണല്ലോ. അത് മുന്നോട്ടുള്ള യാത്രയ്ക്ക് വിലപ്പെട്ട ഒരു പാഥേയമാണ്. സംഭവിച്ച തെറ്റുകൾ ആവർത്തിയ്ക്കാതിരിയ്ക്കാനും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താനും സഹായകമാവും എന്നുകൂടി കരുതിയാണ് ഞങ്ങൾ ഇതിന് ഉദ്യമിച്ചത്.

പക്ഷേ അത് അത്ര എളുപ്പമായിരുന്നില്ല. കടന്നു വന്ന വഴികൾ കുറച്ചൊക്കെ ഇരുളടഞ്ഞു കിടക്കുകയായിരുന്നു. ആദ്യകാലങ്ങളെ സംബന്ധിയ്ക്കുന്ന രേഖകൾ വേണ്ടത്ര ലഭ്യമല്ലായിരുന്നു. ചിത്രമെടുപ്പ് ചെലവേറിയതായിരുന്നതുകൊണ്ട് ചിത്രങ്ങളും അങ്ങനെത്തന്നെ. അതിനു പുറമേ അക്കാലത്തിന്റെ സാക്ഷികളായിരുന്നവരുടെ അഭാവവും ഞങ്ങളെ അൽപം വലച്ചു.

എന്നാലും തുടങ്ങി വെച്ചപ്പോൾ ഞങ്ങളെത്തന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് ചിത്രം ക്രമേണ തെളിഞ്ഞുതെളിഞ്ഞു വന്നു. ഞങ്ങൾ ഭയപ്പെട്ടിരുന്നതു പോലെ ഭാവനയേയും സങ്കൽപ്പത്തേയും ആശ്രയിയ്ക്കേണ്ടി വന്നില്ല. സാധിയ്ക്കാവുന്നത്ര ആളുകളുമായി സംസാരിച്ചും കിട്ടാവുന്നത്ര രേഖകൾ തപ്പിപ്പിടിച്ചും അൽപം ക്ലേശകരമെങ്കിലും ഈ ഉദ്യമം ഏറെക്കുറെ തൃപ്തികരമായി പൂർത്തിയാക്കാൻ കഴിഞ്ഞു എന്നു തന്നെ ഞങ്ങൾ കരുതുന്നു.

ആമുഖം, കുടുംബചരിത്രം, ഔഷധശാലാചരിത്രം, അനുബന്ധം എന്നിങ്ങനെ നാലു ഖണ്ഡങ്ങളായാണ് ഈ പുസ്തകം ഉരുത്തിരിയുന്നത്. വഴിത്തിരിവുകൾ എന്നു കരുതപ്പെടുന്ന രേഖകളും ചിത്രങ്ങളും ആവുന്നത്ര ശേഖരിച്ച് ഇതിൽ ചേർത്തിട്ടുണ്ട്. ജനസാമാന്യത്തിന് അത്ര താൽപര്യമുണ്ടാവാൻ ഇടയുള്ളതൊന്നും ആയിരിയ്ക്കില്ല ഇവ എന്ന പൂർണ്ണബോദ്ധ്യമുണ്ട്. പക്ഷേ ഔഷധശാലയെ സംബന്ധിച്ചേടത്തോളം വിലപ്പെട്ട ഒരു രേഖയായിരിയ്ക്കും ഇത്.




ആർട്ടിസ്റ്റ് നമ്പൂതിരി ഭാഷാപോഷിണിയുടെ 2013 നവംബർ ലക്കത്തിൽ രേഖകൾ എന്ന പരമ്പരയിൽ വരച്ച ഔഷധശാലയുടെ ചിത്രം

# എസ് എൻ എ-യുടെ നൂറ്റാണ്ട്

## വിഷയവഴി

### ആമുഖം


1. ആയുർവേദം: വ്യവസായവും പാരമ്പര്യവും - 8
2. സ്ഥലരാശി - 11
3. സാഹിത്യചരിത്രവും ഔഷധശാലയും - 12

### കുടുംബചരിത്രം


4. അഷ്ടവൈദ്യന്മാർ - 18
5. യാത്രാവഴി - 19
6. തൃശ്ശൂർ തൈക്കാട്ട് മൂസ്സ് - വംശാവലി - 21
7. വംശാവലി - ഒരു വിശകലനം - 22
8. തൃശ്ശൂർ തൈക്കാട്ട് നാരായണൻ മൂസ്സ് - 23
9. തൃശ്ശൂർ തൈക്കാട്ട് ഉണ്ണി മൂസ്സ് - 31
10. ആവലാതിപത്രം - 36
11. പി. ടി. നാരായണൻ മൂസ്സ് - 39
12. പി. ടി. എൻ. വാസുദേവൻ മൂസ്സ് - 45


### ഔഷധശാലാചരിത്രം


13. തൃശ്ശൂരിൽ ഒരു വൈദ്യശാല - 50
14. വയസ്കരപർവ്വം - 51
15. തളിർക്കുന്ന ശാഖകൾ - 53
16. പുതിയ ഭരണസംവിധാനം - 55
17. പ്രബലമാകുന്ന അടിത്തറ - 60
18. സമരം - 63
19. യന്ത്രമർമ്മരങ്ങൾ - 66
20. പുതിയ അവകാശി - 70
21. വികസനകാലം - 72
22. എസ് എൻ എ എന്ന ചികിത്സാകേന്ദ്രം - 74
23. കിടത്തിച്ചികിത്സ - 76
24. കമ്പനി - 87
25. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ - 89
26. നൂറു തികയുമ്പോൾ - 96
27. തസ്തികാവലി - 108




## അനുബന്ധം


28. കെടാവിളക്ക് - 110
29. തൃശ്ശൂർ തൈക്കാട്ട് മന - 115
30. പുരപ്പണി - 121
31. വേട്ടേക്കരൻ പാട്ട് - 124
32. ഉത്സവങ്ങളുടെ തിരുമുറ്റം - 128
33. ഗ്രന്ഥപ്പുര - 135
34. കുടുംബഡോക്ടർമാർ - 136
35. രണ്ടു ക്ഷേത്രങ്ങൾ - 138
36. രണ്ടു കാവ്യങ്ങൾ - 143
37. ഒപ്പം നടന്ന രണ്ടു പേർ - 154
38. രണ്ട് അഭ്യുദയകാംക്ഷികൾ - 156
39. നാല് അതികായന്മാർ - 158
40. ഉണ്ണിമൂസ്സ് ദിനാഘോഷങ്ങൾ - 167
41. ഉണ്ണിമൂസ്സ് ഫൗണ്ടേഷൻ - 173
42. തൊഴിലാളി സംഘടനകൾ - 188
43. നവതി ആഘോഷങ്ങൾ - 190
44. നാഴികക്കല്ലുകൾ - 204
45. ജീവനക്കാരുടെ പട്ടിക - 206

## നന്ദി

# ചാരിതാർത്ഥ്യത്തോടെ

എസ് എൻ എ ഔഷധശാല അതിന്റെ ചരിത്രത്തിലെ പ്രധാനപ്പെട്ട ഒരു നാഴികക്കല്ലിൽ എത്തിനിൽക്കുകയാണ്. 1920-ൽ ഉണ്ണിമൂസ്സ് തുടങ്ങിയ സ്ഥാപനം നൂറ് വർഷം പൂർത്തിയാക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കട്ടെ.

ഈ നൂറ് വർഷക്കാലമത്രയും സ്ഥാപകന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കാതെ ആയുർവേദത്തിന്റെ നാനാമേഖലകളേയും ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനായി എന്നതിൽ ചാരിതാർത്ഥ്യമുണ്ട്. കേവലം മരുന്നുനിർമ്മാണസ്ഥാപനമെന്ന നിലയിൽ നിന്ന് ആശുപത്രി, വിദ്യാഭ്യാസം, പുസ്തകപ്രസിദ്ധീകരണം തുടങ്ങിയ ഇതരസേവനമേഖലകളിലെ പ്രവർത്തനം മൂലം ആയുർവേദശാസ്ത്രത്തെ മൗലികമായി സംരക്ഷിക്കുന്ന സ്ഥാപനമെന്ന നിലയിലേക്ക് വളരാൻ എസ് എൻ എയ്ക്ക് സാധിച്ചു.

നൂറ് വർഷത്തെ ഈ കാലയളവിൽ ഒട്ടേറെ പ്രതിസന്ധികളെ ഔഷധശാലയ്ക്ക് അതിജീവിക്കേണ്ടതായി വന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്ഥാപനത്തിന് ജന്മം നൽകിയ വ്യക്തിയുടെ പെട്ടെന്നുള്ള വിയോഗമാണ്. കേവലം ഏഴ് വർഷമേ ഉണ്ണിമൂസ്സിന് സ്ഥാപനത്തിന്റെ പ്രവർത്തനം നടത്തിക്കൊണ്ടുപോകാനായുള്ളു. വയസ്ക്കര ആര്യൻ ആര്യൻ മൂസ്സിന്റെ സാന്നിദ്ധ്യം കൊണ്ടാണ് ഈ ശൂന്യതയെ അല്പമെങ്കിലും നികത്തുവാൻ സാധിച്ചത്. പി. ടി. നാരായണൻ മൂസ്സ് സ്ഥാപനത്തിന്റെ സാരഥ്യം ഏറ്റെടുക്കുന്നതുവരെ തിരി കെടാതെ സ്ഥാപനത്തെ സംരക്ഷിച്ചതും ഇദ്ദേഹമാണ്. 1940 മുതൽ 2005 വരെ നേതൃസ്ഥാനത്തുണ്ടായിരുന്ന പി. ടി. നാരായണൻ മൂസ്സിന് സ്ഥാപനത്തിന്റെ വളർച്ചയിൽ ഒരു പ്രധാന പങ്കുണ്ട്. ദൈനംദിനകാര്യങ്ങൾ കാര്യക്ഷമമായി നിർവഹിച്ച മാനേജർമാരും ഔഷധശാലയെ പുരോഗതിയിലേക്ക് നയിച്ചു.

ശതാബ്ദിയിലെത്തിനിൽക്കുന്ന സ്ഥാപനത്തിന്റെ ചരിത്രം രേഖപ്പെടുത്തിവെയ്ക്കണമെന്ന ആശയം പെട്ടെന്ന് മനസ്സിൽ വന്നുചേർന്നതാണ്. ഇതിനായി സ്ഥാപനത്തിൽ അക്കൗണ്ട്സ് മാനേജരായി ജോലി ചെയ്തിരുന്ന അഷ്ടമൂർത്തിയോട് ആവശ്യപ്പെടുകയും അദ്ദേഹം സന്തോഷപൂർവം അത് സ്വീകരിക്കുകയുമാണ് ഉണ്ടായത്. ചരിത്രരേഖകൾ, പി. ടി. നാരായണൻ മൂസ്സിന്റെ ദിനസരിക്കുറിപ്പുകൾ തുടങ്ങിയവ പരിശോധിച്ചും സ്ഥാപനവുമായി ബന്ധപ്പെട്ട നിരവധി വ്യക്തികളുമായി സംസാരിച്ചുമാണ് ഈ ഗ്രന്ഥത്തിനുള്ള വിവരങ്ങൾ ശേഖരിച്ചത്. ജീവനക്കാരും അഭ്യുദയകാംക്ഷികളുമായി അഷ്ടമൂർത്തിയ്ക്കുള്ള സൗഹൃദവും സ്നേഹബന്ധങ്ങളും ഈ രചനയ്ക്ക് ഏറെ പ്രയോജനം ചെയ്തു. തൃശ്ശൂർ തൈക്കാട്ട് കുടുംബത്തിന് നാട്ടിലുള്ള സ്ഥാനവും അവരുടെ സാഹിത്യ - സാംസ്ക്കാരികരംഗത്തുള്ള പ്രവർത്തനങ്ങളും അടുത്തറിയാൻ ഈ ഗവേഷണംകൊണ്ട് സാധിച്ചു. ആയുർവേദചരിത്രം പഠിക്കാനിറങ്ങുന്ന ഗവേഷകർക്കും ഇത് നല്ലൊരു വഴിവിളക്കാകുമെന്നതിൽ സംശയമില്ല.

തിരിഞ്ഞുനോക്കുമ്പോൾ നന്ദിപൂർവം ഓർക്കേണ്ട ഒരുപാട് കുടുംബങ്ങളും വ്യക്തികളുമുണ്ട്. വയസ്ക്കര ഇല്ലം, എളേടത്ത് തൈക്കാട്ട് മന, പുലാമന്തോൾ ഇല്ലം, ആലത്തിയൂർ നമ്പില്ലം, കുട്ടഞ്ചേരി മന എന്നീ അഷ്ടവൈദ്യകുടുംബങ്ങളെ എടുത്തുപറയാതെ വയ്യ. ഇവരുടെ സാന്നിദ്ധ്യവും ഇടപെടലുകളും ഇല്ലായിരുന്നെങ്കിൽ എസ് എൻ എ കേവലം പത്തുവർഷംപോലും തികയ്ക്കുകയില്ലായിരുന്നു. അതുപോലെ പല നിർണ്ണായകഘട്ടങ്ങളിലും പി. ടി. നാരായണൻ മൂസ്സിന് ഉപദേശങ്ങൾ കൊടുക്കുകയും ഉചിതമായ തീരുമാനങ്ങളെടുക്കുവാൻ സഹായിക്കുകയും ചെയ്ത തേനേഴി ശങ്കരൻ നമ്പൂതിരിപ്പാടിനെ പ്രത്യേകം സ്മരിക്കാതെ വയ്യ. കുടുപ്പുള്ളി വാസുദേവൻ നമ്പൂതിരിയേപ്പോലെ നല്ലൊരു സുഹൃത്തിന്റെ സഹകരണവും വിലപ്പെട്ടതാണ്.

കുടുംബത്തിന്റെ ആവശ്യങ്ങൾക്കെല്ലാം തുണയായി നിന്ന് സംരക്ഷണം നൽകിപ്പോന്ന തൃശ്ശൂർ പട്ടണനിവാസികളോടും നാട്ടുകാരോടും പ്രത്യേകം നന്ദിയുണ്ട്. അതുപോലെ സ്ഥാപനത്തിൽ ജീവനക്കാരായും ഡീലർമാരായും പ്രവർത്തിച്ച എല്ലാ വ്യക്തികളേയും ഈയവസരത്തിൽ ഓർക്കുകയാണ്.

സ്ഥാപനത്തിന്റെ നാൾവഴികളിൽ ഒരു ചാലകശക്തിയായി വേട്ടേക്കരന്റെ സാന്നിദ്ധ്യം എന്നും ഇവിടെയുണ്ട് എന്ന തിരിച്ചറിവ് തന്നെയാണ് ഞങ്ങളുടെ ആത്മവിശ്വാസത്തിന് അടിസ്ഥാനം. വഴിയേതെന്നറിയാതെ കാട്ടിലുഴറിയ തൈക്കാട്ട് മൂസ്സ് കുടുംബത്തെ ഭൃത്യവേഷത്തിൽ വന്ന് സംരക്ഷിച്ച വേട്ടേക്കരന്റെ ആ ചൈതന്യത്തിന് മുമ്പിൽ ഈ ചരിത്രപുസ്തകം സമർപ്പിക്കട്ടെ.

**അഷ്ടവൈദ്യൻ പി. ടി. എൻ. വാസുദേവൻ മൂസ്സ്**
ചെയർമാൻ & മാനേജിങ് ഡയറക്ടർ

# ആമുഖം

# ആയുർവേദം: വ്യവസായവും പാരമ്പര്യവും

ആയുർവേദത്തിന്റെ ചികിത്സാപാരമ്പര്യത്തിൽ കേരളത്തിലെ വൈദ്യന്മാർ മരുന്നുകൾക്ക് കുറിപ്പടി എഴുതിക്കൊടുക്കുകയും അവ രോഗികൾ സ്വന്തം വീട്ടിൽ പാകമാക്കിയെടുത്ത് സേവിയ്ക്കുകയുമായിരുന്നു പതിവ്. പച്ച മരുന്നുകൾ മിക്കവാറും എല്ലാം തന്നെ വീട്ടുതൊടികളിൽ സുലഭമായിരുന്ന അക്കാലത്ത് അത് അത്ര ബുദ്ധിമുട്ടുള്ള ഒന്നായിരുന്നില്ല. മാത്രമല്ല ആയുർവേദവിധികൾ മിക്കവാറും ദൈനംദിനജീവിതത്തിന്റെ ഭാഗമായിരുന്നതുകൊണ്ട് മരുന്നു നിർമ്മാണം നാട്ടുനടപ്പുമായിരുന്നു. എങ്കിലും അൽപം സങ്കീർണ്ണമായ ഉൽപ്പാദനക്രമങ്ങളുള്ള അത്യാവശ്യം ചില മരുന്നുകൾ വൈദ്യന്മാർ തന്നെ പാകപ്പെടുത്തി നിസ്സാരവില ഈടാക്കി രോഗികൾക്ക് കൊടുക്കാറുണ്ട്. ആ ഇടപാടിലാവട്ടെ ലാഭേച്ഛ തീണ്ടിയിരുന്നുമില്ല. കച്ചവടത്തിനുള്ളതല്ല മരുന്ന് എന്ന ആദർശമാണ് അന്ന് വൈദ്യന്മാർ പിന്തുടർന്നിരുന്നത്. ആയുർവേദ മരുന്നുകൾ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിയ്ക്കാമെന്ന ചിന്തപോലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദം വരെ കേരളത്തിൽ ഉടലെടുത്തിരുന്നില്ല.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് കേരളത്തിൽ ആയുർവേദം ഒരു വ്യവസായരൂപമെന്ന നിലയിൽ വേരൂന്നുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന പാദത്തിൽ കേരളത്തിനു പുറത്ത് ഡാബറും ബൈദ്യനാഥും പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിയിരുന്നുവെങ്കിലും അവയും പുഷ്ടി പ്രാപിയ്ക്കുന്നത് ഇരുപതാം നൂറ്റാണ്ടോടെയാണ്. ഏറിയാൽ ഒന്നേകാൽ നൂറ്റാണ്ടിന്റെ ചരിത്രമേ ആയുർവേദഔഷധവ്യവസായത്തിന് അവകാശപ്പെടാനുള്ളു എന്ന് ചുരുക്കം.

മതിയായ രേഖകളുടെ അഭാവം കേരളചരിത്രത്തെ മിക്കവാറും അനുമാനങ്ങളുടെ തലത്തിൽ തളച്ചിട്ടിരിയ്ക്കുകയാണ്. കേരളത്തിലെ ആയുർവേദവ്യവസായത്തിന്റെ കാര്യവും വ്യത്യസ്തമല്ല. ആദ്യത്തെ സംരംഭം ആരുടെയായിരുന്നു എന്നതിന് ഇപ്പോഴും വ്യക്തമായ ഉത്തരമില്ല.

വയസ്കര എൻ. എസ്. മൂസ്സ് THE ALL INDIA AYURVEDIC DIRECTORY 1937, 1938, 1939-40 എന്നീ പുസ്തകങ്ങൾ സംശോധനം ചെയ്തിട്ടുണ്ട്. അതിൽ അക്കാലത്ത് കേരളത്തിലുള്ള നിരവധി വൈദ്യശാലകളുടെ പേരും വിവരങ്ങളുമുണ്ട്. ആര്യവൈദ്യശാല, കോട്ടക്കൽ (1902), വി. എൻ. വൈദ്യശാല, തൃത്താല (1909), കോറണേഷൻ വൈദ്യശാല, കോട്ടയം (1911), ഇ. ടി. എം. വൈദ്യശാല, ഒല്ലൂർ (1914), പി. എം. എ. ആൻഡ് കമ്പനി വൈദ്യശാല മലബാർ, ഇരിമ്പിളിയം (1917), സുഖോദയ വൈദ്യശാല, എറണാകുളം (1921), വയസ്കര ആര്യ വിലാസം ഔഷധശാല കോട്ടയം (1921), ശ്രീനാരാ

യണ വിലാസം ആര്യവൈദ്യശാല, നെടുങ്കണ്ടം, വർക്കല (1926) എന്നിവയാണ് അവ. പക്ഷേ ഇതു തന്നെ പൂർണ്ണമാണെന്ന് കരുതാൻ സാദ്ധ്യമല്ല.

ഇതിനു പുറമേ ചില പ്രത്യേക മരുന്നുകൾ മാത്രം നിർമ്മിച്ച് നേരിട്ടും തപാൽ വഴിയും വിതരണം ചെയ്തിരുന്ന ചെറുകിട വൈദ്യശാലകൾ നിരവധിയുണ്ടായിരുന്നു അക്കാലത്ത് എന്ന് പഴയ മാസികകളിലെ പരസ്യങ്ങളിൽനിന്നു ഗ്രഹിയ്ക്കാനായിട്ടുണ്ട്. അവയിൽപ്പലതും ഇന്ന് നിലവിലുണ്ടോ എന്ന കാര്യം ഉറപ്പില്ല. അത്തരം സംരംഭങ്ങൾ ആയുർവേദമരുന്നുകളുടെ വാണിജ്യരൂപത്തിലേയ്ക്കുള്ള വാതിലുകളായിരുന്നു എന്ന് കണക്കാക്കേണ്ടിയിരിയ്ക്കുന്നു.

1938-ലെ THE ALL INDIA AYURVEDIC DIRECTORY-യിൽ 1895-ൽ ആയുർവേദ വൈദ്യശാലകൾക്ക് ഗ്രാന്റ് കൊടുത്തു തുടങ്ങിയതായി പ്രസ്താവിയ്ക്കുന്നുണ്ട്. തൊട്ടടുത്ത വർഷം തന്നെ, അതായത് 1896-ൽ, പ്രവർത്തിച്ചിരുന്ന വൈദ്യശാലകളുടെ എണ്ണം 28 ആയി ഉയർന്നുവെന്നും പറയുന്നുണ്ട്. 1938-ൽ അത് 157 ആണെന്നും ഈ ഡയറക്ടറി സാക്ഷ്യപ്പെടുത്തുന്നു.

ഈ വിവരങ്ങളിൽനിന്ന് നമുക്ക് അനുമാനിയ്ക്കാവുന്നത് പത്തൊമ്പതാം നൂറ്റാണ്ടിൽത്തന്നെ കേരളത്തിൽ ആയുർവേദഔഷധവ്യവസായം നാമ്പെടുത്തുകഴിഞ്ഞിരുന്നു എന്നാണ്. ഈ ആമുഖത്തിനു വേണ്ടി കൂടുതൽ വിവരങ്ങൾ ശേഖരിയ്ക്കാൻ ശ്രമിയ്ക്കുന്നതിനിടെ സർക്കാർ ആയുർവേദ വൈദ്യശാല എന്ന പേരിൽ ആലപ്പുഴയിൽ ഇ. പി. ഗോവിന്ദപിള്ള വൈദ്യൻ 1896-ൽ ആരംഭിച്ച ഒരു സ്ഥാപനം പ്രവർത്തിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഏതായാലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലാണ് ഈ വ്യവസായം പടർന്നു പന്തലിച്ചത് എന്ന് ഉറപ്പിച്ചു പറയാൻ കഴിയും.

ഇന്ന് സംസ്ഥാനത്ത് 660 ആയുർവേദഔഷധനിർമ്മാണശാലകൾ പ്രവർത്തിയ്ക്കുന്നുണ്ട്. സുമാർ 2000 കോടി ക.യുടെ വാർഷികവിറ്റുവരവാണ് ഉള്ളത്.

ഇനി തൃശ്ശൂരിലേയ്ക്കു വരാം. ആയുർവേദവ്യവസായത്തിൽ തൃശ്ശൂരിന് ഒരു പ്രമുഖസ്ഥാനമുണ്ട്. തൃശ്ശൂരിലെ ആദ്യസംരംഭം 1900-ൽ ആരംഭിച്ചുവെന്നു കരുതപ്പെടുന്ന ഇമ്മട്ടി വൈദ്യശാലയാവണം. കേരളത്തിലെ ആയുർവേദഔഷധവ്യവസായശാലകളിൽ ഏറ്റവും പഴക്കമുള്ളവയിൽ പ്രധാനപ്പെട്ട ഒന്നെന്ന് വിശേഷിപ്പിയ്ക്കാവുന്ന ഇ. ടി. എം. വൈദ്യശാല തൃശ്ശൂർ ജില്ലയിലെ ഒല്ലൂരിലായിരുന്നു. 1921-ൽ സ്ഥാപിയ്ക്കപ്പെട്ട സീതാറാം ആംഗ്ലോ ആയുർവേദിക് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനവും (ഇപ്പോൾ സീതാറാം ആയുർവേദ ഫാർമസി ലിമിറ്റഡ്) 1941-ൽ തുടങ്ങിയ വൈദ്യരത്നം ഔഷധശാലയും തൃശ്ശൂർ ജില്ലയിലാണ്. 1941-ൽത്തന്നെയാണ് തൃശ്ശൂരിൽ കൊച്ചി മഹാരാജാവ് ശ്രീ കേരളവർമ്മ ആയുർവേദ ഫാർമസി സ്ഥാപിച്ചത്. ഇതാണ് പിന്നീട് സർക്കാർ ഉടമസ്ഥതയിലുള്ള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻ) കേരള ലിമിറ്റഡ് ആയി മാറിയത്; ഇന്ന് ഔഷധി എന്ന് അറിയപ്പെടുന്ന സ്ഥാപനം.

ഇതിനൊക്കെപ്പുറമേ മറ്റു ചില സംരംഭങ്ങളും ഉണ്ടായിരുന്നു. 1915-നോടടുത്ത് തൃശ്ശൂരിൽ ധന്വന്തരി ആര്യവൈദ്യശാല എന്ന പേരിൽ മുണ്ടോളി കേശവൻ നമ്പ്യാരുടെ ഉത്സാഹത്തിൽ ഒരു സ്ഥാപനം തുടങ്ങിയിരുന്നു. ഇത് അഞ്ചുകൊല്ലത്തോളം പ്രവർത്തിച്ചിരുന്നതായി അറിയുന്നു. സ്ഥാപിച്ചതിനു ശേഷം പ്രവർത്തനം നിലച്ചു പോയ സംരംഭങ്ങൾ വേറെയും ഉണ്ടായിരുന്നിരിയ്ക്കാൻ വഴിയുണ്ട്. കാലഗണന കൃത്യമായി ലഭിച്ചിട്ടില്ലെങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മറ്റു ചില വൈദ്യശാലകൾ കൂടി പ്രവർത്തിച്ചിരുന്നു എന്നു വേണം വിചാരിയ്ക്കാൻ. അക്കൂട്ടത്തിലൊന്നാവണം തൃശ്ശൂരിലെ കിഴക്കെ കോട്ടയിൽ പ്രവർത്തിച്ചിരുന്ന ഭാരതവിലാസം വൈദ്യശാല. മതിയായ രേഖകളുടെ അഭാവത്തിൽ ഈ വിഷയം ഇപ്പോഴും അപൂർണ്ണമായി അവശേഷിയ്ക്കുകയാണ്.

ഇന്ന് തൃശ്ശൂരിൽ 163 ആയുർവേദവ്യവസായ സ്ഥാപനങ്ങളുണ്ട്. കേരളത്തിൽ ജില്ല തിരിച്ചു നോക്കുമ്പോൾ ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ ഉള്ളത് തൃശ്ശൂരിലാണ്.

ഈ പശ്ചാത്തലത്തിൽ വേണം 1920-ൽ സ്ഥാപിയ്ക്കപ്പെട്ട തൃശ്ശൂർ തൈക്കാട്ട് മൂസ്സിന്റെ എസ് എൻ എ ഔഷധശാലയുടെ ചരിത്രം ചികഞ്ഞു നോക്കുവാൻ.

# സ്ഥലരാശി

എസ് എൻ എ ഔഷധശാല സ്ഥിതി ചെയ്യുന്നത് പണ്ട് ചെങ്ങഴിക്കുളങ്ങര എന്ന പേരിൽ അറിയപ്പെട്ടിരുന്ന സ്ഥലത്താണ്. പിന്നീട് ഈ സ്ഥലനാമം കിഴക്കുമ്പാട്ടുകരയ്ക്ക് വഴങ്ങിക്കൊടുത്തു. ഇന്ന് ചെങ്ങഴിക്കുളങ്ങര എന്ന സ്ഥലം ഇല്ല. ചേലക്കോട്ടുകരയുടേയും കിഴക്കുമ്പാട്ടുകരയുടേയും ഇടയ്ക്കു പെട്ട് ആ സ്ഥലം ശ്വാസം മുട്ടി മരിയ്ക്കുകയാണുണ്ടായത്.

നഗരത്തിന്റെ കിഴക്കു-തെക്ക് അതിർത്തി (ഇപ്പോഴത്തെ ആൻഡ്രൂസ് ബസ്സ് സ്റ്റോപ്പ്) മൂസ്സിന്റെ പടി എന്നാണ് പണ്ട് അറിയപ്പെട്ടിരുന്നത്. പിന്നീട് ഫാത്തിമ കവല മുതൽ അപ്രേം പള്ളി വരെ എത്തുന്ന പാത മൂസ്പെറ്റ് റോഡ് എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. തൃശ്ശൂർ തൈക്കാട്ട് മൂസ്സിന്റെ മുദ്ര ആ പേരിലും പതിഞ്ഞുകിടപ്പുണ്ട്. മൂസ്പെറ്റ് റോഡിന്റെ പാർശ്വത്തിലുണ്ടായിരുന്ന മനഭൂമി പിന്നീട് വിറ്റുപോയതുകൊണ്ട് ഈ പാത ഇപ്പോൾ ഔഷധശാലയെ സ്പർശിയ്ക്കുന്നില്ല. അതേസമയം ഔഷധശാലയുടെ വിലാസം മൂസ്പെറ്റ് റോഡ്, കിഴക്കേ കോട്ട, തൃശ്ശൂർ 680005 എന്നാണു താനും.

# സാഹിത്യചരിത്രവും ഔഷധശാലയും

ആയുർവേദവൈദ്യന്മാർക്കും മലയാളകാവ്യ സംസ്കൃതിയ്ക്കും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ആയുർവേദവൈദ്യന്മാർ കവികളാണ് എന്ന് ആയുർവേദമരുന്നുകളുടെ പേരുകൾ ഉദ്ധരിച്ചുകൊണ്ട് അൽപം തമാശയായിട്ടാണെങ്കിലും മലയാറ്റൂർ രാമകൃഷ്ണൻ 'യക്ഷി' എന്ന നോവലിൽ അഭിപ്രായപ്പെട്ടതിൽ വലിയ ഒരു ശരിയുണ്ട്. വൈദ്യപഠനം സംസ്കൃതശ്ലോകങ്ങളുടെ സഹായത്താലാണെന്നത് പഠിതാക്കളിൽ കാവ്യാഭിരുചി വളർത്തുന്നുണ്ടാവണം. അഭിജാതകവിതാബോദ്ധ്യങ്ങളുള്ള എഴുത്തുകാരനായിരുന്നു തൈക്കാട്ട് നാരായണൻ മൂസ്സ്. അതുകൊണ്ടു തന്നെ അദ്ദേഹം ഉള്ളൂരിന്റെ കേരളസാഹിത്യചരിത്രത്തിൽ ഇടം പിടിച്ചതിൽ അത്ഭുതമില്ല.

നാരായണൻ മൂസ്സിനേക്കുറിച്ച് ഉള്ളൂരിന്റെ സാഹിത്യചരിത്രത്തിൽ കാണുന്നത് താഴെ കാണുംപ്രകാരമാണ്:

"തൃശ്ശൂർ തൈക്കാട്ടു നാരായണൻ മൂസ്സത് (1046-1083) - കുടുംബം:- കേരളമെങ്ങും കേളികേട്ടിട്ടുള്ള അഷ്ടവൈദ്യകുടുംബങ്ങളിലൊന്നാണ് പഴനെല്ലിപ്പുറത്തു തൈക്കാട്. ആ കുടുംബക്കാർ ആദ്യകാലത്തു താമസിച്ചിരുന്നതു ബ്രിട്ടീഷ് മലബാറിൽ എടക്കുളം തീവണ്ടിയാപ്പീസിനു സമീപമുള്ള പഴനെല്ലിപ്പുറം എന്ന സ്ഥലത്തായിരുന്നു. 981-ാമാണ്ടു തീപ്പെട്ട കൊച്ചി ശക്തൻ തമ്പുരാൻ അന്നത്തെ പഴനെല്ലിപ്പുറത്തു മൂസ്സതിനെ സ്വന്തം ആവശ്യങ്ങൾക്കായി തൃശ്ശൂരിൽ വരുത്തി താമസിപ്പിച്ചു. ആ വഴിക്കാണ് തൃശ്ശൂർ തൈക്കാട്ട് എന്ന ഇല്ലപ്പേർ അവർക്കു സിദ്ധിച്ചത്. ഇളയിടത്തുതൈക്കാട് എന്നതു മറ്റൊരു അഷ്ടവൈദ്യകുടുംബമാകുന്നു."

ഉള്ളൂർ

"ചരിത്രം:- നാരായണൻ മൂസ്സത് തൃശ്ശൂർ തൈക്കാട്ടില്ലത്തിൽ 1046-മാണ്ടു കന്നിമാസത്തിൽ രോഹിണീനക്ഷത്രത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവായ വാസുദേവൻ മൂസ്സത് ആയുർവേദത്തിലെന്നപോലെ തർക്കശാസ്ത്രത്തിലും നിഷ്ണാതനായിരുന്നു. അദ്ദേഹത്തിന്റെ കനിഷ്ഠസഹോദരന്മാരായ കുഞ്ഞുണ്ണി മൂസ്സതിനും പരമേശ്വരൻ മൂസ്സതിനുമുള്ള ചികിത്സാപാടവവും ഒട്ടും കുറവായിരുന്നില്ല. അവർ മൂന്നു പേരും 1049-മാണ്ടു മേടമാസത്തിൽ മസൂരിദീനത്താൽ മരിച്ചുപോയതിനാൽ ശിശുവായ നാരായണൻ മൂസ്സത് കേവലം അനാഥനായിത്തീർന്നു. താനും തന്റെ ഒന്നര വയസ്സു മാത്രം പ്രായമുള്ള കനിഷ്ഠസഹോദരിയും മാതാവും പിതാമഹിയുമല്ലാതെ ഇല്ലത്ത് വേറെ

യാരും ഉണ്ടായിരുന്നില്ല. കുടുംബമോ ഋണബാദ്ധ്യതയിൽപ്പെട്ടു നട്ടം തിരിയുകയുമായിരുന്നു. ആ അശരണാവസ്ഥയിൽനിന്നു അവരെയെല്ലാം രക്ഷിച്ചത് അവരുടെ ബന്ധുവായ അന്നത്തെ പിലാമന്തോൾ മൂസ്സതായിരുന്നു. ആ മൂസ്സത് 1078-ലാണ് മരിച്ചത്. അദ്ദേഹം അവരെ സ്വഗൃഹത്തിലേയ്ക്ക് കൂട്ടിക്കൊണ്ടു പോയി നാരായണൻ മൂസ്സതിന്റെ വിദ്യാഭ്യാസത്തിനു വേണ്ട ഏർപ്പാടു ചെയ്തു. ചേന്ത്രവാരിയർ എന്നൊരാളായിരുന്നു ബാലപാഠങ്ങൾ പഠിപ്പിച്ചത്. പിന്നീട് കുട്ടഞ്ചേരി അപ്ഫൻ മൂസ്സതു ചില മഹാകാവ്യങ്ങളും ഉപനയനാനന്തരം അഷ്ടാംഗഹൃദയവും അഭ്യസിപ്പിച്ചു. 1056 മകരത്തിൽ മാതാവു മരിച്ചു. 1062-ാമാണ്ടു വയസ്കര ആര്യൻ നാരായണൻ മൂസ്സതിന്റെ പ്രഥമപുത്രിയെ പരിഗ്രഹിച്ചു തൈക്കാട്ടില്ലത്തു കൊണ്ടുപോയി കുടിവച്ചു. പിന്നീടു നാരായണൻ മൂസ്സതു സ്വഗൃഹത്തിൽത്തന്നെ സ്ഥിരമായി താമസിച്ചു വൈദ്യവൃത്തിയിൽ ഏർപ്പെട്ടു. വളരെ വേഗത്തിൽ അദ്ദേഹത്തിനു കേരളത്തിലെ വിശിഷ്ടവൈദ്യന്മാരുടെ കൂട്ടത്തിൽ ഒരു സ്ഥാനം ലബ്ധമായി. അതോടുകൂടി ഒരു ശാസ്ത്രിയെ ഇല്ലത്തു താമസിപ്പിച്ച് അലങ്കാരശാസ്ത്രഗ്രന്ഥങ്ങളും സിദ്ധാന്തകൗമുദിയും പഠിച്ചു. പലരേയും മൂസ്സത് വൈദ്യശാസ്ത്രം അഭ്യസിപ്പിച്ചിട്ടുണ്ട്. നല്ല ഒരു വൈദ്യനും കവിയുമായിരുന്ന പി. കെ. നാരായണൻ നമ്പീശനും കീരംകുളങ്ങര ചക്രപാണി വാരിയരും മറ്റും അദ്ദേഹത്തിന്റെ ശിഷ്യകോടിയിൽ ഉൾപ്പെടുന്നു. 1075-ാമാണ്ടു മകരത്തിൽ ആര്യൻ നാരായണൻമൂസ്സതിന്റെ ദ്വിതീയപുത്രിയേയും വിവാഹം ചെയ്തു. 1083-ാമാണ്ടു കന്നിമാസം 24-ാന്തി ലൂതവിഷബാധ നിമിത്തം മരിച്ചു."

തുടർന്ന് അദ്ദേഹത്തിന്റെ കൃതികളേക്കുറിച്ച് ഇങ്ങനെ:

"മൂസ്സതു സംസ്കൃതത്തിൽ (1) യാദവദാനവീയം കാവ്യവും, ഭാഷയിൽ (2) സിന്ദൂരമഞ്ജരി (3) കപോതസന്ദേശം (4) നളചരിതം എന്നീ കാവ്യങ്ങളും, (5) ശൃംഗാരമണ്ഡനം ഭാണവും (6) വിരാധവധം ആട്ടക്കഥയും രചിച്ചിട്ടുണ്ട്. ഇവയിൽ ചിലതെല്ലാം അപൂർണ്ണങ്ങളാണ്. (7) കവിതാവലി (8) അത്തച്ചമയം കുറത്തിപ്പാട്ട് (9) സംബന്ധവിലാസം തുള്ളൽ എന്നീ കൃതികൾ പ്രധാനങ്ങളല്ല. സിന്ദൂരമഞ്ജരി ഒരു വൈദ്യഗ്രന്ഥമാണ്. അതിൽ വെള്ളി, ചെമ്പ്, ഇരുമ്പ്, ഗന്ധകം, അഭ്രം, രസം മുതലായവ നീറ്റിയെടുത്ത് ചൂർണ്ണമാക്കി ഉപയോഗിയ്ക്കുന്നതിനുള്ള വിധികൾ പ്രതിപാദിച്ചിരിയ്ക്കുന്നു. മൂസ്സതിന്റെ ഭാഷാകവിതയ്ക്ക് പൊതുവെ നല്ല പ്രസാദവും ഒഴുക്കും, വേണ്ട ദിക്കിൽ ഗാംഭീര്യവുമുണ്ട്. ഭാണത്തിൽനിന്നു മാത്രം രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

ഒരു കൊമ്പനാന:

"ചാഞ്ചല്യം കലരുന്ന പുഷ്കരസഹാ-
യത്താൽ നളോൽപാടനം
താൻ ചെയ്യാൻ തുനിയുന്നു; ഹന്ത! കലിയോ?
നാലുണ്ടു പാദങ്ങളും
തഞ്ചും പ്രാസവുമുണ്ടു പാർക്കിലധുനാ
നൽപദ്യമോ? വൈദ്യനോ
വാഞ്ഛിയ്ക്കും പടി ബൃംഹണം പുനരിതാ
ചെയ്യുന്നു ദന്താവളം."

ഒരു സുന്ദരി:

"കൂറോടുർവ്വശി വാശി വിട്ടടി തൊഴും, രംഭയ്ക്കെഴും ഡംഭുടൻ/തീരും; മേനക തന്റെ മേനി കുറയും; നാണിച്ചിടും വാണിയും; / മാരപ്രേയസി മത്സരം വെടിയു; മഗ്ഗൗരിയ്ക്കെഴും ഗൗരവം/ തീരെപ്പോയിടു;മാഴിമാതഴൽ മുഴുത്താഹന്ത! കേഴും ദൃഢം."

ഒരു സംസ്കൃതശ്ലോകം:

"ദേവി! പ്രാജ്ഞാഃ പ്രിയസ്തേ പശുപതിരിതി ശം-
സന്തി നേദം പ്രമാദാ-
ദാദായാർദ്ധം തു യസ്യാസ്മ്യാഹമിഹ കൃതകൃ-
ത്യേതി യന്മന്യസേ ത്വം
സർവസ്വം സർവഥാപി പ്രണയിന ഉപഗൃ-
ഹ്ണാതി മുഗ്ധേ! വിദഗ്ധേ-
ത്യുക്തേ ശ്രീനാരദേന ക്ഷിതിധരദുഹിതുഃ
പാതു സവ്രീഡഹാസഃ"

വടക്കുംകൂർ രാജരാജവർമ്മയുടെ സംസ്കൃതസാഹിത്യചരിത്രത്തിലും നാരായണൻ മൂസ്സിനെ പരാമർശിയ്ക്കുന്നുണ്ട്:

"കേരളത്തിൽ പ്രസിദ്ധിയേറിയ അഷ്ടവൈദ്യകുടുംബങ്ങളിൽ ഒന്നാണ് പഴനെല്ലിപ്പുറത്ത് തൈക്കാട്. ആ കുടുംബക്കാർ ആദ്യകാലത്ത് തെക്കെ മലബാറിൽ എടക്കുളം തീവണ്ടിക്കാര്യാലയത്തിനു സമീപം പഴനെല്ലിപ്പുറം എന്ന സ്ഥലത്തു പാർത്തു വന്നു. പ്രസിദ്ധനായ കൊച്ചി ശക്തൻ തമ്പുരാൻ അവരെ അവിടെനിന്നു വരുത്തി തൃശ്ശൂർ താമസിപ്പിച്ചു. അന്നു തൊട്ട് തൃശ്ശൂർ തൈക്കാട് എന്ന ഇല്ലപ്പേർ ഉണ്ടായി. ആ തറവാട്ടിൽ നാരായണൻ മൂസ്സ് 1046-ാമാണ്ട് ജനിച്ചു. വാസുദേവൻ മൂസ്സാണ് അദ്ദേഹത്തിന്റെ പിതാവ്.

മൂസ്സിനു രണ്ടു സഹോദരന്മാർ ഉണ്ടായിരുന്നു. പിതാവും സോദരന്മാരും നാരായണൻ മൂസ്സു ബാലനായിരിയ്ക്കുമ്പോൾത്തന്നെ ചരമഗതിയെ പ്രാപിച്ചു. ഇട്ടീരി എന്നാണ് മൂസ്സിന്റെ പേർ. നാരായണൻ എന്നതു പിന്നീടു വിളിച്ചു വന്ന പ്രസിദ്ധമായ പേരാണ്.

കേരളീയ സംസ്കൃത സാഹിത്യചരിത്രം

ഒന്നാം ഭാഗം

ഗ്രന്ഥകർത്താ

വടക്കുംകൂർ രാജരാജവർമ്മരാജാ.

പ്രസാധകർ

കമലാലയാ ബുക്ക് ഡിപ്പോ,

തിരുവനന്തപുരം.

(Copy right)

1115.

Price Rs. 3] [വില ക. ൩.

## കൃതികൾ

വൈദ്യത്തിൽ എന്ന പോലെ കവിതയിലും നാരായണൻ മൂസ്സ് വിദഗ്ധനായിരുന്നു. സംസ്കൃതത്തിലും ഭാഷയിലും ഒരു പോലെ സരസങ്ങളായ കവിതകൾ രചിയ്ക്കുവാൻ അദ്ദേഹത്തിനു കഴിവുണ്ട്. അദ്ദേഹം ഒരു ഫലിതപ്രിയനുമായിരുന്നു. കപോതസന്ദേശം, യാദവദാനവീയം എന്നിവ നാരായണൻ മൂസ്സിന്റെ സംസ്കൃതകൃതികളാണ്. അദ്ദേഹത്തിന്റെ ഒരു വൈദ്യഗ്രന്ഥമാണ് രസമഞ്ജരി. അതിൽ രസപ്രയോഗവിഷയത്തെപ്പറ്റി പ്രതിപാദിയ്ക്കുന്നു. അതു ഭാരതവിലാസത്തിൽ മുദ്രിതമാണ്. ശൃംഗാരമണ്ഡനം ഭാണം മുതലായവ അദ്ദേഹത്തിന്റെ ഭാഷാകൃതികളാകുന്നു.

കപോതസന്ദേശം

രമ്യ ഹർമ്മ്യേ രഹസി വിഹരൻ കോപി<br>മർത്ത്യോ യുവത്യാ<br>രത്യാ സാകം സ്മര ഇവ നവപ്രേമപാശേന<br>ബദ്ധഃ<br>വിശിഷ്ടസ്സൻ വിധിഗതിവശാദന്യകാര്യ<br>പ്രസക്ത-<br>സ്സിക്തോ ബാഷ്പൈർവ്വിരഹവിധുരസ്സിംഹള<br>ദ്വീപമാപ.

എന്നതാണ് അതിലെ പ്രഥമപദ്യം. പ്രസ്തുതകൃതിയിലെ ഒരു പദ്യാർദ്ധം സ്മൃതിമാധുര്യം എന്ന പുസ്തകത്തിൽ (പു-78) തത്കർത്താവും കവിവരേണ്യനുമായ കെ. കെ. രാജാവ് ഉദ്ധരിച്ചിട്ടുള്ളതു കൂടി ഇവിടെ ചേർക്കാം.

മന്ദം മന്ദം ദിശി ദിശി ദൃശൗ വിക്ഷിപൻ വീക്ഷ<br>മാണ-<br>സ്തത്രാപശ്യൽ കമപി കദനാംഭോധിപോതം<br>കപോതം

സന്ദേശം അമുദ്രിതവും അപൂർണ്ണവുമാകുന്നു.

താതേ യാതേ തദനു വിഹിതക്രൂരകൃത്യേ<br>വിഷണ്ണാ<br>മുഞ്ചന്തീ സാ നയനസലിലം പുഷ്പതൽപേ<br>നിഷണ്ണാ<br>നിദ്രാഭംഗദ്വിഗുണിതമഹാദുസ്സഹാ യാമ<br>യാമാം<br>സൈഷാനൈഷീൽ കഥമപി വിയോഗാതുരാ<br>താം ത്രിയാമാം.

നാരായണൻ മൂസ്സ് ഒരു വിശിഷ്ടനും രസി

വടക്കുംകൂർ രാജരാജവർമ്മരാജാ

കനും ആയ കവിയാണെന്ന് ഉദ്ധരിച്ചു കാണിച്ച പദ്യങ്ങൾ തെളിയിയ്ക്കുന്നു. ശബ്ദഭംഗി, ആശയ ഗാംഭീര്യം മുതലായ ഗുണങ്ങൾ അദ്ദേഹത്തിന്റെ സംസ്കൃതകവിതയുടെ സഹജമായ ഗുണങ്ങളാണ്. ഭാഷാകവിതയിലും പ്രസ്തുതഗുണങ്ങൾ ലോഭമില്ലാതെയുണ്ട്. ലക്ഷ്മീഭായി തുടങ്ങിയ മാസികകളിൽ അദ്ദേഹത്തിന്റെ കവിതകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 1083-ാമാണ്ടു നാരായണൻ മൂസ്സ് ദിവംഗതനായി. അദ്ദേഹത്തിന്റെ പുത്രനാണ് പ്രസിദ്ധനായ ഉണ്ണി മൂസ്സ്."

തന്റെ അച്ഛനായ ഈ മൂസ്സിന്റെ പേരിലാണ് 1920-ൽ തൃശ്ശൂർ തൈക്കാട്ട് വാസുദേവൻ മൂസ്സ് എന്ന ഉണ്ണി മൂസ്സ് 'ശ്രീനാരായണ ആയുർവേദ ഔഷധശാല' എന്ന സ്ഥാപനം തുടങ്ങിയത്.

*(കുറിപ്പ്: ഉള്ളൂരിന്റെ കേരളസാഹിത്യചരിത്രത്തിൽ 'മൂസ്സ്' എന്നതിനു പകരം 'മൂസ്സത്' എന്നും വടക്കുംകൂറിന്റെ സംസ്കൃതസാഹിത്യചരിത്രത്തിൽ 'സിന്ദൂരമഞ്ജരി'യുടെ പേര് 'രസമഞ്ജരി' എന്നുമാണ് കാണുന്നത്.)*

ഔഷധശാലയുടെ പഴയ നെയിം ബോർഡ്

# കുടുംബചരിത്രം

# അഷ്ടവൈദ്യന്മാർ

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ 'കേരളം - കേരളചരിത്രകാവ്യം' എന്ന പുസ്തകത്തിലെ രണ്ടാം സർഗ്ഗം - നമ്പൂരിരാജഭരണ'ത്തിൽ ഇങ്ങനെ ഒരു ശ്ലോകം കാണാം:

പുഷ്ടഭേഷജവിധിക്രിയാക്രമോൽ-
ക്കൃഷ്ടമട്ടിലനുസംഘമിങ്ങനെ
അഷ്ടവൈദ്യമറിവോരെയാക്കി പോൽ
ശിഷ്ടരായ പതിനെട്ടു വൈദ്യരേ."*

*ഓരോ സംഘങ്ങളിലും ഓരോ അഷ്ടവൈദ്യന്മാർ (അഷ്ടാംഗവൈദ്യന്മാർ) ഉണ്ടായിരുന്നു. ഇവരുടെ കീഴിൽ മറ്റു പല മുറിവൈദ്യന്മാരും ഉണ്ടായിരുന്നു. ഈ പതിനെട്ട് അഷ്ടവൈദ്യന്മാരും അവരവരുടെ സംഘത്തിലെ മറ്റു വൈദ്യവർഗ്ഗത്തിന്റെ മേലധികാരികൾ - മൂപ്പന്മാർ - മൂസ്സന്മാർ ആയിരുന്നു.

ഈ ശ്ലോകത്തിൽ നിന്ന് കേരളത്തിലെ ആയുർവേദചികിത്സകരിൽ അഷ്ടവൈദ്യന്മാർക്ക് പ്രമുഖമായൊരു സ്ഥാനമുണ്ട് എന്നു നമുക്കു കാണാം.

1964 ഡിസംബർ 6-ന് എളേടത്ത് തൈക്കാട്ട് നീലകണ്ഠൻ മൂസ്സിന്റെ ഷഷ്ടിപൂർത്തിയോടനുബന്ധിച്ച് പ്രസിദ്ധം ചെയ്ത 'പുഷ്പാഞ്ജലി' എന്ന സ്മരണികയിൽ കവി കെ. കെ. രാജാ എഴുതിയ 'അഷ്ടവൈദ്യന്മാർ' എന്ന ലേഖനത്തിൽ ഇങ്ങനെ വായിയ്ക്കാം: "കന്യാകുമാരി മുതൽ ഗോകർണ്ണം വരെ നീണ്ടു കിടക്കുന്ന കേരളത്തിൽ അഷ്ടമഠങ്ങൾ, ആഢ്യന്മാരുടെ അഷ്ടഗൃഹങ്ങൾ, അഷ്ടവൈദ്യകുടുംബങ്ങൾ എന്നിവ ക്ഷാത്രാംഗങ്ങളുടെ ഉൽപത്തിയ്ക്കു മുമ്പുതന്നെ ഉണ്ടായിരുന്നുവെന്ന് വിചാരിയ്ക്കേണ്ടിയിരിയ്ക്കുന്നു. അങ്ങനെയാണെങ്കിൽ ക്ഷാത്രാംഗവൈദ്യന്മാരുടെ മേലധികാരികളും അഷ്ടവൈദ്യന്മാർ തന്നെയായിരുന്നിരിയ്ക്കണം. അഷ്ടവൈദ്യന്മാർക്ക് ആ സ്ഥാനം ലഭിച്ചത് അഷ്ടാംഗഹൃദയത്തിൽ പറയപ്പെട്ടിരിയ്ക്കുന്ന "കായബാലഗ്രഹോർദ്ധ്വാംഗശല്യദംഷ്ട്രാജരാവൃഷാഃ"ത്മകങ്ങളോടു കൂടിയ ചികിത്സാസമ്പ്രദായത്തിൽ അസാധാരണമായ വൈദഗ്ധ്യം നേടിയതുകൊണ്ടാണ് എന്നുള്ളതിൽ ഏതായാലും പക്ഷാന്തരത്തിന് വഴിയില്ല."

# യാത്രാവഴി

മലബാറിൽ കുറ്റിപ്പുറത്തിനും പള്ളിപ്പുറത്തിനും ഇടയ്ക്കായിരുന്നു പഴനെല്ലിപ്പുറത്തു തറവാട് സ്ഥിതി ചെയ്തിരുന്നത്. അവർ തൃശ്ശൂരിലെ കിഴക്കുമ്പാട്ടുകരയിൽ എത്തിച്ചേർന്നത് എങ്ങനെയെന്നതിനു പിന്നിൽ ഒരു കഥയുണ്ട്. അത് ഇങ്ങനെയാണ്:

ശക്തൻ തമ്പുരാന്റെ ഛായാചിത്രം

കൊച്ചിയിൽ ശക്തൻ തമ്പുരാന്റെ (ക്രി. വ. 1751-1805) ഭരണകാലം. ശക്തൻ തമ്പുരാന്റെ ആവശ്യപ്രകാരം തമ്പുരാനെ ചികിത്സിയ്ക്കാൻ അന്നത്തെ കാരണവർ മൂസ്സ് കോവിലകത്ത് ചെന്നു. പഴനെല്ലിപ്പുറത്തു മൂസ്സു തന്നെയായിരുന്നു സാമൂതിരിയുടെ വൈദ്യരും. മൂസ്സ് താമസിയ്ക്കുന്ന ഇല്ലവും വസ്തുവകകളുമാവട്ടെ സാമൂതിരി രാജാവിന്റെ പരിധിയ്ക്ക് ഉള്ളിലുമായിരുന്നു. പള്ളിപ്പുറത്തിനടുത്ത് സാമൂതിരിയ്ക്ക് ചെറിയൊരു കൊട്ടാരം തന്നെയുണ്ടായിരുന്നു. സാമൂതിരിയും കൊച്ചി രാജാവും തമ്മിൽ സ്വരച്ചേർച്ചയില്ലാത്ത അവസരമായിരുന്നു അത്. മൂസ്സ് കൊച്ചി കോവിലകത്തേയ്ക്കു പോയത് സാമൂതിരിയ്ക്ക് ഇഷ്ടമായില്ല. ചികിത്സ നിശ്ചയിച്ച് കൊച്ചിയിൽ നിന്നു മടങ്ങിയെത്തിയ മൂസ്സിനെ സാമൂതിരി ആളയച്ചു വരുത്തി തന്റെ നീരസം അറിയിച്ചു. തന്റെ കുലത്തൊഴിലിനോട് പ്രതിജ്ഞാബദ്ധതയുള്ള മൂസ്സിന്റെ മറുപടി സാമൂതിരിയ്ക്ക് ബോധിച്ചില്ല. അദ്ദേഹം മൂസ്സിനോടു കയർത്തു സംസാരിച്ചു. അത് അവിടം കൊണ്ട് അവസാനിച്ചില്ല. ഒരു നിറസന്ധ്യയ്ക്ക് സാമൂതിരിയുടെ കിങ്കരന്മാർ മൂസ്സിന്റെ ഇല്ലത്തെത്തുകയും അധികാരമുപയോഗിച്ച് അവിടെയുള്ളവരെയെല്ലാം പുറത്താക്കു

വേട്ടയ്ക്കരൻ

കയും ചെയ്തു. സ്വത്തൊന്നും എടുക്കാൻ അനുവദിച്ചില്ലെന്നു മാത്രമല്ല, വെച്ച ചോറ് ഉണ്ണാൻ പോലും അനുവദിച്ചില്ല. അങ്ങനെ ആ സന്ധ്യനേരത്ത് ഗൃഹനാഥൻ അമ്മയേയും പത്നിയേയും ബാലികയായ മകളേയും കൂട്ടി പെരുവഴിയിലേ

യ്ക്കിറങ്ങി. അവരുടെ കൂടെ കാരപ്പുറത്തു വീട്ടിലെ ഒരു തുണക്കാരിയുമുണ്ടായിരുന്നു. (കാരപ്പുറത്തു വീട്ടുകാർ ഇന്നും കിഴക്കുമ്പാട്ടുകരയിൽ തൈക്കാട്ടില്ലത്തിനടുത്തു തന്നെ താമസമുണ്ട്.) എങ്ങോട്ടെന്നില്ലാത്ത ഈ യാത്രയിൽ ഗൃഹനാഥൻ എന്നും അകത്തു വെച്ച് പൂജിച്ചിരുന്ന വേട്ടേക്കരന്റെ പഞ്ചലോഹവിഗ്രഹം ആരുമറിയാതെ കയ്യിൽ കരുതിയിരുന്നു. വഴി കുറേ പിന്നിട്ടു. രാത്രിയേറെയായി. ഇരുട്ടിനു കട്ടികൂടി. എങ്ങോട്ടു പോകണമെന്നറിയാതെ അന്തം വിട്ടു നിന്ന അവർക്കു മുന്നിൽ ഒരു ദീപം തെളിഞ്ഞു.

അത് ഒരു സന്യാസി കൊളുത്തിയ വിളക്കായിരുന്നു. വഴി കാണാതെ ഉഴറുന്ന അവരെ മുന്നോട്ടു നയിയ്ക്കാൻ പാകത്തിൽ അവരുടെ മുന്നിൽ പ്രത്യക്ഷമായതാണ്. പിന്നെയും നടത്തം തന്നെ. എത്ര ദൂരം നടന്നുവെന്നും എത്ര നേരം കടന്നുവെന്നുമറിയില്ല. നടന്നു നടന്ന് അവർ ഇന്നത്തെ തൃശ്ശൂർ നഗരഭാഗത്തെത്തി. മാർഗ്ഗദർശിയായ സന്യാസി അവരെ പാറമേക്കാവിന്റെ അഗ്രശാലയിൽ കൊണ്ടു ചെന്നിരുത്തി. ഒട്ടും വിഷമിയ്ക്കേണ്ടെന്നും ഇനി നിങ്ങൾക്കു വേണ്ടതെല്ലാം ഉടനെ ലഭിയ്ക്കുമെന്നും പറഞ്ഞ് അവരെ സമാധാനിപ്പിച്ചു. അനന്തരം ആ സന്യാസി അപ്രത്യക്ഷനായി.

നേരം വെളുത്തു. മൂസ്സിനെ നല്ല പോലെ അറിയാവുന്ന ചില നമ്പൂതിരിമാർ മുന്നിലെത്തി. അവർ പറഞ്ഞിട്ടാണോ ആവോ, അന്നു വലിയ കോവിലകത്ത് ഉണ്ടായിരുന്ന ശക്തൻ തമ്പുരാൻ വിവരം അറിഞ്ഞിരുന്നു. അദ്ദേഹം മൂസ്സിനെ വിളിച്ചു വരുത്തി സമാധാനിപ്പിച്ചു. അവർക്ക് തൽക്കാല സൗകര്യങ്ങൾ കണ്ടറിഞ്ഞ് ഏർപ്പെടുത്തി. പിന്നീട് തമ്പുരാന്റെ നിർദ്ദേശപ്രകാരം ഇപ്പോൾ കിഴക്കുമ്പാട്ടുകരയിലുള്ള ഇല്ലപ്പറമ്പിൽ പുതുതായി പുര പണിയിച്ചു കൊടുത്ത് താമസിപ്പിച്ചു. അതിനടുത്ത് കിഴക്കേപ്പാടവും കരമൊഴിവായി പതിച്ചു കൊടുത്തു.

അക്കാലം പിന്തുടർച്ചക്കാരില്ലാതെ കിടന്നിരുന്ന അഷ്ടവൈദ്യകുടുംബമായ പറപ്പൂർ മൂസ്സിന്റെ സ്വത്തുക്കളും അമ്പലവും ഇവർക്കായി വിട്ടുകൊടുത്തു. ഇന്നും വടക്കുന്നാഥക്ഷേത്രത്തിൽ ഉദയാസ്തമനം അപ്പനിവേദ്യം ഗണപതിയ്ക്കു നടത്തുമ്പോൾ പത്ത് അപ്പം ഇവിടേയ്ക്കായി അനുവദിച്ചിട്ടുണ്ട്. അത് പറപ്പൂർ മൂസ്സിന്റെ അവകാശം ഇങ്ങോട്ടായതിന്റെ പേരിലാണ്. മൂസ്സിന്റെ അവകാശം ദേവസ്വത്തിൽ ചെമ്പോലയിൽ ചേർത്തിട്ടുണ്ടത്രേ.

കാലം പിന്നെയും കടന്നുപോയി. മൂസ്സിന് പുരുഷസന്താനമുണ്ടായില്ല. പിൻതുടർച്ചയ്ക്ക് അവകാശികളില്ലാത്തതുകൊണ്ട് മേൽപ്പറഞ്ഞ ബാലികയെ എളേടത്തു തൈക്കാട്ടുള്ള ഒരു മൂസ്സിനേക്കൊണ്ട് വേളി കഴിപ്പിച്ച് സർവ്വസ്വദാനമായി ഇരുത്തുകയാണ് ഉണ്ടായത്. അതുകൊണ്ട് വൈദ്യവൃത്തിയ്ക്കും ഒരു തുടർച്ചയുണ്ടായി. ഈ ദാമ്പത്യത്തിൽ മൂന്ന് ഉണ്ണികൾ ഉണ്ടായി. അതിൽ ആദ്യത്തെ ആളാണ് വാസുദേവൻ മൂസ്സ്. മറ്റു രണ്ട് ആൺമക്കളേക്കുറിച്ച്, അവരുടെ പേരുകൾ കുഞ്ഞുണ്ണി മൂസ്സ് എന്നും പരമേശ്വരൻ മൂസ്സ് എന്നും ആണ് എന്നതിനപ്പുറം കാര്യമായ വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല.

തൃശ്ശൂരിൽ എത്തുന്നതു വരെ പഴനെല്ലിപ്പുറത്ത് എന്നായിരുന്നു കുടുംബപ്പേര്. തൈക്കാട്ട് മൂസ്സ് വേളി കഴിച്ചതിൽപ്പിന്നെ പഴനെല്ലിപ്പുറത്ത് തൈക്കാട്ടായി. തൃശ്ശൂരിൽ താമസമാക്കിയതുകൊണ്ട് തൃശ്ശൂർ തൈക്കാട്ട് മൂസ്സ് എന്ന പേരിലാണ് പിന്നീട് അറിയപ്പെട്ടത്.

*(കുറിപ്പ്: 1. ഈ ചരിത്രകഥ 'ആപദ്ദീപം' എന്ന പേരിൽ സുബ്ബരാമഭട്ടർ സംസ്കൃതത്തിൽ ശ്ലോകരൂപത്തിലാക്കിയിട്ടുണ്ട്. അത് വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് 'മാർഗ്ഗദീപം' എന്ന പേരിൽ മലയാളത്തിലേയ്ക്ക് ആശയാനുവാദം നടത്തിയിട്ടുണ്ട്. 1968 മേയ് 31-ന് പി. ടി. നാരായണൻ മൂസ്സിന്റെ ദിനസരിക്കുറിപ്പിൽ ഇങ്ങനെ കാണുന്നു: "ഉച്ചതിരിഞ്ഞ് ശ്രീ സുബ്ബരാമഭട്ടപാദരെ കാണുവാൻ പോയി. ആപദ്ദീപഃ എന്ന കൃതിക്ക് പാരിതോഷികമായി 25 ക. വെച്ച് നമസ്കരിച്ചു."*

*2. സി. എ. കൃഷ്ണന്റെ 'അഞ്ചുവിളക്ക്', പുത്തേഴത്തു രാമൻ മേനോന്റെ 'ശക്തൻ തമ്പുരാൻ' എന്നീ പുസ്തകങ്ങളിൽ ശക്തൻ തമ്പുരാന്റെ ചികിത്സകനായിരുന്നു പഴനെല്ലിപ്പുറത്ത് മൂസ്സ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 'ശക്തൻ തമ്പുരാ'നിൽ മഹാരാജാവിന്റെ അന്ത്യദിനങ്ങളേക്കുറിച്ച് വിശദമായ വർണ്ണനയുണ്ട്. അതിൽനിന്ന് തമ്പുരാന്റെ ചികിത്സകരിൽ പ്രധാനിയായിരുന്നു മൂസ്സ് എന്ന് സിദ്ധിയ്ക്കുന്നുണ്ട്.)*

# തൃശ്ശൂർ തൈക്കാട്ട് മൂസ്സ് - വംശാവലി

# വംശാവലി - ഒരു വിശകലനം

യാത്രാവഴിയിൽ നമ്മൾ വായിച്ചതു പോലെ ശക്തൻ തമ്പുരാന്റെ കാലത്താണ് മൂസ്സ് പഴനെല്ലിപ്പുറത്തുനിന്ന് നിഷ്കാസിതനായത് എന്നതു കൊണ്ട് ഈ സംഭവം നടന്നത് ക്രി. വ. 1751-നും 1805-നും ഇടയ്ക്ക് എപ്പോഴോ ആണെന്ന് അനുമാനിയ്ക്കണം. മിക്കവാറും അത് 1800-നു തൊട്ടു മുമ്പ് ആവാനാണ് സാദ്ധ്യത. അതായത് ഈ വംശാവലിയുടെ കാലയളവ് ഇരുനൂറ്റി അമ്പതു വർഷങ്ങളിൽത്താഴെയേ ഉള്ളു എന്നർത്ഥം.

അതുകൊണ്ട് ഈ കുടുംബചരിത്രം തുടങ്ങുന്നത് പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിലായിരിയ്ക്കണം. ഇതിൽപ്പറയുന്ന ബാലികയാണ് പിന്നീട് ഈ കുടുംബത്തെ മുന്നോട്ടുകൊണ്ടു പോവുന്നത്. അത് പത്തൊമ്പതാം നൂറ്റാണ്ടിലാവണം.

പിന്നീടുള്ള രണ്ടു തലമുറകളിൽപ്പെട്ടവരുടേയും ജീവിതകാലം പത്തൊമ്പതാം നൂറ്റാണ്ടിലെപ്പൊഴോ ആവാനേ തരമുള്ളു. നിർഭാഗ്യവശാൽ ഇതിലെ മൂന്നാം തലമുറയിൽപ്പെട്ട വാസുദേവൻ മൂസ്സു വരെയുള്ളവരുടെ ജീവിതചിത്രം അവ്യക്തമാണ്. വിവാഹവിശേഷങ്ങളേക്കുറിച്ചുള്ള നാമമാത്രമായ വിവരങ്ങളല്ലാതെ അവരുടെ പേരോ ജനനത്തീയതിയോ ചിത്രങ്ങളോ മറ്റു രേഖകളോ ഞങ്ങൾക്ക് കണ്ടെത്താനായിട്ടില്ല. വാസുദേവൻ മൂസ്സിന് അദ്ദേഹത്തിന്റെ രണ്ടാമത്തെ പത്നിയിൽ ജനിച്ച നാരായണൻ മൂസ്സ് മുതലാണ് കൃത്യമായ ചിത്രങ്ങളും രേഖകളും കിട്ടിയിട്ടുള്ളത്. അതിനുള്ള കാരണം നാരായണൻ മൂസ്സിന്റെ ജന്മസിദ്ധികൾ തന്നെയാണ്.

# തൃശ്ശൂർ തൈക്കാട്ട് നാരായണൻ മൂസ്സ്

വാസുദേവൻ മൂസ്സ് രണ്ടു വിവാഹം കഴിച്ചു. ആദ്യത്തേത് നമ്പില്ലത്തുനിന്നും രണ്ടാമത്തേത് ഒളശ്ശയിൽനിന്നുമായിരുന്നു. നമ്പില്ലത്തു നിന്നുള്ള പത്നിയിൽ അദ്ദേഹത്തിന് ഒരു മകളും ഒരു മകനുമുണ്ടായി. അതിൽ മകളെ പുലാമന്തോൾ മൂസ്സിനു വിവാഹം കഴിച്ചു കൊടുത്തുവെന്നും ആ ദമ്പതികൾക്ക് രണ്ടു പെൺമക്കൾ ഉണ്ടായി എന്നുമുള്ള വിവരത്തിനപ്പുറം അവരുടെ പേരുവിവരങ്ങളൊന്നും ലഭ്യമല്ല.

വാസുദേവൻ മൂസ്സിന്റെ പുത്രൻ നാരായണൻ മൂസ്സിന്റെ ജീവിതചിത്രം കുടമാളൂർ കെ. കെ. ഗോപാലപിള്ള 1941 നവംബർ ലക്കം 'വൈദ്യസാരഥി' മാസികയിൽ എഴുതിയ 'ബ്രഹ്മശ്രീ തൃശ്ശൂർ തയ്ക്കാട്ട് നാരായണൻ മൂസ്സ്' എന്ന ലേഖനത്തിൽ ഇങ്ങനെ വായിയ്ക്കാം:

"ബ്രഹ്മശ്രീ തൃശ്ശൂർ തയ്ക്കാട്ടു നാരായണൻമൂസ്സ്

(കുടമാളൂർ കെ. കെ. ഗോപാലപിള്ള)

കേരളീയജനങ്ങളെ രോഗബാധകളിൽ നിന്നും സംരക്ഷിക്കുന്നതിനായി ശ്രീപരശുരാമനാൽ നിയോഗിക്കപ്പെട്ടിട്ടുള്ള എട്ടില്ലക്കാരെയാണ് അഷ്ടവൈദ്യന്മാരെന്നു പറഞ്ഞുവരുന്നത്. ഇവർ ഒരു കാലത്തു വർദ്ധിച്ച് പതിനെട്ടില്ലക്കാരായിരുന്നു. ആ പതിനെട്ടില്ലങ്ങൾ ക്രമേണ ക്ഷയിച്ച് പിന്നയും എട്ടില്ലങ്ങൾ മാത്രമായിത്തീർന്നു. പിലാമന്തോൾ മൂസ്സ്, ആലത്തൂർ നമ്പി, പഴനെല്ലിപ്പുറത്ത് തയ്ക്കാട്ട് മൂസ്സ്, കുട്ടഞ്ചേരി മൂസ്സ്, ഇളയിടത്തു തൈക്കാട്ടുമൂസ്സ്, ചീരട്ടമൺമൂസ്സ്, വയക്കര പോറ്റി, വെള്ളോട്ടുനമ്പൂതിരി എന്നിങ്ങനെ എട്ടില്ലക്കാരെയാണ് അഷ്ടവൈദ്യന്മാർ എന്നു പറഞ്ഞുവരാറുള്ളത്. വയക്കരെയില്ലത്ത് ഒരു കന്യകയല്ലാതെ വേറെ ആരുമില്ലാതെയായിത്തീരുകയും ആ കന്യകയെ പിലാമന്തോൾ മൂസ്സ് സർവസ്വദാനമായി വിവാഹം കഴിച്ചു അവിടെ ദത്തു കേറുകയും ചെയ്തു. അക്കാലം മുതല്ക്കു വയസ്ക്കര പോറ്റിമാരെ "വയസ്ക്കര മൂസ്സന്മാർ" എന്നു പറഞ്ഞുവരുന്നു. ഇപ്പോഴും വെള്ളൊട്ടു മൂസ്സിനും ആലത്തൂർ നമ്പിക്കും അതേ പേരുകൾ തന്നെ പറഞ്ഞു



തൈക്കാട്ട് നാരായണൻ മൂസ്സ്

വരുന്നു. ആഭിജാത്യത്തെസംബന്ധിച്ചിടത്തോളം ഇവർ എല്ലാം തുല്യന്മാരാണ്.

പഴനെല്ലിപ്പുറത്തു തൈക്കാട്ടുമൂസ്സിന്റെ ഇല്ലം ബ്രിട്ടീഷുമലബാറിൽ എടകുളം തീവണ്ടിസ്റ്റേഷനുസമീപം പഴനെല്ലിപ്പുറം എന്ന സ്ഥലത്താണ്. സകലവിധയോഗ്യതകളും തികഞ്ഞ ഈ കുടുംബക്കാരെ 981-ാമാണ്ടു കന്നി 13-ാംനു- തൃശ്ശിവപേരൂർ വച്ചു തീപ്പെട്ട "കൊച്ചി ശക്തൻ തമ്പുരാൻ" എന്നു സുപ്രസിദ്ധനായ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ട് പ്രത്യേകആവശ്യാർത്ഥം തൃശ്ശിവപേരൂരിൽ വരുത്തിത്താമസിപ്പിച്ചു. പിന്നീടു പഴനെല്ലിപ്പുറത്തുതയ്ക്കാട്ടുമൂസ്സന്മാർ തൃശ്ശിവപേരൂരിൽ തന്നെ സ്ഥിരവാസമാക്കി. അവർക്കു വേണ്ടപ്പെട്ട വസ്തുക്കൾ തമ്പുരാൻ തിരുമനസ്സുകൊണ്ടു

കല്പിച്ചുകൊടുക്കുകയും ചെയ്തു. ഇന്ന് ഈ കുടുംബത്തിലുള്ള ആധാരങ്ങളിലെല്ലാം "പഴനെല്ലിപ്പുറത്തു തയ്ക്കാട്ടു മൂസ്സ്" എന്നാണ് കാണുന്നത്. അഷ്ടവൈദ്യന്മാരെല്ലാവരും ഒരുപോലെ യോഗ്യതയുള്ളവരായിരുന്നിട്ടും ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ട് തന്റെ ചികിത്സയ്ക്കു ബ്രി. മലബാറിൽ താമസിച്ചിരുന്ന പഴനെല്ലിപ്പുറത്തുതയ്ക്കാട്ടുമൂസ്സിനെ വരുത്തിയതുകൊണ്ടു തന്നെ ഈ ഇല്ലക്കാർക്കു ചികിത്സാവിഷയത്തിലുള്ള അപാരമായ ജ്ഞാനത്തേയും സാമർത്ഥ്യത്തേയും പ്രസ്പഷ്ടമാക്കുന്നതാണല്ലൊ. അങ്ങിനെ സുപ്രസിദ്ധനായിത്തീർന്നിട്ടുള്ള തൃശ്ശൂർ തയ്ക്കാട്ടില്ലത്തിൽ പ്രശോഭിച്ചിരുന്ന ഒരു മഹനീയജ്യോതിസ്സായിരുന്നു നമ്മുടെ കഥാനായകനായിരുന്ന നാരായണൻമൂസ്സ് അവർകൾ.

നാരായണൻമൂസ്സ് അവർകൾ 1046-ാമാണ്ടു കന്നിമാസത്തിൽ രോഹിണിനക്ഷത്രത്തിൽ സ്വഭവനമായ തയ്ക്കാട്ടില്ലത്തു ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛനായ വാസുദേവൻമൂസ്സ് അവർകളും പിതൃവ്യന്മാരായ കുഞ്ഞുണ്ണിമൂസ്സ്, പരമേശ്വരൻമൂസ്സ് എന്നിവരും ചികിത്സാവിഷയത്തിൽ അപാരമായ വൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചിരുന്നു. വാസുദേവൻമൂസ്സ് അവർകൾക്കു തർക്കശാസ്ത്രത്തിലും അതിരറ്റ ജ്ഞാനം ഉണ്ടായിരുന്നു. മരണലക്ഷണം അറിയുന്നതിനുള്ള സാമർത്ഥ്യം അവിടുത്തെപ്പോലെ ഇന്നുള്ളവർക്ക് ഉണ്ടെന്നു തോന്നുന്നില്ല. ഇങ്ങനെയുള്ള വിവിധയോഗ്യതകൾ തികഞ്ഞ പരമേശ്വരൻമൂസ്സ് അവർകളുടെയും പിതൃവ്യന്മാരുടെയും പരിലാളനാദികൾക്കൊ വിദ്യാഭ്യാസാദികൾക്കൊ കഥാനായകനു ദൈവം സംഗതിയാക്കിയില്ല.

1049-ാമാണ്ടു മേടമാസത്തിൽ വാസുദേവൻമൂസ്സ് അവർകളും അവിടുത്തെ അനുജന്മാരും അടുത്തടുത്തായി മസൂരിരോഗബാധിതരായി മരണമടഞ്ഞു. അപ്പോൾ നാരായണൻമൂസ്സ് അവർകൾക്കു മൂന്നു വയസ്സും 8 മാസവും പ്രായമെ ഉണ്ടായിരുന്നുള്ളു. പിന്നീട് അവിടുത്തെ സംരക്ഷിക്കുവാനാളില്ലാതായിത്തീർന്നതിനാൽ അദ്ദേഹം അനാഥഗർത്തത്തിൽ പെട്ടു. മൂസ്സിന്റെ സഹോദരിയായി ഒന്നരവയസ്സുമാത്രം പ്രായമായിരുന്ന ഒരു പെൺകിടാവും വിധവയായ മാതാവും വയോവൃദ്ധയായ പിതാമഹിയും മാത്രമാണുണ്ടായിരുന്നത്. കുടുംബത്തിൽ കടവും ധാരാളമുണ്ടായിരുന്നു. ഇങ്ങനെ പല വിധത്തിലും ദു:ഖസാഗരത്തിൽ നിമഗ്നനായ നമ്മുടെ കഥാനായകനെ സംരക്ഷിക്കുവാനായി സർവ്വശക്തനായ ജഗദീശ്വരൻ ഒരാളെ നിയോഗിച്ചു. സർവ്വഗുണസമ്പന്നനായ ആ പുണ്യാത്മാവാണ് 1078-ൽ അന്തരിച്ചുപോയ പിലാമന്തോൾ മൂസ്സ് അവർകൾ.

നമ്മുടെ കഥാനായകന്റെ അനാഥസ്ഥിതി പ്രസ്തുത പിലാമന്തോൾ മൂസ്സ് അവർകൾക്കു സഹിച്ചില്ല. കർണ്ണാരുന്തുദമായ ഈ വർത്തമാനം കേട്ട മാത്രയിൽ മൂസ്സവർകൾ തൈക്കാട്ടില്ലത്തെത്തി കുടുംബകാര്യങ്ങൾ എല്ലാം താൻതന്നെ ഏറ്റെടുക്കുകയും വസ്തുക്കളിൽനിന്നു പ്രതിവർഷം കിട്ടുവാനുള്ള ആദായം മുഴുവൻ എടുത്തു കടംവീട്ടുവാനായി അഞ്ചേരി ചങ്ങരംപാട്ടു രാമവർമ്മൻതിരുമുല്പാടവർകളെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇല്ലത്തേക്കുവേണ്ടിവരുന്ന ചെലവുകൾ മൂസ്സവർകൾതന്നെ നിർവഹിച്ചു. നമ്മുടെ കഥാനായകനെ പിലാമന്തോൾക്കു കൊണ്ടുപോയി അവിടെ വിദ്യാഭ്യാസത്തിനായി ഏർപ്പെടുത്തി. ഏകദേശം പത്തുകൊല്ലംകൊണ്ട് ഇല്ലത്തെ കടം മുഴുവൻ തീർന്നു.

നമ്മുടെ കഥാനായകനെ ആദ്യമായി നിലത്തെഴുത്ത്, കണക്ക്, വാക്യം, പരല്പേര്, ജ്യാവ്, കാലദീപം, അമരം, സിദ്ധരൂപം മുതലായ ആദിമഭാഗങ്ങൾ ഒരു ചെന്ത്രവാരിയരാണ് പഠിപ്പിച്ചത്. തദനന്തരം വൈദ്യശാസ്ത്രം പഠിപ്പിക്കുന്നതിനായി കുട്ടഞ്ചേരി അഫൻമൂസ്സ് അവർകളുടെ അടുക്കൽ ഏല്പിച്ചു. യഥാർത്ഥവിദ്വാനും അഷ്ടാംഗഹൃദയത്തിന്റെ അർത്ഥം പറയുന്നതിനും അതുപോലെ പഠിപ്പിക്കുന്നതിനും അതിസമർത്ഥനും വിശാലാശയനുമായിരുന്ന അഫൻമൂസ്സ് അവർകളുടെ അടുക്കൽനിന്ന് അഷ്ടാംഗഹൃദയം, അഷ്ടാംഗസംഗ്രഹം, ചികിത്സാക്രമം, ഗുണപാഠം, സഹസ്രയോഗം മുതലായവയും ചില മഹാകാവ്യങ്ങളും പഠിച്ചപ്പോഴേക്കും നമ്മുടെ കഥാനായകന് സംസ്കൃതത്തിൽ നല്ല വ്യുല്പത്തിയും വൈദ്യശാസ്ത്രത്തിൽ നല്ല നൈപുണ്യവും സിദ്ധിച്ചു. ഉപനയനം കഴിയാതെ അഷ്ടാംഗഹൃദയം പഠിക്കരുതെന്നുള്ള മാമൂൽ അനുസരിച്ച് ഉപനയനം സമാവർത്തനം മുതലായവയും കുട്ടഞ്ചേരി മൂസ്സ് അവർകളാണ് നടത്തിയത്.

ഇക്കാലത്ത് 1056 മകരമാസത്തിൽ നമ്മുടെ കഥാനായകന് ഒരാപത്തുപറ്റി. അവിടുത്തെ

പ്രിയമാതാവ് ജ്വരബാധിതയായി ചരമഗതിയെ പ്രാപിച്ചു. പിതാവ് പിതൃവ്യന്മാർ എന്നിവർ മരിച്ച കാലത്തു കഥാനായകനു വലിയ പ്രായമുണ്ടായിരുന്നില്ല. തന്നിമിത്തം വലിയദു:ഖം അറിവാനിടയായില്ല. ഇപ്പോഴാകട്ടെ 10 വയസ്സു പ്രായമായിരുന്നു. മാതാവിന്റെ ഈ വിയോഗം കഥാനായകനെ ദുസ്സഹദു:ഖാബ്ധിയിൽ മുഴുകിച്ചു എന്നു പറയേണ്ടതില്ലല്ലൊ. പത്തുവയസ്സു പ്രായമായിരുന്ന അവിടുത്തേയ്ക്ക് മാതാവിന്റെ പിണ്ഡം, മാസം മുതലായ കർമ്മങ്ങൾ നടത്തുന്നതിനു തക്ക ശേഷിയില്ലാതിരുന്നതിനാൽ അക്കാര്യവും പിലാമന്തോൾ മൂസ്സവർകൾ തന്നെയാണ് നടത്തിയത്. വിദ്യാഭ്യാസവിഷയത്തിൽ കുട്ടഞ്ചേരി അഫൻമൂസ്സവർകളും മറ്റുവിഷയങ്ങളിൽ പിലാമന്തോൾമൂസ്സവർകളും ഇടയ്ക്കിടയ്ക്ക് ആലത്തൂർനമ്പി അവർകളും ഗണ്യമായ സഹായങ്ങൾ ചെയ്തിട്ടുള്ളതുപോലെ മറ്റാരും ചെയ്തിട്ടില്ല.

വൈദ്യപരിചയം കുട്ടഞ്ചേരി അഫൻമൂസ്സ് അവർകളുടേയും പിലാമന്തോൾ മൂസ്സ് അവർകളുടേയും അടുക്കൽനിന്നാണ് സമ്പാദിച്ചത്. ഇടയ്ക്കിടയ്ക്കു സ്വകുടുംബത്തിലും (തൈക്കാട്ടില്ലത്ത്) താമസിച്ചിരുന്നു.

കൊല്ലം 1062-ാമാണ്ടു കഥാനായകൻ വയസ്ക്കരെ (1077-ൽ ദിവംഗതനായ) ആര്യൻ നാരായണൻമൂസ്സ് അവർകളുടെ പ്രഥമപുത്രിയായ ദേവകിഅന്തർജ്ജനത്തെ വിവാഹംകഴിച്ചു സ്വഭവനമായ തൃശ്ശൂർ തയ്ക്കാട്ടില്ലത്തു കുടിയേറിപ്പാർത്തു. ഇക്കാലത്തു പിതാമഹിയും പരലോകം പ്രാപിച്ചു.

ദേവകി അന്തർജ്ജനം

നങ്ങേലി അന്തർജ്ജനം

ഇവരുടെ പിണ്ഡാദികർമ്മങ്ങൾക്കു പിലാമന്തോൾ മൂസ്സ് അവർകൾ ധാരാളം സഹായം ചെയ്തു. പിന്നീടു തന്റെ സഹോദരിയെ വിവാഹംചെയ്തുകൊടുക്കുന്നതിനുള്ള വിഷമതകൾ ഓർത്ത് പിലാമന്തോൾ മൂസ്സ് അവർകൾതന്നെ ആ കന്യകയെ വിവാഹം ചെയ്തു.

അന്നുമുതൽക്ക് അവിടുത്തെ കാലം തെളിഞ്ഞുവന്നു. കടം മുഴുവൻ വീട്ടി. ചികിത്സാവിഷയത്തിൽ പ്രതിദിനം സമ്പാദ്യങ്ങൾ വർദ്ധിച്ചുവന്നു. ശാസ്ത്രനൈപുണ്യം, കൈപ്പുണ്യം, ഭാഗ്യം, ഗുരുത്വം മുതലായ സകലതും അവിടേയ്ക്കു വന്നുചേർന്നു. തൈക്കാട്ടു നാരായണൻമൂസ്സ് എന്നുള്ള പേർ കേരളമൊട്ടുക്കെന്നല്ല ലോകമാകെത്തന്നെ പരന്നു. രോഗികൾ കുതിരവണ്ടിയും മേനാവും മറ്റുവാഹനങ്ങളുമായി തയ്ക്കാട്ടില്ലത്തുപടിക്കൽ സദാസമയവും കാത്തുനിന്നിരുന്നു.

തിരുമനസ്സിലെ ചികിത്സ പ്രത്യേകരീതിയിലായിരുന്നു. മാറാത്ത ദീനം ഉണ്ടോ എന്നായിരുന്നു അവിടുത്തെ വിചാരം. ഏതുരോഗവും അവിടുത്തെ ചികിത്സകൊണ്ടു മാറാതിരുന്നിട്ടില്ല. മരിക്കുന്നതിനുള്ള രോഗമായാലും അല്പമെങ്കിലും മാറാതെ ഇരുന്നിട്ടില്ല. ചിലപ്പോൾ അവിടുന്നു തന്നെ രോഗിയ്ക്കു ചികിത്സ നിശ്ചയിച്ചതിന്റെ ശേഷം സുഖമില്ലെന്നു രോഗി വന്നു പറഞ്ഞാൽ (അന്നു നിശ്ചയിച്ച യോഗം തന്നെ) അവിടുന്ന് ആ രോഗിയുടെ വീട്ടിൽചെന്നിരുന്നു മരുന്നുകൾ കണക്കിനു തൂക്കിയെടുത്തു കഷായം വച്ചു രോഗിക്കു കൊടുത്തു സുഖക്കേടു മാറ്റിയതായി ഈ ലേഖകനു അറിവുണ്ട്. ആയുർവ്വേദത്തിലെ വിധികളോട് അത്ര വിശ്വാസവും ഉറപ്പും അവിടേയ്ക്കുണ്ടായിരുന്നു.

കൊച്ചി രാജകുടുംബത്തിലെ ഒരു കൊച്ചുതമ്പുരാന് ഒരു സുഖക്കേടുണ്ടായിട്ട് അനേകം നാട്ടുവൈദ്യന്മാരുടേയും ഇംഗ്ലീഷുചികിത്സകന്മാരുടേയും ചികിത്സകൾ ചെയ്തിട്ടും യാതൊരു ഫലവും ഉണ്ടായില്ല. അന്നു നാടുവാണരുളിയ വാഴ്ചയൊഴിഞ്ഞ കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട് നമ്മുടെ കഥാനായകനെ വരുത്തി രോഗിയെ കാണിച്ചു. വളരെക്കാ

ലമായി ഊണും ഉറക്കവുമില്ലാതെ ക്ലേശിച്ചിരുന്ന ആ തമ്പുരാനെ ഒരുനേരത്തെ ലഘുവായ ഒരു പ്രയോഗംകൊണ്ട് ഊണു കഴിപ്പിച്ച് ഉറക്കിയതായി കേട്ടിട്ടുണ്ട്. പിന്നീട് 20 ദിവസത്തെ ചികിത്സകൊണ്ട് ആ സുഖക്കേടു പൂർണ്ണസുഖമായി. സർവ്വഗുണസമ്പന്നനും ഗംഭീരാശയനുമായിരുന്ന വലിയതമ്പുരാൻതിരുമനസ്സിലെ തൃക്കൈയിൽനിന്നു വീരശൃംഖല വാങ്ങാൻ സാമാന്യന്മാർക്കു സാധിക്കുന്നതല്ലെന്ന് (അതിനുള്ള ഭാഗ്യം അധികമാർക്കും ഉണ്ടായിട്ടില്ലെന്ന്) ഏവർക്കും അറിയാവുന്നതാണല്ലോ.

പിന്നീടു നമ്മുടെ കഥാനായകൻ 1075–ാമാണ്ടു നടന്ന മുറജപക്കാലത്തു വയസ്ക്കര ആര്യൻനാരായണൻമൂസ്സ് തിരുമേനിയുമൊരുമിച്ച് മുറജപത്തിന് എഴുന്നള്ളുകയും മഹാരാജാവുതിരുമനസ്സിലെ കണ്ടു പരിചയപ്പെടുകയും അവിടുന്നു മുറജപക്കാലം മുഴുവൻ അരിയും കോപ്പും പകർച്ചയും മറ്റും കൊടുക്കുവാൻ കല്പിക്കുകയും ചെയ്തു.

പിന്നെയും അവിടുന്നു വൈദ്യവിഷയത്തിൽ ധാരാളം പരിചയം സമ്പാദിച്ചു. ചരകം, സുശ്രുതം മുതലായ വൈദ്യഗ്രന്ഥങ്ങളും കുവലയാനന്ദം, സാഹിത്യദർപ്പണം മുതലായ അലങ്കാരശാസ്ത്രങ്ങളും അനേകം മഹാകാവ്യങ്ങളും ഒരു ശാസ്ത്രിദ്വിജനെ വരുത്തിയിരുത്തി പഠിച്ചു. കാലാനുസൃതമായി കുറെ ഇംഗ്ലീഷു പഠിക്കണമെന്നു വിചാരിച്ച് സി. ഡി. ഡേവിഡ് എന്നൊരാളെ വരുത്തി ഇംഗ്ലീഷിൽ ധാരാളമായ പാടവം സമ്പാദിച്ചു.

നമ്മുടെ കഥാനായകനു ശിഷ്യന്മാർ ധാരാളമായിരുന്നു. പി. കെ. നാരായണൻനമ്പീശൻ, കീരംകുളങ്ങരെ ചക്രപാണിവാര്യർ, ചങ്ങരംപാട്ടു ഗോദവർമ്മൻതിരുമുൽപ്പാട്, കൊടുങ്ങല്ലൂർ അനന്തനാരായണപട്ടർ, പടമറ്റത്തു കൃഷ്ണൻ നമ്പൂരി, കാറ്റാട്ടു നാരായണൻനായർ എന്നിവരാണ് പ്രധാനശിഷ്യന്മാർ.

തിരുമനസ്സിലേക്കു ധനം സംബന്ധിച്ച് വരവ് അതിധാരാളമായിരുന്നുവെങ്കിലും ചെലവും ഒട്ടും കുറവല്ലായിരുന്നു. അവിടുന്ന് എണ്ണായിരത്തിൽപരം ഉറുപ്പിക ചെലവാക്കി തന്റെ ഗൃഹം പണിയിച്ചു. അതിന് ഒരു പൈപോലും കടംവാങ്ങിക്കേണ്ടതായി വന്നില്ല. അന്നന്നുകിട്ടിക്കൊണ്ടിരുന്ന സമ്പാദ്യംകൊണ്ടു മാത്രമാണ് ഈ ഗൃഹം പണിയിച്ചത്.

വിവാഹം കഴിച്ചിട്ടു പത്തുപന്ത്രണ്ടു കൊല്ലമായിട്ടും സന്താനമുണ്ടാകായ്കയാൽ വയസ്ക്കര ആര്യൻനാരായണൻമൂസ്സ് അവർകളുടെ ദ്വിതീയ പുത്രിയെ 1075–ൽ വിവാഹം ചെയ്തു. രണ്ടാമത്തെ വിവാഹം കഴിഞ്ഞ് അധികം താമസിയാതെതന്നെ പ്രഥമപത്നി ഗർഭം ധരിക്കുകയും 1076–ാമാണ്ടു വൃശ്ചികമാസത്തിൽ രോഹിണി നക്ഷത്രത്തിൽ ഒരു പുത്രനെ പ്രസവിക്കയും ചെയ്തു. അഞ്ചാറുകൊല്ലം കഴിഞ്ഞപ്പോൾ ദ്വിതീയഭാര്യയും പ്രസവിച്ചു.

ഇക്കാലത്ത് കഥാനായകന്റെ സഹോദരി പരലോകഗതയായി. ആ അന്തർജ്ജനത്തിനും ഒരു പുത്രിയുണ്ടായിട്ടുണ്ട്.

അങ്ങിനെയിരിക്കെ തിരുമനസ്സിലെ ആരോഗ്യത്തിന് ഹാനി ഭവിക്കയും ലൂതാവിഷംകൊണ്ട് കുറേ വിഷമിക്കയും ചെയ്തു. ഒടുവിൽ മുഖത്ത് ഒരു കുരുവുണ്ടാകയും ആ കുരു ക്രമേണ വർദ്ധിച്ച് അവശനായിത്തീരുകയും ചെയ്തു. ആലത്തൂർനമ്പി മുതലായ നാട്ടുവൈദ്യന്മാരും മറ്റ് ഇംഗ്ലീഷു വൈദ്യന്മാരും പഠിച്ച പണികൾ എല്ലാം നോക്കിയിട്ടും ആ രോഗത്തെ ശമിപ്പിക്കുന്നതിനു സാധിച്ചില്ല. എന്തിനധികം–1083–ാമാണ്ട് കന്നിമാസം 24–ാംനു നമ്മുടെ കഥാനായകൻ ചരമഗതിയെ പ്രാപിച്ചു.

തിരുമനസ്സിലെ വിയോഗം കുടുംബത്തിനുമാത്രമല്ല നാട്ടുകാർക്കെന്നല്ല കേരളീയർക്കാകമാനം അസഹനീയമായ സങ്കടത്തെ ഉളവാക്കി എന്നു പറയേണ്ടതില്ലല്ലൊ. എന്തു രോഗമുണ്ടായാലും നാട്ടുകാർക്കു സമാധാനമായിരുന്നു. അതെല്ലാം പാടേപറന്നു. എന്തു ചെയ്യാം; ദൈവവിധി മാറ്റുവാൻ ആർക്കും കഴിവുള്ളതല്ലല്ലോ.

നമ്മുടെ കഥാനായകനായ മൂസ്സവർകൾക്ക് കൈരളിയും ഗൈർവ്വാണിയും ഒരുപോലെ വശംവദകളായിരുന്നു.

തിരുമനസ്സിലെ പ്രധാനകൃതികൾ–1) സിന്ദൂരമഞ്ജരി മണിപ്രവാളം. 2) യാദവദാനവീയം (സംസ്കൃതകാവ്യം). 3) കപോതസന്ദേശം. 4) വിരാധവധം ആട്ടക്കഥ. 5) നളചരിതം മണിപ്രവാളം. 6) കവിഫലാവലി 7) അത്തച്ചമയം കുറത്തിപ്പാട്ട്. 8) ശൃംഗാരമണ്ഡനംഭാണം. 9) സംബന്ധവിലാസം തുള്ളൽ എന്നിവയാണ്. ഇവ മുഴുവൻ പൂർത്തിയായിട്ടില്ലെന്നുതോന്നുന്നു. കൂടാതെ ലക്ഷ്മീഭായി വഴിയായും മറ്റും പല ഒറ്റ ശ്ലോകങ്ങളും ഖണ്ഡകൃതികളും ഉണ്ടെന്നാണ് പറയുന്നത്."

*(കുറിപ്പ്: ഈ ലേഖനത്തിൽ ദേവകി അന്തർജ്ജനത്തിന് പുത്രലബ്ധിയുണ്ടായി "അഞ്ചാറുകൊല്ലം കഴിഞ്ഞപ്പോൾ ദ്വിതീയ ഭാര്യയും പ്രസവിച്ചു" എന്നു കാണാനുണ്ടെങ്കിലും ഉപോൽബലകമായ തെളിവുകളൊന്നും ഇതുവരെ കിട്ടിയിട്ടില്ല.)*

വൈദ്യനെന്ന നിലയിൽ നാരായണൻ മൂസ്സ് ആർജ്ജിച്ച പ്രശസ്തിയ്ക്ക് 'കുട്ടഞ്ചേരി ഗുരുകുല'ത്തിനോട് കടപ്പെട്ടിരിയ്ക്കുന്നു. കുട്ടഞ്ചേരി അപ്ഫൻ മൂസ്സിന്റെ ശിക്ഷണം വളരെ പ്രസിദ്ധമാണ്. നാരായണൻ മൂസ്സിനെക്കൂടാതെ എളേടത്ത് തൈക്കാട്ട് ഇട്ടീരി മൂസ്സ്, നമ്പി അപ്ഫൻ (ആര്യനാരായണൻ നമ്പി), ചീരട്ടമൺ നാരായണൻ മൂസ്സ്, വേലൂര് ശങ്കു വാരിയർ, വൈദ്യരത്നം പി. എസ്. വാരിയർ തുടങ്ങിയവരും കുട്ടഞ്ചേരി അപ്ഫൻ മൂസ്സിന്റെ ശിഷ്യന്മാരാണ്.


ശൃംഗാരമണ്ഡനം ഭാണം

നാന്ദി

ശൃംഗാരമണ്ഡനം ഭാണം മംഗളോദയം മാസികയിൽ വന്നത് - ആദ്യത്തെ പേജ്

സിന്ദൂരമഞ്ജരി 1915 ലെ പുറംചട്ട

വൈദ്യനെന്ന നിലയിലുള്ള മുദ്രയ്ക്കു പുറമേ സാമൂഹ്യപ്രവർത്തകനുമായിരുന്നു നാരായണൻ മൂസ്സ്. 1902-ൽ രൂപീകരിയ്ക്കപ്പെട്ട ആര്യവൈദ്യസമാജത്തിന്റെ രണ്ടു വൈസ് പ്രസിഡണ്ടുമാരിൽ ഒരാൾ നാരായണൻ മൂസ്സ് ആയിരുന്നു. മറ്റേത് പുന്നശ്ശേരി നീലകണ്ഠ ശർമ്മയും. അനന്തപുരത്തു രാജരാജവർമ്മ മൂത്ത കോയിത്തമ്പുരാൻ പ്രസിഡണ്ടും വൈദ്യരത്നം പി. എസ്. വാരിയർ സെക്രട്ടറിയുമായാണ് ഇത് രൂപീകരിയ്ക്കപ്പെട്ടത്. 1905 ഫെബ്രുവരി 11-ന് തൃശ്ശൂർ

തൈക്കാട്ട് വെച്ചുകൂടിയ നിർവ്വാഹകസമിതിയിൽ വള്ളത്തോളും പുന്നശ്ശേരി നമ്പിയുമടക്കമുള്ള പ്രമുഖർ പങ്കെടുത്തതായി കാണാം. ഈ സമാജമാണ് കേരളത്തിൽ ആയുർവേദ വിദ്യാഭ്യാസത്തിന് സാമ്പ്രദായികമായ അടിത്തറയിട്ടത് എന്ന് ഡോ. പി. കെ. വാരിയർ ധന്വന്തരി മാസികയുടെ ഗ്രന്ഥസൂചിയ്ക്കുള്ള ആമുഖത്തിൽ പറയുന്നുണ്ട്.

കോഴിക്കോട് ചാലപ്പുറത്ത് വിദ്വാൻ പി. സി. നെടുത്രാൻ തമ്പുരാൻ വക കോവിലകത്തു വെച്ച്


Registered No. M.

ആര്യവൈദ്യസമാജം

ആര്യവൈദ്യസമാജം പരസ്യം - ധന്വന്തരിയിൽ വന്നത്

ആര്യവൈദ്യസമാജത്തിന്റെ രണ്ടാം വാർഷികസമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്ന നാരായണൻ മൂസ്സിന്റെ പ്രസംഗം പൂർണ്ണമായി 'ധന്വന്തരി മാസിക'യുടെ 1079 മേടം ലക്കത്തിൽ ചേർത്തിട്ടുണ്ട്. 1904 ഫെബ്രുവരി 6-7 തീയതികളിലാണ് ഈ സമ്മേളനം നടന്നത്. സമാജം നടത്തിയിരുന്ന പരീക്ഷകളിൽ പല തവണ മൂസ്സ് എക്സാമിനറായിരുന്നു.

കത്തിജ്ജ്വലിച്ച് നിൽക്കവേ പെട്ടെന്നണഞ്ഞ ജന്മമായിരുന്നു നാരായണൻ മൂസ്സിന്റേത്. കർമ്മനിരതനായ മൂസ്സിന്റെ ആയുസ്സ് വെറും 37 വർഷമായിരുന്നു. ഇതിനിടയ്ക്ക് അദ്ദേഹം വൈദ്യനെന്ന നിലയിൽ സമൂഹത്തിലും എഴുത്തുകാരനെന്ന നിലയിൽ സാഹിത്യത്തിലും ഇടം നേടിയത് നമുക്കറിയാം. ഇ. ടി. നീലകണ്ഠൻ മൂസ്സിന്റെ ഷഷ്ടിപൂർത്ത്യുപഹാരമായ 'പുഷ്പാഞ്ജലി'യിൽ കെ. കെ. രാജാ എഴുതിയ 'അഷ്ടവൈദ്യന്മാർ' എന്ന ലേഖനത്തിൽ നാരായണൻ മൂസ്സിന്റെ കൃതികളെ ഇങ്ങനെ വിലയിരുത്തുന്നുണ്ട്: "പഴനെല്ലിപ്പുറത്ത് ഉണ്ണി മൂസ്സിന്റെ പിതാവായ നാരായണൻ മൂസ്സ് ഒരു സഹൃദയൻ മാത്രമല്ല ഒന്നാംകിട കവിയും കൂടിയായിരുന്നു എന്ന് ഈയുള്ളവനറിയാം. 'യാദവദാനവീയം' സംസ്കൃതകാവ്യം, 'കപോതസന്ദേശം'


ധന്വന്തരി.

ആര്യവൈദ്യസമാജം

ആര്യവൈദ്യസമാജം പ്രൊസീഡിങ്ങ്സ്

എന്നീ കയ്യെഴുത്തുകോപ്പികൾ ഉണ്ണി മൂസ്സിന്റെ കയ്യിൽനിന്നു വാങ്ങി 'കവനകൗമുദി'യുടെ നായകനായിരുന്ന പി. വി. കൃഷ്ണവാരിയർക്ക് ഞാൻ കൊടുത്തിട്ടുണ്ട്. കൂട്ടത്തിൽ എന്റെ ജ്യേഷ്ഠൻ ഏ. കെ. കുഞ്ഞൻ രാജാവിന്റെ വാമനപുരാണം തർജ്ജുമ കൂടി. ദൗർഭാഗ്യവശാൽ കേരളീയർക്ക് അതൊന്നും അച്ചടിച്ചുകാണാൻ കഴിവുണ്ടായിട്ടില്ല. കവനകൗമുദിയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തും എന്നായിരുന്നു പ്രതീക്ഷ. 'ലക്ഷ്മീഭായി' മുതലായ മാസികകളിൽ നാരായണൻ മൂസ്സിന്റെ കവിതകൾ ധാരാളം കാണാം."

തുടർന്ന് നാരായണൻ മൂസ്സിന്റെ രണ്ടു ശ്ലോകങ്ങൾ ഉദ്ധരിയ്ക്കുന്നുണ്ട്:

"ദ്രാക്ഷാപാകം കലർന്നോരമൃതമൊഴി ചൊരി-/ഞ്ഞനവയോൽകൃഷ്ടഭാവം/ദീക്ഷിച്ചും ശോണവർണ്ണാഞ്ചിതലളിതപദ൦-/ലംകൃതിപ്രൗഢിയോടും/അക്ഷീണശ്രീവിലാസത്തൊടുമനവരതം/കേരളോല്ലാസമേകും/'ലക്ഷ്മീഭായി'ക്കു കണ്ണിട്ടവിരളമരുളും/മംഗളം മംഗളേശൻ"(ലക്ഷ്മീഭായി മാസിക)"

"താതേ യാതേ തനുവിഹിത/ക്രൂരകൃത്യേ വിഷണ്ണാ/മുഞ്ചന്തീ സാ നയനസലിലം/പുഷ്പതൽപേ നിഷണ്ണാ/നിദ്രാഭംഗദ്വിഗുണമഹാ/ദുസ്സഹായാമയാമാം/സൈഷാ നൈഷീൽ കഥമപി വിയോ/ഗാതുരാ തം ത്രിയാമാം (യാദവദാനവീയം സംസ്കൃതകാവ്യം - വള്ളത്തോളിന്റെ ബന്ധനസ്ഥനായ അനിരുദ്ധൻ തന്നെ)"

നാരായണൻ മൂസ്സിന്റേതായി ഇതുവരെ കണ്ടുകിട്ടിയിട്ടുള്ള കൃതികൾ 'ശൃംഗാരമണ്ഡനംഭാണ'വും 'സിന്ദൂരമഞ്ജരി'യുമാണ്. അവിടവിടെ പല മാസികകളിലായി ചിതറിക്കിടക്കുന്ന കവിതകൾ നിരവധിയുണ്ട്.

വൈദ്യകൃതിയാണ് 'സിന്ദൂരമഞ്ജരി'. അതിനും ഒരു സവിശേഷതയുണ്ട്. കേരളത്തിലെ വൈദ്യന്മാർ, വിശിഷ്യാ അഷ്ടവൈദ്യന്മാർ ഭസ്മസിന്ദൂരങ്ങൾ ഉപയോഗിച്ച് ചികിത്സിയ്ക്കാറില്ല. എന്നാൽ 1915-ൽ ഇറങ്ങിയ 'സിന്ദൂരമഞ്ജരി'യുടെ പതിപ്പിന് പള്ളത്ത് ഇക്കോരൻ കൃഷ്ണൻ എഴുതിയ അവതാരികയിൽ ഇങ്ങനെയുണ്ട്: "ചിതലിന്റെ മുതലാകാതെ ഇല്ലത്ത് അവശേഷിച്ചു കിടന്നിരുന്ന ഒരു താളിയോലഗ്രന്ഥം നല്ലവണ്ണം പഠിച്ചറിഞ്ഞു അച്ഛനും മകനും ചികിത്സകൾ നടത്തി അനുഭവയോഗ്യങ്ങളായ സിന്ദൂരങ്ങളെ മാത്രം തിരഞ്ഞെടുത്തു നല്ലൊരു ഭാഷാകവിയായ നാരായണൻ മൂസ്സത് അവർകൾ ഒന്നാന്തരം പച്ചമലയാളത്തിൽ പദ്യരൂപേണ രചിച്ചിട്ടുള്ളതാകുന്നു പ്രസ്തുതപുസ്തകം." ഇതിൽനിന്ന് വാസുദേവൻ മൂസ്സും നാരായണൻ മൂസ്സും ഭസ്മസിന്ദൂരങ്ങൾ ഉപയോഗിച്ച് ചികിത്സിച്ചിരുന്നു എന്ന് സിദ്ധിയ്ക്കുന്നുണ്ടല്ലോ. മാത്രമല്ല 'സിന്ദൂരമഞ്ജരി' അടിസ്ഥാനമാക്കി ഇതുവരെ നിരവധി ഗവേഷണങ്ങൾ നടന്നിട്ടുമുണ്ട്.

ഔഷധശാലയിൽ പിൽക്കാലത്ത് പി. ടി. നാരായണൻ മൂസ്സിന്റെ ശിഷ്യനായും ഔഷധശാലാ ജീവനക്കാരനായും എത്തിയ സി. പി. നാരായണൻകുട്ടി നായരുടെ അച്ഛൻ ടി. എം. നാരായണൻ നായർ തൈക്കാട്ട് നാരായണൻ മൂസ്സിന്റെ സഹായത്തിന് എത്തിയതായി അറിവു ലഭിച്ചിട്ടുണ്ട്. തവനൂർക്കാരനായ അദ്ദേഹം തൃശ്ശൂരിൽ ഒരു വൈദ്യശാല നടത്തിയിരുന്നു. അദ്ദേഹമാണ് ഭസ്മസിന്ദൂരങ്ങൾ ഉണ്ടാക്കാൻ നാരായണൻ മൂസ്സിനെ സഹായിച്ചിരുന്നത് എന്നു കരുതപ്പെടുന്നു. നാരായണൻ മൂസ്സിന്റേയും ഉണ്ണിമൂസ്സിന്റേയും ഒപ്പം ചികിത്സകളിൽ സഹായിയായിരുന്നു നാരായണൻ നായർ.

1083 കന്നി 24-ന് (1907 ഒക്ടോബർ 10) നാരായണൻ മൂസ്സ് അന്തരിച്ചു.

അടുത്ത മാസം (തുലാം) ഇറങ്ങിയ ലക്ഷ്മിഭായി മാസികയിൽ നാരായണൻ മൂസ്സിന്റെ മരണം ഇങ്ങനെ രേഖപ്പെടുത്തിയിരിയ്ക്കുന്നു: "അഷ്ടവൈദ്യന്മാരിൽ അഗ്രഗണ്യനും നല്ല കവിയും ആയ ബ്രഹ്മശ്രീ തൈക്കാട്ട് നാരായണൻ മൂസ്സ് തിരുമനസ്സുകൊണ്ട് 1083 കന്നിമാസം 24-ാംന്തി കാലത്ത് ഏഴു മണിക്കു പരലോകം പ്രാപിച്ച വിവരം 'ലക്ഷ്മിഭായി' വായനക്കാരെ വ്യസനപൂർവ്വം അറിയിച്ചുകൊള്ളുന്നു. ഈ ഭിഷഗ്വര്യൻ രണ്ടു സംവത്സരമായി ലൂതാവിഷബാധിതനായിത്തീരുകയും ആ രോഗം ഇടക്കിടെ മൂർച്ഛിക്കുകയും ചെയ്യാറുണ്ടായിരുന്നു. എന്നാൽ ഇക്കഴിഞ്ഞ കന്നി 12-ാംന്തി ആകസ്മികമായി ചുണ്ടിനു താഴെ ഒരു കുരു കാണപ്പെടുകയും അതു ക്രമേണ വർദ്ധിച്ച് അപായകരമായിത്തീരുകയും ചെയ്തു. ഈ രോഗത്തിൽനിന്നു താൻ രക്ഷപ്പെടുന്നതല്ലെന്ന് അദ്ദേഹം പരസ്യമായി പറകയുണ്ടായി. പ്രസ്തുതവൈദ്യശിരോമണിയുടെ വിയോഗം നാട്ടുകാർക്കെല്ലാവർക്കും പ്രത്യേകിച്ചു 'ലക്ഷ്മിഭായി പ്രവർത്തകന്മാർക്കും' അപരിഹാര്യമായ ഹൃദയശല്യമായിത്തീർന്നിട്ടുണ്ട്. ഈ മഹാത്മാവിന്റെ ഛായാപടത്തോടു കൂടിയ ജീവചരിത്രം

ഞങ്ങൾ ഉടനെ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു. ഞങ്ങൾക്കു കിട്ടീട്ടുള്ള ചരമശ്ലോകങ്ങൾ താഴെ ചേർക്കുന്നു.

മൃതസഞ്ജീവനീ മുഖ്യൈ-
ര്യോത്ര മൃത്യുഞ്ജയോ ഭിഷക്
തം 'വിധിർബ്ബുദ്ധിരാഹിത്യാ-
ന്നൂനം' കലിതവാൻ ക്ഷയം.
-കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

'വിധിബോധം ഗ്രഹിക്കുന്ന' കലിദുർല്ലഭവൈദ്യരിൽ
മൂസ്സാം തയ്ക്കാട്ടുമൂസ്സിന്നും കാലയോഗം സുദുസ്തരം
-കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

'ഗദാനയം' സമാശ്വാസ്യ
'രാജ്ഞാ' മാസാദ്യ ച പ്രിയം
അഹോ 'വര'ഭിഷക് നാരാ-
യണശർമ്മാത്യ ജൽഭുവം.

കൊള്ളാവുന്നവർ വാഴ്ത്തിടും ഗുണഗണം
ചേർന്നീടിലും തങ്കലി-
'ബ്ഭള്ളാലുള്ളൊരു ദൂഷ്യ'മൊട്ടുമണയാ-
തെല്ലാറ്റിലും തുല്യനായ്
ചൊല്ലാളീടുമൊരഷ്ടവൈദ്യമണിയാം
തൃശ്ശൂരുതയ്ക്കാട്ടു മൂ-
സ്സുല്ലാസത്തൊടുമൂഴി വിട്ടു വിരവിൽ
സ്വർല്ലോക മുൾപ്പുക്കുപോൽ.
-കൂനേഴുത്തു പരമേശ്വരമേനോൻ.

തൈക്കാടെന്നൊരു മുഖ്യവൈദ്യനധുനാ
നാരായണൻ മൂസ്സഹോ
ചിക്കെന്നങ്ങു ദിവം ഗമിച്ചു, സുരരി-
ങ്ങർത്ഥിക്കയാലാകുമോ?
ഊക്കായുണ്ടൊരു മായ,തങ്കലി'വളാ
ലുള്ളോരുദൈന്യം' കള-
ഞ്ഞേക്കാമെന്നിളകാതിരിപ്പൊരുസുഖം
വാഞ്ഛിക്കകൊണ്ടാകുമോ?
-എ. കൃഷ്ണൻ എമ്പ്രാന്തിരി.

സൗഖ്യം 'ബാഹുനയാൽ'സമാശ്രിതനണ-
ച്ചെല്ലായ്പൊഴും സജ്ജനാ-
സഖ്യത്തിൽ 'ഗുരു'വാര സജ്ഞ'നബലാ'
മാസേദിവാനുത്തമൻ
മുഖ്യശ്രീഭിഷഗീശ്വരൻ 'വര'ദിനേ
തൈക്കാട്ടു നാരായണാ-
ഭിഖ്യൻ മൂസ്സവർകൾക്കു വാസമരുളീ
വിണ്ണിങ്കൽ വിണ്ണോർവരൻ.
-പി. കെ. നാരായണൻ നമ്പ്യശ്ശൻ."



## മുഖവുര.

പഴനെല്ലിപ്പുറത്തെന്നു കേരളത്തിലെങ്ങും കേളികേട്ട അഷ്ടവൈദ്യന്മാരിൽ ഒരു പ്രധാനിയായ തയ്ക്കാട്ടു വാസുദേവൻ മൂസ്സത് അവർകളുടെ ഏകസന്താനമായ നാരായണൻ മൂസ്സത് അവർകളാകുന്നു ഈ "സിന്ദൂരമഞ്ജരി" എന്ന വൈദ്യഗ്രന്ഥത്തിന്റെ കർത്താവ്.

ചിതലിന്റെ മുതലാകാതെ ഇല്ലത്ത് ശേഷിച്ചുകിടന്നിരുന്ന ഒരു താളിയോലഗ്രന്ഥം നല്ലവണ്ണം പഠിച്ചറിഞ്ഞു അച്ഛനും മകനും ചികിത്സകൾ നടത്തി അനുഭവയോഗ്യങ്ങളായ സിന്ദൂരങ്ങളെ മാത്രം തിരഞ്ഞെടുത്തു നല്ലൊരു ഭാഷാകവിയായ മകൻ നാരായണൻ മൂസ്സത് അവർകൾ ഒന്നാന്തരം പച്ചമലയാളത്തിൽ പദ്യരൂപേണ രചിച്ചിട്ടുള്ളതാകുന്നു പ്രസ്തുത പുസ്തകം.

ഈ പുസ്തകത്തിൽ വെള്ളി, രസം, ചെമ്പ്, ഇരിമ്പ് ഗന്ധകം, അഭ്രം, അയസ്കാന്തം, ഇയ്യം മുതലായവ നീററി സിന്ദൂരമാക്കുന്നതിനു വേണ്ട വിധികളും സേവാവിധിയും ഈ വക സിന്ദൂരങ്ങൾ ഇന്നിന്ന രോഗങ്ങൾക്കെല്ലാം കൈകണ്ട മരുന്നുകളാണെന്നും മററും വ്യക്തമായി വിവരിച്ചിരിക്കുന്നു.

ഈ പുസ്തകം വൈദ്യന്മാൎക്കും വൈദ്യന്മാരല്ലാത്തവൎക്കും ഓരോന്നു കൈവശമുണ്ടായാൽ വളരെ ഉപകാരപ്രദവും അനവധി രോഗങ്ങളിൽനിന്നു രക്ഷ പ്രാപിക്കാവുന്നതുമാകുന്നു.

തൃശ്ശിവപേരൂർ,
10-4-1091

പ്രകാശകൻ,
പള്ളത്ത് ഇക്കോരൻ കൃഷ്ണൻ.

സിന്ദൂരമഞ്ജരി -
പള്ളത്ത് ഇക്കോരൻ കൃഷ്ണന്റെ മുഖവുര

തൃശ്ശൂർ തൈക്കാട്ട് നാരായണൻ മൂസ്സ് കാവ്യലോകത്ത് എത്ര ഉന്നതമായ സ്ഥാനമാണ് അലങ്കരിച്ചിരുന്നതെന്ന് ഈ ചരമശ്ലോകങ്ങളിൽനിന്നു വ്യക്തമാണ്.

*(കുറിപ്പ്: മേൽക്കണ്ട പോലെ "ഈ മഹാത്മാവിന്റെ ഛായാപടത്തോടു കൂടിയ ജീവചരിത്രം ഞങ്ങൾ ഉടനെ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു" എന്ന് പത്രാധിപർ പറഞ്ഞിരുന്നുവെങ്കിലും അത് പ്രസിദ്ധപ്പെടുത്തിയതായി ഞങ്ങൾക്കു കണ്ടെത്താൻ കഴിഞ്ഞില്ല.)*

# തൃശ്ശൂർ തൈക്കാട്ട് ഉണ്ണി മൂസ്സ്

നാരായണൻ മൂസ്സിന് രണ്ടു സഹധർമ്മിണികൾ ഉണ്ടായിരുന്നതിൽ ദേവകി അന്തർജ്ജനത്തിൽ ഒരു പുത്രനുണ്ടായി. അദ്ദേഹമാണ് തൈക്കാട്ട് വാസുദേവൻ മൂസ്സ് എന്ന ഉണ്ണി മൂസ്സ്. 1076 വൃശ്ചികം 21-ാം തീയതി വ്യാഴാഴ്ചയാണ് (1900 ഡിസംബർ 6) അദ്ദേഹം ജനിച്ചത്.

ഉണ്ണിമൂസ്സിന്റെ ചിത്രം - മാന്നാനംപറ്റ വരച്ചത്

ഉണ്ണി മൂസ്സിന്റെ ചോറൂണിന് സ്വർണ്ണം ചാർത്തുന്നതിനേക്കുറിച്ച് കേട്ടറിവുണ്ട്. അത് ഇങ്ങനെയാണ്: നാട്ടുകാരുടേയും അഭ്യുദയകാംക്ഷികളുടേയും വലിയ ഒരു നിരയായിരുന്നുവത്രേ അതിനു വേണ്ടി കാത്തുനിന്നത്. ശരീരത്തിൽ അണിയിയ്ക്കാൻ പറ്റാത്തത്ര സ്വർണ്ണം. വന്നതുകൊണ്ട് ഒരു പിച്ചളത്തളികയിൽ പട്ടുവിരിച്ച് നിലത്തു വെയ്ക്കുകയായിരുന്നുവത്രേ. സ്വർണ്ണം ചാർത്താൻ എത്തിയവർ ആ പട്ടിൽ തങ്ങൾ കൊണ്ടുവന്ന സ്വർണ്ണം സമർപ്പിച്ച് മടങ്ങുകയാണ് ഉണ്ടായത്.

ഉണ്ണി മൂസ്സിന്റെ ചോറൂണിനോട് അനുബന്ധിച്ചാണ് ഇല്ലത്തെ വടക്കെ കുളം പണിഞ്ഞത് എന്ന് ഉണ്ണി മൂസ്സിന്റെ മകൾ ദേവകി അന്തർജ്ജനം കേട്ടറിഞ്ഞ കഥകളിൽ ഒന്നാണ്.

മകളോടും ശിഷ്യന്മാരോടുമൊപ്പം

ഉണ്ണി മൂസ്സിനു ഏഴു വയസ്സു തികയുന്നതിനു മുമ്പേ അച്ഛൻ നാരായണൻ മൂസ്സ് മരിച്ചു പോയതിനാൽ അദ്ദേഹം അമ്മയായ ദേവകി അന്തർജ്ജനത്തിന്റേയും ചെറിയമ്മയായ നങ്ങേലി അന്തർജ്ജനത്തിന്റേയും പരിചരണത്തിലാണ് വളർന്നുവന്നത്. കാഴ്ചയിൽ സുഭഗനായിരുന്നു ഉണ്ണിമൂസ്സ്. അദ്ദേഹം തന്റെ സൈക്കിളിൽ ചുറ്റുന്നത് പരിസരവാസികളുടെ കണ്ണിന് കൗതുകമുണർത്തുന്ന കാഴ്ചയായിരുന്നുവത്രേ. സൈക്കിൾ അന്ന് അപൂർവ്വവുമായിരുന്നുവല്ലോ.

പി. വാസുദേവൻ നമ്പീശൻ

ചിട്ടപ്രകാരമുള്ള പ്രാഥമികവിദ്യാഭ്യാസത്തിനു ശേഷം പി. വാസുദേവൻ നമ്പീശൻ എന്ന ഭിഷഗ്വരനിൽനിന്ന് അഷ്ടാംഗഹൃദയം അഭ്യസിച്ചു. പിന്നീട് അന്നത്തെ സർവ്വകലാശാലയായ കൊടുങ്ങല്ലൂർ കോവിലകത്തു പോയി ചെറിയ കൊച്ചുണ്ണിത്തമ്പുരാന്റെ ശിഷ്യത്വം സ്വീകരിച്ചു. അനന്തരം കൊച്ചി രാജകുടുംബാംഗമായ വിഷവൈദ്യൻ കൊച്ചുണ്ണിത്തമ്പുരാനിൽനിന്ന് വിഷചികിത്സ അഭ്യസിച്ചുവെങ്കിലും തന്റെ കുലവൃത്തി മാത്രമേ പിന്നീട് അദ്ദേഹം ചെയ്തുള്ളു. തൃപ്പൂണിത്തുറയിൽ താമസിച്ചിരുന്ന കാലത്ത് ഉണ്ണിമൂസ്സിൽ തെളിഞ്ഞു കണ്ട അനിതരസാധാരണമായ ബുദ്ധിപ്രഭാവവും വ്യക്തിവൈശിഷ്ട്യവും കൊച്ചി വലിയ തമ്പുരാനെ ആകർഷിച്ചിരുന്നുവത്രേ. "അതിമേധാവികൾ അൽപ്പായുസ്സുകളായിപ്പോകാം എന്നറിയാവുന്ന തമ്പുരാൻ 'കുട്ടന്റെ (ഇല്ലത്തുള്ളവരും അടുത്ത സുഹൃത്തുക്കളും കുട്ടൻ എന്നാണ് പറയാറ്) ഒരെതിര്ല്യായ കാണുമ്പൊ പേടി തോന്ന്ണൂ' എന്നു പറയാറുണ്ടായിരുന്നുവത്രേ." (കെ. കെ. രാജയുടെ 'ബാഷ്പാഞ്ജലി' എന്ന വിലാപകാവ്യത്തിന് കെ. പി. സി. അനുജൻ ഭട്ടതിരിപ്പാട് എഴുതിയ അനുബന്ധത്തിൽ).

ഈ അനുബന്ധത്തിൽ നിന്ന് ഉണ്ണിമൂസ്സിനേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ കഴിയുന്നുണ്ട്: "കൊല്ലവർഷം 1095-ാമാണ്ടിൽ മറ്റൊരഷ്ടവൈദ്യകുടുംബമായ ആലത്തൂർ നമ്പിയില്ലത്തു നിന്നു യഥാവിധി വേളി കഴിച്ച സ്മര്യപുരുഷന് ഈ ധർമ്മപത്നിയിൽ (സാവിത്രി അന്തർജ്ജനം) ഒരു പെൺകുട്ടി മാത്രമേ ഉണ്ടായുള്ളു. അദ്ദേഹത്തിന് ഒരു വിജാതീയ പത്നിയിൽ (കോമാട്ടിൽ കല്യാണിക്കുട്ടിയമ്മ) രണ്ടാൺകുട്ടികളും ഒരു പെൺകുട്ടിയും ഉണ്ടായെങ്കിലും, തറവാട്ടിൽ സന്തതിപരമ്പര നിലനിർത്താൻ ഒരുണ്ണിയുണ്ടായിക്കാണാനുള്ള ഭാഗ്യമുണ്ടായില്ല. വെറും 27 കൊല്ലം മാത്രം നീണ്ടുനിന്ന അതിഹ്രസ്വമായ ജീവിതകാലത്തിനിടയ്ക്ക് കുശാഗ്രബുദ്ധിയും പ്രതിഭാധനനുമായ സഹൃദയപണ്ഡിതൻ, ഉദാരമതിയായ ആശ്രിതവത്സലൻ, സ്നേഹസമ്പന്നനായ സുഹൃത്ത്, സ്ഥിതപ്രജ്ഞനായ ഒരു മഹാമനസ്കൻ, കൈപ്പുണ്യം തികഞ്ഞ വൈദ്യൻ - എന്നിങ്ങനെ പല നിലകളിലും ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയ കോമളകളേബരനായ ആ അത്ഭുതമനുഷ്യൻ കൊല്ലവർഷം 1103 ധനുമാസം 3-ാം തീയതി ഞായറാഴ്ച (18-12-1927) യശഃശരീരനായി."

സാവിത്രി അന്തർജ്ജനം

ഉണ്ണിമൂസ്സിന്റെ വൈദ്യശാസ്ത്രനൈപുണ്യത്തെയും പ്രത്യുൽപ്പന്നമതിത്വത്തേയും കുറിച്ച് കൂടുതൽ അറിയാൻ കെ. പി. സി. അനുജൻ ഭട്ടതിരിപ്പാടിന്റെ ലേഖനത്തെത്തന്നെ ആധാരമാക്കട്ടെ: "കണക്കിൽക്കവിഞ്ഞ് ചുണ്ണാമ്പുവെള്ളം കുടിച്ച്

അവശനിലയിൽ കയ്യും കാലു മിട്ടടിയ്ക്കുകയാണ് ഒരു കാള. ഇതു കണ്ട് അനാഗതശ്മശ്രു വായ ഉണ്ണി മൂസ്സ് പറഞ്ഞു, അതിനു കുറെ വെറ്റിലയും അട യ്ക്കയും ഇടിച്ചു കലക്കിക്കൊ ടുക്കാൻ! നിമിഷങ്ങൾക്കകം ആ മിണ്ടാപ്രാണിയുടെ വിഷമം മാറി. അതു സുഖം പ്രാപിച്ചു. അത്ഭുതപരതന്ത്രരായ കാണി കൾ ഈ പ്രയോഗം ഏതു ശാസ്ത്രത്തിൽ വിധിച്ചിട്ടുള്ള താണെന്നു ചോദിച്ചപ്പോൾ 'മുറുക്കുമ്പൊ നൂറ് ഏറ്യാൽ വിറ്റ്ലേം അടയ്ക്കേം തിന്നണ കണ്ട്ട്ട്ണ്ട് - അതന്നെ'. അതെ, അതു തന്നെയായിരുന്നു ആ യുവവൈദ്യന്റെ സിദ്ധിയും. നിസർഗ്ഗസിദ്ധമായ പ്രത്യുൽപ്പ ന്നമതിത്വത്തിന് എന്തെ ന്തത്ഭുതങ്ങൾ സാധിയ്ക്കുക യില്ല!"

മറ്റൊരനുഭവവിവരണം ഇങ്ങനെ: "അന്നത്തെ തൃശ്ശൂർ നഗരത്തിലെ മഹാധനികരിൽ ഒരാളായിരുന്ന നടക്കാവുകാ രൻ മുതലാളിയുടെ ഒരു കുട്ടി യുടെ മൂക്കിൽ അബദ്ധത്തിൽ ഒരു മഞ്ചാടിക്കുരു പെട്ടു. അതെ ടുത്തുകളയാനുള്ള എല്ലാ പരി ശ്രമവും പരാജയപ്പെട്ടുവത്രെ. ഓപ്പറേഷൻ വേണം, ഉടൻ മദി രാശിയ്ക്കു കൊണ്ടു പോകണം എന്നായി ഡോക്ടർമാർ. യാത്ര യ്ക്കുള്ള ഒരുക്കങ്ങളായി. ആ സമയത്താണ് ഉണ്ണി മൂസ്സിന്റെ ഒറ്റക്കാളവണ്ടി ആ വഴി വരുന്ന ത്. "മൂസ്സു തിരുമേന്യെ ഒന്നു കാണിച്ചാൽ എന്താ" എന്ന് ആശ്രിതരിൽ ആരോ മുതലാളി യോടു ചോദിച്ചു. താമസമുണ്ടാ യില്ല; മുതലാളി ഉടൻ തന്നെ ഓടിയെത്തി മൂസ്സവർകളെ അകത്തേയ്ക്ക് ആദരപൂർവ്വം ആനയിച്ചു കൊണ്ടുപോയി. വണ്ടിയിൽനിന്നിറങ്ങു മ്പോൾത്തന്നെ, കുട്ടിയുടെ സ്ഥിതി പറഞ്ഞുകേട്ട മൂസ്സ് "നല്ല ശീലപ്പൊടിയിട്ട വാകേ ണ്ടാവോ ഒരു പറ കിട്ടാൻ?" എന്നു ചോദിയ്ക്കുകയുണ്ടാ യി. അക്കാലങ്ങളിൽ മെഴുക്കിള ക്കാൻ ഇഞ്ചയും വാകയും മാത്രമായിരുന്നല്ലോ ഉപയോഗി ച്ചിരുന്നത്. നമ്പൂതിരിമാർക്കാ ണെങ്കിൽ തേച്ചുകുളി ബഹുനി ഷ്കർഷയും. മനയ്ക്കലെ ആവശ്യത്തിലേയ്ക്കായിരി യ്ക്കും എന്നേ മുതലാളി കരു തിയുള്ളു. ഞൊടിയിടകൊണ്ട് അനുചരരിൽ ആരോ ഓടി പ്പോയി അങ്ങാടിയിൽനിന്ന് മിനുമിനുത്ത ഒന്നാംതരം വാക ഒരു കുട്ടയിലാക്കി ഇറയത്തു കൊണ്ടു വെച്ചു. ഇതിനകം മൂസ്സ് കുട്ടി കിടക്കുന്ന മുറി യുടെ ഉമ്മറത്തെത്തിയിരുന്നു, രോഗിയെ പരിശോധിയ്ക്ക ലൊന്നും അത്ര കാര്യമായിട്ടു ണ്ടായില്ല. മുറിയുടെ ജനലുക ളെല്ലാം അടയ്ക്കാൻ കൽപന യായി. ആജ്ഞ അനുസരിയ്ക്ക പ്പെട്ടു. "എവടെ വാക? കാറ്റ ത്ത്ടാൻ നെല്ല് ചെരീം പോലെ നല്ലോണം പൊക്കി കുറേശ്ശെ ആയിട്ട് ബ്ടെത്തന്നെ ചെരി യാം" എന്നായി പിന്നത്തെ നിർദ്ദേശം. അർത്ഥമറിയാതെ അന്തംവിട്ടെങ്കിലും ആജ്ഞാനു വർത്തികളിലാരോ അതും അനുസരിച്ചു. ഒരു തോളിലൂടെ പിന്നോക്കമിട്ട് 'അനലശിഖാത പ്തചാമീകരാഭ'മായ തന്റെ ദേഹം കുറച്ചൊന്നു മറച്ച് മറുഭാ ഗത്ത് കക്ഷത്തിലിറുക്കിപ്പിടിച്ചു കൊണ്ടുള്ള നിലയിൽ എപ്പോ ഴും ഒരുമിച്ചുണ്ടാകുന്ന തന്റെ അംഗവസ്ത്രം എടുത്തുനി വർത്തി, ഉതിർന്നു വീഴുന്ന വാകപ്പൊടി മുഴുവൻ കുട്ടി കിട ക്കുന്ന മുറിയ്ക്കുള്ളിലാക ത്തക്ക വിധത്തിൽ നാലു വീശു വീശി. മുറി മുഴുവൻ വാക പ്പൊടി! പരവശനായ കുട്ടി തുട രെത്തുടരെ തുമ്മി. അതാ തെറി യ്ക്കുന്നു മൂക്കിൽപ്പെട്ട മഞ്ചാടി ക്കുരു!"

ഇ. ടി. നീലകണ്ഠൻ മൂസ്സിന്റെ ഷഷ്ടിപൂർത്ത്യുപഹാ രമായ 'പുഷ്പാഞ്ജലി'യിൽ കെ. കെ. രാജാ എഴുതിയ 'അഷ്ടവൈദ്യന്മാർ' എന്ന ലേഖ നത്തിൽ ഉണ്ണി മൂസ്സിന്റെ മറ്റൊരു ചികിത്സാനുഭവം വിവ രിയ്ക്കുന്നുണ്ട്: "ഒരു ദിവസം ഒരു ക്രൈസ്തവമഹിള തൈക്കാട്ടു വന്നു. ഇവൾക്ക് വില്ലുവാതമായിരുന്നു. 8 മാസം ഗർഭവും. പിഴിഞ്ഞുവീഴ്ത്തു കൊണ്ട് രോഗം സുഖപ്പെട്ടു. എന്നെ വിളിച്ച് ആ യുവതിയെ കാണിച്ചു തന്നു. സ്നേഹി തന്റെ ഏതു ചികിത്സയ്ക്കും ഒന്നോ രണ്ടോ കൂട്ടം മരുന്നു കൾ മാത്രം. ഇതായിരുന്നു സാധാരണ പതിവ്. ഒരിക്കൽ ഞാൻ കുമരപുരത്തുനിന്ന് തൃശ്ശൂർക്കു പോകുമ്പോൾ തൈക്കാട്ടു കയറി. പടിക്കൽ ഒരു കുതിരവണ്ടി നിൽക്കുന്നു. ഇരിങ്ങാലക്കുട നടവരമ്പത്ത് പാലാഴി വീട്ടിൽ ഒരു ചികി ത്സയ്ക്കു ഉണ്ണിമൂസ്സിനെ ക്കൊണ്ടുപോകാൻ വന്നതായി രുന്നു ആ വണ്ടി. എന്നോടു പറഞ്ഞു "നമുക്കു പോകാം" എന്ന്. അച്ഛന്റെ ശിഷ്യ നായിരുന്ന നാരായണൻ നായ രോടു കൂടി ഞങ്ങൾ പാലാഴി വീട്ടിൽ ചെന്നു. ചൂണ്ടലിൽ ഒരു സ്കൂളിലെ മാസ്റ്ററുടെ ഭാര്യയാ യിരുന്നു സുഖക്കേടുകാരി. ഗർഭപാത്രസംബന്ധമായി രുന്നു രോഗം. ഡോക്ടർമാർ നിരാശത പ്രകടിപ്പിച്ചു. താൻ ഇനി വളരെക്കാലം ജീവിച്ചിരി യ്ക്കയില്ലെന്ന് ആ സ്ത്രീ ഉറ ച്ചു. ഈ ഘട്ടത്തിൽ മൂളിമൂളി ക്കൊണ്ട് നാരായണൻ നായർ

ഞങ്ങളുടെ അടുത്തുവന്നു. ഒരു ഓല സ്നേഹിതന്റെ കയ്യിൽ കൊടുത്തുകൊണ്ടു പറഞ്ഞു. “ഇത് തൃക്കൈ കൊണ്ടു കൊടുക്കണം. അച്ഛൻ ചെയ്തു കണ്ടിട്ടുണ്ട്.” അങ്ങനെ കൊടുത്തു. ഒരു മുതിരക്കഷായമായിരുന്നു ചികിത്സ. ഗർഭപാത്രത്തിലെ മാംസക്കട്ട അതുകൊണ്ടുരുകി പുറത്തേയ്ക്കു സ്രവിച്ചു. പിന്നീടുണ്ടായ ചികിത്സ കൊണ്ട് രോഗം തീരെ മാറുകയും ചെയ്തു. ഇതിലെ ചികിത്സകൻ ഉണ്ണി മൂസ്സിന്റെ അച്ഛനും സരസകവിയുമായിരുന്ന നാരായണൻ മൂസ്സല്ലേ എന്നു സംശയിയ്ക്കുന്നവരുണ്ടാകും. പക്ഷേ നാരായണൻ നായർ പറഞ്ഞ “തൃക്കൈ”യുണ്ടല്ലോ അത് വിസ്മരിയ്ക്കാവുന്നതല്ല.”

അഷ്ടാംഗസംഗ്രഹം - ശാരീരസ്ഥാനം: ഒന്നാം പുറം

വൈദ്യരംഗത്ത് പ്രകടിപ്പിച്ച ഈ പ്രാഗത്ഭ്യം മരുന്നുനിർമ്മാണരംഗത്തും പകർന്നു എന്നതാണ് ഉണ്ണിമൂസ്സിന്റെ ഔന്നത്യം. അക്കാലത്ത് കടന്നു ചെല്ലാൻ ആരും മടിച്ചോ അറച്ചോ നിന്നിരുന്ന ഒരു രംഗമായിരുന്നു അത്. ഭാവിയിലേയ്ക്കു നീണ്ടു ചെല്ലുന്ന കണ്ണുകളുണ്ടായിരുന്ന ഉണ്ണിമൂസ്സാവട്ടെ തന്റെ ഇല്ലവളപ്പിൽത്തന്നെ ഒരു മരുന്നു നിർമ്മാണശാല സ്ഥാപിച്ചു. തന്റെ അച്ഛനായ നാരായണൻ മൂസ്സിന്റെ പേരാണ് അദ്ദേഹം ഔഷധശാലയ്ക്ക് ഇട്ടത്. അങ്ങനെ 1920-ൽ പിന്നീട് എസ് എൻ എ ഔഷധശാല എന്ന പേരിൽ അറിയപ്പെട്ട ശ്രീനാരായണ ആയുർവേദ ഔഷധശാല സ്ഥാപിതമായി. ഉണ്ണി മൂസ്സ് അതു സ്ഥാപിയ്ക്കുമ്പോൾ അദ്ദേഹത്തിന് വെറും ഇരുപതു വയസ്സേ ആയിരുന്നുള്ളു.

ഉണ്ണി മൂസ്സ് ചെറുപ്രായത്തിൽത്തന്നെ സമൂഹത്തിൽ അഗ്രിമസ്ഥാനത്ത് പ്രതിഷ്ഠിയ്ക്കപ്പെട്ടിരുന്നു എന്നതിന് തെളിവുകളുണ്ട്. അതിലൊന്ന് കൊച്ചിരാജകുടുംബത്തിലെ ഏഴാംകൂർ കൊച്ചുണ്ണിത്തമ്പുരാൻ പെരിങ്ങാവിലുള്ള കോവിലകത്തുംപറമ്പിൽ 1916 ഒക്ടോബർ 6-ാം തീയതി സ്ഥാപിച്ച വിഷവൈദ്യശാലയുടെ ഉദ്ഘാടനവിശേഷങ്ങളിൽനിന്നു ലഭിയ്ക്കുന്നുണ്ട്. അതിന് ക്ഷണിയ്ക്കപ്പെട്ടവരുടെ പട്ടികയിൽ ആദ്യത്തെ പേര് അഷ്ടവൈദ്യൻ തൃശ്ശിവപേരൂർ തയ്ക്കാട്ട് വാസുദേവൻ മൂസ്സ് അവർകളുടേതാണ് (ഒരു പുതിയ വിഷവൈദ്യശാല എന്ന ലേഖനം: ധന്വന്തരി മാസിക ലക്കം 1092 തുലാം). വെറും 16 വയസ്സിലാണ് ഉണ്ണി മൂസ്സ് ഈ അംഗീകാരം നേടിയത് എന്ന് പ്രത്യേകം ഓർമ്മിയ്ക്കേണ്ടതാണ്. ചെറുപ്രായത്തിൽത്തന്നെ അംഗീകരിയ്ക്കപ്പെട്ട വ്യക്തിത്വമായിരുന്നു ഉണ്ണി മൂസ്സിന്റേതെന്നതിന് തെളിവുകൾ വേറെയുമുണ്ട്. 1925-ൽ ഇറങ്ങിയ കെ. വാസുദേവൻ മൂസ്സത് ‘അഷ്ടാംഗസംഗ്രഹം - ശാരീരസ്ഥാനം’ എന്ന പുസ്തകത്തിന് എഴുതിയ വ്യാഖ്യാനമായ ‘ലീലാപ്ലവ’ത്തിന് മുഖവുര എഴുതിയിരിയ്ക്കുന്നത് ഉണ്ണി മൂസ്സാണ്.

അക്ഷരശ്ലോകപരിഷത്തിന്റെ രജതജൂബിലി പ്രമാണിച്ച് ഉണ്ണി മൂസ്സിന്റെ പേരിൽ ഒരു ട്രോഫി സമ്മാനിച്ചതായി പി. ടി. നാരായണൻ മൂസ്സിന്റെ 1984 ജനുവരി 1-ാം തീയതിയിലുള്ള ദിനസരിക്കുറിപ്പിൽ കാണാനുണ്ട്.

ഉണ്ണി മൂസ്സിന്റെ ആപ്തമിത്രങ്ങളിൽ ഒരാളായ കവി കെ. കെ. രാജാ മൂസ്സിന്റെ അകാലവിയോഗത്തിൽ മനം നൊന്ത് എഴുതിയതാണ് ‘ബാഷ്പാഞ്ജലി’ എന്ന വിലാപകാവ്യം. ഈ ഗ്രന്ഥം വളരെക്കാലം ബിരുദവിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങളിൽ ഒന്നായിരുന്നു. ഉണ്ണി മൂസ്സിന്റെ ഒരു കാവ്യചിത്രം ഈ പുസ്തകത്തിൽനിന്നു ലഭിയ്ക്കും. ‘സ്വഭാവബിന്ദു’ എന്ന ഖണ്ഡത്തിലെ ഈ ശ്ലോകം നോക്കുക: “പിടഞ്ഞു കേഴും പല രോഗികൾക്കുമ-/ന്നുടൻ സമുല്ലാസമണച്ചതല്ലയോ,/വിടർന്നു നീണ്ടുള്ള

വിലോചനത്തിലെ-/ത്തടം വഴിഞ്ഞോരനു കമ്പ ദൈവമേ!"

കെ. കെ. രാജയുടെ സ്മൃതിമാധുര്യം എന്ന പുസ്തകത്തിലും തൃശ്ശൂർ തൈക്കാട്ട് നാരായണൻ മൂസ്സും ഉണ്ണി മൂസ്സും ദീർഘമായി പരാമർശിയ്ക്കപ്പെടുന്നുണ്ട്.

ഉണ്ണി മൂസ്സ് തന്റെ അച്ഛനായ നാരായണൻ മൂസ്സിനേപ്പോലെ കാവ്യരചനാവാസന പ്രകടിപ്പിച്ചിരുന്നതായി അറിവില്ല. പക്ഷേ തൃശ്ശൂർ തൈക്കാട്ട് ഇല്ലത്ത് അക്കാലത്ത് ഒരു

മാണി മാധവച്ചാക്യാർ

വിദ്വൽസദസ്സ് നിലനിന്നിരുന്നതായി ദാസ് ഭാർഗ്ഗവീനിലയം എഴുതിയ മാണിമാധവച്ചാക്യാരുടെ ജീവചരിത്രമായ 'മാണിമാധവീയം' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "കൊച്ചുണ്ണിത്തമ്പുരാന്റെ മക്കളായ ബാലകൃഷ്ണനും, കൊച്ചനിയനും, കവളപ്പാറ സുബ്രഹ്മണ്യൻ, കെ. കെ. രാജാ, ചിറ്റത്തുകാട് നാരായണൻ നായർ, വിദ്വാൻ ഇളയത് തുടങ്ങിയവരൊക്കെ രാത്രിസമയത്ത് വൈദ്യശാലയിലൊത്തുകൂടും. വള്ളത്തോൾ, വയസ്കര മൂസ്സത്, കൊട്ടാരത്തിൽ ശങ്കുണ്ണി എന്നിവരും ചിലപ്പോഴെത്താറുണ്ട്. ചാക്യാർ അവരെയൊക്കെ കാണുന്നതും പരിചയപ്പെടുന്നതും വൈദ്യശാലയിൽ വെച്ചായിരുന്നു. രസകരമായ വെടിവട്ടം. ഇളയതിന്റെ ഭാഷയിൽ 'കദനയാരവേ, പാന്ന ശബ്ദേ, നർമ്മണി, വാവെടി.' വെടിവട്ടത്തിലെ സുഹൃത്തുക്കൾക്കു വേണ്ടി ചാക്യാർ പ്രബന്ധം പറയും. സാഹിത്യസാംസ്കാരിക മണ്ഡലങ്ങളിലെ സമകാലിക സംഭവങ്ങളെല്ലാം അവിടെ ചർച്ചാവിഷയമാകും."

മാണിമാധവച്ചാക്യാർ തൃശ്ശൂർ തൈക്കാട്ട് മനയിൽ കുറച്ചുകാലം താമസിച്ചിട്ടുണ്ട്. തൃശ്ശൂരിലെ കാനാട്ടുകരയിലുള്ള കോവിലകത്തു താമസിച്ചിരുന്ന ഒഴിഞ്ഞ വലിയ തമ്പുരാന്റെ പക്കൽനിന്ന് അലങ്കാരശാസ്ത്രവും നാട്യവിഷയസംബന്ധിയായ ഉപദേശങ്ങളും സ്വീകരിയ്ക്കാൻ ചാക്യാർ ഉദ്യമിച്ച കാലത്തായിരുന്നു അത്.

ഉണ്ണി മൂസ്സ് ചാക്യാരോടൊപ്പം ഒഴിഞ്ഞ വലിയ തമ്പുരാന്റെ അടുത്തുനിന്ന് അലങ്കാരശാസ്ത്രവും പഠിച്ചു. "രാവിലത്തെ കുളിയും തേവാരവും കഴിഞ്ഞാൽ മൂസ്സും ചാക്യാരും അലങ്കാരശാസ്ത്രത്തേക്കുറിച്ച് ചിന്തിയ്ക്കാനിരിയ്ക്കും. രോഗികൾ വന്നുതുടങ്ങിയാൽ ചിന്തനം രോഗത്തേക്കുറിച്ചാവും."

തമ്പുരാന്റെ വത്സലശിഷ്യനായിരുന്നു ഉണ്ണി മൂസ്സ് എന്നും തൈക്കാട്ട് ഇല്ലത്തേയ്ക്ക് രോഗികൾ പ്രവഹിച്ചിരുന്നു എന്നും ഈ പുസ്തകത്തിൽ പറയുന്നുണ്ട്. മാത്രമല്ല, ചില ചികിത്സായാത്രകളിൽ ഉണ്ണിമൂസ്സിനെ അനുഗമിച്ചിരുന്ന ചാക്യാർ തന്റെ അനുഭവങ്ങളും വിവരിയ്ക്കുന്നുണ്ട്.

വേണ്ടത്ര വിവരങ്ങളുടെ അഭാവം മൂലം ഉണ്ണിമൂസ്സിനേക്കുറിച്ച് പരിമിതമായ ചിത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. രേഖകൾ കൊണ്ടൊരു സ്മാരകം നിർമ്മിയ്ക്കാൻ അതുകൊണ്ട് നമ്മൾ അശക്തരുമാണ്. എന്നാലും അദ്ദേഹത്തിന്റെ ഭൗതികമായ ചില വസ്തുക്കൾ ഇന്നും ഇല്ലത്ത് സൂക്ഷിച്ചു വെച്ചിട്ടുണ്ട്. ഉണ്ണി മൂസ്സ് ഉപയോഗിച്ചിരുന്ന വസ്ത്രങ്ങൾ, മേൽമുണ്ട്, കടുക്കൻ, പുലിനഖമാല, മെതിയടി, സിംഹാസനം, മേശകൾ തുടങ്ങിയവയാണ് അത്.

കുറച്ചുകൂടി ആയുസ്സുണ്ടായിരുന്നെങ്കിൽ ഈ മഹാപ്രഭാവൻ എവിടെയെവിടെയെല്ലാം പ്രതിഷ്ഠിയ്ക്കപ്പെടുമായിരുന്നു എന്ന് നമുക്ക് ഊഹിയ്ക്കാൻ പോലും അസാദ്ധ്യമാണ്. 27-ാം വയസ്സിൽ മരിയ്ക്കുമ്പോൾ ഉണ്ണി മൂസ്സ് എത്രമാത്രം ജനപ്രിയനായിക്കഴിഞ്ഞിരുന്നു എന്നത് താഴെ കാണുന്ന രേഖയിൽനിന്ന് മനസ്സിലാക്കാം.

# ആവലാതിപത്രം

ഉണ്ണി മൂസ്സ് മരിച്ചപ്പോൾ തൃശ്ശൂരിലെ പട്ടണവാസികൾ തൃശ്ശൂർ തൈക്കാട്ട് മൂസ്സ് കുടുംബത്തിലേയ്ക്ക് സമർപ്പിച്ച ആവലാതിപത്രം താഴെ ചേർക്കുന്നു:

"തൃശ്ശിവപേരൂർ പഴനെല്ലിപ്പുറത്തു തയ്ക്കാട്ടു വാസുദേവൻ മൂസ്സിലെ അകാലനിര്യാണം നിമിത്തം അത്യന്തം ദുഃഖിയ്ക്കുന്നവരും, നിര്യാതനായ ആ തിരുമനസ്സിലെ ആശ്രിതന്മാരും സ്നേഹിതന്മാരുമായ തൃശ്ശിവപേരൂർ പട്ടണവാസികൾ ആശ്രിതവത്സലനായ അദ്ദേഹത്തിന്റെ അപരക്രിയകൾക്കും മറ്റുമായി സന്നിഹിതരായിട്ടുള്ള അവിടത്തെ ബന്ധുമിത്രാദികളുടെ സദസ്സിൽ ബോധിപ്പിയ്ക്കുന്ന ആവലാതിപത്രം.

മാന്യതിരുമേനികളേ!

അടിയങ്ങളും അടിയങ്ങളുടെ അന്തരിച്ചുപോയ കാരണവന്മാരും വൈദ്യസംബന്ധമായും മറ്റു നിലയിലും ഈ തയ്ക്കാട്ടില്ലത്തോടും, ഈ ഇല്ലത്ത് മുമ്പുണ്ടായിരുന്ന തിരുമേനികളോടും ഒരു വലിയ പരമ്പരാബന്ധമുള്ളവരാണെന്നു ഈ അവസരത്തിൽ ഓർമ്മിപ്പിയ്ക്കാതെ തന്നെ ഇന്നിവിടെ ഒത്തുചേർന്നിട്ടുള്ള എല്ലാവർക്കും ധാരാളം അറിയാവുന്നതാണെന്നു അടിയങ്ങൾ വിശ്വസിയ്ക്കുന്നു.

എന്നാൽ മേൽപറഞ്ഞ അന്യോന്യബന്ധത്തെ യാതൊരു താഴ്ചവീഴ്ചകളും കൂടാതെ ഇതുവരെ പുലർത്തിക്കൊണ്ടുവന്നിരുന്ന ദേഹവും അടിയങ്ങളുടെ സ്നേഹവാത്സല്യഭാജനവുമായിരുന്ന വാസുദേവൻ മൂസ്സ് തിരുമേനിയുടെ പെട്ടെന്നുണ്ടായ ഈ അകാലവിയോഗം ഞങ്ങളേയും കുടുംബങ്ങളേയും എന്നല്ല ഞങ്ങളുടെ രാജ്യത്തെത്തന്നേയും അത്യന്തം പരിതപിപ്പിയ്ക്കുന്നുണ്ടെന്നുള്ള സത്യാവസ്ഥ ഈ സഭാസമക്ഷം ഒന്നാമതായി ബോധിപ്പിച്ചുകൊള്ളുന്നു.

അപരിഹാര്യമായ അവിടത്തെ അകാലവിയോഗം നിമിത്തം വ്യസനിയ്ക്കുന്നവരായ വൃദ്ധമാതാക്കളുടേയും, അവിടത്തെ പ്രിയകുടുംബിനിയുടേയും, ഏകപുത്രിയുടേയും അനിവാര്യമായ ഈ സങ്കടത്തിൽ ഞങ്ങൾ സകുടുംബം പങ്കുകൊള്ളുന്നുണ്ടെന്നും, ഇല്ലത്തോടു ഞങ്ങൾക്കു പണ്ടേ ഉള്ളതും ഇന്നും നിലനിന്നുവരുന്നതുമായ സ്നേഹബന്ധവും കടമയും, ഞങ്ങളും കുഞ്ഞുകുട്ടികുടുംബങ്ങളും ഒരിക്കലും മറന്നുകളയുന്നതല്ലെന്നും, ഇല്ലത്തുള്ളവർക്കുള്ളതിൽനിന്നു ഒട്ടും താണനിലയിലുള്ള സങ്കടമല്ലാ ഇതുകൊണ്ടു ഞങ്ങളനുഭവിയ്ക്കുന്നതെന്നും ഞങ്ങൾ രണ്ടാമതായി ഇതാ ഉണർത്തിച്ചുകൊള്ളുന്നു.

മൂന്നാമതായി അടിയങ്ങൾക്ക് ഇവിടെ കൂടിയിരിക്കുന്ന മാന്യതിരുമേനികളോടാണ് ഒരപേക്ഷയുള്ളത്. അതു മറ്റൊന്നുമല്ല; ഈ ഇല്ലത്തെ ധനസംബന്ധമായ കാര്യങ്ങളന്വേഷിച്ച് ഇല്ലത്തുള്ളവരെ സംരക്ഷിക്കുവാനും, അടിയങ്ങളുടെ ഇല്ലവുമായിട്ടുള്ള ബന്ധം പൂർവ്വാധികം വർദ്ധിപ്പിച്ചു അടിയങ്ങളെ അനുഗ്രഹിക്കുവാനും മറ്റുമായി ഈ ഇല്ലത്തെ ബന്ധുമിത്രങ്ങളിൽ പെട്ട ഒരു തിരുമേനി ഇവിടെ സ്ഥിരമായി എഴുന്നെള്ളി താമസിക്കുമാറാകണമെന്നുള്ളതാണ്. അനന്യശരണന്മാരായ അടിയങ്ങളുടെ ഈ അപേക്ഷ മാന്യന്മാരായ തിരുമേനികൾ ദയയോടുകൂടി സ്വീകരിച്ചു ഞങ്ങളുടെ സങ്കടത്തിനു നിവൃത്തിയുണ്ടാക്കിത്തരുമെന്നു വിശ്വസിച്ചു തൽക്കാലം സമാധാനിച്ചുകൊള്ളുന്നു.

| | |
|---|---|
| തൃശ്ശിവപേരൂർ,<br>1103 ധനു 24-ാംനു } | എന്ന് താഴെ പേരെഴുതി<br>ഒപ്പിടുന്ന<br>പട്ടണനിവാസികൾ." |



തൃശ്ശിവപേരൂർ പഴനെല്ലിപ്പുറത്തു തയ്ക്കാട്ട് വാസുദേവൻ മൂസ്സ് തിരുമനസ്സിലെ അകാലനിര്യാണം നിമിത്തം അത്യന്തം ദുഃഖിക്കുന്നവരും, നിര്യാതനായ ആ തിരുമനസ്സിലെ ആശ്രിതന്മാരും സ്നേഹിതന്മാരുമായ തൃശ്ശിവപേരൂർ പട്ടണവാസികൾ ആശ്രിതവത്സലനായ അദ്ദേഹത്തിന്റെ അപരക്രിയകൾക്കും മറ്റുമായി സന്നിഹിതരായിട്ടുള്ള അവിടത്തെ ബന്ധുമിത്രാദികളുടെ സദസ്സിൽ ബോധിപ്പിക്കുന്ന

## ആവലാതിപത്രം.

മാന്യ തിരുമേനികളെ!

അടിയങ്ങളും അടിയങ്ങളുടെ അന്തരിച്ചുപോയ കാരണവന്മാരും വൈദ്യസംബന്ധമായും മറ്റുനിലയിലും ഈ തയ്ക്കാട്ടില്ലത്തോടും, ഈ ഇല്ലത്തു മനുഷ്യരായിരുന്ന തിരുമേനികളോടും ഒരു വലിയ പാരമ്പര്യബന്ധമുള്ളവരാണെന്നു ഈ അവസരത്തിൽ ഓർമ്മിപ്പിക്കാതെ തന്നെ ഇന്നിവിടെ കൂടിച്ചേർന്നിട്ടുള്ള എല്ലാവർക്കും ധാരാളം അറിയാവുന്നതാണെന്നു അടിയങ്ങൾ വിശ്വസിക്കുന്നു.

എന്നാൽ മേൽപറഞ്ഞ അന്യോന്യബന്ധത്തെ യാതൊരു താഴ്ചവീഴ്ചകളും കൂടാതെ ഇതുവരെ പുലർത്തിക്കൊണ്ടുവന്നിരുന്ന ദേഹവും അടിയങ്ങളുടെ സ്നേഹവാത്സല്യഭാജനവുമായിരുന്ന വാസുദേവൻ മൂസ്സ് തിരുമേനിയുടെ പെട്ടെന്നുണ്ടായ ഈ അകാലവിയോഗം ഞങ്ങളേയും കുടുംബങ്ങളേയും എന്നല്ല ഞങ്ങളുടെ രാജ്യത്തെത്തന്നെയും അത്യന്തം പരിതപിപ്പിക്കുന്നതാണെന്നുള്ള സത്യാവസ്ഥ ഈ സഭാസമക്ഷം ഒന്നാമതായി ബോധിപ്പിച്ചുകൊള്ളുന്നു.

അപരിഹാര്യമായ അവിടത്തെ അകാലവിയോഗം നിമിത്തം വ്യസനിക്കുന്നവരായ വൃദ്ധമാതാക്കളുടെയും, അവിടത്തെ പ്രിയ കുടുംബിനിയുടെയും, ഏകപുത്രിയുടെയും അനിവാര്യമായ ഈ സങ്കടത്തിൽ ഞങ്ങൾ സകുടുംബം പങ്കുകൊള്ളുന്നുണ്ടെന്നും, ഈ ഇല്ലത്തോടു ഞങ്ങൾക്കു പണ്ടുപണ്ടേ ഉള്ളതും ഇന്നും നിലനിന്നുവരുന്നതുമായ സ്നേഹബന്ധവും കടമയും, ഞങ്ങളും കുഞ്ഞുകുട്ടികുടുംബങ്ങളും ഒരിക്കലും മറന്നുകളയുന്നതല്ലെന്നും, ഇല്ലത്തുള്ളവർക്കുള്ളതിൽനിന്നു ഒട്ടും താണനിലയിലുള്ള സങ്കടമല്ലാ ഇതുകൊണ്ടു ഞങ്ങൾക്കുണ്ടാവുന്നതെന്നും ഞങ്ങൾ രണ്ടാമതായി ഇതാ ഉണർത്തിച്ചുകൊള്ളുന്നു.

മൂന്നാമതായി അടിയങ്ങൾക്ക് ഇവിടെ കൂടിയിരിക്കുന്ന മാന്യതിരുമേനികളോടാണ് അപേക്ഷയുള്ളത്. അതു മറ്റൊന്നുമല്ല; ഈ ഇല്ലത്തെ ധനസംബന്ധമായ കാര്യങ്ങളന്വേഷിച്ച് ഇല്ലത്തുള്ളവരെ സംരക്ഷിക്കുവാനും, അടിയങ്ങളുടെ ഇല്ലവുമായിട്ടുള്ള ബന്ധം പൂർവ്വാധികം വർദ്ധിപ്പിച്ചു അടിയങ്ങളെ അനുഗ്രഹിക്കുവാനും മറ്റുമായി ഈ ഇല്ലത്തെ ബന്ധുമിത്രങ്ങളിൽപെട്ട ഒരു തിരുമേനി ഇവിടെ സ്ഥിരമായി എഴുന്നള്ളി താമസിക്കുമാറാകണമെന്നുള്ളതാണ്. അനന്യശരണന്മാരായ അടിയങ്ങളുടെ ഈ അപേക്ഷ മാന്യന്മാരായ തിരുമേനികൾ ദയവോടുകൂടി സ്വീകരിച്ചു ഞങ്ങളുടെ സങ്കടത്തിനു നിവൃത്തിയുണ്ടാക്കിത്തരുമെന്നു വിശ്വസിച്ചു തൽക്കാലം സമാധാനിച്ചുകൊള്ളുന്നു.

തൃശ്ശിവപേരൂർ,
1103 ധനു 24-ാംനു-

എന്ന് താഴെ പേരെഴുതി ഒപ്പിടുന്ന
പട്ടണനിവാസികൾ.

ആവലാതിപത്രം - പുറം ഒന്ന്



ആവലാതിപത്രത്തിന്റെ അവസാനപുറം

ഈ ജനപ്രിയത ഒരു പക്ഷേ അദ്ദേഹത്തിന്റെ പ്രപിതാമഹന്മാർ മുമ്പേ ആർജ്ജിച്ച പ്രിയത്തിന്റെ തുടർച്ചയാവാം. “ഈ ഇല്ലത്ത് മുമ്പുണ്ടായിരുന്ന തിരുമേനികളോടും” എന്നു പറയുന്നുണ്ടല്ലോ. തൈക്കാട്ടില്ലം തൃശ്ശൂരിലെ നിവാസികളുടെ ദൈനന്ദിനജീവിതത്തിൽ എത്ര മാത്രം സ്വാധീനം ചെലുത്തിയിരുന്നു എന്നത് ഈ പത്രത്തിലെ വാചകങ്ങളിൽ തുടിയ്ക്കുന്ന ആത്മാർത്ഥതയിൽ നിന്നു മനസ്സിലാക്കാവുന്നതാണ്. ഈ ആവലാതിപത്രത്തിൽ 460 പേർ ഒപ്പുവെച്ചിരുന്നു. ഈ സംഖ്യയും അമ്പരപ്പിയ്ക്കുന്നതാണ്. ഭരണാധികാരം ഒന്നുമില്ലാതിരുന്ന ഒരു കുടുംബത്തിന്റെ ഭാവിയേക്കുറിച്ചാണ് നാട്ടുകാർ ഈ ആവലാതിപത്രത്തിലൂടെ ഇത്രയും വേവലാതി പ്രകടിപ്പിച്ചത് എന്ന് പ്രത്യേകം ഓർമ്മിയ്ക്കുക.

ഉണ്ണി മൂസ്സിന്റെ മരണശേഷം പുലാമന്തോൾ നാരായണൻ മൂസ്സ് ദേവകി അന്തർജ്ജനത്തെ വേളി കഴിച്ച് തൃശ്ശൂരിൽ താമസമാക്കാൻ 14 വർഷങ്ങളെടുത്തു. ആ കാലയളവത്രയും ഉണ്ണി മൂസ്സിന്റെ അമ്മാത്തായ വയസ്കരമൂസ്സുമാരുടെ സംരക്ഷണത്തിലായിരുന്നു തൈക്കാട്ടില്ലം എന്നാണല്ലോ നമ്മുടെ അറിവിലുള്ളതും. ഈ നിവേദനമാവാം ഒരു പക്ഷേ അതിലേയ്ക്കു നയിച്ചത്.

# പി. ടി. നാരായണൻ മൂസ്സ്

ഉണ്ണി മൂസ്സ് 1927-ൽ അന്തരിയ്ക്കുമ്പോൾ അദ്ദേഹത്തിന്റെ മകൾ ദേവകിയ്ക്ക് രണ്ടു വയസ്സു തികഞ്ഞിരുന്നതേയുള്ളു. അമ്മ സാവിത്രി അന്തർജ്ജനത്തിന്റെ സംരക്ഷണത്തിൽ വളർന്നു വന്ന അവരെ വിവാഹം കഴിച്ചത് മറ്റൊരു അഷ്ടവൈദ്യ

പി. ടി. നാരായണൻ മൂസ്സ്

കുടുംബമായ പുലാമന്തോൾ ഇല്ലത്തെ പി. ടി. നാരായണൻ മൂസ്സ് ആണ്. വിവാഹം 1940 നവംബർ 4-നായിരുന്നു. അപ്പോൾ അദ്ദേഹത്തിന് 22 വയസ്സേ ആയിരുന്നുള്ളു. ദേവകിയ്ക്ക് 15-ഉം. ദേവകിയുടെ ഉത്തരവാദിത്വത്തോടൊപ്പം ഇല്ലത്തെ കാര്യവും അൽപകാലം സജീവമല്ലാതിരുന്ന ഔഷധശാലയുടെ ഭാരവും ഇത്ര ചെറുപ്പത്തിലേ നാരായണൻ മൂസ്സിന്റെ ചുമലിൽ എത്തുകയാണ്. രാജ്യത്തിൽ എമ്പാടും കൊടുമ്പിരിക്കൊണ്ട ക്ഷാമം, എത്തിപ്പെട്ട ദേശത്തെ അപരിചിതത്വം, പാട്ടം പിരിവിലെ കുറവ്. ഇല്ലത്താണെങ്കിൽ പരിവാരങ്ങളടക്കം ഒരു ഡസനോളം അംഗങ്ങളും. പ്രതികൂലപരിതഃസ്ഥിതിയിൽ അന്ന് അദ്ദേഹം നേരിട്ട വെല്ലുവിളി ചില്ലറയായിരുന്നില്ല എന്നു വേണം അനുമാനിയ്ക്കാൻ. നിത്യവൃത്തിയ്ക്കു പോലും ഞെരുങ്ങിയിരുന്നു എന്നാണ് അക്കാലത്ത് ഇല്ലത്ത് വിശേഷാൽ പൂജകൾക്ക് നിയോഗിയ്ക്കപ്പെട്ടിരുന്ന ചെറുകുളം നാരായണൻ പറഞ്ഞത്.

സ്വാഭാവികമായി പിടിച്ചുനിൽക്കാനുള്ള കഠിനമായ ശ്രമങ്ങൾ വേണ്ടിവന്നു നാരായണൻ മൂസ്സിന്. ക്രമേണ പുതിയ സ്ഥലരാശിയിലെ അപരിചിതത്വം നീങ്ങി വൈദ്യവൃത്തിയിൽ പച്ചപിടിച്ചു വന്നു, മരുന്നുൽപാദനം സജീവമായി. വൈദ്യവൃത്തിയിലും ഔഷധശാലാഭരണത്തിലും ഏർപ്പെടുകയും ചെയ്തു.

1918 മാർച്ച് 29-നാണ് പി. ടി. നാരായണൻ മൂസ്സിന്റെ ജനനം. അച്ഛൻ പുലാമന്തോൾ ശങ്കരൻ മൂസ്സ്, അമ്മ ചെറുകുന്നത്ത് ഉമാദേവി അന്തർജ്ജനം. അച്ഛനിൽ നിന്ന് വൈദ്യശാസ്ത്രവും കൃഷ്ണശാസ്ത്രികൾ, പി. രാമപിഷാരടി എന്നീ ഗുരുക്കന്മാരിൽനിന്ന് സംസ്കൃതസാഹിത്യം, തർക്കം, വ്യാകരണം എന്നിവയും പഠിച്ചതിനു ശേഷം വടക്കാഞ്ചേരിയിൽ ചെന്ന് കുട്ടഞ്ചേരി ആര്യൻ മൂസ്സിന്റെ ശിക്ഷണം കൂടി ആർജ്ജിച്ചതിനു ശേഷമാണ് നാരായണൻ മൂസ്സ് തൃശ്ശൂരിലെത്തുന്നത്. അടിയുറച്ച ആ വിദ്യാഭ്യാസലബ്ധി ജീവിതത്തിലുടനീളം അദ്ദേഹത്തെ തുണച്ചിട്ടുണ്ട്. വൈദ്യവൃത്തിയിലെ അഭിവൃദ്ധിയ്ക്ക് കുട്ടഞ്ചേരി ആര്യൻ മൂസ്സിന്റെ ശിഷ്യത്വവും സഹായകമായിട്ടുണ്ടാവണം.

മരുന്നു നിർമ്മാണത്തിൽ അദ്ദേഹത്തെ സഹായിച്ചത് പുലാമന്തോളിലെ രാഘവപിഷാരടിയായിരുന്നു. ഗുരുവായിരുന്ന കുട്ടഞ്ചേരി ആര്യൻ മൂസ്സിനെ ഇവിടെയും സ്മരിയ്ക്കാതിരിയ്ക്കാൻ



പത്നിയോടൊപ്പം

വയ്യ. അദ്ദേഹമാണ് ചികിത്സയ്ക്ക് ആവശ്യമായ പല പുതിയ മരുന്നുകളും ഉൽപ്പാദിപ്പിയ്ക്കാൻ നിർദ്ദേശിച്ചത്.

1960 മുതൽ 1970 വരെ നീണ്ടുനിൽക്കുന്ന പത്തു വർഷത്തെ കാലയളവിലാണ് നാരായണൻ മൂസ്സ് ശരിയ്ക്കും ജ്വലിച്ചുനിന്നത് എന്നു കാണാം. തൃശ്ശൂരിൽ സ്വന്തമായി ഒരു മേൽവിലാസം ഉണ്ടാക്കുന്നത് ഈ കാലയളവിലാണ്.

നാരായണൻ മൂസ്സിന്റെ പ്രവർത്തനമേഖല ചികിത്സയിൽ മാത്രമായി ഒതുങ്ങി നിന്നില്ല. ആയുർവേദത്തിൽ ബിരുദാനന്തരകോഴ്സ് നടത്തുന്ന ഇന്ത്യാ സർക്കാരിന്റെ കമ്മിറ്റിയിലും സംസ്ഥാന ആയുർവേദ പരീക്ഷാബോർഡിലും അംഗമായി. അക്കാലത്തുള്ള അഷ്ടവൈദ്യന്മാരിൽ മറ്റാർക്കും ഈ അവസരം ലഭിച്ചിരുന്നില്ല എന്നതു കൂടി ഓർമ്മിയ്ക്കേണ്ടതാണ്. പിന്നീട് സംസ്ഥാന ആയുർവേദവകുപ്പിന്റെ ഉപദേശകസമിതിയിലും അംഗമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ആയുർവേദത്തിൽ അടിയുറച്ച പാണ്ഡിത്യമുണ്ടായിരുന്ന നാരായണൻ മൂസ്സ് ശ്രീകേരളവർമ്മ ആയുർവേദ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രഥമ ഡയറക്ടർ ബോഡ് അംഗമായി. അതിന്റെ മരുന്നു നിർമ്മാണ സമിതിയിലും അദ്ദേഹം അംഗമായിരുന്നു. എസ് കെ വി എയ്ക്കു വേണ്ടി കുട്ടനെല്ലൂരിൽ വാങ്ങാനുദ്ദേശിയ്ക്കുന്ന സ്ഥലം പോയി കണ്ടതായി പി. ടി. നാരായണൻ മൂസ്സിന്റെ 1967 മാർച്ച് 23-ലെ ദിനസരിക്കുറിപ്പിൽ ഉണ്ട്. എസ് കെ വി എ പിന്നീട് ഔഷധിയായതും മരുന്നുനിർമ്മാണശാല കുട്ടനെല്ലൂരിലുള്ള ഈ സ്ഥലത്തുതന്നെ തുടങ്ങിയതും ചരിത്രമാണ്.

പി. ടി. നാരായണൻ മൂസ്സിന് കോട്ടക്കൽ ആര്യവൈദ്യശാലയുമായി ദൃഢമായ ബന്ധമുണ്ടായിരുന്നു. എല്ലാ വർഷവും ജനുവരി 30-ന് അവർ നടത്താറുള്ള സ്ഥാപകദിനത്തിൽ ഉദ്ഘാടകനായോ അദ്ധ്യക്ഷനായോ മുഖ്യപ്രഭാഷകനായോ വിശിഷ്ടാതിഥിയായോ അദ്ദേഹം പലവട്ടം പങ്കെടുത്തിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് അവർ നടത്താറുള്ള പ്രബന്ധമത്സരത്തിന്റെ ജൂറിയായും അദ്ദേഹം ഇരുന്നിട്ടുണ്ട്.

വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാടിന്റെ 'വിചാരധാര' എന്ന പുസ്തകത്തിൽ 'യശശ്ശരീരനായ പി. ടി. നാരായണൻ മൂസ്സ്' എന്ന ലേഖനമുണ്ട്. രാഘവൻ തിരുമുൽപ്പാടുമായുള്ള സൗഹൃദം വെളിപ്പെടുന്നതിനു പുറമേ നാരായണൻ മൂസ്സിന് കോട്ടക്കൽ ആര്യവൈദ്യശാലയുമായുണ്ടായിരുന്ന ഗാഢമായ ബന്ധവും ഈ ലേഖനത്തിൽനിന്നു വ്യക്തമാവും.

പുലാമന്തോൾ
ശങ്കരൻ മൂസ്സ്

ഉമാദേവി
അന്തർജ്ജനം

ഇതെല്ലാം അദ്ദേഹത്തിന്റെ ചെറുപ്പകാലത്തായിരുന്നുവെന്ന് പ്രത്യേകം ഓർമ്മിയ്ക്കണം. കേരളീയ ആയുർവേദസമാജം തുടങ്ങുന്ന ആയുർവേദ മഹാപാഠശാലയുടെ ഉപദേശകസമിതിയിലേയ്ക്ക് ക്ഷണി യ്ക്കപ്പെടുമ്പോൾ അദ്ദേഹത്തിന് 28 വയസ്സേ പ്രായമുണ്ടായിരു ന്നുള്ളു.

ആർട്ടിസ്റ്റ് നമ്പൂതിരി

നാരായണൻ മൂസ്സ് നല്ല അദ്ധ്യാപകനുമായിരുന്നുവെന്ന് അദ്ദേഹത്തിനുണ്ടായിരുന്ന ശിഷ്യസമ്പത്ത് സാക്ഷ്യപ്പെടുത്തു ന്നുണ്ട്. തൃശ്ശൂർ തൈക്കാട്ടില്ലത്ത് താമസിച്ചും അല്ലാതെയും അദ്ദേഹത്തിനു ശിഷ്യപ്പെട്ടവരിൽ പിൽക്കാലത്ത് വൈദ്യരംഗത്ത് പ്രശസ്തരായ ആലത്തിയൂർ നാരായണൻ നമ്പി, അഞ്ചേരി കോവിലകത്ത് രവിവർമ്മ, ഡോ. ഡി. രാമനാഥൻ, ഡോ. കോൽപ്പുറത്ത് നീലകണ്ഠൻ നമ്പൂതിരി, ഡോ. വി. എൻ. നീലക ണ്ഠൻ നമ്പൂതിരി, ഇ. ടി. ദിവാകരൻ മൂസ്സ് എന്നിവർ ഉൾപ്പെടു ന്നു. പിൽക്കാലത്ത് വലിയ ചിത്രകാരനായി കേൾവിപ്പെട്ട ആർട്ടിസ്റ്റ് നമ്പൂതിരി (കരുവാട്ട് വാസുദേവൻ നമ്പൂതിരി) ഒരു ഹ്രസ്വകാലയളവിൽ നാരായണൻ മൂസ്സിന്റെ ശിഷ്യനായിരുന്നു.

നല്ലൊരു സുഹൃദ്‌വലയവുമുണ്ടായിരുന്നു അദ്ദേഹത്തിന്. കെ. പി. നാരായണപിഷാരോടി, മാണി മാധവച്ചാക്യാർ,

പി. ടി. നാരായണൻ മൂസ്സ് ശിഷ്യന്മാരോടൊപ്പം - ആർട്ടിസ്റ്റ് നമ്പൂതിരി വരച്ചത്

GOVERNMENT AYURVEDA EXAMINATIONS

DIPLOMA IN AYURVEDIC MEDICINE

D. A. M.—Fourth Year (Old)—May, 1969

**CHIKITSITHAM II**

[*Time*—3 hours.

(Maximum marks : 100)

[*N. B.*—Parts A and B should be answered in separate books.]

**Part A**

( Marks : 50 )

Marks

I. "യഃ പാണ്ഡുരോഗീ സേവേത പിത്തളം തസ്യ കാമിലാം" എന്ന് നിദാനത്തിലും "കാമിലായാം തു പിത്തഘ്നം പാണ്ഡുരോഗാവിരോധിയത്" എന്ന് ചികിത്സയിലും പറഞ്ഞ ആചാര്യൻ, പിത്തഘ്നങ്ങളായ ചികിത്സകൾ പാണ്ഡുരോഗവിരോധിയാകണമെന്ന് വിവക്ഷിച്ചിട്ടുണ്ടാകുമോ? സയുക്തികം വിവരിച്ച് അവസ്ഥാഭേദേന കാമിലയുടെ ചികിത്സാക്രമത്തെ പ്രതിപാദിക്കുക. 20

II. (a) അശ്മരിയുടെ തരുണാവസ്ഥയിൽ ചെയ്യേണ്ട ചികിത്സാക്രമങ്ങളെ വിവരിച്ചെഴുതുക. 10

(b) "കൃമീൻ ജിഹാസുഃ പരിവർജ്ജയേച്ച" ഏതെല്ലാം? 5

III. (a) വാതവ്യാധി ചികിത്സയിൽ സ്നേഹസ്വേദങ്ങൾക്കുള്ള പ്രാധാന്യത്തിന്റെ യുക്തിയെന്ത്? 5

(b) ഹനുസ്രംസം, അപബാഹുകം ഇവകളുടെ ചികിത്സ വിവരിച്ചെഴുതുക. 10

**Part B**

( Marks : 50 )

I. ക്രിയാനിവൃത്തമായ ജ്വരത്തിന്റെ ചികിത്സകളേയും യുക്തിയേയും വിവരിച്ചെഴുതുക. 15

P. T. O.

2

Marks

II. വാതികശൂലത്തിൽ അവസ്ഥാഭേദേനയുള്ള ചികിത്സാഭേദങ്ങളെക്കാണിച്ച് ശൂലത്തിൽ വസ്തികളെ പ്രാധാന്യത്തെ സയുക്തികം വിവരിച്ചെഴുതുക. 15

III. (a) കാൽമുട്ട്, അരക്കെട്ട്, അംസസന്ധി എന്നീ ദേഹദേശങ്ങളിൽ ശോഫം, സ്ഫുരണം, വേദന, എന്നിവ ഇടയ്ക്കിടക്ക് അനുഭവപ്പെടുകയും, വിരലുകളുടെ സന്ധികളിൽ അതിയായ വേദനയും, സങ്കോചവും, ശീതജലത്തിൽ കളിക്കുമ്പോഴും രാത്രിയും ഉപദ്രവങ്ങൾ കൂടുതലാവുകയും ചെയ്യുന്ന രോഗലക്ഷണങ്ങളോടുകൂടിയ ഒരു Train driver നിങ്ങളെ ചികിത്സാർത്ഥം സമീപിച്ചു എന്നിരിക്കട്ടെ. രോഗനിർണ്ണയം ചെയ്ത് ചികിത്സ നിർദ്ദേശിച്ച് യുക്തിയെന്തെന്ന് വിവരിക്കുക. 15

(b) നിവൃത്ത സംജ്ഞമായ ഗുഹ്യരോഗത്തിന്റെ ചികിത്സാക്രമത്തെ കാണിക്കുക. 5

പി. ടി. നാരായണൻ മൂസ്സ് തയ്യാറാക്കിയ 1969 മേയിലെ ചികിത്സിതം ചോദ്യക്കടലാസ്സ്

ഡോ. പി. കെ. വാരിയർ, ചെറുകാട്, അവണപ്പറമ്പ് മഹേശ്വരൻ നമ്പൂതിരിപ്പാട്, ഡോ. കെ. രാജഗോപാലൻ, കെ. രാഘവൻ തിരുമുൽപ്പാട്, വള്ളൂർ ശങ്കരൻ നമ്പൂതിരി തുടങ്ങി വിവിധ മേഖലകളിലുള്ളവരുമായി അദ്ദേഹത്തിന് സൗഹൃദമുണ്ടായിരുന്നു.

പി. ടി. നാരായണൻ മൂസ്സ് തൃശ്ശൂരിലെത്തി ഒന്നര ദശാബ്ദത്തിനകം ഔഷധശാല അത്ര ചെറുതല്ലാത്ത സ്ഥാപനമായിക്കഴിഞ്ഞിരുന്നു. ഒറ്റയ്ക്കു കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോവുന്നത് എളുപ്പമാവില്ലെന്ന് അദ്ദേഹം മനസ്സിലാക്കി. ജനറൽ മാനേജരായി കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിത്തമ്പുരാനെ ക്ഷണിച്ചുകൊണ്ടു വന്നത് അതുകൊണ്ടാണ്. പിന്നീട് ഒരിക്കലും ഔഷധശാലയുടെ ഭരണത്തിൽ നേരിട്ട് ഇടപെടാൻ അദ്ദേഹം ഒരുങ്ങിയില്ല. അപ്പോഴപ്പോഴുണ്ടായിരുന്ന മാനേജർമാരെ അദ്ദേഹം വിശ്വാസത്തിലെടുത്തു. വേണ്ട സമയത്ത് വേണ്ടപ്പെട്ടവരുടെ ഉപദേശവും നിർദ്ദേശവും കൈക്കൊണ്ടു. പല കാര്യങ്ങളിലും തന്റെ സഹോദരീഭർത്താവായ തേനേഴി ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ഉപദേശം അദ്ദേഹം തേടിയിരുന്നതായി മൂസ്സ് അദ്ദേഹത്തിനയച്ച കത്തുകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

പി. ടി. നാരായണൻ മൂസ്സിന് (അനിയൻ മൂസ്സ്) പി. എസ്. ശങ്കരൻ മൂസ്സ് (ഏട്ടൻ മൂസ്സ്), പി. എസ്. ആര്യൻ മൂസ്സ് (കുഞ്ഞനുജൻ മൂസ്സ്) എന്നിങ്ങനെ രണ്ടു സഹോദരന്മാരും ദേവകി അന്തർജ്ജനം എന്ന സഹോദരിയുമുണ്ട്.

ലളിതമായ ജീവിതമായിരുന്നു നാരായണൻ മൂസ്സിന്റേത്. ചിട്ടയായ ജീവിതചര്യയും. മുടങ്ങാതെ എഴുതിയിരുന്ന ദിനസരിക്കുറിപ്പുകളിൽ നിന്നാണ് ഈ പുസ്തകം തയ്യാറാക്കാനുള്ള പല വിവരങ്ങളും ലഭിച്ചത്. ഏറ്റവും ചുരുങ്ങിയ വാക്കു

മുൻ കേരള ആയുർവേദ അഡ്വൈസറി കമ്മിറ്റി അംഗങ്ങൾ:
ഇരിയ്ക്കുന്നവർ ഇടത്തുനിന്ന് 1) പി. ടി. നാരായണൻ മൂസ്സ് 2) എൻ. ശ്രീധരൻ 3) എ. എൻ. തമ്പി 4) കുമരകം പി. പരമേശ്വരൻ പിള്ള 5) കാലടി കെ. പരമേശ്വരൻ പിള്ള
നിൽക്കുന്നവർ ഇടത്തുനിന്ന് 1) പൊരുതിയിൽ നാരായണൻ വൈദ്യർ 2) പി. ഒ. തോമസ്‌വൈദ്യൻ 3) എം. പി. ശ്രീധരൻ നായർ 4) എം. എസ്. ശങ്കരനാരായണൻ 5) പി. വി. ദേവസ്യ.

ഷഷ്ടിപൂർത്തി ആഘോഷവേളയിൽ

കളിലാണെങ്കിലും അക്കാലത്തെ ജീവിതത്തിലേയ്ക്കും ചുറ്റുപാടുകളിലേയ്ക്കും അത് വെളിച്ചം വീശുന്നുണ്ട്.

പ്രായം ഭിഷഗ്വരന്മാരെയും വെറുതെ വിടില്ലല്ലോ. നാരായണൻ മൂസ്സിന്റെ പരാധീനത തുടങ്ങുന്നത് അദ്ദേഹത്തിന്റെ കണ്ണുകളെ ഗ്ലോക്കോമ ബാധിച്ചതോടെയാണ്. കാഴ്ചവട്ടം കുറഞ്ഞുകുറഞ്ഞു വരുന്നത് അദ്ദേഹത്തെ കഠിനമായ നൈരാശ്യത്തിലേയ്ക്ക് തള്ളിവിട്ടു. പരാശ്രയത്വത്തിൽ അദ്ദേഹം പരിക്ഷീണനായി. അത് അദ്ദേഹത്തിന്റെ വൈദ്യവൃത്തിയേയും ബാധിച്ചു. കാണാൻ വരുന്നവർക്കു മുമ്പിൽ ദൈന്യതയുടെ പരാതിക്കെട്ടഴിച്ചു. അവരോട് സ്ഥിരമായി ഈ ശ്ലോകം ചൊല്ലിയി



REPORT OF THE COMMITTEE

1. Constitution and terms of reference of the Committee:

This Committee was constituted by the Government of India in its letter No.F.16-1/64-[illegible], dated the 10th September, 1964, with -

1) Dr. K.N. Udupa, Principal, College of Medical Sciences, Banaras Hindu University, Varanasi. .. Chairman

2) Dr. C. Dwarakanath, Adviser in I.S.M., Ministry of Health, New Delhi. .. Member

3) Vd. [illegible] Parameswaran Pillai, [illegible] Vaidyasala, Puthenchanthai, Trivandrum. .. "

4) Vd. [illegible].V. Venkata[illegible], "Chellakoti" [illegible], [illegible] Street, Nungambakkam, Madras. .. "

5) Shri P.T. Narayanan Moose, Thaikkattu Mana, [illegible]pattakara, Trichur, Kerala. .. "

6) Shri P.N. Neelakanta [illegible], Kalliapalli [illegible]illom, Perumbavoor, Kerala. .. "

7) Dr. K. Narayana Pai, Government Medical College, Trivandrum. .. "

8) Dr. P.V. Sharma, Acting Director, Post-Graduate Institute of Indian Medicine, Banaras Hindu University, Varanasi. .. "

9) Dr. Kesavan Pillai, Director of Ayurved, Government of Kerala, Trivandrum. .. (ex-officio) Member-Secretary.

"to work out a detailed scheme for the upgrading of the Kayachikitsa Department of the Government Ayurvedic College, Trivandrum, with a view to imparting specialised training in Panchakarma, [illegible] and [illegible] Vaidyam to such of the post-graduate students who are admitted to post-graduate institutions [illegible] by the Government of India."

MEETINGS:

2. The Committee held two meetings on [illegible], [illegible] and [illegible] November, [illegible], at Trivandrum and on [illegible] November, [illegible] at New Delhi. [illegible] first meeting was attended by all members except

ഉദുപ്പ കമ്മിറ്റി അംഗങ്ങൾ



ആയുർവേദ മഹാപാഠശാലയുടെ ഉപദേശകസമിതിയിലേക്കുള്ള ക്ഷണക്കത്ത്

രുന്നു: "വ്യർത്ഥോ ലോകോയം/തുല്യ രാത്രിം ദിവാനാം/പുംസാം അന്ധാനാം /വിദ്യമാനേപി വിത്തേ."

കാഴ്ചശക്തി കുറഞ്ഞ കാലത്ത് പത്രം വായിച്ചുകൊടുക്കാനും മറ്റു സഹായങ്ങൾക്കുമായി ഒന്നിലധികം പേർ ഇല്ലത്ത് ഉണ്ടായിരുന്നു. അക്കാലത്ത് കസ്സെറ്റ് വഴി ഭാഗവതവായന കേൾക്കുന്നത് അദ്ദേഹത്തിന്റെ ദിനചര്യയിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു.

നാരായണൻ മൂസ്സിന്റെ കാഴ്ചവട്ടം ക്രമേണ കുറഞ്ഞുകുറഞ്ഞ് നൂറു ശതമാനം അന്ധതയായി. അവസാനത്തെ പത്തു കൊല്ലം തികച്ചും പരാശ്രയത്വമായി. എന്നാലും മറ്റ് അസുഖങ്ങളൊന്നും അദ്ദേഹത്തെ ബാധിച്ചിരുന്നില്ല.

2005 നവംബർ 10-ന് നാരായണൻ മൂസ്സ് അന്തരിച്ചു. അപ്പോൾ അദ്ദേഹത്തിന് 87 വയസ്സായിരുന്നു.

# പി. ടി. എൻ. വാസുദേവൻ മൂസ്സ്

നാരായണൻ മൂസ്സ്-ദേവകി ദമ്പതികൾക്ക് സന്താനസൗഭാഗ്യം ഉണ്ടായില്ല. ഔഷധശാലയുടേയും ഇല്ലത്തിന്റേയും തുടർച്ച ഉറപ്പാക്കാൻ ദത്തെടുക്കൽ അനിവാര്യമായിവന്നു. അഷ്ടവൈദ്യ കുടുംബമായ ആലത്തിയൂർ നമ്പിയില്ലത്തെ നാരായണൻ നമ്പി-ശ്രീദേവി ദമ്പതികളുടെ രണ്ടാമത്തെ പുത്രനായ വാസുദേവനെയാണ് 1984-ൽ ദത്തെടുത്തത്.

വാസുദേവൻ മൂസ്സ്

വാസുദേവന്റെ ജനനം 1972 ഒക്ടോബർ 3-നാണ്. ഔദ്യോഗികരേഖകളിൽ ജനനത്തീയതി 1972 മേയ് 3 ആണ്. ചൂണ്ടലിലുള്ള എൽ. ഐ. ജി. സ്കൂൾ, കുന്നമ്മൂച്ചിയിലെ സെന്റ് തോമസ് യു. പി. സ്കൂൾ എന്നിവിടങ്ങളിലായി 7-ാം ക്ലാസ്സു വരെ പഠിച്ചു.

1984 ജൂൺ മാസത്തിൽ തൃശ്ശൂർ ഗവ. മോഡൽ ബോയ്സ് ഹൈസ്കൂളിൽ 8-ാം ക്ലാസ്സിൽ ചേർന്നു. 1984 ജൂൺ 1-ന് നാരായണൻ മൂസ്സും ദേവകി അന്തർജ്ജനവും ചേർന്ന് ദത്താധാരം രജിസ്റ്റർ ചെയ്യുകയും പിന്നീട് ദത്തെടുക്കൽച്ചടങ്ങ് ക്രിയകളായി ചെയ്യുകയും ഉണ്ടായി. 'പത്തു കയ്യാൽദത്ത്' എന്ന അപൂർവ്വമായ ആ ദത്തുക്രിയകൾക്ക് കാർമ്മികത്വം വഹിച്ചത് വൈദികൻ പെരുമ്പടപ്പ് നമ്പ്യാത്തൻ നമ്പൂതിരിയായിരുന്നു. ഋഗ്വേദിയായിരുന്ന വാസുദേവൻ ഈ ചടങ്ങു പൂർത്തിയായതോടെ യജുർവേദിയായി മാറി.

1985 മേയ് 30-ന് ഉപനയനവും 1986 ജൂൺ 11-ന് സമാവർത്തനവും നടന്നു. വേദം ഒരു മുറ ചൊല്ലുക എന്ന വേദാദ്ധ്യയനമായ 'മുതൽമുറ' നടത്തിയത് മാനേജർ പട്ടേരി എന്ന് അറിയപ്പെട്ടിരുന്ന അയിരിൽ നാരായണൻ പട്ടേരിയായിരുന്നു. 1986 മാർച്ച് 30-നു തുടങ്ങി 1986 മേയ് 26-നാണ് അത് അവസാനിച്ചത്.

1986 മേയ് 6-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം (കേരളഗസറ്റ് വോള്യം XXXI No: 18) എ. വാസുദേവൻ നമ്പി എന്ന പേര് പി. ടി. എൻ. വാസുദേവൻ മൂസ്സ് എന്നാക്കി മാറ്റി.

1987 മാർച്ച് മാസത്തിൽ SSC (സെക്കന്ററി സ്കൂൾ സർട്ടിഫിക്കറ്റ്) വിജയിയ്ക്കുകയും പ്രീഡിഗ്രിയ്ക്ക് സെക്കന്റ് ഗ്രൂപ്പെടുത്ത് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ ചേരുകയും ചെയ്തു.

ഹൈസ്കൂൾ-പ്രീഡിഗ്രി കാലഘട്ടങ്ങളിൽ പി. ടി. നാരായണൻ മൂസ്സിന്റെ കീഴിൽ കാവ്യങ്ങളും അഷ്ടാംഗഹൃദയവും പഠിച്ചു. ഇതേ കാലഘട്ടത്തിൽ നാരായണൻ മൂസ്സിന്റെ ശനിയാഴ്ചകളിലുള്ള ഒറ്റപ്പാലം ബ്രാഞ്ച് വിസിറ്റിനോടൊപ്പം പോവുകയും രോഗികൾക്ക് കുറിപ്പടി എഴുതാൻ സഹായിയ്ക്കുകയും ചെയ്തു പോന്നിരുന്നു.

പ്രീ ഡിഗ്രി പഠനത്തിനു ശേഷം 1989 ബാച്ചിലെ വിദ്യാർത്ഥിയായി വൈദ്യരത്നം ആയുർവേദ കോളേജിൽ ബി. എ. എം. എസ്സിനു

ചേർന്നു. 1995-ൽ ബി. എ. എം. എസ്. പരീക്ഷ ജയിച്ച് കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് ആയുർവേദബിരുദം കരസ്ഥമാക്കി.

ബി. എ. എം. എസ്. അവസാന വർഷം പഠിച്ചിരുന്ന കാലത്ത് ആലത്തിയൂർ നാരായണൻ നമ്പി ഹോളണ്ടിൽ യാത്ര പോകാറുള്ള അവസരത്തിൽ ബ്രാഞ്ചു വിസിറ്റുകൾക്കു പോവുകയും രോഗികളെ ചികിത്സിയ്ക്കാൻ തുടങ്ങുകയും ചെയ്തു. വൈദ്യരത്നം ആയുർവേദ കോളേജിൽ നിന്ന്

മൂസ്സ് കുടുംബത്തോടും അച്ഛനമ്മമാരോടുമൊപ്പം

പഠനം പൂർത്തിയാക്കിയശേഷം പുലാമന്തോൾ ശങ്കരൻ മൂസ്സ് (ഏട്ടൻ മൂസ്സ്), വൈദ്യമഠം ഋഷികുമാരൻ നമ്പൂതിരി എന്നിവരുടെ കീഴിൽ വൈദ്യപരിചയം നേടി. കുറച്ചുകാലം വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാടിന്റെ അടുത്ത് ചരകം പഠിച്ചു.

2000 നവംബർ മാസം ബാംഗളൂരിലുള്ള SVYASA എന്ന ഇന്ത്യൻ യോഗ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു മാസത്തെ യോഗ കോഴ്സ് (YICC) പഠിച്ചു.

2004-ൽ കർണാടകയിലെ മണിപ്പാലിലുള്ള കസ്തൂർബാ മെഡിക്കൽ കോളേജിലെ ആയുർവേദവിഭാഗം നടത്തിയ 6 മാസത്തെ പഞ്ചകർമ്മ സർട്ടിഫിക്കറ്റ് കോഴ്സ് പഠനം പൂർത്തിയാക്കി.

2010-ൽ കർണാടകയിലെ സുള്ള്യയിലുള്ള കെ. വി. ജി. ആയുർവേദ മെഡിക്കൽ കോളേജിൽ പഠിച്ച് രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിൽ നിന്ന് പഞ്ചകർമ്മയിൽ എം. ഡി. ബിരുദം നേടി.

ഔഷധശാലയുടെ തളിപ്പറമ്പ്, പൂങ്കുന്നം ഏജൻസികളിൽ ഇടക്കാലത്ത് രോഗികളെ പരിശോധിച്ചിരുന്നു. കൂടാതെ എസ് എൻ എ ആയുർവേദ നേഴ്സിങ്ങ് ഹോമിൽ അഡീഷണൽ ചീഫ് ഫിസിഷ്യനായും രോഗികളെ പരിശോധിച്ചുപോന്നു. അഷ്ടവൈദ്യൻ ആലത്തിയൂർ നാരായണൻ നമ്പിയുടെ മരണശേഷം 2015 മുതൽ നേഴ്സിങ്ങ് ഹോമിലെ ചീഫ് ഫിസിഷ്യനാണ്.

ഇപ്പോൾ വിവിധ ആയുർവേദസംഘടനകളിൽ സജീവമായി പ്രവർത്തിച്ചുവരുന്നു. 2019-ൽ ആയുർവേദ മെഡിസിൻ മാനുഫാക്ചറേഴ്സ് ഓർഗനൈസേഷൻ ഓഫ് ഇന്ത്യയുടെ (AMMOI) സംസ്ഥാന ഉപാദ്ധ്യക്ഷനും ആയുർവേദ ഹോസ്പിറ്റൽ മാനേജ്മെന്റ് അസോസിയേഷന്റെ (AHMA) സെൻട്രൽ സോൺ പ്രസിഡണ്ടുമാണ്. AMMOIയുടെ ആനുകാലികപ്രസിദ്ധീകരണമായ 'ഔഷധ'ത്തിന്റെ പത്രാധിപസമിതി അംഗമാണ്.

അരുമാനൂർ പരമേശ്വരനും ഡോ. കെ. വി. രാമൻകുട്ടി വാരിയരും ചേർന്ന് എഴുതിയ



അറിയിപ്പ്

ഞാൻ, അഷ്ടവൈദ്യൻ പുലാമന്തോൾ ശങ്കരൻ മൂസ്സ് മകൻ അഷ്ടവൈദ്യൻ നാരായണൻ മൂസ്സ് 1984 ജൂൺ 1-ാം തീയതി തൃശ്ശൂർ സബ് രജിസ്ട്രാറാഫീസിലെ 164-ാം നമ്പർ ദത്താധാരപ്രകാരം ദത്തെടുത്ത ആലത്തിയൂർ നമ്പില്ലത്തെ അഷ്ടവൈദ്യൻ നാരായണൻ നമ്പിയുടെ മകൻ വാസുദേവൻ നമ്പിയുടെ പേര് എ. വാസുദേവൻ നമ്പി എന്നതിന പകരം പി. ടി. എൻ. വാസുദേവൻ മൂസ്സ് എന്നാക്കി മാററിയിരിക്കുന്ന വിവരം എല്ലാപേരെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

പി. ടി. നാരായണൻ മൂസ്സ്.
(രക്ഷിതാവ്)
പഴനെല്ലിപ്പുറത്ത് തൈക്കാട്ട് മന,
കിഴക്കുംപാട്ടുകര, തൃശ്ശൂർ-5.

പേര് മാറ്റിക്കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം

ഉപനയനം

ഉപനയനദിവസം അച്ഛനമ്മമാരോടും സഹോദരങ്ങളോടുമൊപ്പം

‘യോഗമഞ്ജരി’ എന്ന പുസ്തകപരമ്പരയുടെ സംശോധകനായി ഡോ. കെ. മുരളിയോടൊപ്പം പ്രവർത്തിച്ചു.

1990-കളുടെ തുടക്കം മുതൽ പി. ടി. എൻ. വാസുദേവൻ മൂസ്സ് ഔഷധശാലയുടെ ഭരണപരമായ കാര്യങ്ങളിൽ ശ്രദ്ധിയ്ക്കാൻ തുടങ്ങി. 2000-ൽ ഔഷധശാല പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാക്കിയതു മുതൽ മാനേജിങ്ങ് ഡയറക്ടറാണ്. പി. ടി. നാരായണൻ മൂസ്സിന്റെ മരണശേഷം ചെയർമാൻ സ്ഥാനവും വഹിച്ചു പോരുന്നു.

പത്നിയോടും മക്കളോടുമൊപ്പം

എസ് എൻ എ ആയുർവേദ നേഴ്സിങ്ങ് ഹോം 2005-ൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാക്കിയതു മുതൽ അതിന്റെ ചെയർമാനും മാനേജിങ്ങ് ഡയറക്ടറുമാണ്.

2010-ൽ രൂപം കൊടുത്ത ഉണ്ണിമൂസ്സ് ഫൗണ്ടേഷന്റെ ചെയർമാനാണ്.

ഇവ കൂടാതെ പറപ്പൂര് ശ്രീധന്വന്തരീക്ഷേത്രത്തിന്റെ മുഴുവൻ ഭരണച്ചുമതലകളും വാസുദേവൻ മൂസ്സ് നേരിട്ടാണ് വഹിയ്ക്കുന്നത്. പെരിങ്ങാവ് അമ്പലത്തിൽ മുഖ്യരക്ഷാധികാരി എന്ന നിലയിൽ പ്രവർത്തിച്ചു പോരുന്നു.

ഭാര്യ: ജി. സുനിമോൾ പാലായിലെ കാരണത്ത് ഇല്ലത്ത് ഗോവിന്ദൻ നമ്പൂതിരിയുടേയും രുഗ്മിണി അന്തർജ്ജനത്തിന്റേയും മകളായി 1979 ഏപ്രിൽ 10-ന് ജനിച്ചു. അച്ഛൻ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ എൻജിനീയറായിരുന്നു. പെരുമ്പാവൂരിൽ സ്ഥലം വാങ്ങി താമസമാക്കി. സുനിമോളുടെ പ്രാഥമികവിദ്യാഭ്യാസം പെരുമ്പാവൂരിലെ ഗവ. ഗേൾസ് ഹൈസ്കൂളിലായിരുന്നു. കാലടി ശ്രീശങ്കര കോളേജിൽ നിന്ന് സ്റ്റാറ്റിസ്റ്റിക്സിൽ ബിരുദവും ഇടപ്പിള്ളി ഐ എച്ച് ആർ ഡി സെന്ററിൽ നിന്ന് PGDCA-യും എടുത്തു.

2001 ഫെബ്രുവരി 7-നായിരുന്നു വിവാഹം. തൃശ്ശൂർ തൈക്കാട്ട് ഇല്ലത്തു വെച്ചാണ് ചടങ്ങു നടന്നത്.

മക്കൾ: പി. വി. അഞ്ജലി (12.04.2002), പി. വി. അളക (09.01.2006)

ഇത്രയും കുടുംബചരിത്രം.

# ഔഷധശാലാചരിത്രം

# തൃശ്ശൂരിൽ ഒരു വൈദ്യശാല

ആമുഖത്തിൽ നമ്മൾ വായിച്ചതു പോലെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽത്തന്നെ ഇന്ത്യയിലും തുടർന്ന് കേരളത്തിലും ആയുർവേദമരുന്നുകൾ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിയ്ക്കാൻ തുടങ്ങിയിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാവട്ടെ ഒന്നിനു പിന്നാലെ മറ്റൊന്നെന്നപോലെ നിരവധി സംരംഭങ്ങൾ തുടങ്ങിയിരുന്നു. 1914-ൽ തൃശ്ശൂർ ജില്ലയിൽത്തന്നെ സ്ഥാപിയ്ക്കപ്പെട്ട ഇ. ടി. എം. വൈദ്യശാല ഒരുപക്ഷേ ഉണ്ണി മൂസ്സിന് പ്രേരണയായിട്ടുണ്ടാവാം. 1920-ൽ തൃശ്ശൂർ കിഴക്കുമ്പാട്ടുകരയിലെ തന്റെ ഇല്ലത്തിന് സമീപമായി അതേ തൊടിയിൽത്തന്നെ അദ്ദേഹം സ്വന്തം അച്ഛന്റെ നാമധേയത്തിൽ ഒരു ഔഷധ നിർമ്മാണശാല സ്ഥാപിച്ചു. അതാണ് 'ശ്രീനാരായണ ആയുർവേദ ഔഷധശാല'. നന്നെ ചെറുപ്പത്തിൽത്തന്നെ ഭിഷഗ്വരൻ എന്ന നിലയിൽ അംഗീകരിയ്ക്കപ്പെട്ടതുകൊണ്ട് ഉളവായ ആത്മവിശ്വാസം അദ്ദേഹത്തെ ഇതിലേയ്ക്കു നയിച്ചതുമാവാം.

ഉണ്ണി മൂസ്സ് വൈദ്യശാലയ്ക്കു മുൻപിൽ ശിഷ്യന്മാരോടൊപ്പം

പക്ഷേ ഔഷധശാല കുറേ കാലം നടത്തിക്കൊണ്ടു പോവാനുള്ള അവസരം അദ്ദേഹത്തിനു ലഭിച്ചില്ല. 27-ാം വയസ്സിൽ അദ്ദേഹം മരണത്തിനു വശപ്പെടുമ്പോൾ ഔഷധശാല അതിന്റെ ശൈശവദശ പിന്നിട്ടു കഴിഞ്ഞിരുന്നില്ല. തുടർന്നുണ്ടായ പ്രതിസന്ധിയുടെ ഏകദേശചിത്രം അന്ന് നാട്ടുകാർ സമർപ്പിച്ച ആവലാതിപത്രത്തിൽനിന്നു നമുക്കു ലഭിയ്ക്കുന്നുണ്ടല്ലോ. ആ ആവലാതിപത്രത്തിന്റെ അവസാനഭാഗത്തിന് ഒരപേക്ഷയുടെ ഭാവമുണ്ട് എന്ന് ഓർമ്മിയ്ക്കാം: "മൂന്നാമതായി അടിയങ്ങൾക്ക് ഇവിടെ കൂടിയിരിക്കുന്ന മാന്യതിരുമേനികളോടാണ് ഒരപേക്ഷയുള്ളത്. അതു മറ്റൊന്നുമല്ല; ഈ ഇല്ലത്തെ ധനസംബന്ധമായ കാര്യങ്ങളന്വേഷിച്ച് ഇല്ലത്തെ സംരക്ഷിക്കുവാനും, അടിയങ്ങളുടെ ഇല്ലവുമായിട്ടുള്ള ബന്ധം പൂർവ്വാധികം വർദ്ധിപ്പിച്ചു അടിയങ്ങളെ അനുഗ്രഹിക്കുവാനും മറ്റുമായി ഈ ഇല്ലത്തെ ബന്ധുമിത്രങ്ങളിൽ പെട്ട ഒരു തിരുമേനി ഇവിടെ സ്ഥിരമായി എഴുന്നെള്ളി താമസിക്കുമാറാകണമെന്നുള്ളതാണ്. അനന്യശരണന്മാരായ അടിയങ്ങളുടെ ഈ അപേക്ഷ മാന്യന്മാരായ തിരുമേനികൾ ദയയോടുകൂടി സ്വീകരിച്ചു ഞങ്ങളുടെ സങ്കടത്തിനു നിവൃത്തിയുണ്ടാക്കിത്തരുമെന്നു വിശ്വസിച്ചു തൽക്കാലം സമാധാനിച്ചുകൊള്ളുന്നു." ആ സങ്കടനിവൃത്തിയ്ക്കായി നാരായണൻ മൂസ്സിന്റെ ഭാര്യാപിതാവ് വയസ്കര ആര്യൻ നാരായണൻ മൂസ്സ് തന്റെ മൂന്നാമത്തെ മകനെ തൃശ്ശൂർ തൈക്കാട്ടില്ലത്തേയ്ക്ക് നിയോഗിച്ചു.

# വയസ്കരപർവ്വം

വയസ്കര ആര്യൻ നാരായണൻ മൂസ്സിന് അഞ്ചു മക്കളാണ്. ആദ്യത്തെ വിവാഹം എളേടത്ത് തൈക്കാട്ടുനിന്ന്. അതിൽ രണ്ടു പെൺകുട്ടികൾ. ആ ഏടത്തിയനിയത്തിമാരെയാണ് തൈക്കാട്ട് നാരായണൻ മൂസ്സ് വേളി കഴിച്ചത്. ആൺസന്തതിയ്ക്കു വേണ്ടി ആര്യൻ നാരായണൻ മൂസ്സ് രണ്ടാമതും വേളികഴിച്ചു. അത് കോട്ടയത്ത് കാടമുറി എന്ന സ്ഥലത്തുള്ള താമരശ്ശേരി ഇല്ലത്തുനിന്നാണ്. അതിൽ മൂന്ന് ആൺമക്കൾ: ആര്യൻ നാരായണൻ മൂസ്സും ആര്യൻ നീലകണ്ഠൻ മൂസ്സും ആര്യൻ ആര്യൻ മൂസ്സും. ഇതിൽ ആര്യൻ ആര്യൻ മൂസ്സാണ് നിരാലംബരായ തൃശ്ശൂർ തൈക്കാട്ട് കുടുംബത്തിലേയ്ക്ക് നിയോഗിയ്ക്കപ്പെട്ടത്. അതിന് മറ്റൊരു കാരണവുമുണ്ടായിരുന്നിരിയ്ക്കണം. ആര്യൻ ആര്യൻ മൂസ്സ് മരുന്നുകളുണ്ടാക്കാൻ വിദഗ്ധനായിരുന്നു. ആസവാരിഷ്ടങ്ങളുടെ നിർമ്മാണക്രമം വിവരിയ്ക്കുന്ന 'ആസവാരിഷ്ടസംഗ്രഹം' എന്ന ഗ്രന്ഥം ഇദ്ദേഹം എഴുതിയതാണ്. മറ്റു രണ്ടു സഹോദരന്മാരിൽ മൂത്ത ആളായ ആര്യൻ നാരായണൻ മൂസ്സ് കവി എന്ന നിലയിൽ പ്രശസ്തനാണ്. ദുര്യോധനവധം ആട്ടക്കഥയുടെ രചയിതാവാണ്. അക്കാലത്തു തന്നെ ജനറേറ്റർ ഉപയോഗിച്ച് വിദ്യുച്ഛക്തി ഉത്പാദിപ്പിച്ച് ഉപയോഗിച്ചിരുന്നു എന്നും പിന്നീട് അത് കോട്ടയം മുനിസിപ്പാലിറ്റിയ്ക്കുള്ള വൈദ്യുതിയത്രയും വിതരണം ചെയ്യുന്നതിലേയ്ക്ക് വളർന്നു എന്നതും ചരിത്രം. ഇതിൽ നിന്ന് എത്രമാത്രം ഉൽപതിഷ്ണു ആയിരുന്നു അദ്ദേഹം എന്ന് ഊഹിയ്ക്കാവുന്നതാണ്. രണ്ടാമത്തെ സഹോദരൻ വൈദ്യവൃത്തിയിൽ പ്രഗത്ഭനായിരുന്നു. രോഗികൾ നിരനിരയായി അദ്ദേഹത്തെ കാത്തിരുന്ന കാഴ്ച ഡോ. ഇ. ടി. നിർമ്മലാദേവി ഓർമ്മിച്ചെടുക്കുന്നുണ്ട്. അപ്പോൾ മരുന്നു നിർമ്മാണത്തിൽ വിദഗ്ധനായ ആര്യൻ ആര്യൻ മൂസ്സാണ് തൃശ്ശൂരിലെ ഔഷധശാല നോക്കാൻ സർവ്വഥാ അനുയോജ്യൻ എന്നത് അവരുടെ അച്ഛന്റെ നിഗമനമാവണം.

വയസ്കര ആര്യൻ ആര്യൻ മൂസ്സ്

അച്ഛന്റെ ഇച്ഛ അനുസരിച്ച് ആര്യൻ ആര്യൻ മൂസ്സ് തൃശ്ശൂരിലെത്തി ഔഷധശാലയിൽ മരുന്നു നിർമ്മാണത്തിന്റെ മേൽനോട്ടം കൈക്കൊണ്ടു. ഒപ്പം തന്നെ രണ്ടു സഹോദരിമാരെയും മരുമകളെയും മരുമകളുടെ അമ്മയേയും സംരക്ഷിയ്ക്കുക എന്ന ചുമതലയും. അക്കാലത്തെ സ്ഥിതി വെച്ചു നോക്കുമ്പോൾ അത് അത്ര ക്ഷിപ്രസാദ്ധ്യമായിരുന്നില്ല. എങ്കിലും തന്നിൽ ഏൽപ്പിയ്ക്കപ്പെട്ട ദൗത്യം ആര്യൻ ആര്യൻ മൂസ്സ് ഭംഗിയായി നിറവേറ്റി എന്നു തന്നെയാണ് കരുതേണ്ടത്. നൂറു വർഷത്തെ ചരിത്രത്തിൽ 14 വർഷം അത്ര ചെറുതല്ല. അതും പിടിച്ചുനിൽക്കാൻ എളുപ്പമല്ലാത്തൊരു കാലഘട്ടം എന്ന നിലയ്ക്ക്. തന്റെ സഹോദരീപുത്രൻ തുടങ്ങി വെച്ച സ്ഥാപനത്തിന് ക്ഷത മേൽക്കാതെ നിലനിർത്തിക്കൊണ്ടു പോന്നു എന്നതാണ് ഔഷധശാലയിൽ ആര്യൻ ആര്യൻ മൂസ്സ് വഹിച്ച ചരിത്രദൗത്യം.

ഈ കാലഘട്ടത്തേക്കുറിച്ച് വിശദമായ വിവരങ്ങളോ രേഖകളോ കിട്ടിയിട്ടില്ല. പ്രതിബന്ധങ്ങൾ ഏറെയുണ്ടായിരുന്നിരിയ്ക്കണം. ഒരിക്കൽ തന്റെ ചുമതലയിൽ അൽപം അസ്വസ്ഥനായിരുന്ന മൂസ്സ് കോട്ടയത്തു ചെന്നുവെന്നും "അമ്മിണിയ്ക്ക് ഒരാളാവുന്നതുവരെ കുഞ്ഞനുജൻ അവിടെ തുടരണം" എന്നു പറഞ്ഞ് അച്ഛൻ അദ്ദേഹത്തെ തിരിച്ചയച്ചുവെന്നും കേൾവിയുണ്ട്.

"അമ്മിണിയ്ക്ക് ഒരാളാവുന്നത്" 1940-ലാണ്. കൃത്യമായി പറഞ്ഞാൽ പുലാമന്തോൾ നാരായണൻ മൂസ്സ് ദേവകിയെ വേളി കഴിച്ച് തൃശ്ശൂരിൽ താമസമാക്കുന്നതോടെ. അതോടെ നാരായണൻ മൂസ്സിനെ സാരഥ്യം ഏൽപ്പിച്ച് ആര്യൻ ആര്യൻ മൂസ്സ് മണാളത്തേയ്ക്കു താമസം മാറ്റി. ഔഷധശാലയുടെ 'വയസ്കര പർവ്വം' അതോടെയാണ് പൂർത്തിയാവുന്നത്.



വയസ്കര ആര്യൻ ആര്യൻ മൂസ്സിന്റെ കൈപ്പട



ആസവാരിഷ്ടയോഗസംഗ്രഹം

"സാരാർത്ഥബോധിനി"

എന്ന

വ്യാഖ്യാനത്തോടു കൂടിയതു്

വ്യാഖ്യാതാവു്

വയസ്കര ആര്യൻ ആര്യൻ മൂസ്സ്

ആസവാരിഷ്ടയോഗസംഗ്രഹത്തിന്റെ പുറംചട്ട

തൃശ്ശൂർ വാസത്തിനിടയിൽ അദ്ദേഹം തൃശ്ശൂർ മണാളത്ത് പാറുക്കുട്ടിയെ വിവാഹം കഴിച്ചു. അവർക്ക് രണ്ടു കുട്ടികളുണ്ടായി: വേണുവും തങ്കവും. ഇതെഴുതുമ്പോൾ വേണു ജീവിച്ചിരിപ്പില്ല. തങ്കം മണാളത്ത് വീട്ടിൽത്തന്നെ താമസിയ്ക്കുന്നുണ്ട്.

ആര്യൻ ആര്യൻ മൂസ്സിന്റെ ജനനം 1896-ലാണ്. അദ്ദേഹം തൃശ്ശൂരിലെത്തിയത് കാലഗണന വെച്ചു നോക്കുമ്പോൾ 30 വയസ്സിലായിരിയ്ക്കണം. 1979-ൽ അദ്ദേഹം മകളുടെ കൂടെ അഹമ്മദാബാദിൽ താമസിയ്ക്കുമ്പോഴാണ് മരണമടഞ്ഞത്. അപ്പോൾ അദ്ദേഹത്തിന് 83 വയസ്സായിരുന്നു.

# തളിർക്കുന്ന ശാഖകൾ

പുലാമന്തോൾ നാരായണൻ മൂസ്സ് തൃശ്ശൂരിൽ എത്തുമ്പോൾ തൃശ്ശൂർ തൈക്കാട്ടെ സ്ഥിതി അത്രയൊന്നും അസൂയാവഹമായിരുന്നില്ല. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ രാജ്യത്തുണ്ടാക്കിയ കടുത്ത ക്ഷാമവും മറ്റു കെടുതികളും തൃശ്ശൂർ തൈക്കാട്ടില്ലത്തെയും സ്വാഭാവികമായി ബാധിച്ചിരുന്നു. പാട്ടപ്പിരിവിൽ വന്ന കുറവു കാരണം നിത്യവൃത്തിയ്ക്കു പോലും ബുദ്ധിമുട്ട് നേരിട്ടിരുന്നു.

സ്ഥാപിച്ചിട്ട് 20 കൊല്ലം കഴിഞ്ഞിരുന്നുവെങ്കിലും ഔഷധശാല അതിന്റെ ബാലാരിഷ്ടതകൾ പിന്നിട്ടിരുന്നില്ല. ഇടക്കാലത്ത് അത്ര സജീവമല്ലാതിരുന്ന മരുന്നു നിർമ്മാണം അൽപം കൂടി ഊർജ്ജിതമായി തുടർന്നത് നാരായണൻ മൂസ്സിന്റെ വരവോടു കൂടിയാണ്. പതിയെപ്പതിയെ വൈദ്യൻ എന്ന നിലയിലും അദ്ദേഹം തൃശ്ശൂരിൽ വേരുകൾ പടർത്താൻ തുടങ്ങി.

തൃശ്ശൂർ ഹൈ റോഡിലുള്ള അഞ്ചു വിളക്കിന്റെ അടുത്തുള്ള ഒരു മുറിയിൽ മൂസ്സ് ക്ലിനിക് ആരംഭിച്ചത് അക്കാലത്താണ്. ഔഷധശാലയുടെ ആദ്യത്തെ ശാഖ എന്നു പറയാവുന്നത് ആ സംരംഭമാണ്. രോഗികളെ പരിശോധിയ്ക്കാനുള്ള സൗകര്യം ഉണ്ടായിരുന്നെങ്കിലും മരുന്നുകൾ അവിടെ ലഭ്യമല്ലായിരുന്നു. പിന്നീട് ഈ ശാഖ തൃശ്ശൂർ എം. ജി. റോഡിലേയ്ക്കു (പഴയനടക്കാവ്) മാറ്റിയതിനു ശേഷമാണ് അതിനുള്ള സൗകര്യം ലഭ്യമാക്കിയത്.

ഔഷധശാലയ്ക്ക് സ്വന്തമായി വാഹനം ഉണ്ടായിരുന്നില്ല അക്കാലത്ത്. മൂസ്സ് ബ്രാഞ്ച് വിസിറ്റിനു പോയിരുന്നത് പൈലോത് എന്ന ഒരാളുടെ കൈറിക്ഷയിലായിരുന്നു. ബ്രാഞ്ച് വിസിറ്റിനു




പി. ടി. നാരായണൻ മൂസ്സിന്റെ ദിനസരിക്കുറിപ്പ്

മാത്രമല്ല തൃശ്ശൂർ പരിസരത്തുള്ള എവിടേയ്ക്കുമുള്ള യാത്ര ആ വാഹനത്തിലായിരുന്നു. പിന്നീട് ധനസ്ഥിതി അൽപം കൂടി മെച്ചപ്പെട്ടപ്പോൾ ഒരു സ്റ്റാൻഡേഡ് സൂപ്പർ ടെൻ കൈവശമാക്കുന്നതു വരെ പൈലോത് ആയിരുന്നു മൂസ്സിന്റെ സ്ഥിരം സാരഥി.

രണ്ടാമത്തെ ശാഖ തുടങ്ങിയത് കണ്ണമ്പ്ര അടുത്തുള്ള ഋഷിനാരദമംഗലത്തായിരുന്നു. അതു പിന്നീട് വടക്കഞ്ചേരിയ്ക്കു മാറ്റി. എല്ലാ ഞായറാഴ്ചയും നാരായണൻ മൂസ്സ് അവിടെ വെച്ച് രോഗികളെ പരിശോധിച്ചിരുന്നു. ഈ ശാഖ പിന്നീട് സി. പി. ശിവദാസൻ എന്ന ആൾ വാങ്ങുകയും ഏജൻസിയായി നടത്തുകയും ചെയ്തു.



1971-ലെ പരസ്യം

ഇതിനിടെ തൃപ്പൂണിത്തുറയിലും ഒറ്റപ്പാലത്തും കുന്നംകുളത്തും ശാഖകൾ തുടങ്ങി. തൃപ്പൂണിത്തുറയിലെ ശാഖ അധികകാലം തുടർന്നില്ല. ഒറ്റപ്പാലത്തും കുന്നംകുളത്തും മൂസ്സിന്റെ തന്നെ ശിഷ്യന്മാരായ എ. എം. വിഷ്ണു നമ്പൂതിരിയും എം. പി. വാസുദേവൻ നമ്പുതിരിപ്പാടും ശാഖാവൈദ്യന്മാരായി നടത്തിക്കൊണ്ടു പോന്നു. ഓട്ടുപാറയിൽ ആലത്തൂർ നമ്പൂതിരിപ്പാടിന്റെ അനുജൻ എ. പി. കെ. നമ്പൂതിരിപ്പാട് തുടങ്ങിവെച്ച ശാഖ പിന്നീട് കൊരവക്കുടി അയ്യപ്പൻ നായർ (കുട്ടൻ നായർ) ഏറ്റെടുത്തു നടത്തി. ഈ മൂന്നു ശാഖകളും ഇപ്പോഴും സജീവമായി പ്രവർത്തിച്ചു വരുന്നുണ്ട്.



എം ജി റോഡിലുള്ള ശാഖ - 2018-ലെ ചിത്രം

പുതിയ ശാഖകളൊക്കെയായി പ്രവർത്തനം തൃശ്ശൂരിനു പുറത്തേയ്ക്കും വ്യാപിച്ചപ്പോൾ ഔഷധശാലയുടെ കാര്യങ്ങൾ നോക്കാൻ താൻ മാത്രം മതിയാവില്ല എന്ന് നാരായണൻ മൂസ്സിന് തോന്നിയിരിയ്ക്കണം.

# പുതിയ ഭരണസംവിധാനം

ഈ കാലഘട്ടത്തിൽ ഇല്ലത്തെ കാര്യസ്ഥതയും വൈദ്യശാലയുടെ നടത്തിപ്പുമൊക്കെയായി മേലേടം എന്ന എം. നാരായണൻ നമ്പൂതിരി പാർത്തിരുന്നു. വൈദ്യശാലയുടെ വളർച്ചയ്ക്കൊത്ത് ഒരു മാനേജരെ ആവശ്യമായി വന്നപ്പോൾ കണ്ണമ്പ്ര വീട്ടിൽ വിവാഹം ചെയ്ത് കിഴക്കുമ്പാട്ടുകരയിൽത്തന്നെ താമസിച്ചിരുന്ന കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിത്തമ്പുരാനെ (കെ. കെ. രാജാ) ക്ഷണിച്ചു വരുത്തി. വനജ ടെക്സ്റ്റൈൽസ് എന്ന സ്ഥാപനത്തിലെ മാനേജർ പദവി ഉപേക്ഷിച്ച് ഇരിയ്ക്കുകയായിരുന്നു അദ്ദേഹം അക്കാലത്ത്. വക്കീൽഭാഗത്തിൽ ബിരുദധാരിയായിരുന്ന അദ്ദേഹത്തിന് വനജയിലെ പ്രവർത്തനപരിചയം മുതൽക്കൂട്ടായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്താണ് ഔഷധശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ക്രമവും ചിട്ടയുമൊക്കെ വരുന്നത്. വിൽപനനികുതി വകുപ്പിൽ സ്ഥാപനത്തെ രജിസ്റ്റർ ചെയ്തതും ആദ്യമായി വിലവിവരപ്പട്ടിക പ്രസിദ്ധീകരിച്ചതും അതിൽപ്പെടുന്നു. ലഭ്യമായ രേഖകൾ പ്രകാരം അദ്ദേഹം അഭിജാതമായ വ്യക്തിത്വം കാത്തുസൂക്ഷിയ്ക്കുന്നതോടൊപ്പം കർക്കശക്കാരനായ ഒരു മേധാവിയും ആയിരുന്നു. ഇത് അദ്ദേഹം എം. നാരായണൻ നമ്പൂതിരിയ്ക്ക് കൊടുത്ത ശാസനക്കത്തിൽനിന്ന് ഗ്രഹിയ്ക്കാവുന്നതാണ്:

കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിത്തമ്പുരാൻ

"S N A ഔഷധശാല
21-9-60

മേലേടത്തെ നാരായണൻ നമ്പൂതിരി അവർകൾക്ക്. ഇവിടെ വൈദ്യശാലയിൽ ഇപ്പോൾ സ്റ്റൊറിന്റെ ചുമതലയാണല്ലോ മേലേടത്തിനെ ഏൽപ്പിച്ചിരിക്കുന്നത്. എന്നാൽ ആയത് മേലേടത്തിന്റെ പലപ്പോഴുമുള്ള അസാന്നിദ്ധ്യം നിമിത്തം വളരെ താറുമാറായ ഒരു അവസ്ഥയിലാണ് ഇപ്പോൾ ഇരിക്കുന്നത് എന്ന് മേലേടത്തിന്ന് അറിയാവുന്നതാണ്. സ്റ്റൊക്ക് റജിസ്ത്ര ശരിയായിട്ടില്ലെന്നുള്ളത് അത്യന്തം ദൗർഭാഗ്യകരമായ ഒരു സംഗതിയാണെന്നുള്ളതും ഞാൻ പറയാതെ തന്നെ അറിയാവുന്നതാണല്ലൊ. ഈ കഴിഞ്ഞ ജൂൺ 30-ാന്തി എടുത്ത സ്റ്റൊക്ക് ലിസ്റ്റും, കണക്കു പ്രകാരമുള്ള ഇരിപ്പും തമ്മിൽ വളരെ വളരെ അന്തരങ്ങൾ ഉള്ളതായും കാണപ്പെടുന്നു. ഇങ്ങിനെ ഒരു നില തുടർന്നുകൊണ്ടു പോയാൽ അത് വൈദ്യശാല നടത്തിപ്പിനെ സാരമായി ബാധിക്കാവുന്ന പല പ്രതീകരണങ്ങളും ഉളവാക്കി തീർക്കുമെന്നുള്ള സംഗതി അവിതർക്കിതമാണ്. ഞാൻ ഈ വൈദ്യശാലയുടെ മാനേജർ ആയിരിക്കുമ്പോൾ ഇത് ഇങ്ങിനെ തുടർന്നുപോകുവാൻ എനിക്ക് അനുവദിക്കാനും നിവൃത്തിയില്ല. അതുകൊണ്ട് താഴെ കാണുന്ന വിധത്തിൽ ചിലത് ചെയ്യുവാൻ ഉദ്ദേശിക്കുന്നു. അതിന് മേലേടത്തിന്റെ അഭിപ്രായം കൂടി അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു.

1) മേലേടം സ്ഥിരമായി ഇവിടെ തന്നെ താമസിച്ച് സ്റ്റൊറിന്റെ എല്ലാ ചുമതലയും കണക്ക് ഉൾപ്പടെ ഏറ്റെടുത്ത് നടത്തുക. ഇടക്കിടക്ക് ഇല്ലത്തു പോകയും, ആ സമയം ഈ ചുമതല വേറെ ആളു കളെ ഏൽപ്പിക്കുകയും ചെയ്യുന്നതു കൊണ്ട് കാര്യങ്ങൾ ശരിയായി നടക്കുന്നില്ല. സാധാരണ യായി നമ്പിയെയാണല്ലോ ഈ കാര്യം ഏൽപ്പിക്കു ന്നത്. എന്നാൽ, അദ്ദേഹത്തിന് അതു വളരെ പ്രയാ സമുള്ളതാണെന്നും അതിൽനിന്ന് ഒഴിവാക്കിക്കി ട്ടണമെന്നും എന്നോട് അദ്ദേഹം പല തവണയായി ആവശ്യപ്പെടുന്നു. മേലേടത്തിന്റെ അഭാവത്തിൽ വേറെ വിശ്വസിച്ചേൽപ്പിക്കാവുന്ന ആരെയും എനിക്ക് തോന്നുന്നുമില്ല. അതുകൊണ്ട് മേലേടം അത്യാവശ്യകാര്യങ്ങൾക്കൊഴിച്ച് ബാക്കി എല്ലാ സമയത്തും ഇവിടെ സ്ഥിരമായി താമസിക്കണമെ ന്നുള്ളത് തീർച്ചയാണ്. ഭാര്യയും കുഡുംബവും ഉള്ള അന്യദേശത്തുകാരനായ ഒരാൾക്ക് ഇവിടെ ചുരുങ്ങിയ ശമ്പളത്തിൽ സ്ഥിരമായി താമസിക്കു ന്നതിനുള്ള ബുദ്ധിമുട്ട് ഞാൻ നല്ലതുപോലെ മന സ്സിലാക്കുന്നുണ്ട്. അതുകൊണ്ടാണ് ഈ വൈദ്യ ശാലയുടെ കഴിവിന്റെ പരമാവധി വരെ ചെയ്തു തരാമെന്നും സ്ഥിരമായി താമസിക്കുന്നതാണെ ങ്കിൽ വൈദ്യശാലക്കടുത്തുതന്നെ ഒരു വീട് വൈദ്യശാല ചിലവിന്മേൽ വാടകക്ക് എടുത്തു തരാമെന്നും പറഞ്ഞത്. പക്ഷെ അതിനെപ്പറ്റി ആലോചിച്ച് മറുപടി പറയാമെന്നു പറഞ്ഞത ല്ലാതെ ഇതുവരെ ഒരു മറുപടിയും പറഞ്ഞില്ല. ഈ കാര്യത്തെപ്പറ്റി അടുത്ത കാലത്ത് കുട്ടഞ്ചേരി ആര്യൻ മൂസ്സ് മേലേടത്തിനോടു സംസാരിച്ചതിൽ വീട്ടുവാടകയും ഇപ്പോഴത്തെ ശമ്പളവും മാത്രം കൊണ്ട് ഇവിടെ താമസിക്കുന്നതിന്ന് സാധിക്കയി ല്ലെന്നും വാടകക്കു പുറമെ ശമ്പളത്തിലും കൂടു തൽ വേണമെന്നുമാണ് മേലേടം അഭിപ്രായപ്പെട്ട ത്. ഇത് ഇന്നത്തെ നിലക്ക് വൈദ്യശാലക്ക് നിർവ്വ ഹിക്കുവാൻ സാധിക്കുന്ന കാര്യമല്ല. അതുകൊണ്ട് ഞാൻ ഒരു കാര്യം ചെയ്യാം. അതായത് മൊത്ത ത്തിൽ ഇന്നത്തെ ശമ്പളത്തിൽ മാസന്തൊറും 25-30 ക. കൂടുതൽ തരാം. അത് വാടകയായി ഉപ യോഗിച്ചാലും വേണ്ടില്ല. എന്തു ചെയ്താലും വേണ്ടില്ല. ഇത് തന്നെ മേലേടത്തിന്റെ കാര്യത്തിൽ ഒരു പ്രത്യേകപരിഗണന എന്ന നിലക്കാണ് ചെയ്യു ന്നത്. കഴിവ് ഉണ്ടായിട്ടല്ല. ഏതായാലും മേൽപ്പ റഞ്ഞ തരത്തിൽ ചെയ്യുവാൻ തീർച്ചപ്പെടുത്തിയിരി ക്കുന്നു. ഇനി ഈ വിധത്തിലായാൽ മേലേട ത്തിന്ന് ഇവിടെ സ്ഥിരമായി താമസിച്ച് സ്റ്റൊറിന്റെ എല്ലാ ചുമതലകളും ഉത്തരവാദിത്തത്തോടുകൂടി ഏറ്റെടുത്ത് നടത്തുവാൻ സാധിക്കുമൊ എന്നാണ് എനിക്ക് അറിയേണ്ടത്. വരുന്ന ഒക്ടോബർ 1-ാന്തിക്ക് മുമ്പ് തീർച്ച വിവരം കിട്ടണം. അതായത് ഒക്ടോബർ 1-ാന്തി മുതൽ നടപ്പിൽ വരണം.

2) മേൽപറഞ്ഞ പ്രകാരം സ്റ്റൊറിന്റെ ചുമതല ഏൽക്കുവാൻ നിവൃത്തിയില്ലാത്ത പക്ഷം എനിക്ക് വേറെ ഒരു സംഗതി പറയുവാനുണ്ട്. ഈ വിഷയം ഞാൻ അനുജൻ മൂസ്സുമായി ആലൊചിച്ച് അദ്ദേഹ ത്തിന്റെ പൂർണ്ണ അനുമതിയോടുകൂടി എഴുതുന്ന താണ്. അതായത്, മേലേടം ഇവിടെ ഇന്നത്തെ നിലയിൽ തന്നെ ബ്രഹ്മസ്വം കാര്യങ്ങൾ വേണ്ടതു പോലെ നോക്കി നടത്തുക. ബ്രഹ്മസ്വം കാര്യങ്ങൾ നോക്കിനടത്തിക്കുന്നതിന്ന് ഒരാൾ അത്യാവശ്യമാ ണെന്ന് മേലേടത്തിന് നല്ല നിശ്ചയമുണ്ടല്ലൊ. അടുത്ത കൊല്ലങ്ങളിൽ അന്വേഷണക്കുറവു നിമിത്തം വളരെ സംഖ്യ പാട്ടബാക്കി പിരിയാനുമു ണ്ട്. അതിനെപ്പറ്റി കുറെയൊക്കെ പരിചയവും ഉണ്ടല്ലൊ. പിന്നെ ഇത്രയും വിശ്വസ്ഥനായ ഒരാളെ മൂസ്സിന് വേറെ കിട്ടുവാനും പ്രയാസമാണ്. മേലേട ത്തിനാണെങ്കിൽ എല്ലാ സമയവും ഇവിടെ ഉണ്ടാ കണമെന്നില്ലാത്ത സ്ഥിതിക്ക് മാസത്തിൽ പത്തൊ, അതിൽ കൂടുതലൊ ദിവസം ഇല്ലത്ത് പോയി താമസിക്കുന്നതിന്നും ഒട്ടും വിരൊധം ഉണ്ടാവില്ല. എല്ലാം കൊണ്ടും അങ്ങനെ ചെയ്യു ന്നത് വളരെ (പ്രത്യേകിച്ച് മൂസ്സിന്ന്) നല്ല ഒരു കാര്യ മാവുമെന്നാണ് എനിക്ക് തോന്നുന്നത്. മാത്രമല്ല വൈദ്യശാലയിൽ നിന്ന് ഒഴിവാക്കുന്ന പക്ഷം മേലേടം ബ്രഹ്മസ്വം കാര്യങ്ങൾ നോക്കി ഇവിടെ ഇപ്പോഴത്തെപ്പോലെത്തന്നെ തുടരണമെന്ന് മൂസ്സിന് അതിയായ താൽപര്യം ഉള്ളതായിട്ടാണ് എനിക്കു തോന്നുന്നത്. കുട്ടഞ്ചേരിയായിട്ടും ആലോചിച്ചതിൽ അദ്ദേഹവും തേനഴി നമ്പൂതി രിയും ഈ അഭിപ്രായത്തോട് യോജിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ ഇങ്ങനെ പറയുവാൻ തന്നെ കാരണം. ഇനി മേലേടം തന്നെ വേണ്ടതു പോലെ ആലോചിച്ച് ഒരു തീർച്ച മറുപടി ഒട്ടും തന്നെ താമസിയാതെ എനിക്ക് തന്നാൽ വളരെ സന്തോഷമാണ്. ഏതായാലും ഈ ഒക്ടോബർ 1-ാന്തി മുതൽക്കെങ്കിലും കാര്യങ്ങൾ ശരിയായ വിധത്തിലാക്കണമെന്നാണ് മോഹം. അതു കൊണ്ട് മറുപടിക്ക് ഒട്ടുംതന്നെ അമാന്തിക്കരുത്.

"S N A ഔഷധശാലക്ക് വേണ്ടി

(ഒപ്പ്)
മാനേജർ"

ഔഷധശാല ജീവനക്കാരുടെ ലഭ്യമായതിൽ വച്ച് ആദ്യത്തെ ഗ്രൂപ്പ് ഫോട്ടോ



ആദ്യകാലത്തെ ശമ്പളപ്പട്ടിക

മേലുദ്ധരിച്ച കത്ത് തമ്പുരാന്റെ ഭരണരീതിയിലേയ്ക്ക് വെളിച്ചം വീശുന്നുണ്ട്. ജീവനക്കാരോടുള്ള തമ്പുരാന്റെ സമീപനമാണ് അതിലൊന്ന്. ഒരു കീഴ്ജീവനക്കാരനോട് ഉപയോഗിച്ചിട്ടുള്ള ഭാഷയിലെ മൃദുത്വവും അതേസമയം പുലർത്തുന്ന കാർക്കശ്യവും ശ്രദ്ധിക്കുക. ജീവനക്കാരനിൽനിന്ന് പ്രതീക്ഷിയ്ക്കുന്നത് എന്തെന്ന് വ്യക്തമാക്കുന്നതോടൊപ്പം അയാൾക്ക് അനുവദിയ്ക്കുന്ന വികൽപവും നോക്കുക. പാട്ടബാക്കിയേക്കുറിച്ച് പരാമർശിക്കുന്നതിൽനിന്ന് വൈദ്യശാലയുടെ കാര്യങ്ങൾ മാത്രമല്ല ഇല്ലത്തെ കാര്യങ്ങളിലുള്ള ശുഷ്കാന്തിയും കാണാം. ഒരു ജീവനക്കാരന്റെ വിഷയത്തിൽ സുപ്രധാനമായ ഒരു തീരുമാനമെടുക്കുന്നതിനു മുമ്പ് എത്ര പേരുമായി തമ്പുരാൻ ചർച്ച ചെയ്തിരുന്നു എന്നതും ഈ കത്തിൽനിന്നു വെളിപ്പെടുന്നുണ്ട്. എല്ലാവരേയും തൃപ്തിപ്പെടുത്തുമാറ് ഒരു തീരുമാനം എടുക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ലല്ലോ.

ജനറൽ മാനേജരായി ചുമതലയേറ്റ അദ്ദേഹം ആദ്യമായി ചെയ്തത് ജീവനക്കാർക്ക് ശമ്പളം കൂട്ടിക്കൊടുക്കുകയാണ് എന്ന് തമ്പുരാന്റെ ഭാര്യ പറഞ്ഞിട്ടുള്ളതായി അദ്ദേഹത്തിന്റെ മകൾ രാജേശ്വരി ഓർത്തെടുക്കുന്നുണ്ട്. ഈ കത്തിൽത്തന്നെ "ഒരാൾക്ക് ഇവിടെ ചുരുങ്ങിയ ശമ്പളത്തിൽ സ്ഥിരമായി താമസിയ്ക്കാനുള്ള ബുദ്ധിമുട്ട് ഞാൻ നല്ലതു പോലെ മനസ്സിലാക്കുന്നുണ്ട്" എന്നും "വൈദ്യശാലയുടെ കഴിവിന്റെ പരമാവധി വരെ ചെയ്തു തരാ"മെന്നും തമ്പുരാൻ പറയുന്നുണ്ടല്ലോ. ജീവനക്കാരോടുള്ള അനുഭാവപൂർവ്വമായ സമീപനം ഇതിൽനിന്നു മനസ്സിലാക്കാം.

തമ്പുരാൻ എന്നാണ് ചുമതലയേറ്റത് എന്ന കൃത്യമായ വിവരമൊന്നും ഇതുവരെ ലഭിച്ചിട്ടില്ലെങ്കിലും 1957-ലാവും എന്ന് അനുമാനിയ്ക്കുന്നു. 1958 ഒക്ടോബറിലെ ഹാജർപ്പട്ടികയിലും ശമ്പളപ്പട്ടികയിലും അദ്ദേഹത്തിന്റെ കയ്യൊപ്പു കാണാനുണ്ട്. ഔഷധശാലാ കെട്ടിടത്തിന്റെ ഇടത്തു വശത്തുള്ള മുറിയിൽ ആയിരുന്നു തമ്പുരാന്റെ ഇരിപ്പ്. കൊല്ലം കൃത്യമായി കണ്ടെത്താനായിട്ടില്ലെങ്കിലും ഔഷധശാലാ ജീവനക്കാരുടെ ഗ്രൂപ്പ് ഫോട്ടോ

എന്ന ഗണത്തിൽ ഏറ്റവും ആദ്യത്തേതായി അനുമാനിയ്ക്കപ്പെടുന്നത് കുഞ്ഞുണ്ണിത്തമ്പുരാൻ ജനറൽ മാനേജരായി ഇരിയ്ക്കുന്ന കാലത്ത് എടുത്ത ചിത്രമാണ്.

മാങ്ങൻ എന്നു പേരുള്ള ഒരു കൈറിക്ഷക്കാരന്റെ വണ്ടിയിലായിരുന്നു സ്ഥിരം യാത്ര. കൈറിക്ഷക്കാർക്കും മറ്റും അവർ ചോദിയ്ക്കുന്നതിലും അധികം കൂലി കൊടുത്തിരുന്നുവെന്നും അതുകൊണ്ടു തന്നെ അത്തരക്കാർക്ക് തമ്പുരാനെ വലിയ ഇഷ്ടമായിരുന്നു എന്നും മക്കൾ ഓർമ്മിയ്ക്കുന്നു. ഇതുമായി ബന്ധപ്പെട്ട് രസകരമായ ഒരു സംഭവം അവർ വിവരിയ്ക്കുന്നുണ്ട്: തമ്പുരാൻ മരിച്ച സമയത്ത് നല്ലങ്കരയിൽനിന്ന് ഒരു യാത്രക്കാരനെയും വഹിച്ച് തൃശ്ശൂർക്ക് പോവുകയായിരുന്ന മാത്തു എന്ന കൈറിക്ഷക്കാരൻ കുഞ്ഞുണ്ണിത്തമ്പുരാന്റെ വീടിന്റെ അടുത്തെത്തിയപ്പോൾ മരണവിവരമറിഞ്ഞതും യാത്രക്കാരനെ ഇറക്കിവിട്ട് തമ്പുരാന്റെ മൃതദേഹം കാണാൻ കണ്ണമ്പ്ര വീട്ടിൽ ഓടിയെത്തിയത്രേ. ഈ വിവരം തമ്പുരാന്റെ വീട്ടുകാർ അറിഞ്ഞത് ഇറക്കിവിടപ്പെട്ട ആ യാത്രക്കാരൻ "ആരാണ് ഈ തമ്പുരാൻ" എന്നറിയാൻ വേണ്ടി പിന്നാലെ അവിടെ എത്തിച്ചേർന്നപ്പോഴാണ്.

വലിയ വായനക്കാരനായിരുന്നു തമ്പുരാൻ എന്നും ഇംഗ്ലീഷ് നോവലുകളായിരുന്നു പ്രിയം എന്നും വർത്തമാനത്തിൽ ഒരു രസികനായിരുന്നു എന്നും അദ്ദേഹത്തെ പരിചരിയ്ക്കാൻ ഒരു പാറോലിയും ഒരു മുണ്ടേരും എപ്പോഴും ഒപ്പമുണ്ടായിരുന്നുവെന്നും മക്കൾ പറഞ്ഞ് അറിയുന്നു.

1963 ഫെബ്രുവരി 7-ന് ആകസ്മികമായ ദേഹവിയോഗം സംഭവിയ്ക്കുന്നതു വരെ അദ്ദേഹം സ്ഥാപനത്തിന്റെ ജനറൽ മാനേജറായി തുടർന്നു. മരിയ്ക്കുമ്പോൾ അദ്ദേഹത്തിന് അമ്പത്തൊന്നു വയസ്സേ ആയിരുന്നുള്ളു. (ജനനം: 1911 ഡിസംബർ 30.) തമ്പുരാന്റെ മരണം ഔഷധശാലയ്ക്കുണ്ടാക്കിയ നഷ്ടം ഒരു ജനറൽ മാനേജരുടേതായിരുന്നെങ്കിൽ തൃശ്ശൂർ തൈക്കാട്ട് മൂസ്സ് കുടുംബത്തിന് അത് വളരെ അടുത്ത ഒരു സുഹൃത്തിന്റേതായിരുന്നു.



ഹാജർപ്പട്ടിക

# പ്രബലമാകുന്ന അടിത്തറ

ആലത്തൂർ നാരായണൻ നമ്പൂതിരിപ്പാട്
(എ. പി. എൻ. നമ്പൂതിരിപ്പാട്)

അപ്പോഴേയ്ക്കും ഒരു മാനേജരില്ലാതെ മുന്നോട്ടു പോവാൻ സാദ്ധ്യമല്ലാത്ത വിധം സ്ഥാപനം വളർന്നു കഴിഞ്ഞിരുന്നു. പുതിയ മാനേജരെ അന്വേഷിയ്ക്കുന്നതിനിടയിൽ ഇല്ലത്തു താമസിച്ച് സെന്റ് തോമസ് കോളേജിൽ ബിരുദത്തിനു പഠിച്ചിരുന്ന തേനേഴി ശങ്കരൻ (ടി. എം. ശങ്കരൻ) ആണ് ആലത്തൂർ ഇല്ലത്തെ നാരായണൻ നമ്പൂതിരിപ്പാടിന്റെ പേര് നിർദ്ദേശിച്ചത്. ശ്രീപൂർണ്ണത്രയീശവിലാസം ബാങ്കിലെ ഉദ്യോഗം രാജി വെച്ചതിനു ശേഷം വൈദ്യരത്നം ഔഷധശാലയുടെ മാനേജർ പദവിയും വിട്ടൊഴിഞ്ഞ് ഇരിയ്ക്കുകയായിരുന്നു അദ്ദേഹം. മൂസ്സിന്റെ ക്ഷണം സ്വീകരിച്ച് എ. പി. എൻ. നമ്പൂതിരിപ്പാട് ഔഷധശാലയുടെ ജനറൽ മാനേജറായി 1963 ഏപ്രിൽ 1-ന് ചുമതലയേറ്റു. സ്ഥാപനത്തിന് സുദൃഢമായ ഒരടിത്തറ കൈവന്നത് അദ്ദേഹത്തിന്റെ ഭരണകാലത്താണ്. ഔഷധശാലയുടെ നൂറു വർഷത്തെ ചരിത്രത്തിൽ ഏറ്റവും സംഭവബഹുലവും അൽപം സംഘർഷഭരിതവുമായിരുന്നു അദ്ദേഹത്തിന്റെ ഭരണകാലം എന്നു കൂടി രേഖപ്പെടുത്താതെ വയ്യ.

ആലത്തൂർ നാരായണൻ നമ്പൂതിരിപ്പാടിന്റെ ഭരണകാലത്താണ് ഔഷധശാലയുടെ ക്രയവിക്രയങ്ങൾക്ക് ഒരു വ്യവസ്ഥാപിതരൂപം കൈവന്നത്. കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിത്തമ്പുരാൻ തുടങ്ങിവെച്ചതിന്റെ പൂർത്തീകരണമായിരുന്നു അത്. ജീവനക്കാരെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ ചേർത്തത് ഇദ്ദേഹത്തിന്റെ ഭരണകാലത്താണ്. അവിടെയും നിന്നില്ല. അടിസ്ഥാനസൗകര്യ

ഗ്രൂപ്പ് ഫോട്ടോ 01-02-1972

ങ്ങൾ വികസിപ്പിയ്ക്കുന്നതിലേയ്ക്കും അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഔഷധശാല കെട്ടിടത്തിന്റെ പുനർവിന്യാസമായിരുന്നു. ഇന്ന് നിലവിലുള്ള അടുക്കള അദ്ദേഹം രൂപകൽപന ചെയ്തതാണ്. അക്കാലത്ത് ഇത്രയും വലിയ അടുക്കളയുടെ ആവശ്യമുണ്ടായിരുന്നില്ല എന്നിടത്താണ് അദ്ദേഹത്തിന്റെ ദീർഘദൃഷ്ടി വെളിപ്പെടുന്നത്. മരുന്നു വാങ്ങാൻ വരുന്നവർക്ക് സൗകര്യപ്രദമായി ഇരിയ്ക്കാനുള്ള സംവിധാനം ഉണ്ടാക്കിയതും അദ്ദേഹമാണ്.

അദ്ദേഹത്തിന്റെ കണ്ണ് ഇല്ലത്തേയ്ക്കും തിരിഞ്ഞു. തന്റെ നാട്ടുകാരനായ കുട്ടൻ നായരെ (കൊരവങ്കുടി അയ്യപ്പൻ നായർ) ഇല്ലത്തു കൊണ്ടു വന്നു താമസിപ്പിച്ച് നെല്ലും പച്ചക്കറികളുമടക്കമുള്ള വിപുലമായ കൃഷിയ്ക്ക് നിലമൊരുക്കി. ഇല്ലത്തെ കലവറ പച്ചക്കറികൾ കൊണ്ടു സമൃദ്ധമായത് അക്കാലത്താണ്. തൊഴുത്തിൽ കന്നുകാലികൾ പാൽ ചുരത്തിക്കൊണ്ടു നിന്നതോടെ പാലും മോരും ഇഷ്ടംപോലെയായി. അതോടെ ഇല്ലത്തെ വിഭവദാരിദ്ര്യത്തിന് അന്ത്യമായി.

അഷ്ടവൈദ്യൻ തൃശ്ശൂർ തൈക്കാട്ട് മൂസ്സ് വക
എസ്. എൻ. എ. ഔഷധശാല
മൂസ്പെററ് സർക്കിൾ തൃശ്ശൂർ-5
വടക്കഞ്ചേരി (പാലക്കാട്ട് ഡിസ്ട്രിക്ട്)
വിലവിവരപ്പട്ടിക

1968-ലെ വിലവിവരപ്പട്ടിക

ദീർഘദർശി എന്നതു പോലെ സൂക്ഷ്മദൃക്കുമായിരുന്നു അദ്ദേഹം. ഔഷധശാലയിലേയ്ക്ക് ആവശ്യമായ മേശ-കസേരകൾ വാങ്ങുന്ന കാര്യങ്ങളിൽപ്പോലും അദ്ദേഹത്തിന്റെ ദൃഷ്ടി പതിഞ്ഞിരുന്നു എന്നത് അക്കാലത്ത് അദ്ദേഹം അക്കൗണ്ടന്റ് പി. പോളുമായി നടത്തിയിരുന്ന ആശയവിനിമയത്തിന്റെ രേഖകളിൽനിന്നു വ്യക്തമാണ്. തൊഴിലാളികളുടെ സേവനവേതനവ്യവസ്ഥകൾ ക്രമീകരിച്ചതിലും അദ്ദേഹത്തിന് തന്റേതായ രീതിയുണ്ടായിരുന്നു.

അവിടെയാണ് ഒരുപക്ഷേ അദ്ദേഹത്തിനു പിശകു പറ്റിയതും. സൗഹൃദത്തിന്റെ ഭാഷ അദ്ദേഹത്തിനു വശമായിരുന്നില്ല. സ്ഥിരപ്പെടുത്തിയതും അല്ലാത്തതുമായ പതിനഞ്ചോളം ജീവനക്കാരുടെ പ്രിയം സമ്പാദിയ്ക്കുന്നത് അത്ര ബുദ്ധിമുട്ടുള്ള വിഷയമായിരുന്നില്ല. എന്നിട്ടും അതല്ല സംഭവിച്ചത്. ദിവസക്കൂലിയിൽ നിസ്സാരമായ വർദ്ധന വേണമെന്നും അഞ്ചു വർഷമായി ദിവസവേതനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തണമെന്നുമുള്ള രണ്ട് ആവശ്യങ്ങൾ ജീവനക്കാരിൽനിന്ന് ഉയർന്നുവന്നപ്പോൾ അത് അനുവദിച്ചുകൊടുത്തില്ല. മാത്രമല്ല അവരുമായി ഒരു സംഭാഷണത്തിനു പോലും അദ്ദേഹം തയ്യാറായില്ല. ഫലം: 1971 സെപ്തംബർ 17-ന് ഔഷധശാലയുടെ പടിയ്ക്കൽ ഒരു ചുവന്ന കൊടി ഉയർന്നു.

# സമരം

1971 സെപ്തംബർ 17-ലെ പി. ടി. നാരായണൻ മൂസ്സിന്റെ ദിനസരി ക്കുറിപ്പിൽ അദ്ദേഹം ഇങ്ങനെ എഴുതിയിട്ടുണ്ട്: "ഇന്ന് നമ്മുടെ ഔഷധശാലയിലെ തൊഴിലാളികൾ പണിമുടക്ക് സമരം തുടങ്ങിയിരിയ്ക്കുന്നു. ഇന്ന് മരുന്നു വാങ്ങാൻ വരുന്നവരെ തടയുന്നില്ല. നാളെ തടയുമെന്നാണ് പറയുന്നത്."

അന്നത്തെ എ. ഐ. ടി. യു. സി. നേതാവ് കെ. എ. പോളിന്റെ നിർദ്ദേശപ്രകാരമാണ് സമരം തുടങ്ങിയത്. സമരം തുടങ്ങിയ അന്നുതന്നെ ഔഷധശാലയുടെ പടി അടച്ചുപൂട്ടി എ. പി. എൻ. നമ്പൂതിരിപ്പാട് സ്ഥലം വിട്ടു. തദ്ദേശവാസികളുടെ പിന്തുണയില്ലാതിരുന്നിട്ടും സമരം ഊർജ്ജസ്വലമായി തുടർന്നു. ഇല്ലത്തേയ്ക്കും നിർമ്മാണശാലയിലേയ്ക്കുമുള്ള സാധനക്കടത്തുകൾ തടഞ്ഞുകൊണ്ടായിരുന്നു സമരം മുന്നോട്ടു പോയത്. സജീവമായി പങ്കെടുത്തവർ രണ്ടോ മൂന്നോ പേർ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും ജീവനക്കാർ സമരത്തിൽ ഒറ്റക്കെട്ടായി നിലകൊണ്ടു. എന്നാലും നാൽപ്പതിലധികം ദിവസം പിന്നിട്ടതോടെ ഇതിന് എങ്ങനെയും ഒരു വിരാമമുണ്ടാവണം എന്ന് സമരക്കാർക്കും തോന്നി. മൂസ്സിന്റെ കുടുംബവുമായി അടുപ്പം പുലർത്തിയിരുന്ന കുടുപ്പുള്ളി വാസുദേവൻ നമ്പൂതിരിയുടെ ഒത്താശയോടെ പണിമുടക്കിന്റെ നാൽപ്പത്തിമൂന്നാം ദിവസം സമരനേതാക്കൾ ഉടമസ്ഥന്മാരുടെ സമ്മതത്തോടെത്തന്നെ നാരായണൻ മൂസ്സിന്റെ സഹോദരീഭർത്താ



ഒത്തുതീർപ്പുരേഖ - പുറം 1



ഒത്തുതീർപ്പുരേഖ - പുറം 2

വായ തേനേഴി ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ഇടപെടൽ അഭ്യർത്ഥിച്ചുകൊണ്ട് കുണ്ടൂർകുന്നിലേയ്ക്കു യാത്ര തിരിച്ചു. കുടുപ്പുള്ളി വാസുദേവൻ നമ്പൂതിരി, എൻ. ഗോപാലകൃഷ്ണൻ നായർ, വടക്കൂട്ട് ഗോപാലകൃഷ്ണൻ നായർ, പി. ഉണ്ണിക്കൃഷ്ണൻ, ടി. കൃഷ്ണൻകുട്ടി നായർ, കെ. ശങ്കരൻ നായർ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. തേനേഴി ശങ്കരൻ നമ്പൂതിരിപ്പാട് ഔഷധശാലയുടെ ഭരണം ഏറ്റെടുത്ത് സമരത്തിന് പരിഹാരം കണ്ടെത്തണം എന്നായിരുന്നു ദൗത്യാംഗങ്ങളുടെ അപേക്ഷ. ദീർഘമായ സംഭാഷണത്തിനു ശേഷം ഭരണം ഏറ്റെടുക്കാൻ തയ്യാറല്ല എന്ന് അറിയിച്ചെങ്കിലും തൽസമയത്തെ സ്ഥിതി പഠിച്ച് എല്ലാ ആവശ്യങ്ങൾക്കും പരിഹാരം കാണാമെന്ന് അദ്ദേഹം ഉറപ്പു നൽകി. അന്നു തന്നെ സംഘം തേനേഴി നമ്പൂതിരിപ്പാടിനേയും കൂട്ടി ഔഷധശാലയിൽ തിരിച്ചെത്തി. ആധികാരികമായ വിവരത്തിന് പി. ടി. നാരായണൻ മൂസ്സിന്റെ 1971 ഒക്ടോബർ 29-ലെ ദിനസരിക്കുറിപ്പു തന്നെ നോക്കാം: "ഇന്ന് തേനേഴി നമ്പൂരിയും കുടുപ്പിള്ളിയും കൂടി സംസാരിച്ച് അവസാനിപ്പിയ്ക്കാൻ തീരുമാനിച്ചു. ആലത്തൂര് നമ്പൂതിരിയെ വരുത്തുവാൻ കാറയച്ചു. പക്ഷെ അദ്ദേഹം അവിടെയില്ല എന്നതിനാൽ കാറ് മടങ്ങി വന്നു. വടക്കൂട്ട് ഗോപാലകൃഷ്ണനാണ് പോയിരുന്നത്. വൈകുന്നേരം യൂണിയൻ പ്രസിഡണ്ടിനെ വരുത്തി സംസാരിച്ച് ഒത്തുതീർപ്പിലെത്തി കടലാസ്സ് ഒപ്പിട്ടു. സമരം അവസാനിപ്പിച്ച് പടിയ്ക്കലെ കൊടിയും മറ്റും നീക്കം ചെയ്തു."

ഔഷധശാലയുടെ നൂറു വർഷത്തെ ചരിത്രത്തിൽ ആദ്യത്തേതും അവസാനത്തേതുമായ തൊഴിലാളി സമരത്തിന് അങ്ങനെ പരിസമാപ്തിയായി.

ഉടമസ്ഥൻ പി. ടി. നാരായണൻ മൂസ്സ്, ഷോപ്പ് എംപ്ലോയീസ് അസോസിയേഷൻ പ്രസിഡണ്ട് കെ. എ. പോൾ, ജീവനക്കാരുടെ പ്രതിനിധി ടി. കൃഷ്ണൻകുട്ടി നായർ എന്നിവർ 1971 ഒക്ടോബർ 29-ന് ഒപ്പുവെച്ച



ഒത്തുതീർപ്പുരേഖ - പുറം 3

ഒത്തുതീർപ്പുരേഖയിൽ 9 വ്യവസ്ഥകളുണ്ട്. സ്ഥിരം ജോലിക്കാർക്ക് വാർഷിക ഇൻക്രിമെന്റ് 5 രൂപ വീതവും (1) താൽക്കാലികജീവനക്കാർക്ക് ദിവസക്കൂലി 50 പൈസ വീതവും (2) വർദ്ധിപ്പിയ്ക്കാൻ തീരുമാനമായതായി കാണുന്നുണ്ട്. താൽക്കാലികജീവനക്കാരെ ചില പ്രത്യേകതീയതികളിൽ സ്ഥിരപ്പെടുത്താനും (3) അവർക്ക് 1971 മുതൽക്കുള്ള വിശേഷാവധി മുൻകാലപ്രാബല്യത്തോടെ നൽകാനും (4) തീരുമാനമായി. സമരവുമായി ബന്ധപ്പെട്ട് അച്ചടക്കനടപടിയ്ക്കു വിധേയരായ ചില ജീവനക്കാരെ തിരിച്ചെടുക്കാനും (5) പണിമുടക്കു കാലത്തേയ്ക്ക് സ്ഥിരജീവനക്കാർക്ക് ഒന്നരമാസത്തെ വേതനവും ദിവസക്കൂലിക്കാർക്ക് 75 രൂപ വീതവും കൊടുക്കാനും (6) ബോണസ് തുടങ്ങിയ മറ്റ് ആവശ്യങ്ങളെ സംബന്ധിച്ച് പിന്നീട് കൂടിയാലോചിച്ച് തീരുമാനിയ്ക്കാനും (7) സമ്മതിച്ചതായി ഒത്തുതീർപ്പു വ്യവസ്ഥയിൽ കാണുന്നു. അസോസിയേഷൻ നടത്തിവരുന്ന പണിമുടക്കും പ്രത്യക്ഷനടപടികളും ഉടനടി പിൻവലിയ്ക്കാനും നവംബർ 1 മുതൽ തുടർപ്രവർത്തനം ആരംഭിയ്ക്കാനും തീരുമാനിച്ചതാണ് എട്ടാമത്തേത്. ഇതിനൊക്കെപ്പുറമേയാണ് ഒമ്പതാമത്തെ വ്യവസ്ഥയായി "മാനേജ്മെന്റും തൊഴിലാളികളും തമ്മിലുണ്ടായിരുന്ന തർക്കങ്ങൾ സൗഹാർദ്ദപൂർവ്വം തീർന്ന പരിതസ്ഥിതിയിൽ സ്ഥാപനത്തിന്റെ പുരോഗതിയ്ക്കു വേണ്ടി തൊഴിലാളികൾ സൗഹാർദ്ദപൂർവ്വം പ്രവർത്തിയ്ക്കുന്നതാണെന്ന് അസോസിയേഷനും തൊഴിലാളികൾക്ക് എതിരായി യാതൊരു പ്രതികാര മനോഭാവവും കൂടാതെ സൗഹാർദ്ദപൂർവ്വം പെരുമാറുന്നതാണെന്ന് മാനേജ്മെന്റും നിശ്ചയിച്ചിരിയ്ക്കുന്നു" എന്ന് രേഖപ്പെടുത്തിയിരിയ്ക്കുന്നത്.

നീണ്ടു നിന്ന ചർച്ചകൾക്കൊടുവിൽ രാത്രി രണ്ടു മണിയ്ക്കാണ് ഒത്തുതീർപ്പു രേഖയിൽ ഒപ്പു ചാർത്തിയത്. സ്ഥാപനത്തിലെ അന്തരീക്ഷത്തിൽ പിന്നീട് സംജാതമായ പരസ്പരധാരണാപൂർണ്ണമായ അരനൂറ്റാണ്ടിലേയ്ക്കുള്ള തുല്യം ചാർത്തലായിരുന്നു അത്. അപ്പോൾ ഔഷധശാലയുടെ നൂറു വർഷത്തിൽ പകുതി താണ്ടിക്കഴിഞ്ഞിരുന്നു.

# യന്ത്രമർമ്മരങ്ങൾ

എ. പി. എൻ. നമ്പൂതിരിപ്പാട് പിന്നീട് ഔഷധശാലയിൽ തുടർന്നില്ല. പി. ടി. നാരായണൻ മൂസ്സിന്റെ 1971 ഒക്ടോബർ 29-ലെ ദിനസരിക്കുറിപ്പിൽ ഇങ്ങനെ കാണുന്നു: "ആലത്തൂർ നമ്പൂതിരി ഫോണിൽ വിളിച്ചു. അപ്പോൾ ഈ വിവരം പറഞ്ഞു. അദ്ദേഹത്തിന് തൃപ്തിയായില്ല. കുറച്ച് മുഷിഞ്ഞിരിയ്ക്കുന്നു എന്നാണ് തോന്നിയത്." തുടർച്ചയായ അവധി അപേക്ഷകളിൽ അവസാനത്തേത് നിരസിയ്ക്കപ്പെട്ടതോടെ 1972 ആഗസ്ത് 31-ന് അദ്ദേഹം ജോലിയിൽനിന്ന് സ്വമേധയാ വിരമിച്ചു. അങ്ങനെ അൽപം സംഘർഷഭരിതമെങ്കിലും ഭാവനാപൂർണ്ണമായ ഒരു ഭരണകാലം അവസാനിച്ചു. അതോടെ ഒരു പുതിയ സാരഥിയുടെ ആവശ്യകത ഉയർന്നു.

തന്റെ മുന്നിൽ എത്തിയ ജീവനക്കാരോട് ഔഷധശാലയുടെ സാരഥ്യം ഏറ്റെടുക്കാൻ വിസമ്മതിച്ചുവെങ്കിലും തേനേഴി ശങ്കരൻ നമ്പൂതിരിപ്പാട് തന്റെ മൂന്നാമത്തെ മകൻ നാരായണന്റെ സേവനം ലഭ്യമാക്കാൻ സമ്മതിച്ചു. അങ്ങനെയാണ് ടി. എം. നാരായണൻ അടുത്ത ജനറൽ മാനേജരായി 1973 ഏപ്രിൽ 1-ന് അദ്ദേഹത്തിന്റെ 26-ാം വയസ്സിൽ ഔഷധശാലയിൽ എത്തുന്നത്.

ടി. എം. നാരായണൻ

യദൃച്ഛയാ ചുമലിൽ വീണ ഉത്തരവാദിത്വം. തീരെ പരിചിതമല്ലാത്ത മേഖല. ഒരു ഇരുപത്താറു വയസ്സുകാരന് ഏറ്റെടുക്കേണ്ടി വന്നത് വലിയ ഒരു വെല്ലുവിളിയാണ്. അസംസ്കൃതവസ്തുക്കൾ എത്തിച്ചിരുന്നവർക്ക് കൊടുത്തു തീർക്കാനുള്ള വലിയ സംഖ്യ ഒന്നു മാത്രം മതിയായിരുന്നു വെല്ലുവിളിയുടെ വലിപ്പമറിയാൻ. കൈമുതലായി തയ്യാർ ചെയ്തു വെച്ചിട്ടുള്ള മരുന്നുകൾ ഉണ്ടായിരുന്നുവെങ്കിലും മറ്റു പ്രതിബന്ധങ്ങൾ നിരവധിയുണ്ടായിരുന്നു. വിവിധ വകുപ്പുകളിൽ കുറേ വർഷങ്ങളായി സമർപ്പിയ്ക്കേണ്ട രേഖകളുടെ കുടിശ്ശിക, കുത്തഴിഞ്ഞു കിടക്കുന്ന കണക്കുപുസ്തകങ്ങൾ എന്നിങ്ങനെ വെറും കയ്യോടെ ചുമതലയേൽക്കുന്ന പുതുക്കക്കാരന് വേണ്ടതിലധികം പങ്കപ്പാടുണ്ടായിരുന്നു.

നിലവിലുള്ള സംവിധാനം വെച്ച് ഔഷധശാലയെ മുന്നോട്ടു കൊണ്ടുപോവുന്നത് എളുപ്പമാവില്ല എന്ന് ടി. എം. നാരായണനു ബോദ്ധ്യമായി. മരുന്നിന്റെ ആവശ്യക്കാർക്കു കുറവില്ല. അവർക്ക് വേണ്ടത്ര മരുന്ന് ലഭ്യമാക്കുകയാണ് അത്യാവശ്യമായി ചെയ്യേണ്ടത്. ഔഷധശാലയെ യന്ത്രവൽക്കരിയ്ക്കുക മാത്രമാണ് അതിനുള്ള പരിഹാരം എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. അതിന് കടം എടുക്കുന്നതും അനിവാര്യമാണ്. പക്ഷേ അതിനു മുമ്പ് നിലവിലുള്ള കടം തീർത്തേ മതിയാവൂ. കടുത്ത സാമ്പത്തികനിയന്ത്രണം ഏർപ്പെടുത്തുകയാണ് അദ്ദേഹം ആദ്യം കൈക്കൊണ്ട നടപടി. രണ്ടു

വർഷങ്ങൾക്കുള്ളിൽ കടങ്ങൾ വീട്ടിത്തീർക്കാൻ അദ്ദേഹത്തിനു സാദ്ധ്യമായി.

പിന്നീട് ഔഷധശാലയെ നവീകരിയ്ക്കാനുള്ള പദ്ധതിയുമായി മുന്നോട്ടു പോയി. വിശദമായ ഒരു പ്രോജക്റ്റ് റിപ്പോർട്ടുണ്ടാക്കി കേരള ഫൈനാൻഷ്യൽ കോർപ്പറേഷനെ സമീപിയ്ക്കുകയാണ് അദ്ദേഹം ചെയ്തത്. 1,61,000 രൂപയ്ക്കുള്ള പ്രോജക്റ്റിലെ കെട്ടിടനവീകരണത്തിനുള്ള 61,000 രൂപയുടെ ഭാഗം നിഷേധിച്ച് ഒരു ലക്ഷത്തിനുള്ള വായ്പ അവർ അനുവദിച്ചു. യന്ത്രങ്ങൾ വന്നതോടെ മരുന്നു നിർമ്മാണത്തിന്റെ വേഗവും മാത്രയും ഗണ്യമായി വർദ്ധിച്ചു. വിൽപനയ്ക്കുള്ള പുതിയ കേന്ദ്രങ്ങൾ കണ്ടെത്തുകയായിരുന്നു അടുത്ത നടപടി.

കടുത്ത സാമ്പത്തിക അച്ചടക്കം പാലിയ്ക്കുമ്പോഴും ജീവനക്കാരുമായുള്ള ബന്ധം ഊഷ്മളമായി നിലനിർത്താൻ അദ്ദേഹം നിഷ്കർഷിച്ചുപോന്നു. അവർക്ക് അസംതൃപ്തി ഉണ്ടാക്കുന്ന നടപടികൾ ഒന്നും അദ്ദേഹം കൈക്കൊണ്ടില്ല എന്നു മാത്രമല്ല നിർമ്മാണശാലയോടുള്ള കൂറ് അവരിൽ എല്ലായ്പോഴും നില നിർത്താൻ അദ്ദേഹം ശ്രദ്ധ ചെലുത്തി. ഇതായിരിയ്ക്കണം ടി. എം. നാരായണന്റെ വിജയഗാഥയിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഒരിയ്ക്കൽ കൈ പൊള്ളിയതുകൊണ്ട് അസംസ്കൃതവസ്തുശേഖരണത്തിൽ പറ്റ് എന്ന രീതി അദ്ദേഹം എന്നെന്നേയ്ക്കുമായി നിർത്തലാക്കി. ബാദ്ധ്യത പൂജ്യം എന്നു കാണിയ്ക്കുമ്പോഴും തയ്യാറായ മരുന്നുകളുടെ കനത്ത ശേഖരം സ്ഥാപനത്തിന്റെ അസൂയാവഹമായ ആരോഗ്യസൂചകമായി മാറി.

മുന്നോട്ടുള്ള പാതയിൽ ഇതേ സമയം മറ്റു ചില വിളക്കുകളും തെളിയുന്നുണ്ടായിരുന്നു. മരുന്നു നിർമ്മാണത്തിന്റെ പൂർണ്ണമായ ചുമതല പുതിയേടം ഈശ്വരൻ നമ്പൂതിരി ഏറ്റെടുത്തത് ഇക്കാലത്താണ്. വൈദ്യൻ കല്ലമ്പിള്ളിയുടെ ശിഷ്യനായിരുന്ന ഈശ്വരൻ നമ്പൂതിരി പയ്യന്നൂരടുത്തുള്ള മാത്തിൽ സ്വദേശിയായിരുന്നു. ഔഷധശാലയിൽ താമസിച്ച് ഒരേ സമയം ഇല്ലത്തെ കാര്യസ്ഥതയും മരുന്നുനിർമ്മാണനിയന്ത്രണവും നടത്തി. ഇതിനിടയിൽ രോഗികളെ പരിശോധിയ്ക്കാനും ചികിത്സ നിശ്ചയിയ്ക്കാനും അദ്ദേഹം സമയം കണ്ടെത്തി. ഒരു വ്യക്തിയ്ക്ക് താങ്ങാവുന്നതിലധികം ഭാരമാണ് അദ്ദേഹം സ്വന്തം ചുമലിലേറ്റിയത്. അതേസമയം ഈ മൂന്നു വിഷയങ്ങളിലും അതിന്റേതായ ഗുണമേന്മ നില നിർത്താൻ അദ്ദേഹം അസാമാന്യ

1982–ലെ പരസ്യം

ഗ്രൂപ്പ് ഫോട്ടോ 02-04-1978.

പ്രാഗത്ഭ്യമാണ് കാണിച്ചത്. ഏജൻസികൾക്കായുള്ള അന്വേഷണങ്ങൾ തെരുതെരെ തേടിയെത്തുന്നിടത്തോളം ഔഷധശാലയുടെ യശസ്സ് വ്യാപിച്ചു. മരുന്നുകളുടെ ഗുണമേന്മയേക്കുറിച്ചുള്ള കിടയറ്റ വിശ്വാസമായിരുന്നു അതിനുള്ള കാരണം. മരുന്നു നിർമ്മാണ ശേഷിയാവട്ടെ പെട്ടെന്നു വർദ്ധിപ്പിയ്ക്കാനാവാത്ത സാഹചര്യമായിരുന്നു. അതിനാൽത്തന്നെ ആവശ്യക്കാരെ മുഴുവനും ഊട്ടാനാവാതെ വന്നു. ഇംഗ്ലീഷിൽ സെല്ലേഴ്സ് മാർക്കറ്റ് എന്നു വിശേഷിപ്പിയ്ക്കാവുന്ന ഒരു സ്ഥിതിയിലായിരുന്നു അന്ന് ഔഷധശാല.

ഔഷധശാലയുടെ അന്തരീക്ഷത്തിൽ സംജാതമായ ശാന്തത മറ്റൊരു വിളക്കായിരുന്നു. ഏതു സ്ഥാപനത്തിന്റേയും ഉന്നമനത്തിന് ജീവനക്കാരുടെ തൊഴിൽപരമായ സംതൃപ്തി പ്രധാനമാണെന്ന പാഠം ഉൾക്കൊണ്ടായിരുന്നു മുന്നോട്ടുള്ള ഓരോ കാൽവെയ്പും. വലിയ കുതിച്ചു ചാട്ടങ്ങളൊന്നും പിന്നീട് ഉണ്ടായില്ലെങ്കിലും സമാധാനം പുലർന്ന പത്തു വർഷങ്ങളായിരുന്നു അത്.

ആ പത്തു വർഷങ്ങൾക്കു ശേഷം മറ്റു ചില സുപ്രധാനമാറ്റങ്ങളും സംഭവിച്ചു.

1984-ലെ പരസ്യം



മെഷിൻ റൂമിന്റെ ചിത്രം

# പുതിയ അവകാശി

ഔഷധശാലയിൽ സമാധാനാന്തരീക്ഷം പുലർന്നുവെങ്കിലും പിന്നിട്ട പത്തു വർഷത്തിനിടയിൽ ഉടമസ്ഥനും മാനേജരും തമ്മിൽ അല്ലറചില്ലറ അസ്വാരസ്യങ്ങൾ നാമ്പെടുത്തിരുന്നു. ദൈനന്ദിനപ്രവർത്തനത്തെ ബാധിയ്ക്കുന്ന മട്ടിലൊന്നും അതു വളർന്നില്ലെങ്കിലും ഔഷധശാലയുടെ പിൻതുടർച്ചയേപ്പറ്റി ഗൗരവമുള്ള ചർച്ചകൾക്ക് അത് ഇടയാക്കി. നാരായണൻ മൂസ്സ്-ദേവകി അന്തർജ്ജനത്തിന് കുട്ടികളില്ലാത്തതുകൊണ്ട് ദത്തെടുക്കുക എന്ന വിഷയത്തിലേയ്ക്ക് ചർച്ചകൾ എത്തിപ്പെട്ടു. എങ്കിൽ അത് ഒരു വൈദ്യകുടുംബത്തിൽനിന്നായിരിയ്ക്കും അഭികാമ്യം എന്ന ചിന്ത ആലത്തിയൂർ നമ്പിയില്ലത്തേയ്ക്കും നയിച്ചു.

അങ്ങനെ 1984-ൽ നാരായണൻ നമ്പി-ശ്രീദേവി ദമ്പതികളുടെ രണ്ടാമത്തെ മകൻ വാസുദേവനെ തൈക്കാട്ടില്ലത്തേയ്ക്ക് ദത്തെടുത്തു. ജഡ്ജി പാറക്കുന്നത്ത് നാരായണൻ നമ്പൂതിരിയും വേണാട്ട് നാരായണൻ വക്കീലുമാണ് ഈ ദത്തെടുക്കലിന് ഉപദേശവും സഹായവും നൽകിയത്. അന്ന് എട്ടാം ക്ലാസ്സ് വിദ്യാർത്ഥിയായിരുന്നു വാസുദേവൻ. സ്കൂൾ-പ്രീ ഡിഗ്രി പഠനങ്ങൾ പൂർത്തിയാക്കിയ വാസുദേവൻ വൈദ്യപഠനത്തിന് വൈദ്യരത്നം ആയുർവേദ കോളേജിൽ ചേർന്നു. അക്കാലത്തു തന്നെ വാസുദേവൻ ഔഷധശാലയുടെ ദൈനന്ദിനപ്രവർത്തനങ്ങൾ മനസ്സിലാക്കാൻ തുടങ്ങി. അതോടെ ഉടമസ്ഥന്റെ നേരിട്ടുള്ള സാന്നിദ്ധ്യത്തിന്റെ അഭാവം എന്ന പോരായ്മയ്ക്ക് വിരാമമായി. ഏതു നീക്കത്തിനും ലക്ഷ്യബോധവും ചൈതന്യവും വന്നു ചേർന്നു.

രണ്ടാമത്തെ മാറ്റം ആലത്തിയൂർ നാരായണൻ നമ്പി 1988-ൽ ഔഷധശാലയുടെ ചീഫ് ഫിസിഷ്യനായി ചുമതലയേറ്റതാണ്. കുട്ടഞ്ചേരി മൂസ്സിന്റെയും പി. ടി. നാരായണൻ മൂസ്സിന്റെയും ശിഷ്യനായിരുന്ന അദ്ദേഹം പണ്ടു മുതലേ ഔഷധശാലയുടെ സഹചാരിയായിരുന്നു. അറുപതുകളുടെ ഒടുക്കത്തിലും എഴുപതുകളിലും മാത്രമാണ് അദ്ദേഹം ഔഷധശാലയിൽനിന്ന് വിട്ടുനിന്നത്. സ്ഥാപനത്തിൽ ഉണ്ടായിരുന്ന കാലത്ത് കുട്ടഞ്ചേരി മൂസ്സിനൊപ്പം നിരവധി പ്രഗത്ഭരെ ചികിത്സിയ്ക്കുന്നതിൽ അദ്ദേഹം പങ്കാളിയായിരുന്നു. 1978-ൽ കോട്ടക്കൽ ആര്യവൈദ്യശാലയിലെ അസിസ്റ്റന്റ് ഫിസിഷ്യനായി ചുമതലയേറ്റ നമ്പി പത്തു വർഷം അവിടത്തെ ചികിത്സാപരിചയം നേടിയതിനു ശേഷമാണ് ഔഷധശാലയിൽ തിരിച്ചെത്തുന്നത്. ചികിത്സാരംഗത്ത് തന്റേതായ പദ്ധതിയും പ്രശസ്തിയും ഉണ്ടായിരുന്നു അദ്ദേഹത്തിന്. ഔഷധശാല കഷായങ്ങൾ നിർമ്മിയ്ക്കാൻ തുടങ്ങിയത് നമ്പിയുടെ വരവിനു ശേഷമാണ്. സ്ഥാപനത്തിന്റെ വിറ്റുവരവിൽ അത് വലിയ വർദ്ധനയുണ്ടാക്കി. ശാഖകളിൽ രോഗികളെ പരിശോധിയ്ക്കുന്നത് അപ്പോഴേയ്ക്കും രോഗഗ്രസ്തനായിരുന്ന പി. ടി. നാരായണൻ മൂസ്സിൽ നിന്ന് നമ്പി ഏറ്റെടുത്തു.

ഒന്നിനു പിന്നാലെ മറ്റൊന്ന് എന്ന മട്ടിലുള്ള ഈ മുന്നേറ്റങ്ങൾ നടന്ന ഈ രണ്ടു ദശകങ്ങളെ ഔഷധശാലയുടെ സുവർണ്ണകാലം എന്നു വിശേഷിപ്പിയ്ക്കാം. എന്നാൽ അത് അവസാനമായിരുന്നില്ല; സ്ഥാപനം അതിന്റെ എഴുപത്തഞ്ചാം വർഷത്തിന്റെ വാതിൽക്കലെത്തുമ്പോൾ മറ്റൊരു വഴിത്തിരിവ് ഔഷധശാലയെ കാത്തിരിയ്ക്കുന്നുണ്ടായിരുന്നു.

വാസുദേവൻ മൂസ്സിനെ ദത്ത് എടുത്തപ്പോഴത്തെ ചിത്രം

# വികസനകാലം

വലിയ സ്വപ്നങ്ങൾ കാണാനുള്ള ശേഷി ഔഷധശാലയ്ക്ക് നഷ്ടപ്പെട്ടു പോയോ എന്ന് ശങ്കിയ്ക്കുന്ന കാലത്താണ് നെതർലാന്റിലുള്ള മഹർഷി മഹേശ് യോഗിയുടെ ആശ്രമത്തിലേയ്ക്ക് മരുന്നുകൾ ആവശ്യപ്പെട്ട് സന്ദേശം എത്തുന്നത്. അവിടത്തെ ചുമതലക്കാരനായിരുന്ന എം. മോഹൻദാസ് വഴിയാണ് അതു വരുന്നത്. മാത്രമല്ല മഹേശ് യോഗിയടക്കമുള്ള അവിടത്തെ രോഗികളെ പരിശോധിയ്ക്കാനും ചികിത്സിയ്ക്കാനുമുള്ള അവസരവും കൈവന്നു. ആലത്തിയൂർ നാരായണൻ നമ്പിയുടെ സേവനവും അവിടെ ആവശ്യമായി വന്നു. മരുന്നുകൾ വലിയ തോതിൽ ഉൽപ്പാദിപ്പിച്ചാലേ അവരുടെ ആവശ്യങ്ങൾ നിറവേറ്റാനാവൂ എന്ന നില വന്നപ്പോൾ ഉൽപ്പാദനപ്രക്രിയയിൽ കാര്യമായ മാറ്റങ്ങൾ വരുത്താൻ ഔഷധശാല നിർബ്ബന്ധിതമായി. മരുന്നുൽപ്പാദനം കൂടുതൽ യന്ത്രവൽക്കരിയ്ക്കേണ്ടതായി വന്നു. സ്റ്റീം ബോയിലർ സ്ഥാപിയ്ക്കാനും സ്ഫുടം ചെയ്യാനുള്ള സംവിധാനം വിപുലീകരിയ്ക്കാനും നടപടികൾ വന്നു. അപ്പോഴേയ്ക്കും ഔഷധശാലയുടെ മാർക്കറ്റിങ്ങ് മാനേജർ ആയി ചുമതലയേറ്റ എ. ജയകൃഷ്ണൻ ആണ് ഈ മുന്നേറ്റങ്ങൾക്ക് ചുക്കാൻ പിടിച്ചത്.

Since 1920

നിർമ്മാണ-വിതരണരംഗം ത്വരിതമാക്കാൻ യുവത്വത്തിന്റെ സഹജമായ തിളപ്പോടെ അദ്ദേഹം മുൻകൈ എടുത്തതോടെ സ്ഥാപനത്തിന്റെ വിറ്റുവരവിൽ വൻ കുതിപ്പാണ് ഉണ്ടായത്. നിലവിലുള്ള ഭൂവിസ്തൃതിയിൽ ഒതുങ്ങി നിന്നുകൊണ്ടുതന്നെ കെട്ടിടത്തിന്റെ പുനർവിന്യാസത്തിലൂടെ വലിയൊരളവിൽ സ്ഥലപരിമിതി നേരിടാൻ കഴിഞ്ഞതും നേട്ടമായി. മരുന്നുൽപ്പാദനം കൂട്ടാൻ പ്രവർത്തനം രണ്ടു ഷിഫ്റ്റിലേയ്ക്കും ഒട്ടിട മൂന്നു ഷിഫ്റ്റിലേയ്ക്കും തിരിച്ചുവിട്ടു.

എസ് എൻ എ - ഒരു പഴയ ചിത്രം

വൈകാതെ ഔഷധശാല തീവ്രവിപണനരീതികളിലേയ്ക്കു തിരിഞ്ഞു. പുതിയ വിപണനസാദ്ധ്യതകൾ കണ്ടെത്താനായി പ്രതിനിധികളെ നിയമിച്ചതും മരുന്നുവിതരണത്തിന് വാഹനങ്ങൾ വാടകയ്ക്ക് എടുത്തതും ഇക്കാലത്താണ്. ദിവസസമയക്രമം പാലിച്ച് ഔഷധശാലയുടെ വാഹനങ്ങൾ ഏജൻസികളെ ലക്ഷ്യമാക്കി കേരളത്തിൽ തലങ്ങും വിലങ്ങും ഓടാൻ തുടങ്ങി. കൂടുതൽ വാഹനങ്ങൾ ആവശ്യമായപ്പോൾ വാടകവിളി നിർത്തി സ്വന്തം വാഹനങ്ങൾ വാങ്ങിയതും ഔഷധശാലയുടെ സഞ്ചാരവഴികളിലെ നാഴികക്കല്ലായി.

സമാന്തരമായി മറ്റു ചില മാറ്റങ്ങളും നടക്കുന്നുണ്ടായിരുന്നു. അക്കൗണ്ടിങ്ങിനും ബില്ലിങ്ങിനും കംപ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയത് തൊണ്ണൂറുകളുടെ രണ്ടാം പാദത്തിലാണ്. ഇടപാടുകളുടെ പെരുപ്പം അത്തരമൊരു സംവിധാനം അനിവാര്യതയാക്കി മാറ്റിക്കഴിഞ്ഞിരുന്നു. കംപ്യൂട്ടർവൽക്കരണം അത്രയൊന്നും സാർവ്വത്രികമായിക്കഴിഞ്ഞിട്ടില്ലാത്ത കാലത്താണ് ഔഷധശാല അയ്യന്തോളിലുള്ള സി. എൻ. രാജന്റെ ഡാറ്റാ പോയന്റ് എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ അതു നടപ്പിൽ വരുത്തിയത്. ഈ സ്ഥാപനം പിന്നീട് ബിറ്റ്-സൈൻ എന്ന പേരിലും തുടർന്ന് ക്രാഫ്ട്സ് ലാബ് എന്ന പേരിലുമുള്ള സ്ഥാപനങ്ങളായി മാറി സേവനം തുടർന്നു.

ലക്ഷ്മി ഫർണസ് ഓയിൽ ബോയിലർ

മറ്റൊരു മാറ്റം ജീവനക്കാരുടെ നിയമനത്തിലാണ് ഉണ്ടായത്. ഉൽപ്പാദനം വർദ്ധിപ്പിയ്ക്കേണ്ട ആവശ്യം വന്നതോടെ ജീവനക്കാരുടെ എണ്ണം മതിയാവാതെ വന്നു. അനുയോജ്യരായ ജീവനക്കാരെ ലഭിയ്ക്കുന്നതും എളുപ്പമല്ലാതായി വന്നിരുന്നു. കുപ്പി വൃത്തിയാക്കാനും അടിച്ചുതളിയ്ക്കാനും മറ്റുമായി ചില ദിവസക്കൂലിക്കാരായ സ്ത്രീകൾ പണിയെടുത്തിരുന്നുവെങ്കിലും ജീവനക്കാരുടെ പട്ടികയിൽ ഇടം നേടിയിരുന്നില്ല. 1984 ഒക്ടോബർ 1-ന് ആലത്തിയൂർ നാരായണൻ നമ്പിയുടെ സഹധർമ്മിണി കെ. വി. ശ്രീദേവി ജീവനക്കാരുടെ പട്ടികയിൽ കയറിയിരുന്നുവെങ്കിലും ഔഷധശാലയുടെ ചരിത്രത്തിൽ ആദ്യമായി യൂണിഫോമണിഞ്ഞ അംഗനകൾ പണിയെടുത്തു തുടങ്ങിയത് 1998 ഏപ്രിൽ 1-നാണ്. ഇന്നാവട്ടെ ജീവനക്കാരിൽ അഞ്ചിലൊന്നോളം സ്ത്രീകളാണ്.

അടുക്കള

# എസ് എൻ എ എന്ന ചികിത്സാകേന്ദ്രം

പഴനെല്ലിപ്പുറത്തു മൂസ്സ് തൃശ്ശൂരിൽ താമസമാക്കിയ കാലം മുതലേ തൃശ്ശൂർ തൈക്കാട്ട് സ്ഥിരമായ വൈദ്യപരിശോധന നടന്നിരുന്നു. വാസുദേവൻ മൂസ്സും മകൻ നാരായണൻ മൂസ്സും ഭസ്മസിന്ദൂരങ്ങൾ ഉപയോഗിച്ച് ചികിത്സ നടത്തിയിരുന്നു എന്ന് 'സിന്ദൂരമഞ്ജരി'യ്ക്ക് എഴുതിയ മുഖവുരയിൽ പള്ളത്ത് ഇക്കോരൻ കൃഷ്ണൻ രേഖപ്പെടുത്തിയിട്ടുണ്ട്. "തൈക്കാട്ടു നാരായണൻമൂസ്സ് എന്നുള്ള പേർ കേരളമൊട്ടുക്കെന്നല്ല ലോകമാകെത്തന്നെ പരന്നു. രോഗികൾ കുതിരവണ്ടിയും മേനാവും മറ്റുവാഹനങ്ങളുമായി തയ്ക്കാട്ടില്ലത്തുപടിക്കൽ സദാസമയവും കാത്തുനിന്നിരുന്നു" എന്ന് കുടമാളൂർ കെ. കെ. ഗോപാലപിള്ള 'ബ്രഹ്മശ്രീ തൃശ്ശൂർ തൈക്കാട്ട് നാരായണൻ മൂസ്സ്' എന്ന ലേഖനത്തിൽ പറയുന്നുണ്ടല്ലോ.



അഷ്ടവൈദ്യൻ തൃശ്ശൂർ തൈക്കാട്ട് മൂസ്സ് വക

S. N. A. ഔഷധശാല

H. O. മൂസ്സേറോഡ്, തൃശ്ശൂർ–5. ഫോൺ 943

ശാസ്ത്രവിധിപ്രകാരം നിർമ്മിച്ച ആയുർവ്വേദൗഷധങ്ങൾ വിറ്റുവരുന്നു

രോഗികളെ പരിശോധിക്കുന്നതിന്റെ

| വിവരം | സ്ഥലം | സമയം |
|---|---|---|
| അഷ്ടവൈദ്യൻ ശ്രീ കുട്ടഞ്ചേരി ആര്യൻ മൂസ്സ് അവർകൾ (Our patron) | ഹെഡ്ഡാഫീസ് ടി | Eng. മാസം 2-4 ഞായറാഴ്ച 9 to 12 & 3 to 6 p. m. ബ്രാഞ്ച് വിസിറ്റ് ഒഴിച്ചുള്ള സമയം |
| അഷ്ടവൈദ്യൻ ശ്രീ. പി. ടി. നാരായണൻ മൂസ്സ് അവർകൾ (Our Proprietor) | കുന്നംകുളം Br. തൃശ്ശൂർ (W. നടക്കാവ്) ഒറ്റപ്പാലം Br. ഋഷിനാരദമംഗലം Ag. | ബുധനാഴ്ച 4 to 7 p. m. വ്യാഴാഴ്ച 4 to 7 p. m. ശനിയാഴ്ച 9 to 12 & 2 to 5 Eng. മാസം 1-3 ഞായറാഴ്ച 2 to 5 p. m. |
| അഷ്ടവൈദ്യൻ ശ്രീ ആലത്തിയൂർ നാരായണൻനമ്പി അവർകൾ (Our Prop Disciple) | കുന്നംകുളം Br. | ശനിയാഴ്ച 4 to 7 p. m. |

(ഏജൻസി—[illegible]—വടക്കാഞ്ചേരി—ഋഷിനാരദമംഗലം—കണ്ണമ്പ്ര)

1968–ലെ പരസ്യം

നാരായണൻ മൂസ്സിന് മൂന്നു വയസ്സും എട്ടുമാസവും പ്രായമുള്ളപ്പോഴാണല്ലോ അദ്ദേഹത്തിന്റെ അച്ഛൻ വാസുദേവൻ മൂസ്സ് മരണപ്പെട്ടത്. ഇല്ലത്ത് കുറച്ചു കാലം മുതിർന്ന ആണുങ്ങളൊന്നുമുണ്ടായിരുന്നില്ല.

പിതൃസാന്നിദ്ധ്യത്തിന്റെ കാര്യത്തിൽ ഉണ്ണി മൂസ്സിനും അതേ വിധി തന്നെയായിരുന്നു. അദ്ദേഹത്തിന് ഏഴു വയസ്സായിരുന്നപ്പോൾ നാരായണൻ മൂസ്സും മരിച്ചു. എന്നാലും തന്റെ അച്ഛനേപ്പോലെ ത്തന്നെ ഉണ്ണി മൂസ്സും വളരെ ചെറിയ പ്രായത്തിൽത്തന്നെ ഒരു ചികിത്സകൻ എന്ന നിലയിൽ പേരെടുത്തു. ഉണ്ണി മൂസ്സിന്റെ ചികിത്സാവിശേഷങ്ങളേക്കുറിച്ച് അന്യത്ര വിസ്തരിച്ചിട്ടുണ്ടല്ലോ.

തന്റെ കാലഘട്ടത്തിൽ വയസ്കര ആര്യൻ ആര്യൻ മൂസ്സും രോഗികളെ പരിശോധിയ്ക്കുന്നതു തുടർന്നു പോന്നു. പി. ടി. നാരായണൻ മൂസ്സാവട്ടെ ഔഷധശാലയിൽ ഇരുന്നുള്ള പരിശോധകൾക്കു പുറമേ പഴയ നടക്കാവിലുള്ള ശാഖയിൽ പോയി ചികിത്സിയ്ക്കാൻ തുടങ്ങി. കണ്ണമ്പ്രയിലും തുടർന്ന് ആ ശാഖ വടക്കഞ്ചേരിയിലേയ്ക്ക് മാറ്റിയപ്പോൾ അവിടെയും മൂസ്സ് രോഗികളെ പരിശോധിച്ചു വന്നു. തുടർന്ന് ഒറ്റപ്പാലം, കുന്നംകുളം, ഓട്ടുപാറ എന്നീ ശാഖകളിലും അദ്ദേഹം വൈദ്യപരിശോധന നടത്തിയിരുന്നു. ഇത് ആരോഗ്യം ക്ഷയിച്ച് യാത്ര സാദ്ധ്യമല്ലാതാവുംവരെ മുടങ്ങാതെ നടത്തിപ്പോന്നു.

പി. ടി. നാരായണൻ മൂസ്സിന്റെ കാലത്തു തന്നെ അദ്ദേഹത്തിന്റെ ഗുരു കുട്ടഞ്ചേരി ആര്യൻ മൂസ്സ് ഞായറാഴ്ചകളിൽ ഔഷധശാലയിൽ രോഗികളെ പരിശോധിച്ചിരുന്നു. ഔഷധശാലയുടെ മുഖ്യരക്ഷാധികാരിയായിരുന്ന കുട്ടഞ്ചേരി മൂസ്സിനെ കാണാൻ പ്രമുഖരായ പലരും അന്ന് വൈദ്യശാലയിൽ എത്തുമായിരുന്നു.

പുതിയേടം ഈശ്വരൻ നമ്പൂതിരിയും ഔഷധശാലയിൽ വെച്ച് രോഗികളെ പരിശോധിച്ചിരുന്നു. 1988-ൽ ആലത്തിയൂർ നാരായണൻ നമ്പി കോട്ടക്കലിൽ നിന്ന് ഔഷധശാലയിൽ തിരിച്ചെത്തിയപ്പോൾ അദ്ദേഹവും സ്ഥിരമായ വൈദ്യപരിശോധന തുടങ്ങി. മാത്രമല്ല പി. ടി. നാരായണൻ മൂസ്സിനു പകരം ശാഖകളിലെ വൈദ്യപരിശോധനകളും നമ്പി ഏറ്റെടുത്തു. ഇടക്കാലത്ത് നമ്പി മഹർഷി മഹേശ് യോഗിയുടെ വിദേശത്തുള്ള ആശ്രമത്തിലേയ്ക്ക് പോവുമ്പോഴൊക്കെ ഡോ. പി. ടി. എൻ. വാസുദേവൻ മൂസ്സ് അത് നിറവേറ്റിപ്പോന്നു.

ഇപ്പോൾ ആഴ്ചയിൽ അഞ്ചു ദിവസം - തിങ്കൾ മുതൽ വെള്ളി വരെ - ഡോ. പി. ടി. എൻ. വാസുദേവൻ മൂസ്സ് രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ രോഗികളെ പരിശോധിയ്ക്കുന്നു. തിങ്കളും ചൊവ്വയും ഉച്ച തിരിഞ്ഞ് അഞ്ചു മണി മുതൽ ഏഴു മണി വരെയും പരിശോധന നടത്തുന്നുണ്ട്. മറ്റു സമയങ്ങളിൽ ഡോ. കെ. എം. പി. ചാക്യാരും ഡോ. മനീഷ് മോഹനും ഡോ. സൂരജ് എസ്. നായരും രോഗികളെ പരിശോധിയ്ക്കുന്നു.

# കിടത്തിച്ചികിത്സ

കുട്ടഞ്ചേരി ആര്യൻ മൂസ്സ് സന്ദർശിയ്ക്കുന്ന കാലത്തു തന്നെ വളരെ പ്രശസ്തരായ പല വ്യക്തികളും ഔഷധശാലയിൽ ചികിത്സ തേടി എത്തിയിട്ടുണ്ട്. രണ്ടുവട്ടം താൽക്കാലിക പ്രധാന മന്ത്രിയായിരുന്ന ഗുൽസാരിലാൽ നന്ദ അവരിൽ ഒരാളാണ്. അദ്ദേഹം തൃശ്ശൂർ രാമനിലയത്തിൽ താമസിച്ചാണ് ചികിത്സ നടത്തിയത്. കുട്ടഞ്ചേരി മൂസ്സിനെ സഹായിയ്ക്കാനായി ഇ. ടി. നീലകണ്ഠൻ മൂസ്സും (കുട്ടൻ മൂസ്സ്) നിയോഗിയ്ക്കപ്പെട്ടിരുന്നു. 1953 സെപ്തംബർ 30-ന് കേന്ദ്രമന്ത്രിയായിരിയ്ക്കുമ്പോഴാണ് നന്ദ ചികിത്സയ്ക്കെത്തിയത്.

ഗുൽസാരിലാൽ നന്ദ

കുട്ടഞ്ചേരി ആര്യൻ മൂസ്സിന്റെ നേതൃത്വത്തിൽ കേരളത്തിനു പുറത്തു പോയി ചികിത്സിച്ചിട്ടുമുണ്ട്. അക്കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് തിരുവണ്ണാമലയിൽ പോയി രമണമഹർഷിയെ ചികിത്സിച്ചതാണ്. 1950-ലാണ് ഇത്. സഹായികളായി പി. ടി. നാരായണൻ മൂസ്സിനു പുറമേ ടി. പി. രാഘവപിഷാരടിയും ഉണ്ടായിരുന്നു.

കർണാടകത്തിലെ പ്രമുഖവ്യവസായിയും ഡെക്കാൻ ഹെറാൾഡ് ഉടമയുമായ നട്ട ഗെല്ലപ്പയുടെ ചികിത്സ തൃശ്ശൂരിലും ബാംഗളൂരിലും വെച്ച് നടത്തിയിട്ടുണ്ട്. ചികിത്സാസംഘത്തിൽ കുട്ടഞ്ചേരിയ്ക്കു പുറമേ പി. ടി. നാരായണൻ മൂസ്സും ആലത്തിയൂർ നാരായണൻ നമ്പിയുമുണ്ടായിരുന്നു.

ഔഷധശാലയിൽ ചികിത്സയ്ക്കെത്തിയ പ്രമുഖരിൽ ബാപ്പുറാവ് മോഘെ, നാനാജി ദേശ്മുഖ്, മാധവ്റാവ് മോളെ തുടങ്ങിയവർ ഉൾപ്പെടുന്നു. ഗുരുജി ഗോൾവാൾക്കർ തൃശ്ശൂരിൽ എത്തിയപ്പോൾ പി. ടി. നാരായണൻ മൂസ്സ് അദ്ദേഹത്തെ തങ്കപ്പമേനോന്റെ വീട്ടിൽ പോയി കണ്ടതായി മൂസ്സിന്റെ ദിനസരിക്കുറിപ്പുകളിൽ പരാമർശമുണ്ട്. 1972 ജനുവരി 29-നായിരുന്നു അത്. ചികിത്സയ്ക്കാണോ എത്തിയത് എന്ന് വ്യക്തമല്ല. പി. ടി. നാരായണൻ മൂസ്സ് വയനാട്ടിൽ പോയി എം. കെ. ജിനചന്ദ്രനേയും ചികിത്സിച്ചിട്ടുണ്ട്.

കിടത്തിച്ചികിത്സയ്ക്ക് സ്വന്തമായി ഒരു സംവിധാനമില്ലാതിരുന്നത് രോഗീപരിചരണത്തിന് ഒരു പോരായ്മയായിരുന്നു. നിരവധി മാറ്റങ്ങൾക്ക്

നാനാജി ദേശ്മുഖ്

രമണമഹർഷി

സാക്ഷ്യം വഹിച്ച തൊണ്ണൂറുകളിൽത്തന്നെയാണ് ഒരു നേഴ്സിങ്ങ്ഹോം എന്ന ആശയവും ഉരുത്തിരിഞ്ഞു വന്നത്. 1999-ൽ കോഴിക്കോട്ട് പുതിയപാലം എന്ന സ്ഥലത്ത് വാടകയ്ക്ക് എടുത്ത ഒരു കെട്ടിടത്തിലാണ് നേഴ്സിങ്ങ്ഹോം തുടങ്ങിയത്. അത് ഉദ്ഘാടനം ചെയ്തത് കോട്ടക്കൽ ആര്യവൈദ്യശാല മാനേജിങ്ങ് ട്രസ്റ്റി ഡോ. പി. കെ. വാരിയരായിരുന്നു. രണ്ടും മൂന്നും ശനിയാഴ്ചകളിൽ അവണപ്പറമ്പ് മഹേശ്വരൻ നമ്പൂതിരിപ്പാട്,

കോഴിക്കോട് നേഴ്സിങ്ങ് ഹോം
ഡോ. പി. കെ. വാരിയർ ഉദ്ഘാടനം ചെയ്യുന്നു

ആലത്തിയൂർ നാരായണൻ നമ്പി, പി. ടി. എൻ. വാസുദേവൻ മൂസ്സ്, പുതിയേടം ഈശ്വരൻ നമ്പൂതിരി, ടി. ശങ്കരൻ വൈദ്യർ, ഡോ. മൻമോഹൻ, ഡോ. ശശി കീഴാറ്റുപുറം തുടങ്ങിയവരടങ്ങിയ പാനൽ നടത്തിയിരുന്ന വൈദ്യപരിശോധന അക്കാലത്ത് ഏറെ ശ്രദ്ധയാകർഷിച്ചതായിരുന്നു.

പുതിയപാലത്തുള്ള കെട്ടിടം ഉടമസ്ഥൻ തിരിച്ച് ആവശ്യപ്പെട്ടതോടെ ഒരു വർഷത്തിനുള്ളിൽ അവിടത്തെ നേഴ്സിങ്ങ് ഹോം അവസാനിപ്പിയ്ക്കേണ്ടി വന്നു. പക്ഷേ അത് മറ്റൊരു തുടക്കമായിരുന്നു. തൃശ്ശൂരിൽത്തന്നെ ഒരു നേഴ്സിങ്ങ്ഹോം എന്ന ആശയത്തിന് ബലം വെയ്ക്കുന്നത് അതോടെയാണ്. ആധുനികരീതിയിൽ ആകർഷകമായ ഒരു കെട്ടിടം ഔഷധശാലയ്ക്ക് അഭിമുഖമായി ഉയർന്നു. വാസ്തുകം എന്ന സ്ഥാപനത്തിന്റെ ശ്രീനിവാസനായിരുന്നു ശിൽപി. തൃശ്ശൂർ-പാലക്കാട് പാതയിൽ ആരുടെയും ശ്രദ്ധ ആകർഷിയ്ക്കാൻ തക്കവണ്ണമാണ് കെട്ടിടം പണിതത്. ഇതിന്റെ ഉദ്ഘാടനം 2001 ഡിസംബർ 1-ന് അന്നത്തെ ആരോഗ്യമന്ത്രി പി. ശങ്കരൻ നിർവ്വഹിച്ചു.

ആലത്തിയൂർ നാരായണൻ നമ്പി ചീഫ് ഫിസിഷ്യൻ ആയും ഡോ. പി. ടി. എൻ. വാസുദേവൻ മൂസ്സ് അഡീഷണൽ ചീഫ് ഫിസിഷ്യൻ ആയും നേഴ്സിങ്ങ്ഹോം പ്രവർത്തനം തുടങ്ങി. തുടക്കത്തിൽ പി. നാരായണൻകുട്ടി, പി. ഉണ്ണിക്കൃഷ്ണൻ, ഒ. കെ. മാലതിയമ്മ തുടങ്ങിയവരായിരുന്നു തെറാപ്പിസ്റ്റുകൾ.

സ്ഥലപരിമിതിമൂലം വേണ്ടത്ര രോഗികളെ പരിചരിയ്ക്കാനാവാതെ വന്നപ്പോൾ 2003 ജൂൺ 30-ന് മണ്ണുത്തിയിൽ ഒരു കെട്ടിടം വാടകയ്ക്കെടുത്ത് അവിടെയും കിടത്തിച്ചികിത്സ തുടങ്ങി. അക്കാലത്ത് തൃശ്ശൂർ കലക്റ്ററായിരുന്ന ഡോ. വി. എം. ഗോപാലമേനോനാണ് നേഴ്സിങ്ങ് ഹോമിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്തത്. രണ്ടു സ്ഥലങ്ങളിൽ വെച്ചുള്ള പ്രവർത്തനത്തിന് പ്രയാസം നേരിട്ടപ്പോൾ കോട്ടപ്പുറത്ത് വൈദ്യുതിഭവനത്തിന്റെ എതിർവശത്ത് രണ്ടു നിലയുള്ള ഒരു കെട്ടിടം വാടകയ്ക്കെടുത്ത് 2010 ഒക്ടോബർ 17 മുതൽ കിടത്തിച്ചികിത്സ അവിടെ മാത്രമാക്കി. ചീഫ് ഫിസിഷ്യൻ ആലത്തിയൂർ നാരായണൻ നമ്പിയായിരുന്നു ഉദ്ഘാടകൻ.


श्रीः

अथेदानीं भारतस्य आसूत्रण-
मान्त्रपदमलङ्कुर्वतां [illegible] कालनन्दम-
हाशयानां चिरानुषक्तमभ्यासं सपरिष्कारं
यथामति निबध्य संक्षेपतः प्रस्तूयते सुहृ-
दुपत्यार्थमितरेषामायुर्वेदीयानां [illegible]
[illegible]| परिशोधनेन पुनरस्माकञ्च|
अत तावत् सर्वथा वातिकोऽयं
विकारः| यस्य [illegible] नाम्ना निर्धारणं
चिकित्सायामनपेक्षितं [illegible]
ति [illegible]| तस्योपक्रमस्तु स्नेहनस्वे-
दनबृंहणरूपः प्राधान्येन परिगृहीतः, रसायन-
विधानेन यथावसरं परिसमापितश्च|
तत्र निदानानि सामान्यतः काय-
वाक्चेतसामतिप्रवृत्तिः, हीनमात्राशनं, अन्यान्यपि
यथासंभवं ओजोधातुक्षपणकं [illegible]णानि, वि-
शेषतश्च अतिमात्रमासनं, तथा यानयान[illegible]दी-
न्यपानप्रभृति, विषमकार्यचिन्तनादीनि ध्यानप्रभृ-
ति च परिगणितानि| तैरेतैः सामान्यहेतुभिरनु-
गृहीतो विशेषहेतुभिः [illegible] प्रकुपितश्च परम-

ഗുൽസാരിലാൽ നന്ദ - ചികിത്സാനിർദ്ദേശങ്ങൾ

ആരോഗ്യമന്ത്രി പി. ശങ്കരൻ നേഴ്സിങ്ങ് ഹോം ഉദ്ഘാടനം ചെയ്യുന്നു.

മേയർ ജോസ് കാട്ടൂക്കാരൻ നേഴ്സിങ്ങ് ഹോം ഉദ്ഘാടനസമ്മേളനത്തിന് തിരി കൊളുത്തുന്നു

കിഴക്കുമ്പാട്ടുകരയിലെ നേഴ്സിങ്ങ് ഹോം

മണ്ണുത്തിയിലെ നേഴ്സിങ്ങ് ഹോം

കോട്ടപ്പുറത്തെ നേഴ്സിങ്ങ് ഹോം ചീഫ് ഫിസിഷ്യൻ ആലത്തിയൂർ നാരായണൻ നമ്പി ഉദ്ഘാടനം ചെയ്യുന്നു.

കോട്ടപ്പുറത്തെ നേഴ്സിങ്ങ് ഹോം



My stay and treatment at SNA Ayurveda Nursing Home was one of the most peaceful & wonderful. The commitment to the cause of good health of body & mind, through non-destructive means & medicines which are 'natural', exhibited by the head, Dr. Moose, Dr. Devi & Dr. Ebin is highly appreciable. The humility & expertise of the staff with swift & best management of all services is creditable. I am thankful for all that they did to refresh my body & relieve me of problems, within the short time available.

Medha Patkar 12.6.2016

മേധാ പാട്കറുടെ സാക്ഷ്യപത്രം

ഇതിനകം വൈദ്യപരിചരണ രംഗത്ത് ഏറെ യശസ്സ് പിടിച്ചുപറ്റിയ എസ് എൻ എ ആയുർവേദ നേഴ്സിങ്ങ് ഹോമിൽ പരിസ്ഥിതി പ്രവർത്തക മേധാ പാട്കർ, ശിൽപി ബാലൻ നമ്പ്യാർ, ചിത്രകാരന്മാരായ അക്കിത്തം നാരായണൻ, പാരിസ് വിശ്വനാഥൻ, കവി ആറ്റൂർ രവിവർമ്മ, ചലച്ചിത്രസംവിധായകരായ സത്യൻ അന്തിക്കാട്, ബ്ലെസ്സി, രോഷൻ ആൻഡ്രൂസ്, ചലച്ചിത്രനടി കെ. പി. എ. സി. ലളിത തുടങ്ങി നിരവധി പ്രശസ്തർ ചികിത്സ തേടിയെത്തിയിട്ടുണ്ട്.

1998 മുതൽ 2008 വരെ ബോട്സ്വാനയുടെ പ്രസിഡന്റായിരുന്ന ഫെസ്റ്റസ് മൊഗെ (Festus Gontebanye Mogae) ചികിത്സയ്ക്ക് വന്നത് നേഴ്സിങ്ങ് ഹോമിന്റെ പ്രശസ്തിയുയർത്തി. 2018 ജനുവരി 31 മുതൽ ഫെബ്രുവരി 9 വരെയായിരുന്നു ചികിത്സ നടന്നത്.

2005 ഏപ്രിലിൽ ഒമാനിലെ സുൽത്താന്റെ പ്രധാന ഉപദേശകനും അറിയപ്പെടുന്ന വ്യവസായിയുമായ മുഹമ്മദ് അൽ സുബൈറിന്റെ കുടുംബാംഗ

പാരിസ് വിശ്വനാഥന്റെ പെയ്ന്റിങ്ങ്

ബോട്സ്വാനയുടെ മുൻപ്രസിഡണ്ട് ഫെസ്റ്റസ് മോഗെ ചികിത്സയ്ക്കു വന്നപ്പോൾ

മുഹമ്മദ് അൽ സുബൈറിന്റെ കുടുംബാംഗങ്ങളെ ചികിത്സിയ്ക്കാൻ മസ്കറ്റിൽ എത്തിയപ്പോൾ

ങ്ങളെ ചികിത്സിക്കാനായി എസ് എൻ എയിൽ നിന്ന് ഡോക്ടർമാരും തെറാപ്പിസ്റ്റുകളും മസ്ക്കറ്റിൽ പോയിട്ടുണ്ട്. സലാലയിലെ അദ്ദേഹത്തിന്റെ വേനൽക്കാലവസതിയിൽ വെച്ചായിരുന്നു പഞ്ചകർമ്മചികിത്സകൾ നടത്തിയത്. ഇതിനായി ആലത്തിയൂർ നാരായണൻ നമ്പിയും ഡോ. എ. എൻ. നാരായണൻ നമ്പിയും പി. ടി. എൻ. വാസുദേവൻ മൂസ്സും ഒമാനിൽ ഇടവിട്ട് താമസിക്കുകയും ചികിത്സകൾക്ക്

**OFFICE OF THE FORMER PRESIDENT**
Festus G Mogae
**BOTSWANA**

Plot No. 64526
P.O. Box 47722
Phakalane Golf Estate
Mowana Park
PHAKALANE
Phakalane
GABORONE

Telephone: 0267-3909898/393957
Fax: 0267-3909834
fmogae@gov.bw
rhetanang@gov.bw/kmadisda@gov.bw

28th February 2018

**Dr. Ashtavaidyan Moss**
**Chairman & Mahaging Director**
**SNA Oushadhasala Ayurveda Nursing Home**
**Moospet Road, East Fort, Thrissur - 5**
**Kerala**
**INDIA**

Dear Dr. Moss,

I am writing to tell you how grateful I am that you received and hosted me at your Nursing Home in Kerala, India between 31st January and 9th February 2018.

The competency of you and your team was most comforting and I couldn't have been more grateful for the level of care rendered to me. I have gone away with the fondest memories of my visit there, but most importantly, with the firm belief that the work you do is so important and you excel at it.

My family and I will forever cherish your service.

Festus Gontebanye Mogae
**FORMER PRESIDENT OF THE REPUBLIC OF BOTSWANA**

ഫെസ്റ്റസ് മോഗെയുടെ സാക്ഷ്യപത്രം

മേൽനോട്ടം വഹിക്കുകയും ചെയ്തു. സ്ഥാപനത്തിലെ ജീവനക്കാരായ പി. ആർ. രാധേഷ്, എൻ. വി. പ്രീജ, കെ. ഉഷ ശശിധരൻ എന്നിവരാണ് ചികിത്സകൾ നടത്തിയത്. മാർക്കറ്റിങ്ങ് കൺസൾട്ടന്റ് വി. എ. വേണുഗോപാൽ കോ-ഓർഡിനേറ്ററായി അവിടെ താമസിച്ചു.

GOVERNMENT OF KERALA
DEPARTMENT OF LABOUR & SKILLS

Certificate of Excellence

RAJATHA

Awarded to

M/s. *Sna Ayurveda Nursing Home Pvt Ltd*

*Kottappuram Road,*

*Poothole, Thrissur*

Category: *Hospitals*

Labour Regn No: *SH080260020264*

for their overall performance

in Labour Relations and Compliance,

for the year 2017.

Dr.Asha Thomas I.A.S
Additional Chief Secretary

Sri.A.Alexander I.A.S
Labour Commissioner

തൊഴിൽ വകുപ്പിൽനിന്നു ലഭിച്ച സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ്

2005 ജൂലായ് 27-ന് നേഴ്സിങ്ങ് ഹോം പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി രജിസ്റ്റർ ചെയ്തു. വൈദ്യുതി ബോർഡിൽ നിന്നു വിരമിച്ച എം. പി. കൃഷ്ണൻ 2006 ഏപ്രിൽ 1-ന് ജനറൽ മാനേജരായി ചുമതലയേറ്റതോടെയാണ് ആ പേരിലുള്ള പ്രവർത്തനം തുടങ്ങിയത്. ഭരണപരമായ കാര്യങ്ങൾക്ക് ഒരു അടുക്കും ചിട്ടയും ഉണ്ടാക്കിയ ശേഷം അതേ കൊല്ലം നവംബർ 30-ന് അദ്ദേഹം ചുമതലയൊഴിഞ്ഞു. വൈദ്യുതി ബോർഡിൽ എം. പി. കൃഷ്ണന്റെ സഹപ്രവർത്തകനായിരുന്ന കെ. ജി. രഘുനാഥനാണ് അദ്ദേഹത്തിന്റെ പിൻഗാമിയായത്. 2007 ജൂലായ് 31-ന് അദ്ദേഹവും പിരിഞ്ഞതോടെ അതേ കൊല്ലം ആഗസ്ത് 1-ന് കെ. പി. സുബ്രഹ്മണ്യൻ മാനേജരായി ചുമതലയേറ്റു.

2015-ൽ ആലത്തിയൂർ നാരായണൻ നമ്പി മരണപ്പെട്ടതോടെ ഡോ. പി. ടി. എൻ. വാസുദേവൻ മൂസ്സ് ചീഫ് ഫിസിഷ്യനായി. ഇതെഴുതുമ്പോൾ കെ. പി. സുബ്രഹ്മണ്യൻ മാനേജറും ഡോ. ദേവീ നാരായണൻ മെഡിക്കൽ സൂപ്രണ്ടും ഡോ. സൂരജ് എസ്. നായർ മെഡിക്കൽ ഓഫീസറും പി. വി. രൂപജ് ഓഫീസ് അസി




2010-ലെ പരസ്യം

സ്റ്റന്റും രമ്യ രാധാകൃഷ്ണൻ അക്കൗണ്ട്സ് ക്ലർക്കുമാണ്. മൂസ്പെറ്റ് റോഡിലുള്ള കെട്ടിടം രോഗികളെ പരിശോധിയ്ക്കുന്നതിനുള്ള കേന്ദ്രമാക്കി. അവിടത്തെ ഓഫീസ് അസിസ്റ്റന്റ് എ. എം. സിന്ധുവാണ്. ഇപ്പോൾ മാനേജരേക്കൂടാതെ 35 ജീവനക്കാർ നേഴ്സിങ്ങ് ഹോമിലുണ്ട്.

2018 ഒക്ടോബർ 1-ന് കേരള സർക്കാരിന്റെ തൊഴിൽ വകുപ്പിന്റെ Certificate of Excellence in Grading ലഭിച്ചു. ഇപ്പോൾ NABH അക്രഡിറ്റേഷനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിയ്ക്കുന്നു.

# കമ്പനി

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കം ഔഷധശാലയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ളതാണ്. അതുവരെ ഏകഉടമസ്ഥതയിലുള്ള സ്ഥാപനം രണ്ടായിരാമാണ്ട് മാർച്ച് 28-ന് എസ് എൻ എ ഔഷധശാല പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയായി രജിസ്ട്രാർ ഓഫ് കമ്പനീസിൽ രജിസ്റ്റർ ചെയ്യപ്പെട്ടു.

ഏകഉടമസ്ഥതയ്ക്ക് പ്രവൃത്തിപരമായ സൗകര്യവും ലാളിത്യവുമുണ്ടായിരുന്നെങ്കിലും പരിമിതികൾ ഏറെയുണ്ടായിരുന്നു. പ്രധാനമായി മരുന്നുൽപ്പാദനത്തിനുള്ള അനുമതി തന്നെ. ഉടമസ്ഥൻ മരണപ്പെട്ടാൽ ആ നിമിഷം മരുന്നുൽപ്പാദനവും നിർത്തേണ്ടി വരും. അതിന്റെ അപകടസാദ്ധ്യത കണക്കിലെടുത്താണ് സ്ഥാപനം കമ്പനിയാക്കാനുള്ള തീരുമാനമെടുത്തത്.

രണ്ടായിരാമാണ്ട് മാർച്ച് 28-ന് രജിസ്റ്റർ ചെയ്തുവെങ്കിലും അതേ വർഷം ജൂലായ് 3-നാണ് കമ്പനിയായി പ്രവർത്തനം തുടങ്ങിയത്. കമ്പനിയായതോടെ എല്ലാ ലൈസൻസുകളും പുതിയതായി എടുക്കേണ്ടി വന്നു. പി. ടി. നാരായണൻ മൂസ്സ് (ചെയർമാൻ), ദേവകി അന്തർജ്ജനം, പി. ടി. എൻ. വാസുദേവൻ മൂസ്സ് (മാനേ



Form I. R.

**CERTIFICATE OF INCORPORATION**

No. 09 -13798 of 2000

I hereby certify that SNA OUSHADHASALA PRIVATE LIMITED

is this day incorporated under the Companies Act. 1956 (No. 1 of 1956) and that the Company is Limited.

Given under my hand at Kochi

this TWENTY EIGHTH DAY OF MARCH TWO THOUSAND

THE 8TH DAY OF CHAITRA, 1922 (SAKA).

(V. K. G. NAIR)
Asst. Registrar of Companies
KERALA

ജിങ്ങ് ഡയറക്ടർ) എന്നിവരായിരുന്നു ഡയറക്ടർ ബോർഡ് അംഗങ്ങൾ. പി. ടി. എൻ. വാസുദേവൻ മൂസ്സ് വിവാഹിതനായതോടെ അദ്ദേഹത്തിന്റെ പത്നി ജി. സുനിമോൾ കൂടി ഡയറക്ടർ ബോർഡ് അംഗമായി. 2005 നവംബർ 10-ന് പി. ടി. നാരായണൻ മൂസ്സ് അന്തരിച്ചതിനു ശേഷം പി. ടി. എൻ. വാസുദേവൻ മൂസ്സ് ചെയർമാനും മാനേജിങ്ങ് ഡയറക്ടറുമായി പ്രവർത്തിച്ചു വരുന്നു. 2016 മുതൽ വാസുദേവൻ മൂസ്സിന്റെ മക്കളായ പി. വി. അഞ്ജലിയും പി. വി. അളകയും ഓഹരി ഉടമകളായിട്ടുണ്ട്.

എസ് എൻ എ ആയുർവേദ നേഴ്സിങ്ങ് ഹോം ഔഷധശാലയുടെ ഭാഗമായി പ്രവർത്തിച്ചു വരികയായിരുന്നു. 2005 ജൂലായ് 27-ന് എസ് എൻ എ ആയുർവേദ നേഴ്സിങ്ങ് ഹോം പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ കമ്പനിയായി രജിസ്റ്റർ ചെയ്തു. 2006 ഏപ്രിൽ 1-ന് ഔഷധശാലയിൽനിന്നു വേർപെട്ട് കമ്പനിയായി പ്രവർത്തനം തുടങ്ങി. പി. ടി. എൻ. വാസുദേവൻ മൂസ്സ് ചെയർമാനും മാനേജിങ്ങ് ഡയറക്ടറുമായി. ജി. സുനിമോൾ ഡയറക്ടറും.



CERTIFICATE OF INCORPORATION

No. U85110KL2005PTC018472

I hereby certify that SNA AYURVEDA NURSING HOME PRIVATE LIMITED

is, this day, incorporated under the Companies Act, 1956 (No.1 of 1956) and that the Company is limited.

Given under my hand at Kochi,

this TWENTY SEVENTH DAY OF JULY TWO THOUSAND FIVE

THE 05TH DAY OF SRAVANA.1927 (SAKA).

(S.M.AMEERUL MILLATH)
Registrar of Companies
KERALA.

# ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ

ഇരുപത്തിയൊന്നാം ശതകത്തിലേയ്ക്കു പാദമൂന്നുമ്പോഴേയ്ക്കും ഔഷധശാലയ്ക്ക് ആയുർവേദ രംഗത്ത് സവിശേഷമായൊരു സാന്നിദ്ധ്യമായി മാറാൻ കഴിഞ്ഞിരുന്നു. ഔഷധശാലയെ സംബന്ധിച്ചിടത്തോളം ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യത്തെ രണ്ടു ദശകങ്ങൾ സമഗ്രവും ചടുലവുമായ പല മാറ്റങ്ങൾക്കും വഴി തെളിഞ്ഞു. കേവലം മരുന്നുനിർമ്മാണം, വിതരണം, ചികിത്സ എന്നിവയ്ക്കുപരിയായി വൈദ്യശാലയുടെ പ്രവർത്തനമേഖല കൂടുതൽ വിപുലമായത് ഈ കാലഘട്ടത്തിലാണ്. വിദ്യാഭ്യാസം, പ്രായോഗികപരിശീലനം, പുസ്തകപ്രസിദ്ധീകരണം, കയറ്റുമതി, ഗവേഷണം ഇങ്ങനെ പല രീതിയിലും ഔഷധശാലയുടെ പ്രവർത്തനങ്ങൾ വിപുലീകരിയ്ക്കപ്പെട്ടു. ഇതുകൂടാതെ ഔഷധശാലയുടെ ആധുനികവൽക്കരണത്തിനും നടത്തിപ്പിലും പ്രവർത്തനരീതിയിലുമുള്ള പല പരിഷ്കാരങ്ങൾക്കും ഈ ദശകങ്ങൾ സാക്ഷ്യം വഹിച്ചു.

2001 മുതലാണ് ഡിസംബർ ഒന്നാം തിയ്യതി ഔഷധശാലയുടെ സ്ഥാപകദിനം 'ഉണ്ണിമൂസ്സ് ദിനം' എന്ന പേരിൽ ആഘോഷിയ്ക്കാൻ തുടങ്ങിയത്. പിന്നീട് എല്ലാ വർഷവും ഇത് തുടരുന്നു. ഉണ്ണിമൂസ്സ് ദിനം കേവലമൊരു ആഘോഷം എന്നതിനുപരിയായി ആയുർവേദത്തിന്റെ വികസനത്തിനുതകുന്ന രീതിയിൽ ആയുർവേദാചാര്യന്മാരെയും ഗവേഷകരെയും ചികിത്സകരെയും പങ്കെടുപ്പിച്ചു കൊണ്ടുള്ള സെമിനാറായാണ് നടത്തിവരുന്നത്. ആയുർവേദ ഡോക്ടർമാരും കേരളത്തിലെ വിവിധകോളേജുകളിൽ നിന്നുള്ള അദ്ധ്യാപകരും വിദ്യാർത്ഥികളുമടക്കം ആയിരത്തോളം പേർ ഈ സെമിനാറിന് എത്താറുണ്ട്.

2002-ൽ കൊച്ചിയിൽ വെച്ചു നടന്ന വേൾഡ് ആയുർവേദ കോൺഗ്രസ്സിനെത്തിയ ഇറ്റലിയിലെ ആയുർവേദവിദഗ്ധനായ ഡോ. അന്റോണിയോ മൊറാന്റിയുമായി നടത്തിയ ചർച്ചകൾ ഒരു വഴിത്തിരിവായി. ഭാരതീയമായ ഈ മഹദ് ശാസ്ത്രത്തെ യൂറോപ്പിലെ വൈദ്യസമൂഹത്തിന് പരിചയപ്പെടുത്തുന്നതിനായി മൊറാന്റിയുടെ ആയുർവേദിക് പോയിന്റ് എന്ന സ്കൂളുമായി സഹകരിച്ച് ഡോക്ടർമാർക്കും തെറാപ്പിസ്റ്റുകൾക്കുമായി ആയുർവേദകോഴ്സ് തുടങ്ങി. 2004-ൽ ഡോ. എ. എൻ. നാരായണൻ നമ്പി അക്കാദമിക് സർവീസസ് ഡയറക്ടറായി ചുമതലയേറ്റതോടെ ഈ പദ്ധതിയ്ക്ക് ഊർജ്ജം കൈവന്നു. പതിനാറു വർഷമായി ഈ കോഴ്സ് മുടങ്ങാതെ നടന്നു വരുന്നു.

2003-ൽ മെഡിമിക്സ് സോപ്പ് നിർമ്മാതാക്കളായ ചോലയിൽ ഗ്രൂപ്പുമായി (ഇപ്പോൾ എവിഎ ഗ്രൂപ്പ്) മരുന്നു വിതരണത്തിനുള്ള കരാറിൽ ഒപ്പിട്ടത് കോർപ്പറേറ്റ് വിതരണ രംഗത്തേയ്ക്ക് ഔഷധശാലയുടെ കടന്നു വരവിന്റെ നാന്ദിയായി. അതിനുശേഷം പല ക്ലിനിക് ശൃംഖലകൾക്കു വേണ്ടിയും അവരുടെ ബ്രാന്റിൽ മരുന്നുവിതരണം നടത്തിവരുന്നു.

അതുവരെ മരുന്നുനിർമ്മാണച്ചുമതലയ്ക്ക് നേതൃത്വം വഹിച്ചിരുന്ന പുതിയേടം ഈശ്വരൻ നമ്പൂതിരിയ്ക്ക് ഒറ്റയ്ക്ക് കൈകാര്യം ചെയ്യാവുന്ന തിലധികമായിത്തീർന്നിരുന്നു ഔഷധശാലയുടെ പ്രവർത്തനങ്ങൾ. കൂടാതെ പുതിയേടത്തിന്റെ അനാരോഗ്യവും അദ്ദേഹത്തിന്റെ സ്വാഭാവികമായ പ്രവർത്തനശൈലിയ്ക്ക് വിഘാതമായി. ഒറ്റയാൾ നേതൃത്വം എന്ന രീതി ഉപേക്ഷിയ്ക്കാനും ഉൽപ്പാദനപ്രക്രിയ കൂടുതൽ വ്യവസ്ഥാപിതമാക്കാനും തീരുമാനമായി. അങ്ങനെയാണ് 2004-ൽ രാമൻ മുണ്ടനാട് ഫാക്ടറി മാനേജരായി ഔഷധശാലയിൽ എത്തുന്നത്.

2004-ൽ അതുവരെ മരുന്നു നിർമ്മാണത്തിനുപയോഗിച്ചിരുന്ന ഫർണ്ണസ്സ് ഓയിൽ ബോയിലർ ഉയർന്ന പ്രവർത്തനച്ചെലവു കാരണം മാറ്റുകയും പകരം കൂടുതൽ ഇന്ധനക്ഷമതയുള്ള 1.5 ടണ്ണിന്റെ മിർകോ ഫയർവുഡ് ബോയിലർ സ്ഥാപിയ്ക്കുകയും ചെയ്തു. ഇതോടെ മരുന്നുൽപ്പാദനത്തിൽ ഗണ്യമായ വർദ്ധന കൈവരിയ്ക്കാൻ കഴിഞ്ഞു.

മാർക്കറ്റിംഗിന്റെ ഭാഗമായി ആദ്യമായി ഡീലേഴ്സ് മീറ്റ് തുടങ്ങിയത് 2006-ലാണ്. ഔഷധശാലയുടെ മരുന്ന് ജനങ്ങളിലേയ്ക്കെത്തിയ്ക്കുന്ന ഏജൻസികളുമായും അവരുടെ പ്രതിനിധികളായ സെയിൽസ്മാൻമാരുമായും ഡോക്ടർമാരുമായും എല്ലാം അടുത്തിടപഴകുകയും അവരുടെ ആവലാതികളും നിർദ്ദേശങ്ങളും കേട്ട് ഭാവിപ്രവർത്തനങ്ങൾ കുറ്റമറ്റതും സുഗമവും വികസനോന്മുഖവും ആക്കിത്തീർക്കുകയും ചെയ്യുക എന്നതാണ് ഡീലേഴ്സ് മീറ്റിന്റെ ഉദ്ദേശ്യം. കേരളത്തിൽ നിന്നും പുറത്തുനിന്നുമുള്ള ഒട്ടുമിക്ക ഡീലർമാരും ഈ ദിനത്തിൽ സന്നിഹിതരാകാറുണ്ട്. തലേവർഷത്തിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവച്ച ഏജൻസി, സെയിൽസ്മാൻ, മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് മുതലായവർക്ക് വിവിധ പ്രോത്സാഹനസമ്മാനങ്ങൾ ഈ മീറ്റിൽ വെച്ച് നൽകിവരുന്നു. കൂടാതെ വിപണന സാദ്ധ്യതകൾ കൂടുതൽ വിപുലമാക്കാനുള്ള നിർദ്ദേശങ്ങളും ക്ലാസുകളും ഈയവസരത്തിൽ ഡീലേഴ്സിന് നൽകാറുണ്ട്.

2010-ാമാണ്ട് ഔഷധശാലയുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്. 1920-ൽ സ്ഥാപിയ്ക്കപ്പെട്ട ഔഷധശാല 90 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി നവതി ആഘോഷങ്ങൾ ഒരു വർഷം നീണ്ടുനിന്ന വിപുലമായ പരിപാടികളോടെ നടക്കുകയുണ്ടായി. വിദ്യാഭ്യാസസാമൂഹിക പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഉണ്ണിമൂസ്സ് ഫൗണ്ടേഷൻ എന്ന പേരിൽ ഒരു ട്രസ്റ്റ് രൂപീകരിച്ചു.

മരുന്നുനിർമ്മാണം കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി പുതിയൊരു ഫാക്ടറി നിർമ്മിയ്ക്കാൻ 2007-ൽ തൃശ്ശൂരിന് 15 കിലോമീറ്റർ വടക്കുമാറി പൂമല എന്ന സ്ഥലത്ത് ഏഴ് ഏക്കർ സ്ഥലം വാങ്ങുകയും ഫാക്ടറിയ്ക്കുവേണ്ട പ്ലാനുകളും മറ്റും തയ്യാറാക്കുകയും ചെയ്തു. എന്നാൽ ഭീമമായ മുടക്കുമുതൽ ആവശ്യമായ ഈ പ്രോജക്റ്റ് പുനരാലോചനയിൽ ഉപേക്ഷിയ്ക്കുകയാണുണ്ടായത്.

മരുന്നുൽപ്പാദനം വർദ്ധിയ്ക്കുകയും മരുന്നുകൾക്ക് കൂടുതൽ ആവശ്യക്കാരുണ്ടാവുകയും ചെയ്തപ്പോൾ കിഴക്കുമ്പാട്ടുകരയിലുള്ള നിർമ്മാണശാലയുടെ വലിപ്പം പോരാതായി. അസംസ്കൃതവസ്തുക്കൾ കേടുകൂടാതെ സൂക്ഷിയ്ക്കാനുള്ള സൗകര്യം വളരെ പരിമിതമായി. പുതിയ ഭൂമി അന്വേഷിച്ചുകൊണ്ടിരുന്നുവെങ്കിലും പെട്ടെന്ന് ഒത്തുവരാനുള്ള സാദ്ധ്യത കുറവായിരുന്നതുകൊണ്ട് താൽക്കാലികമായ ചില ഏർപ്പാടുകൾ ചെയ്യാൻ തീരുമാനിച്ചു. അങ്ങനെയാണ് 2008-ൽ ഔഷധശാലയ്ക്കടുത്തു തന്നെയുള്ള വേണാട്ടുമനയിലെ നാലുകെട്ട് വാടകയ്ക്കെടുത്ത് അസംസ്കൃതവസ്തുക്കളുടെ ശേഖരം അങ്ങോട്ട്

അരിമ്പൂരിലെ യൂണിറ്റ് കെട്ടിടം 2009-ൽ

അരിമ്പൂരിലെ യൂണിറ്റ് ദേവകി അന്തർജ്ജനം ഉദ്ഘാടനം ചെയ്യുന്നു (2009)

മാറ്റിയത്. മുൻപ് അസംസ്കൃതവസ്തുക്കൾ വെച്ചിരുന്ന സ്ഥലം ചെറിയ മാറ്റങ്ങളോടെ മരുന്നുനിർമ്മാണത്തിന് ഉപയോഗപ്പെടുത്താൻ കഴിഞ്ഞു.

സ്ഥലം അന്വേഷണം തുടർന്നുകൊണ്ടിരുന്നു. അങ്ങനെയാണ് അരിമ്പൂരിലെത്തിയത്. അരിമ്പൂരിൽ പ്രവർത്തനം നിലച്ച് പൂട്ടിക്കിടന്നിരുന്ന സഫ ലെതർ വർക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 50 സെന്റ് സ്ഥലവും ഷെഡ്ഡും വാങ്ങി. 2009 ജനുവരി 22-നാണ് അതു നടന്നത്. അത്യാവശ്യം മരാമത്തു പണികളോടു കൂടി ഇത് പുതുക്കിപ്പണിത് ഔഷധശാലയുടെ പ്രീ-പ്രോസസ്സിങ്ങ് യൂണിറ്റായി പ്രവർത്തിപ്പിച്ചു തുടങ്ങി. 2009 ഫെബ്രുവരി 2-ന് ഇതിന്റെ ഉദ്ഘാടനം നടത്തിയത് കമ്പനി ഡയറക്ടറായ ദേവകി അന്തർജ്ജനമായിരുന്നു.

2017-18 കാലഘട്ടത്തിൽ ഈ കെട്ടിടം നാലു നിലകളായി മാറ്റിപ്പണിതു. ഏറ്റവും ആധുനികമായ സജ്ജീകരണങ്ങളോടെയാണ് ഇത് പണിതിരിയ്ക്കുന്നത്. 2018 മാർച്ച് 17-ന് ഇതിന്റെ ഉദ്ഘാടനം നടത്തിയത് വ്യവസായമന്ത്രിയായിരുന്ന എ. സി. മൊയ്തീനാണ്. ഇന്ന് മരുന്നുസംസ്കരണത്തിനു മുമ്പുള്ള എല്ലാ നിർമ്മാണജോലികളും ഈ യൂണിറ്റിലാണ് നടത്തിപ്പോരുന്നത്.

സമാന്തരമായിത്തന്നെ കിഴക്കുംപാട്ടുകരയിലെ യൂണിറ്റിലും പല വികസനപ്രവർത്തനങ്ങളും നടന്നു. 2011-ൽ മലിനജല ശുദ്ധീകരണശാല സ്ഥാപിച്ചു. 2017-ൽ അടുക്കളയുടെ ആസ്ബസ്റ്റോസ് മേൽക്കൂര പൊളിച്ചുമാറ്റി മെറ്റൽ മേൽക്കൂര സ്ഥാപിച്ചു. മരുന്നു നിർമ്മാണ പ്രക്രിയ കൂടുതൽ സുഗമവും പാരിസ്ഥിതിക സൗഹൃദം, ശുചിത്വം, സുരക്ഷിതത്വം, ഊർജ്ജക്ഷമത മുതലായവ ഉറപ്പുവരുത്തുന്നതും ആക്കാനുള്ള നിരവധി ഭൗതികമാറ്റങ്ങൾ ഇക്കാലയളവിൽ നടപ്പിലാക്കി. 2017-ൽ മിർകോ ബോയിലർ മാറ്റി തെർമാക്സിന്റെ 5 ടൺ കപ്പാസിറ്റിയുടെ ബോയിലർ സ്ഥാപിച്ചു. വിശാലമായ ബോയിലർ

അരിമ്പൂരിലെ നവീകരിച്ച യൂണിറ്റ് വ്യവസായ മന്ത്രി എ. സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു (2018)

അരിമ്പൂരിലെ നവീകരിച്ച യൂണിറ്റ് കെട്ടിടം 2018-ൽ

റൂമും ചിമ്മിനിയും അനുബന്ധ സജ്ജീകരണങ്ങളും ഇതിനായി ഒരുക്കി. ഇതിനോടനുബന്ധിച്ചുതന്നെ 2016-18 കാലഘട്ടങ്ങളിൽ ഇലക്ട്രിക്കൽ റീ വയറിംഗ്, പുതിയ ജനറേറ്റർ, സ്വന്തമായ ഇൻഡോർ ട്രാൻസ്ഫോർമർ മുതലായവയും സ്ഥാപിയ്ക്കുകയുണ്ടായി.

തെർമാക്സ് ഫയർവുഡ് ബോയിലർ

ഇതിനിടയിൽ ഒരു പുതിയ സംരംഭം ചോലയിൽ ഗ്രൂപ്പിന്റെ സഹകരണത്തോടെ തുടങ്ങുകയുണ്ടായി. സഞ്ജീവനം വികസിപ്പിച്ചെടുത്ത കഫ് സിറപ്പിന്റെ വ്യവസായികാടിസ്ഥാനത്തിലുള്ള നിർമ്മാണവും പാക്കിംഗും നിർവ്വഹിയ്ക്കുന്നതിനായി ചോലയിൽ ഗ്രൂപ്പുമായി 2011-ൽ ഉടമ്പടിയിലേർപ്പെട്ടു. അവരുടെ ഫോർമുല പ്രകാരം കഫ്സിറപ്പുണ്ടാക്കി സാഷെ പാക്ക് ചെയ്തു കൊടുക്കുക എന്നതായിരുന്നു ഔഷധശാലയുടെ ദൗത്യം. ഇതിനായി നിർമ്മാണോപകരണങ്ങൾ, പാക്കിംഗ് മെഷീൻ മുതലായവ വാങ്ങുകയും പ്രത്യേകം ഒരു ടീമിനെ നിയോഗിയ്ക്കുകയും ചെയ്തു. ഒരു വർഷത്തിനു ശേഷം ചില സാങ്കേതിക കാരണങ്ങളാൽ ഈ പ്രോജക്റ്റ് ഉപേക്ഷിയ്ക്കപ്പെട്ടു.

2013-ൽ ഔഷധശാല ഗ്രൂപ്പ് ഗ്രാറ്റ്വിറ്റി സ്കീം നടപ്പാക്കി. പിരിഞ്ഞു പോവുന്ന ജീവനക്കാർക്കുള്ള ഗ്രാറ്റ്വിറ്റി ഉറപ്പു വരുത്താൻ ഈ സ്കീം സഹായിയ്ക്കുന്നു.

2014-ൽ ഔഷധശാലയുടെ പ്രയാണത്തിൽ നിർണ്ണായകമായ നാലു പതിറ്റാണ്ടുകാലം സാരഥ്യം വഹിച്ച ജനറൽ മാനേജർ ടി. എം. നാരായണൻ വിരമിയ്ക്കുകയും തൽസ്ഥാനത്തേയ്ക്ക് രാമൻ മുണ്ടനാട് നിയുക്തനാവുകയും ചെയ്തു. നാരായണന് 2014 മാർച്ച് 30-ന് ഔഷധശാല ജീവനക്കാരും കുടുംബാംഗങ്ങളും നാട്ടുകാരുമെല്ലാം ചേർന്ന് ഒരു ദിവസം നീണ്ടുനിന്ന പരിപാടികളോടെ യാത്രയയപ്പു നൽകുകയുണ്ടായി.

2015-ൽ ഔഷധശാല SNA NEWS എന്ന പേരിൽ ഒരു വാർത്താ പത്രം ഇറക്കി. അത് പ്രശസ്ത ചലച്ചിത്രസംവിധായകൻ സത്യൻ അന്തിക്കാടാണ് പ്രകാശനം ചെയ്തത്.

കാലം പിന്നെയും മുന്നോട്ടു പോവുകയാണ്. ഏജൻസികളുടെ എണ്ണം വർദ്ധിച്ചു. കേരളത്തിനു പുറത്ത് പല സ്ഥലങ്ങളിലും മാർക്കറ്റിംഗിനായി പ്രതിനിധികളും വിതരണക്കാരും നിയോഗിയ്ക്കപ്പെട്ടു. പല രാജ്യങ്ങളിലേയ്ക്കും മരുന്നുകൾ കയറ്റുമതി ചെയ്യപ്പെടുന്നു. വിവിധ ദേശങ്ങളിൽ നിന്ന് ആയുർവേദ വിദ്യാഭ്യാസത്തിനായി നിരവധി വിദ്യാർത്ഥികൾ ഇവിടെയെത്തുന്നു.

# SNA NEWS

A Periodical from SNA Oushadhasala &
SNA Ayurveda Nursing Home, Thrissur

| For Private Circulation Only | June 2015 | Volume 1 Issue 1 | E-mail : drmoos@gmail.com




Ashtavaidyan A. N. Narayanan Nambi presented paper on "Kerala Specialty Therapies in Global Health" in International Ayurveda Congress Ayurveda for Global Health on April 11–12, 2015, Roermond, The Netherlands

എസ് എൻ എ ന്യൂസ്

## BRING BACK THE TRADITION OF CLASSICAL MEDICINES

A recent trend in Ayurvedic Medical Practice is the erosion of popularity for Classical Medicines. The scarcity of herbs and reduced profit in the making and selling of these medicines are some of the factors that deter producers from manufacturing these. It is interesting to note in this connection, the result of a recent study. When the records of a ma...

out of d... the sales... account... these 17... analysis... Classical... is at stak... decide n... these p... dimensi... case of d...

of Classical Drugs.

Equally alarming is the fact that, doctors in Ayurveda colleges in and outside our state prescribe less and less of classical medicines. Consequently, the younger generations of students are denied the opportunity to familiarize themselves with the multiple combinations of classical medicines during their study; once they pass out, ...

## CONSULTATIONS IN AYURVEDIC DERMATOLOGY


(ISBN- 978-81-920172-9-7)



Author : Dr. P. M. Madhu MD (Ay)
Assistant Professor, Govt. Ayurveda College, Kannur, Kerala


This new publication presents the Ayurvedic dermatology in a new format by illustrating 32 skin cases from beginning the consultation to the healing phase of that case with the details of all the basic and applied aspects used. Thirty two cases altogether represent most of the clinical variants of skin ailments. The headings poetically illustrate the major complaint. Diagnosis is given in the Western mode probably to give more clarity. Its Ayurvedic profile is well explained in terms of *prakriti, dosha, dhatu, srotas, agni* and *ojus*. The proportionate vitiation of *doshas* is also assessed. Discussion is added to link the clinical analysis to therapeutics. Management is arranged in different phases lasting two or three weeks or even months in accordance with the duration and severity of the illness. The case description ends with remarks on the response of the treatment and follow up analysis. This can be illustrated as a systematic but summarised writing of clinical experiences. In the conclusion the author explains that though these are real experiences they must be taken as examples. Further ... or even in parallel.

... Ayurveda, Applied ... sis of skin diseases, ... with red rashes and

...man M. S, General ... issur, Kerala, India

എസ് എൻ എ ന്യൂസ് സത്യൻ അന്തിക്കാട് പ്രകാശനം ചെയ്യുന്നു

കുടുംബസംഗമം 2010

കുടുംബസംഗമം 2011

കുടുംബസംഗമം 2007 ദേവകി അന്തർജ്ജനം ഉദ്ഘാടനം ചെയ്യുന്നു

# നൂറു തികയുമ്പോൾ

നൂറിന്റെ പടിവാതിൽക്കൽ നിൽക്കുമ്പോൾ ഔഷധശാലയുടെ ചിത്രം ഇങ്ങനെയാണ്:

കിഴക്കുമ്പാട്ടുകരയിലും അരിമ്പൂരിലുമായി രണ്ടു യൂണിറ്റുകളിൽ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നു.

ഈ രണ്ടു യൂണിറ്റുകളിലുമായി 168 ജീവനക്കാർ ഉണ്ട്. അതിൽ 140 പേർ കിഴക്കുമ്പാട്ടുകരയിലും 28 പേർ അരിമ്പൂരിലുമാണ്. ഇതിൽ 33 പേർ സ്ത്രീകളാണ്. യഥാക്രമം 25-ഉം 8-ഉം പേർ.

ഡോ. പി. ടി. എൻ. വാസുദേവൻ മൂസ്സ് ചെയർമാനും മാനേജിങ്ങ് ഡയറക്ടറുമായി പ്രവർത്തിയ്ക്കുന്നു. ജി. സുനിമോൾ ഡയറക്ടറും പി. വി. അഞ്ജലിയും പി. വി. അളകയും ഓഹരിയുടമകളുമാണ്.

രാമൻ മുണ്ടനാട് (ജനറൽ മാനേജർ), ഡോ. എ. എൻ. നാരായണൻ നമ്പി (ഡയറക്ടർ, അക്കാഡമിക് സർവ്വീസസ്), എ. ജയകൃഷ്ണൻ (മാർക്കറ്റിംഗ് മാനേജർ), കെ. ഡി. സുബ്രഹ്മണ്യൻ (സെയിൽസ് മാനേജർ), ബി. എം. അഞ്ജനാദേവി (ഓഫീസ് മാനേജർ), കെ. ബി. അനുരാജ് (അക്കൗണ്ട്സ് മാനേജർ), എ. പി. വേണു ഗോപാലൻ (പ്രൊഡക്ഷൻ മാനേജർ), ഡോ. മനീഷ് മോഹൻ (ക്വാളിറ്റി അഷ്വറൻസ് മാനേജർ), ഡോ. സി. ഹരിപ്രസാദ് (അരിമ്പൂർ യൂണിറ്റ് മാനേജർ), കെ. എച്ച്. ദാമോദരൻ (എക്സ്പോർട്ട് മാനേജർ), കെ. കൃഷ്ണകുമാർ (പി. ആർ. ഒ.), പി. എ. നന്ദിത (അസിസ്റ്റന്റ് പർച്ചേയ്സ് മാനേജർ), എ. എൻ. അജിത (അസിസ്റ്റന്റ് സെയിൽസ് മാനേജർ), ബി. സർജു, കെ. കെ. ധനേഷ്കുമാർ, കെ. ഷിജു (ഏരിയ സെയിൽസ് മാനേജർമാർ) എന്നിവരാണ് കമ്പനിയുടെ പ്രധാനപ്പെട്ട തസ്തികകളിൽ ഇരിയ്ക്കുന്നവർ.

ആസവാരിഷ്ടങ്ങൾ, കഷായങ്ങൾ, തൈലങ്ങൾ, ഗുളികകൾ, ഘൃതങ്ങൾ, ചൂർണ്ണങ്ങൾ, ലേഹങ്ങൾ, പേറ്റന്റ് മരുന്നുകൾ, ഉണ്ണിമൂസ്സ് സീരിസ് മരുന്നുകൾ എന്നിവയെല്ലാം ചേർന്ന് 532 പാക്കിങ്ങുകളിലായി 412 മരുന്നുകൾ ഉൽപ്പാദിപ്പിച്ചുകൊണ്ടിരിയ്ക്കുന്നു.

മൂസ്പെറ്റ് റോഡ് തൃശ്ശൂർ, എം. ജി. റോഡ് തൃശ്ശൂർ, ഒറ്റപ്പാലം, കുന്നംകുളം, ഓട്ടുപാറ, കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃപ്പൂണിത്തുറ എന്നിവിടങ്ങളിലായി ഒമ്പത് വിൽപ്പനശാഖകളാണ് ഉള്ളത്.

കേരളത്തിൽ 1500-ഓളം ഏജൻസികൾ പ്രവർത്തിയ്ക്കുന്നു. കേരളത്തിനു പുറത്ത് ബാംഗളൂർ, മുംബയ്, പൂണെ, ഹൈദരാബാദ്, വിശാഖപട്ടണം, ചെന്നൈ, കോയമ്പത്തൂർ, ഡൽഹി തുടങ്ങിയ നഗരങ്ങളിൽ വിതരണശൃംഖലകളുണ്ട്.

ഇറ്റലി, യു. കെ., യു. എസ്. എ., ഹംഗറി, മലേഷ്യ, സ്ലോവാക്യ, ജോർജിയ, റഷ്യ, മൗറീഷ്യസ് എന്നിവിടങ്ങളിലേയ്ക്കും മധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിലേയ്ക്കും മരുന്നുകൾ കയറ്റുമതി ചെയ്യുന്നുണ്ട്.

ആയുർവേദിക് പോയന്റ് ഇറ്റലി, എ. വി. എ. ഗ്രൂപ്പ് ചെന്നൈ, സദായുഷ് (ചോലയിൽ) ചെന്നൈ എന്നിവർ ഓർഗനൈസേഷണൽ പാർട്ട്ണർമാരാണ്.

വാസു ആൻഡ് ശിവറാം ഓഡിറ്റർമാരായും അഡ്വ. പ്രേം ലാൽ, അഡ്വ. ജ്യോതിഷ് എന്നിവർ ലീഗൽ അഡ്വൈസർമാരായും പി. എം. തോമസ് പ്രോവിഡന്റ് ഫണ്ട്-ഇ എസ് ഐ കൺസൾട്ടന്റ് ആയും പ്രവർത്തിയ്ക്കുന്നു.

കനറാ ബാങ്കിന്റെ തൃശ്ശൂർ മെയിൻ ശാഖയിലും കുന്നംകുളം, ഒറ്റപ്പാലം ശാഖകളിലും തൃശ്ശൂരിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ എം. ജി. റോഡ് ശാഖയിലും ഐ സി ഐ സി ഐ ബാങ്കിലും എക്കൗണ്ടുകളുണ്ട്.

ഔഷധശാല ഗ്രൂപ്പ് ഫോട്ടോ, 30.09.2019

അഡ്മിൻ വിഭാഗം

ഓഫീസ് വിഭാഗം

മാർക്കറ്റിംഗ് വിഭാഗം

സെയിൽസ് വിഭാഗം

പ്രൊഡക്ഷൻ വിഭാഗം

പ്രീ-പ്രൊസസിംഗ് വിഭാഗം

പാക്കിംഗ് വിഭാഗം

എഫ്. ജി. വിഭാഗം

അടുക്കള

അടുക്കള - മറ്റൊരു ദൃശ്യം

ഫെർമന്റേഷൻ റൂം

റോ മെറ്റീരിയൽ സാംപിൾ സ്റ്റോർ

റോ മെറ്റീരിയൽ സ്റ്റോർ

ഗുളിക നിർമ്മാണ വിഭാഗം

പൗഡർ പാക്കിംഗ്

സപ്ലൈ ഫ്ലീറ്റ്

അരിമ്പൂർ യൂണിറ്റ് പ്രീപ്രോസസ്സിങ്ങ് റൂം

അരിമ്പൂർ യൂണിറ്റ് റോ മെറ്റീരിയൽ സ്റ്റോർ

അരിമ്പൂർ യൂണിറ്റ് ലാബ്

നേഴ്സിങ്ങ് ഹോം ഗ്രൂപ്പ് ഫോട്ടോ, 05.11.2019

# തസ്തികാവലി

BOARD OF DIRECTORS
CHAIRMAN & MANAGING DIRECTOR
GENERAL MANAGER
DIRECTOR ACADEMIC & CLINICAL SERVICES
MARKETING MANAGER
REGIONAL MANAGER
MARKETING EXECUTIVES
MARKETING ASSISTANT
EXPORT MANAGER
SALES MANAGER
FG STORE KEEPER
STORE SUPERVISORS
STAFF
DEPOT STAFF
SALES MEN
DRIVERS
PRO
QC MANAGER
CHEMIST
LAB ASSISTANT
PRODUCTION MANAGER
RM PURCHASE/ PROD. ASSISTANT
MAINTENANCE IN CHARGE
PROCESS IN CHARGE
STAFF
PACKING IN CHARGE
STAFF
HOUSE KEEPING STAFF
ARIMBOOR UNIT MANAGER
SUPERVISOR
RM STORE STAFF
PRE-PROCESS STAFF
PILLS SECTION STAFF
HOUSE KEEPING STAFF
PACKING STAFF
BOILER OPERATORS
STAFF
OFFICE MANAGER
RECEPTION
STAFF
ACCOUNTS MANAGER
STAFF

# അനുബന്ധം

# കെടാവിളക്ക്

നിരന്തരമായ പ്രയോഗം കൊണ്ട് തേഞ്ഞു പോയ ഒരു രൂപകം ഒരിക്കൽക്കൂടി കടമെടുക്കുകയേ നിവൃത്തിയുള്ളു തൃശ്ശൂർ തൈക്കാട്ട് ദേവകി അന്തർജ്ജനത്തേക്കുറിച്ചു പറയാൻ ഒരുങ്ങുമ്പോൾ.

1927-ൽ ഉണ്ണി മൂസ്സ് മരിയ്ക്കുമ്പോൾ മകൾക്ക് രണ്ടു വയസ്സു തികഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളു. അമ്മ, രണ്ടു മുത്തശ്ശിമാർ - അങ്ങനെ മൂന്ന് അന്തർജ്ജനങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത് ദേവകിയെ വളർത്തിക്കൊണ്ടു വരാൻ.

ദേവകി അന്തർജ്ജനം

ആൺതുണയില്ലാത്ത ശൈശവത്തിന് വിരാമമിട്ടുകൊണ്ട് വയസ്കര ആര്യൻ ആര്യൻ മൂസ്സ് തൈക്കാട്ട് കുടുംബത്തിന്റെ സംരക്ഷണം ഏറ്റെടുത്തു. 1940-ൽ പി. ടി. നാരായണൻ മൂസ്സ് ദേവകിയെ വേളി കഴിച്ച് എത്തുന്നതുവരെ ആ ദൗത്യം അദ്ദേഹം നിറവേറ്റി. വയസ്കര ആര്യൻ ആര്യൻ മൂസ്സിന്റെ സാന്നിദ്ധ്യം ദേവകിയ്ക്ക് അച്ഛന്റെ അഭാവം ഏറെക്കുറെ തീർത്തിരിയ്ക്കണം. പോരാത്തതിന് അമ്മയും രണ്ടു മുത്തശ്ശിമാരും ഉണ്ടായിരുന്നുവല്ലോ. ഈ നാലു പേരുടേയും വാത്സല്യം ദേവകിയ്ക്ക് ലഭിച്ചിരുന്നു എന്നു തന്നെ വേണം കരുതാൻ. അവർ എന്തെല്ലാം പാഠങ്ങളാണ് ആ മനസ്സിൽ പകർന്നുകൊടുത്തിട്ടുണ്ടാവുക എന്നതിന് സാക്ഷ്യപത്രമാണ് ദേവകി അന്തർജ്ജനത്തിന്റെ പിൽക്കാലജീവിതം.

ഔപചാരികമായ വിദ്യാഭ്യാസമൊന്നും ഉണ്ടായിട്ടില്ല. നന്മ നിറഞ്ഞൊരു ജീവിതത്തിന് അതൊന്നും അത്യന്താപേക്ഷിതമല്ല എന്ന് അവർ തന്റെ ജീവിതം കൊണ്ട് തെളിയിച്ചു.

സമൃദ്ധമായ ദാരിദ്ര്യം എന്നു വിശേഷിപ്പിയ്ക്കാവുന്ന കാലമായിരുന്നു അത്. വലിയ ഭൂസ്വത്തിന്റെ ഉടമയായിരുന്നുവെങ്കിലും നിത്യനിദാനം എളുപ്പമായിരുന്നില്ല അക്കാലത്ത്. രണ്ടാം ലോകമഹായുദ്ധം വരുത്തിവെച്ച കെടുതികളുടെ ബാക്കി. കൗമാര-യൗവനകാലങ്ങളിലെ ആഗ്രഹങ്ങൾ ഒരു പക്ഷേ ഒന്നും നിറവേറിയിരിയ്ക്കാൻ ഇടയില്ല ദേവകി അന്തർജ്ജനത്തിന്. അറുപതുകളിൽ ആലത്തൂർ നമ്പൂതിരിപ്പാട് ഇല്ലത്തെ ഭൗതികദാരിദ്ര്യത്തിന് അറുതി വരുത്തുന്നതു വരെ അതുതന്നെയായിരിയ്ക്കണം സ്ഥിതി.

താൻ അനുഭവിച്ച ദാരിദ്ര്യം മറ്റുള്ളവർ അനുഭവിയ്ക്കാൻ ഇടവരരുത് എന്ന മനോഭാവമായിരിയ്ക്കാം ദേവകി അന്തർജ്ജനത്തെ ദാനശീലയാക്കിയത്. കയ്യിലുള്ളതും ഇല്ലാത്തതുമായ എന്തും മറ്റുള്ളവർക്ക് കൊടുത്തുകൊണ്ടാണ് അവർ തന്റെ ജീവിതം ധന്യമാക്കിയത്. ഇല്ലത്തേയ്ക്കുള്ള പാൽ പുറമേ നിന്നു വാങ്ങുമ്പോഴും സ്വന്തം തൊഴു

ത്തിൽനിന്നുള്ള പാലും മോരും മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുക എന്നിടത്തോളം വരെ യെത്തി അവരുടെ ദാനശീലം. ഈ ചരിത്രരച നയ്ക്കു വേണ്ടി പലരുടേയും അനുഭവങ്ങൾ തേടി ച്ചെന്നപ്പോൾ ഞങ്ങൾ കണ്ട ഒരു പൊതുഘടകം ദേവകി അന്തർജ്ജനത്തേക്കുറിച്ചുള്ള അവരുടെ യൊക്കെ മതിപ്പാണ്. തന്നോടാണ് അവർക്ക്

അച്ഛനോടൊപ്പം

ഏറ്റവും കൂടുതൽ സ്നേഹം എന്നു പറഞ്ഞുറപ്പി യ്ക്കാൻ എല്ലാവരും പരസ്പരം മത്സരിയ്ക്കുകയാ യിരുന്നു.

പുറംപണിക്കാരും അകംപണിക്കാരും പരിചാ രകരും ഔഷധശാലാ ജീവനക്കാരും പൂജയ്ക്കോ പഠിയ്ക്കാനോ ആയി ഇല്ലത്തു താമസിയ്ക്കുന്ന വരും ബന്ധുക്കളും അവിചാരിതമായി കയറിവ രുന്ന അതിഥികളും വഴിപോക്കരും ഭിക്ഷ യാചിച്ച് എത്തുന്നവരുമൊക്കെയായി അമ്പതോളം പേർ എന്നും ഇല്ലത്ത് ഉച്ചഭക്ഷണത്തിന് ഉണ്ടാവും.

എല്ലാവരുടേയും ഊണു കഴിഞ്ഞുവെന്ന് ഉറപ്പു വരുത്തിയതിനു ശേഷമേ ഗൃഹനാഥ ഊണു കഴി യ്ക്കാൻ ഇരിയ്ക്കാറുള്ളു. അപ്പോഴേയ്ക്കും മണി രണ്ടോ രണ്ടരയോ ആയിട്ടുണ്ടാവും. ഒന്നു നടു ചായ്ച്ച് മൂന്നരയോടെ എഴുന്നേറ്റ് കാപ്പി കൂട്ടാൻ അവർ വീണ്ടും അടുക്കളയിലെത്തുകയായി.

അകംപണിക്കാർ എത്ര പേർ ഉണ്ടെങ്കിലും അടുക്കളയിൽ തന്റെ സാന്നിദ്ധ്യം അവർ ഉറപ്പു വരുത്തി. തയ്യാറാക്കുന്ന വിഭവങ്ങളിൽ അവരുടെ കയ്യൊപ്പ് ഉണ്ടാവും. ലളിതവും സാത്വികവുമായ ഭക്ഷണമാണ്. അതേസമയം അങ്ങേയറ്റം സ്വാദി ഷ്ഠവും. അത്താഴശേഷം പൂച്ചകൾക്കും തൊഴു ത്തിലെ പൈക്കൾക്കും വരെ ഭക്ഷണം കൊടുത്തേ അവർ ഉറങ്ങാൻ പോവാറുള്ളു.

കൗമാരകാലത്ത്

എല്ലാ ഉത്സവങ്ങൾക്കും അകംപണിക്കാരെ ഒപ്പം കൂട്ടും. തൃശ്ശൂർ പൂരം എക്സിബിഷൻ മുട ക്കാറില്ല. മാസത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം സിനിമയ്ക്കു പോവും. അതിനും ഇല്ലത്തുള്ള

സ്ത്രീകളെ മുഴുവൻ കൂടെക്കൂട്ടും. അത്താഴം കഴിഞ്ഞ് എല്ലാവരേയും ഊട്ടിയ ശേഷം ഇറങ്ങുമ്പോഴേയ്ക്കും സിനിമ തുടങ്ങിക്കഴിഞ്ഞിരിയ്ക്കും.

അത്താഴത്തിനു ശേഷമുള്ള പത്രവായനയ്ക്ക് മുടക്കം വരാറില്ല. മൂന്നുംകൂട്ടിയിരുന്നാണ് വായന. ആ സമയത്തു മാത്രം മടിയിൽ കയറി ഇരിയ്ക്കാൻ പ്രത്യേകം അനുവാദമുള്ള പൂച്ചകളുമുണ്ടായിരുന്നു.

ഓണക്കാലത്ത് ഇല്ലത്തെത്തുന്നവർക്ക് ഓണപ്പുടവയും മേടപ്പുലരിയിൽ വരുന്നവർക്ക് വിഷുക്കേട്ടവും അവർ മുടക്കാറില്ല. വിവാഹം കഴിഞ്ഞ് എത്തുന്ന നവദമ്പതികൾക്ക് വിലപ്പെട്ട സമ്മാനങ്ങൾ കരുതിവെച്ചു. വൃദ്ധാവിൽ എത്തുന്നവർ പോലും വെറുംകയ്യോടെ ഇല്ലത്തുനിന്നു മടങ്ങാറില്ല.

വ്യക്തിയായിരുന്നു അവർ. ഇല്ലത്തെ ദൈനന്ദിന വിഷയങ്ങളിൽ എല്ലായിടത്തും അവരുടെ കണ്ണ് എത്തും. ഔഷധശാലാ ഭരണത്തിൽ നേരിട്ട് ഇടപെടാറില്ലെങ്കിലും അവിടുത്തെ വിശേഷങ്ങൾ എല്ലാം അവർ അറിയാറുണ്ടായിരുന്നു. ജീവനക്കാരിൽ പലരും പല ആവശ്യങ്ങൾക്കുമായി അവരെ സമീപിയ്ക്കും. ദേവകി അന്തർജ്ജനമാവട്ടെ ആരെയും നിരാശപ്പെടുത്താറുമില്ല.

തന്റെ ചുറ്റും കറങ്ങിയിരുന്ന ഉപഗ്രഹങ്ങളെ വേണ്ട പോലെ അടുപ്പിച്ചും അകറ്റിയും നിർത്താൻ അവർ ശ്രദ്ധിച്ചു. അതേസമയം ആശ്രിതവാത്സല്യം കൊണ്ട് അവർ തനിയ്ക്കു ചുറ്റും വലിയൊരു സുരക്ഷാവലയം തീർക്കുകയും ചെയ്തു. അവർ ആവശ്യപ്പെട്ടാൽ എന്തും നിറവേറ്റാൻ തയ്യാറായ വലിയൊരു സംഘം ഔഷധശാലയിലും ചുറ്റുവട്ടത്തും സന്നദ്ധരായി നിന്നു. നാട്ടുകാരുടേയും ഓമനക്കുഞ്ഞാത്തോലായിരുന്നുവല്ലോ അവർ.

മുപ്പെട്ടു ശനിയാഴ്ചകളിലെ കാരോലപ്പത്തിന്റെ പങ്ക് തിങ്കളാഴ്ച ഔഷധശാലാ ജീവനക്കാർക്കടക്കം പലർക്കും കൊടുത്തയയ്ക്കും. ഇല്ലത്തെ വിശേഷങ്ങൾക്ക് എത്തിച്ചേരാൻ കഴിയാതെ പോയവർക്കുള്ള സദ്യാവിഭവങ്ങളും അങ്ങനെത്തന്നെ.

ദാനശീല എന്ന പ്രതിച്ഛായയ്ക്കപ്പുറം സ്വന്തമായ അഭിപ്രായങ്ങളും നിലപാടുകളുമുള്ള

മിതഭാഷിയായിരുന്നു. തന്നെ തേടിയെത്തുന്നവരോട് പതിഞ്ഞ സ്വരത്തിൽ അവർ ക്ഷേമമന്വേഷിച്ചു. നേരാനേരമനുസരിച്ച് അവർക്ക് കാപ്പി-പലഹാരങ്ങളും ഊണും നൽകി. തളത്തിലെ വാതിൽപ്പടി ചാരിനിന്ന് അതിഥി കഴിയ്ക്കുന്നതും നോക്കി നിന്നുകൊണ്ടാവും ഈ ക്ഷേമാന്വേഷണങ്ങൾ. വാക്കുകൾ കൊണ്ടും പ്രവൃത്തികൾ കൊണ്ടും അവർ ചുറ്റിലും സ്നേഹത്തിന്റെ പരിമളം പരത്തിനിന്നു.

കലാസന്ധ്യ

രൂപം കൊണ്ടും സുഭഗയായിരുന്നു അവർ. ഭർത്താവായ പി. ടി. നാരായണൻ മൂസ്സിനൊപ്പം കൈറിക്ഷയിൽ തൃശ്ശൂർ സ്വരാജ് റൗണ്ടിലൂടെ വല്ലപ്പോഴും നടത്താറുള്ള സവാരി കണ്ടിട്ടുള്ളവർ അത് മറക്കാനാവാത്ത ഒരു കാഴ്ചയായിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ചൊവ്വാഴ്ച തോറുമുള്ള തേച്ചുകുളിയെപ്പറ്റി പറയാതെ വയ്യ. പരിവാരങ്ങളുടെ അകമ്പടിയോടെയാണ് ദീർഘനേരം നീണ്ടു നിൽക്കുന്ന നീരാട്ട്. കാച്ചിയ എണ്ണയുടെ വാസന പരത്തുന്ന ഈറൻമുടിയുമായി കുളത്തിൽനിന്നു കയറി വരുന്ന കുഞ്ഞാത്തോലെ കാണാൻ വിടർന്ന കണ്ണുകളോടെ പെണ്ണാളുകൾ കാത്തു നിൽക്കും.

സമ്പന്നയായപ്പോഴും ജീവിതത്തിന്റെ ലാളിത്യം അവർ നിലനിർത്തി. സ്വന്തമായ ആവശ്യങ്ങളൊന്നും അവർക്കുണ്ടായിരുന്നില്ല. കിട്ടുന്നതെല്ലാം മറ്റുള്ളവർക്കു കൂടിയുള്ളതാണെന്ന് അവർ കരുതി.

എല്ലാം വാരിക്കോരി കൊടുക്കുമ്പോഴും വിധാതാവ് ചിലതെല്ലാം ബാക്കി വെയ്ക്കും. നാരായണൻ മൂസ്സ്-ദേവകി ദമ്പതികൾക്ക് സന്താനസൗഭാഗ്യം ഉണ്ടായില്ല. അനപത്യദുഃഖം അവരെ വലച്ചിരുന്നുവോ എന്ന് അറിയില്ല. ഏതായാലും അത് ഒരിക്കലും പ്രകടിപ്പിച്ചിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽത്തന്നെയും ദത്തുപുത്രനായ വാസുദേവനോ

പേരക്കുട്ടികളോടൊപ്പം

ടുള്ള വാത്സല്യം കൊണ്ട് അവർ അതെല്ലാം അതി ജീവിച്ചുവെന്നു കരുതണം.

അവരുടെ എൺപത്തിനാലാം പിറന്നാൾ കിഴക്കുമ്പാട്ടുകര ദേശം സ്വന്തം ആഘോഷമായി ഏറ്റെടുത്തു. പിറന്നാൾത്തലേന്ന് നാട്ടുകാർ അവതരിപ്പിച്ച കലാസന്ധ്യ ഓമനക്കുഞ്ഞാത്തോൽക്കുള്ള ആദരസമർപ്പണമായി. പിറന്നാൾ ദിവസം പന്തീരായിരവുമുണ്ടായി.

വിധാതാവ് ദീർഘായുസ്സു നൽകി അനുഗ്രഹിച്ചുവെങ്കിലും അവസാനകാലം അത്ര സുഖകരമായിരുന്നു എന്ന് രേഖപ്പെടുത്താൻ വയ്യ. അനാരോഗ്യം പല തരത്തിലും അത് അസൂയാവഹമല്ലാതാക്കി. 1925 ആഗസ്ത് 20-നു ജനിച്ച അവർ 2015 ഡിസംബർ 4-ന് തന്റെ ഇഷ്ടക്കാരെ മുഴുവൻ വിട്ടുപോയി.

ഭൗതികമായി അണഞ്ഞുവെങ്കിലും നാട്ടുകാരുടേയും ഔഷധശാലക്കാരുടേയും ഓർമ്മകളിൽ ആ വിളക്ക് ഇപ്പോഴും നിറഞ്ഞു കത്തിക്കൊണ്ടിരിയ്ക്കുന്നു.

അഞ്ജലിയോടൊപ്പം

# തൃശ്ശൂർ തൈക്കാട്ട് മന

ഇല്ലത്ത് അംഗങ്ങളായി വിരലിലെണ്ണാവുന്ന ത്രയേ ഏതു കാലത്തും ഉണ്ടായിരുന്നുള്ളുവെ ങ്കിലും അന്തേവാസികളും പരിചാരകരും ആശ്രി തരുമായി എക്കാലത്തും നിരവധി പേർ ഉണ്ടായിരു ന്നു. അതിൽ വിശേഷാൽ പൂജയ്ക്കു വേണ്ടിയുള്ള വരും പഠിയ്ക്കാൻ വേണ്ടി എത്തിയവരും പി. ടി. നാരായണൻ മൂസ്സിന്റെ കാര്യങ്ങൾ നോക്കാൻ നിയോഗിയ്ക്കപ്പെട്ടവരും ഉൾപ്പെട്ടിരുന്നു. അതിനു പുറമേയാണ് പശുക്കളും പൂച്ചകളും പട്ടികളും. തൊഴുത്ത് നിറഞ്ഞുനിൽക്കുന്ന പൈക്കളും ഇല്ല ത്തിന്റെ അകത്തളങ്ങളിൽ രാജകീയമായ ജീവിതം നയിച്ചിരുന്ന പൂച്ചകളും തൊടിയിലും മുറ്റത്തും നിർബ്വാധം വിഹരിച്ചിരുന്ന പട്ടികളും സ്ഥിരമായ കാഴ്ചയായിരുന്നു.

ഈ നൂറു കൊല്ലത്തിനിടയ്ക്ക് ഇല്ലത്തെ അംഗ ങ്ങളെന്നു പറയാൻ വളരെ ചുരുക്കം പേരേയുള്ളു. നാരായണൻ മൂസ്സിന്റെ രണ്ടു പത്നിമാരായ ദേവകി അന്തർജ്ജനം, നങ്ങേലി അന്തർജ്ജനം, ഉണ്ണിമൂസ്സ്, ഉണ്ണി മൂസ്സിന്റെ പത്നി സാവിത്രി അന്തർജ്ജനം, മകൾ ദേവകി, പി. ടി. നാരായ ണൻ മൂസ്സ്, പി. ടി. എൻ. വാസുദേവൻ മൂസ്സ്, പത്നി സുനിമോൾ, മക്കളായ അഞ്ജലി, അളക എന്നിങ്ങനെ പത്തു പേർ മാത്രമാണ് ഇല്ലത്തുള്ള വരായി ഉള്ളത്.

അതേസമയം കുറഞ്ഞും കൂടിയുമായ കാലയ ളവുകളിൽ ഇല്ലത്തു താമസിച്ചവരുടെ എണ്ണം കണക്കുകൂട്ടിപ്പറയാൻ എളുപ്പമല്ല.

പി. ടി. നാരായണൻ മൂസ്സിന്റെ കീഴിൽ വൈദ്യം പഠിയ്ക്കാൻ വന്നു താമസിച്ചവരായി ത്തന്നെ കുറച്ചു പേരുണ്ട്. ആറങ്ങോട്ടുകര മുണ്ട യൂർ വിഷ്ണു നമ്പൂതിരി, മുല്ലപ്പിള്ളി വാസുദേവൻ

ഗൗരി ലക്ഷ്മിബായി

മേധാ പാട്കർ

മൃണാളിനി സാരാഭായി

നമ്പൂതിരിപ്പാട്, എൻ. ഗോപാലകൃഷ്ണൻ നായർ, സി. പി. നാരായണൻകുട്ടി നായർ, കേശവപിഷാരടി, പിൽക്കാലത്ത് കവിയായി അറിയപ്പെട്ട കടലായിൽ പരമേശ്വരൻ എന്നു തുടങ്ങി നീണ്ട ഒരു നിര തന്നെയുണ്ട്. കടലായിൽ പരമേശ്വരൻ നടുവിൽ പഴേടത്തിന്റെ അടുത്തുനിന്ന് ഹിന്ദി പഠിയ്ക്കുകയും സ്കൂൾ അദ്ധ്യാപകനാവുകയും ചെയ്തു. പ്രശസ്ത ചിത്രകാരൻ നമ്പൂതിരി (കരുവാട്ട് വാസുദേവൻ നമ്പൂതിരി) അൽപദിവസം മൂസ്സിന്റെ കീഴിൽ വൈദ്യം പഠിയ്ക്കുകയുണ്ടായിട്ടുണ്ട്. ഉണ്ണി മൂസ്സിന്റെ ഒപ്പം ഒഴിഞ്ഞ വലിയ തമ്പുരാന്റെ അടുത്ത് അലങ്കാരശാസ്ത്രം പഠിയ്ക്കുന്ന

പൂജയ്ക്കും മൂസ്സിന്റെ പരിചരണത്തിനും മറ്റുമായി താമസിച്ചവരിൽ കല്ലുവഴി നമ്പീശൻ, പന്താവൂർ ശ്രീകുമാരൻ, മുരിയമംഗലം പരമേശ്വരൻ, പെരുമന കൃഷ്ണൻ, വെട്ടിയംപാടി സുഹാസ്, തിട്ട രഞ്ജിത്ത്, ആനല്ലൂർ തെക്കേടത്ത് രഞ്ജിത്ത്, പരിയാനംപറ്റ കൃഷ്ണൻ, ആനാംപറമ്പ് ഹരീഷ്, അരീക്കര കേശവൻ, മാംഗോത്ത് ചെരവൂർ വൈശാഖ് എന്നിങ്ങനെയുള്ളവരാണുള്ളത്. മൂസ്സിന്റെ അന്ത്യകാലത്ത് വട്ടേക്കാട് ഉണ്ണിക്കൃഷ്ണനാണ് അദ്ദേഹത്തെ പരിചരിച്ചിട്ടുള്ളത്.

ഇല്ലത്തെ അകത്തുള്ള പണികൾക്കായി

കുടുംബാംഗങ്ങൾ ഇല്ലത്തെ സഹായികൾക്കൊപ്പം

കാലത്ത് മാണി മാധവച്ചാക്യാരും ഇല്ലത്താണ് പാർത്തിരുന്നത്.

തൃശ്ശൂർ പട്ടണത്തിന്റെ സമീപമായതുകൊണ്ട് കോളേജ് പഠനത്തിനുള്ള സൗകര്യം കണക്കിലെടുത്ത് ഇല്ലത്തു താമസിച്ചവരിൽ തേനേഴി വാസുദേവൻ നമ്പൂതിരിപ്പാട്, തേനേഴി ശങ്കരൻ, തേനേഴി അനുജൻ, ഇ. ടി. വത്സല, ഇ. ടി. നിർമ്മലാദേവി എന്നീ ബന്ധുക്കൾക്കു പുറമേ മാണി മാധവച്ചാക്യാരുടെ മകൾ അമ്മിണിക്കുട്ടി, ചൊവ്വൂർ പട്ടേരിയുടെ മകൻ കുഞ്ചുണ്ണി എന്നിവരും ഉൾപ്പെടുന്നു.

പ്ലാപ്പിള്ളി ശ്രീദേവി, പ്രസന്ന, സരസ്വതി, ശോഭ, രാജം, സാവിത്രി, തങ്കം, ജയ, ശാന്ത, അനിത, സുജാത, ശാന്ത അമ്മ്യാർ, ശാരദ, ഭദ്ര, പങ്കജം മാമി, ലീല, എം. കെ. സാവിത്രി, ടി. വി. തങ്കമണി എന്നിവരാണ് ഉണ്ടായിരുന്നത്. എം. കെ. സാവിത്രിയും ടി. വി. തങ്കമണിയും ഔഷധശാലയുടെ ജീവനക്കാരുമായിരുന്നു.

പുറംപണിക്കാരായി കല്യാണി, മൂകാമിയമ്മ, എൻ. ലക്ഷ്മി, പാറുട്ടി, തങ്കമ്മ, ലീലമ്മ, നാരായണി, കെ. ലക്ഷ്മി, കൊച്ചുകുട്ടിയമ്മ, പങ്കജം,

പൊന്നു, ലീല, ചന്ദ്രിക, തങ്കം, കമലാക്ഷി, തങ്കം (സൂപ്രണ്ട്), ഉഷ, ചന്ദ്രിക, രമണി, രാധ, പത്മാവതി, വിലാസിനി, ചന്ദ്രിക, രജനി എന്നിവരാണ്.

പുറംപണിക്ക് പുരുഷന്മാരായി കുട്ടൻ നായർ, വടക്കൂട്ട് അപ്പു നായർ, കുട്ടൻ (ടി. ഉണ്ണികൃഷ്ണൻ), കുഞ്ഞൻ നായർ, രാമൻ, രാമൻ നായർ, ഗോപി നായർ, അരവിന്ദൻ, മോഹനൻ മാരാർ, രാമു, ഹരി എന്നിവരാണ്.

ആദ്യകാലത്ത് ഔഷധശാലയിൽ ജോലിയെടുത്തിരുന്നവരിൽ മിക്കവരും ഇല്ലത്തുനിന്നാണ് ഉച്ചഭക്ഷണവും കാപ്പിയും കഴിച്ചിരുന്നത്. പിന്നീട് ജീവനക്കാരിൽ നമ്പൂതിരിമാരായ പലരും ഇതു തുടർന്നു. നേഴ്സിങ്ങ് ഹോമിനോട് അനുബന്ധിച്ച് കാന്റീൻ തുടങ്ങിയതോടെയാണ് ആ സമ്പ്രദായം അവസാനിച്ചത്. അതുവരെ ദിവസത്തിൽ മുപ്പതോളം പേർ ഇല്ലത്തുനിന്ന് ഉച്ചയൂണ് കഴിച്ചിരുന്നു.

ഇല്ലത്തെ കാര്യങ്ങൾ നോക്കാനും പൂജയ്ക്കും വാഹനം ഓടിയ്ക്കാനും മറ്റുമായി താമസിച്ച അഞ്ചു പേരെ പ്രത്യേകം ഓർമ്മിയ്ക്കണം. ഇല്ലത്തെ കാര്യങ്ങൾ നോക്കാൻ നിയുക്തരായവരിൽ പി. ഈശ്വരൻ നമ്പൂതിരിയും (പുതിയേടം) പി. എൻ. രുദ്രൻ നമ്പൂതിരിയും (കടവല്ലൂർ പാറ) പൂജയ്ക്കു വേണ്ടി താമസിച്ച പി. വി. വാസുദേവൻ എമ്പ്രാന്തിരിയും വാഹനം ഓടിയ്ക്കാനായി താമസിച്ച ഇ. എം. ശങ്കരൻ നമ്പൂതിരിയും (എളേടം) മരുന്നു നിർമ്മാണത്തോടൊപ്പം പൂജയും നടത്തിയിരുന്ന വി. എൻ. നീലകണ്ഠൻ നമ്പൂതിരിയും (വയക്കാക്കര) ആണ് അവർ. ഇവരെല്ലാവരും ഔഷധശാല ജീവനക്കാരുമായിരുന്നു.

ഇരവിമംഗലത്തുള്ള ആനാംപറമ്പ് ഇല്ലവുമായി തൃശ്ശൂർ തൈക്കാട്ട് ഇല്ലക്കാർക്ക് വളരെ കാലമായുള്ള അടുപ്പമാണ് ഉള്ളത്. അവിടത്തെ അഗ്നിത്രാതൻ നമ്പൂതിരി, രവി നമ്പൂതിരി (ഇട്ടിമ്പാടി അപ്ഫൻ) എന്നിവർ കുറേ കാലം ഇല്ലത്തു താമസിച്ചിട്ടുണ്ട്. നീലകണ്ഠൻ നമ്പൂതിരി, ഹരിദത്തൻ നമ്പൂതിരി (തത്തപ്ഫൻ) എന്നിവർ പൂജകൾക്കും മറ്റുമായി ഇല്ലത്ത് വന്നുപോവാറുണ്ട്.



കുടുംബാംഗങ്ങൾ ഇല്ലത്തെ സഹായികൾക്കൊപ്പം - ആദ്യകാലചിത്രം

തൊഴുത്തിൽ പശുക്കളില്ലാത്ത കാലം ഉണ്ടായിരുന്നില്ല. എന്നാലും കുട്ടൻ നായർ ഇല്ലത്തെ കാര്യസ്ഥത ഏറ്റെടുത്തതിൽപ്പിന്നെയാണ് അത് തെഴുത്തത്. പാലും മോരും സമൃദ്ധിയായി. നല്ല പാലാണെന്ന് ഉറപ്പുള്ളതുകൊണ്ട് അയൽക്കാ

ർക്കും അത് പ്രിയമായിരുന്നു.

ഇല്ലത്തെ കന്നുകാലി സംരക്ഷണത്തിന് കാലാകാലങ്ങളിലായി പല മൃഗഡോക്ടർമാരുടേയും സേവനം ലഭ്യമായിട്ടുണ്ട്. ഡോ. ഭരതൻ നമ്പൂതിരി, ഡോ. ടി. ശ്രീകുമാരൻ, ഡോ. കെ. എൻ. അരവിന്ദഘോഷ് എന്നിവരാണ് അവർ.

തിരുച്ചിറപ്പള്ളിയിലുള്ള ഒരു കുടുംബത്തിന്റെ കാര്യം സവിശേഷമായി പരാമർശിക്കേണ്ടതുണ്ട്. ഉണ്ണി മൂസ്സിന്റെ കാലം മുതൽ ഇല്ലവുമായി തുടർന്നു പോവുന്ന കൃഷ്ണയ്യരുടെ കുടുംബമാണ് അത്. ഉണ്ണി മൂസ്സിന്റ കാലശേഷം കൃഷ്ണയ്യരുടെ മകൾ മീനാക്ഷി അമ്മ്യാരുമായും അദ്ദേഹത്തിന്റെ മകന്റെ ഭാര്യയായ ലക്ഷ്മി അമ്മാളുമായും ഈ ബന്ധം തുടർന്നു പോന്നു. ലക്ഷ്മി അമ്മാളുടെ മകൻ രാശാമണിയുമായും പെൺമക്കളായ മീനാകുട്ടി, ചിത്ര എന്നിവരുമായും ബന്ധം തുടർന്നു. ചിത്രയുടെ മക്കൾ ദീപ, അഖില എന്നിവരും അങ്ങനെത്തന്നെ. മീനാകുട്ടിയുടെ മക്കളായ രമണി, മുരളി, ശ്രീധർ എന്നിവരും അവരുടെ മക്കളും ഇപ്പോഴും ഇല്ലവുമായി ബന്ധപ്പെട്ട എല്ലാ വിശേഷങ്ങൾക്കും എത്താറുണ്ട്. ഇവരിൽ രമണി, ശ്രീധർ എന്നിവരൊഴിച്ച് മറ്റെല്ലാവരും ഓരോരോ കാലത്ത് ഇല്ലത്തു താമസിച്ചവരാണ്. ഇതിൽ കൃഷ്ണയ്യർ, മീനാക്ഷി അമ്മ്യാർ, ലക്ഷ്മി അമ്മാൾ, മീനാകുട്ടി, ചിത്ര എന്നിവർ ഇപ്പോൾ ജീവിച്ചിരിപ്പില്ല.

ഇല്ലത്ത് ഏറ്റവും വിശേഷപ്പെട്ട ജീവിതം പൂച്ചകളുടേതായിരുന്നു. ഏറ്റവും കൂടുതൽ ലാളിയ്ക്കപ്പെട്ടതും അവരാണ്. നാൽപതു പൂച്ചകൾ വരെ ഒരു കാലത്ത് ഉണ്ടായിരുന്നു. കുളിയ്ക്കാൻ പോവുമ്പോഴും ഉറങ്ങാൻ പോവുമ്പോഴും അവർ വെവ്വേറെ സംഘമായി ദേവകി അന്തർജ്ജനത്തെ അകമ്പടി സേവിച്ചു. അല്ലാത്തപ്പോൾ അടുക്കളയിലും കിടപ്പുമുറികളിലും മേഞ്ഞു നടന്നു. കസേരകളിലും കട്ടിലുകളിലുമായി അവർ യഥേഷ്ടം ഉറങ്ങിക്കൂടി.

തിരുച്ചിറപ്പിള്ളി കുടുംബം

പട്ടികളുടെയും പറുദീസയായിരുന്നു ഇല്ലം. തടിച്ചുകൊഴുത്ത പട്ടികൾ ഇല്ലത്തുനിന്നുള്ള സൽക്കാരത്തിന്റെ തോത് വിളിച്ചോതാൻ പര്യാപ്തമായിരുന്നു.

സംസാരിയ്ക്കുന്ന ഒരു തത്തയും ഉണ്ടായിരുന്നു പണ്ടൊരിക്കൽ ഇല്ലത്ത്. ദേവകി അന്തർജ്ജനം കുളിച്ചു വരുമ്പോൾ “ഓമന

കുളിച്ചു വന്നോ" എന്ന് ചോദിയ്ക്കാറുണ്ടായിരുന്നു പോൽ. നാലുകെട്ടിൽ അന്തിത്തിരി വെയ്ക്കുമ്പോൾ "നാരായണ നാരായണ" എന്ന് നാമം ജപിയ്ക്കാറുമുണ്ടായിരുന്നു. ഒരിയ്ക്കൽ കൂടു തുറന്നു വിട്ടിട്ടും ഈ തത്ത ഇല്ലം വിട്ടു പോവാൻ കൂട്ടാക്കിയില്ലത്രേ.

തത്തയെന്നല്ല, എത്തിപ്പെട്ട ആരും സ്വമനസ്സാലെ വിട്ടുപോവാൻ മടിയ്ക്കുന്നതായിരുന്നു തൃശ്ശൂർ തൈക്കാട്ടില്ലത്തെ ആതിഥേയത്വം. ഈ പുസ്തകമെഴുതാൻ വേണ്ടി പലരുമായും സംസാരിച്ചപ്പോൾ അവർ ഒന്നൊഴിയാതെ പകർന്നു തന്നത് ഇല്ലത്തെ ആതിഥേയത്വത്തേപ്പറ്റിയുള്ള മധുരസ്മരണകളാണ്.

പി. ആർ. കൃഷ്ണകുമാർ

പാരീസ് വിശ്വനാഥൻ

# പുരപ്പണി

മലബാറിൽ നിന്ന് സാമൂതിരി നാടുകടത്തിയതിനു ശേഷം തൃശ്ശൂരിലെത്തിയ പഴനെല്ലിപ്പുറത്ത് മൂസ്സിനും കുടുംബത്തിനും താമസിയ്ക്കാൻ ഇല്ലം പണി കഴിപ്പിച്ചു കൊടുത്തത് കൊച്ചി രാജാവായിരുന്ന ശക്തൻ തമ്പുരാനാണ്. തുടർന്ന് പറപ്പൂര് മൂസ്സിന്റെ സ്വത്തുവഹകൾ കൂടി വന്നു ചേർന്നതോടെ ഈ കുടുംബം വലിയൊരു ഭൂസ്വത്തിന് ഉടമയായി.

ആദ്യം പണിത ഇല്ലം ഇപ്പോഴുള്ള തെക്കെ കുളത്തിനോടു ചേർന്നായിരുന്നു എന്നാണ് കരുതപ്പെടുന്നത്. അടുക്കളക്കിണറും അന്തർജ്ജനങ്ങൾക്കു മാത്രം കുളിയ്ക്കാനായുള്ള കുളപ്പുരയും ഇതിനു സാക്ഷ്യമാണ്. തെക്കെ കുളത്തിന് അന്തർജ്ജനങ്ങൾക്കു മാത്രമുള്ള കടവ്, പുരുഷന്മാർക്കുള്ള കടവ്, ആനക്കടവ് എന്നിവ വെവ്വേറെ ഉണ്ടായിരുന്നു. 2016 ഏപ്രിലിൽ തെക്കെ കുളം വലിപ്പം കൂട്ടി നാലു ഭാഗവും കരിങ്കൽഭിത്തി കെട്ടിയതോടെ കുളപ്പുരയും കൽപ്പടവുകളും ഇല്ലാതായി. അടുക്കളക്കിണർ ഇന്നും അവശേഷിയ്ക്കുന്നുണ്ട്.

പിന്നീട് തൃശ്ശൂർ തൈക്കാട്ട് നാരായണൻ മൂസ്സാണ് ഇന്നുള്ള ഇല്ലം പണികഴിപ്പിച്ചത്. 1941 നവംബർ ലക്കം വൈദ്യസാരഥി മാസികയിൽ കുടമാളൂർ കെ. കെ. ഗോപാലപിള്ള എഴുതിയ 'ബ്രഹ്മശ്രീ തൃശ്ശൂർ തൈക്കാട്ട് നാരായണൻ മൂസ്സ്' എന്ന ലേഖനത്തിൽ ഇത് പരാമർശിയ്ക്കുന്നുണ്ട്. എണ്ണായിരം ഉറുപ്പിക ചെലവാക്കിയാണ് പുര പണിതതെന്നും അതു മുഴുവനും സ്വന്തം സമ്പാദ്യത്തിൽനിന്നാണെന്നും അതിൽ എടുത്തു പറയുന്നുണ്ട്. നാലുകെട്ടും മുൻവശത്ത് വരാന്തയുമായ ഇല്ലമാണ് ആദ്യമുണ്ടായിരുന്നത്. വടക്കിനിയിൽ വേട്ടേക്കരന്റെ തേവാരവും നടത്തിപ്പോന്നു. മൂന്നു നിലകളോടെ തട്ടിട്ട മുറികളുമായാണ് ഇത് പണിതത്. വടക്കു കിഴക്കുവശത്തുള്ള വടക്കെ കുളം ഉണ്ണി മൂസ്സിന്റെ ചോറൂണിനോടനുബന്ധിച്ച് പണിതതാണ്.

1971-72 കാലഘട്ടത്തിലാണ് മുൻവശത്തെ വരാന്ത പൊളിച്ച് രണ്ടു നിലകളിലായി മട്ടുപ്പാവോടു കൂടിയ കെട്ടിടം പണിതത്. വീടിനകത്ത് ശോധനാമുറി എന്ന പരിഷ്കാരം തുടങ്ങുന്നതും അന്നു മുതൽക്കാണ്. തേനേഴി ശങ്കരൻ നമ്പൂതിരിപ്പാടാണ് ഈ മരാമത്തിന് നേതൃത്വം കൊടുത്തത്. കൊച്ചുണ്ണിയാശാരിയും മകൻ കുട്ടപ്പനാശാരിയും ഇതിന് സഹായിച്ചു. 1972 നവംബർ 19-നാണ് കുറ്റൂശ നടത്തിയത്.

വീണ്ടും ഒരു പുതുക്കിപ്പണി നടന്നു. അത് 1988-ലാണ്. കേടു വന്നു തുടങ്ങിയ നാലുകെട്ടു പൊളിച്ച് മട്ടുപ്പാവാക്കി. നാട്ടുകാർക്ക് വേട്ടേക്കരനെ തൊഴാൻ സൗകര്യപ്പെടുത്താൻ വേണ്ടി വടക്കിനിയിൽ ഉണ്ടായിരുന്ന തേവാരം കിഴക്കിനിയുടെ സ്ഥാനത്ത് ഒരു ശ്രീകോവിൽ രൂപത്തിലാക്കി അതിലേയ്ക്കു മാറ്റി. നടുമുറ്റം നികത്തി നാലുകെട്ടിനൊപ്പമാക്കി. മറ്റെല്ലാ മുറികളും അതേ സ്ഥാനത്തു തന്നെ നിലനിർത്തി സൗകര്യപ്രദമാക്കി.

2000-ൽ വീടിനകത്ത് വീണ്ടും ചില മാറ്റങ്ങൾ വരുത്തി. അറയും പുറത്തളവും ഒന്നാക്കി ഇരിപ്പുമുറിയാക്കി. പണിക്കാർക്ക് ഉപയോഗിയ്ക്കാനായി കിഴക്കെ താഴ്‌വരയോടു ചേർന്ന് കിടപ്പുമുറിയുടെ സൗകര്യമുണ്ടാക്കി. വടക്കെ/തെക്കെ പുത്തൻ മുറികൾ അറ്റാച്ച്ഡ് ആക്കുകയും മറ്റു ചില ചില്ലറ പണികൾ നടത്തുകയും ചെയ്തു. പി. ടി. എൻ. വാസുദേവൻ മൂസ്സിന്റെ വേളിയ്ക്കു മുമ്പായി പണികൾ പൂർത്തിയാക്കി.

2019-ൽ ഇല്ലത്തിന്റെ മുഖവീക്ഷണം (Elevation) മാറ്റുകയും തട്ടിൻപുറം പൊളിച്ചുകളയുകയും ചെയ്തു. കിടപ്പുമുറികളെല്ലാം ആധുനികസജ്ജീകരണങ്ങളോടുകൂടിയാക്കുകയും അടുക്കളയിൽ മോഡുലാർ കിച്ചൻ സ്ഥാപിയ്ക്കുകയും ചെയ്തു.

ഇല്ലം: 2019-ലെ നവീകരണത്തിനു മുമ്പ്

ഇല്ലം: 2019-ലെ നവീകരണത്തിനു ശേഷം

# പാമ്പുംകാവ്

ഇല്ലത്തിന്റെ തെക്കുവശത്തായാണ് പാമ്പുംകാവ് സ്ഥിതി ചെയ്തിരുന്നത്. പേരറിയാത്ത വലിയൊരു വൃക്ഷവും ചുറ്റും ഇടതിങ്ങിയ മരങ്ങളോടും കൂടി അഞ്ചു സെന്റോളം സ്ഥലം കാവായിത്തന്നെ നിലനിന്നിരുന്നു. വിറ്റുപോയ തെക്കുഭാഗത്തെ സ്ഥലത്ത് വീടുകൾ വന്നു തുടങ്ങിയതോടെ ഈ 'പേരറിയാമരത്തെ' ആളുകൾ ഭീതിയോടെ നോക്കാനും ആശങ്കപ്പെടാനും തുടങ്ങി. ഇതിനേത്തുടർന്ന് ഇതു വെട്ടി മാറ്റണമെന്ന് തീരുമാനിയ്ക്കുകയും 1989 സെപ്തംബർ മാസത്തിൽ പാമ്പുംകാവ് ഇല്ലത്തിന്റെ വടക്കുപടിഞ്ഞാറു ഭാഗത്തേയ്ക്ക് മാറ്റിസ്ഥാപിയ്ക്കുകയുമുണ്ടായി. പിന്നീട് പഴയ പാമ്പുംകാവിലെ മരങ്ങൾ വെട്ടിമാറ്റി. കുളപ്പുറത്തു മനയ്ക്കൽ രാമൻ നമ്പൂതിരിയാണ് പാമ്പുംകാവ് മാറ്റി പ്രതിഷ്ഠിച്ചത്.

# വേട്ടേക്കരൻ പാട്ട്

കുടുംബചരിത്രത്തിന്റെ തുടക്കത്തിൽ മൂസ്സ് പഴനെല്ലിപ്പുറത്തു നിന്ന് തൃശ്ശൂരിൽ എത്തിയ കഥ പറഞ്ഞുവല്ലോ. സാമൂതിരിയുടെ അപ്രീതിയ്ക്കു പാത്രീഭൂതനായ മൂസ്സ് കിഴക്കുമ്പാട്ടുകരയിൽ എത്തിപ്പെട്ട് സസുഖം താമസിച്ചുവരികയായിരുന്നു. അങ്ങനെയിരിയ്ക്കേ ഒരു ദിവസം രാവിലെ കുമരപുരത്ത് വേട്ടേക്കരൻപാട്ടു കഴിഞ്ഞു മടങ്ങുന്ന വെളിച്ചപ്പാടും കൂട്ടരും വെള്ളം കുടിയ്ക്കാൻ ഇല്ലത്തേയ്ക്കു കയറിവന്നു. അവരിൽ നിന്ന് വിശേഷങ്ങൾ ധരിച്ച മൂസ്സ് ഇവിടേയും ഒരു പാട്ടു കഴിച്ചാൽ തരക്കേടില്ലെന്ന ആഗ്രഹം പ്രകടിപ്പിച്ചു. അടിയന്തിരക്കാർ അതിനു സമ്മതിയ്ക്കുകയും അന്നേരം തീയതി നിശ്ചയിച്ച് ആ ദിവസം പാട്ടുകഴിയ്ക്കുകയും ചെയ്തു. കോമരം അന്നു തുള്ളി താഴെ പറയും പ്രകാരം കൽപനയുണ്ടായി. “അന്നു രാത്രി വഴികാണിച്ചത് ഞാനാണ്. മേലാലും മുൻപോലെ ഇവിടെ എന്റെ സാന്നിദ്ധ്യം ഉണ്ടാകും. പൂജ അകത്തുള്ളവർ ചെയ്താൽ മതി. എനിയ്ക്കു സന്തോഷമായി.” ഈ അരുളപ്പാടു കേട്ട മൂസ്സ് യഥാശ്രുതം അനുവർത്തിച്ചു. .

ഇരുന്നൂറു വർഷങ്ങൾക്കിപ്പുറം ഇന്നും എല്ലാ വർഷവും വേട്ടേക്കരൻ പാട്ട് നടത്തിവരുന്നു. വേട്ടേക്കരന്റെ ധ്യാനം രണ്ടു തരത്തിലുണ്ട്. കിരാതവപുസ്സായും കിരാതസൂനുവായും. കിരാതവേഷം കെട്ടിയ സമയത്ത് അവരിലുണ്ടായ പുത്രനെയാണ് കിരാതസൂനുവായി ആരാധിച്ചുവരുന്നത്. ശിവന്റെ കാട്ടാളവേഷത്തിലുള്ള ധ്യാനമാണ് കിരാതവപുസ്സ്. ഈ ധ്യാനത്തിലാണ് ഇല്ലത്തെ ആരാധനാക്രമം.

**വേട്ടേക്കരന്റെ ധ്യാനശ്ലോകം**

‘ധരാധരശ്യാമളാംഗം
ക്ഷുരികേക്ഷു ധനുർധരം
കിരാതവപുഷം വന്ദേ
പരമാത്മാനമീശ്വരം’

വേട്ടേക്കരനെ കൂടാതെ മഹാവിഷ്ണു, ഗണപതി, ശിവൻ, ശ്രീപാർവതി, ദുർഗ്ഗ, ആദിത്യൻ എന്നിവർക്കും നിത്യവും നിവേദ്യമുണ്ട്. പൂജയായി വിശേഷദിവസങ്ങളിൽ മാത്രമേ പതിവുള്ളൂ. മലയാളമാസം മുപ്പട്ട് ശനിയാഴ്ച പായസവും അപ്പവും വിശേഷമായി ഉണ്ടാക്കി പൂജ ചെയ്തു വരുന്നു. പണ്ടു മുതലേ പൂജ ആനാംപറമ്പ് ഇല്ലത്തുള്ളവരോ തൈക്കാട്ടില്ലത്ത് താമസിക്കുന്ന നമ്പൂതിരിമാരോ ആണ് നടത്താറുള്ളത്. നിത്യവുമുള്ള നിവേദ്യം ഇല്ലത്ത് അന്തർജ്ജനങ്ങളാണ് ചെയ്തു വന്നിരുന്നതെങ്കിലും കാലക്രമത്തിൽ നമ്പൂതിരിമാർ തന്നെ നിവേദ്യവും കഴിക്കുന്ന സമ്പ്രദായമായി.

വേട്ടേക്കരൻപാട്ട് നടത്തിവന്നിരുന്നത് ഓരോ കാലത്തും ഇല്ലത്തുള്ള മൂസ്സുമാരുടെ പിറന്നാൾ

1986-ലെ പന്തീരായിരം

1986-ലെ പന്തീരായിരം : തലേദിവസത്തെ അടിയന്തിര പാട്ട്

ദിനത്തിലായിരുന്നു. ഉണ്ണി മൂസ്സിന്റെ മരണശേഷം അത് ദേവകി അന്തർജ്ജനത്തിന്റെ പിറന്നാൾദിനമായ ചിങ്ങ മാസത്തിലെ മകം നാളിലായി. അവരുടെ മരണ ശേഷവും മകം നാളിൽത്തന്നെ തുടർന്നുപോരുന്നു.

അടിയന്തിരത്തിന് തിരുവേഗപ്പുറ രാമപ്പൊതുവാ ളാണ് ദീർഘകാലം ഉണ്ടായിരുന്നത്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തെത്തുടർന്ന് അനിൽകുമാർ മാരാർ

കളം പൂജ 2009

മാരാന്മാരേയും കുറുപ്പന്മാരേയും സംഘടിപ്പിച്ച് ഒരുക്ക ങ്ങൾ നടത്തിപ്പോരുന്നു. വെളിച്ചപ്പാടായി പരിയാരം നാരായണൻ നമ്പൂതിരിയും തുടർന്ന് അദ്ദേഹത്തിന്റെ മകൻ രാമൻ പരിയാരവും ചടങ്ങുകൾക്ക് നേതൃത്വം വഹിച്ചു. 2009 മുതൽ കണ്ടമംഗലത്ത് മനോജ് ആണ് ഈ സ്ഥാനം വഹിയ്ക്കുന്നത്.

വേട്ടേക്കരൻ പാട്ടിന് ഞെരളത്ത് രാമ പ്പൊതുവാളും ആലിപ്പറമ്പ് ശിവരാമപ്പൊ തുവാളും സ്ഥിരമായി പങ്കെടുക്കാറുണ്ടായി രുന്നു.

വേട്ടേക്കരന് ഏറ്റവും പ്രധാനമായ വഴി പാട് പന്തീരായിരമാണ്. നാല് തവണ ഇതി വിടെ നടത്തിയിട്ടുണ്ട്. 1978, 1986, 2009, 2019 എന്നീ കൊല്ലങ്ങളിലായിരുന്നു അവ നട ത്തിയത്.

ആദ്യത്തെ പന്തീരായിരം നടത്തിയത് 1978-ൽ ദേവകി അന്തർജ്ജനം ടി. ബി. മെനൈഞ്ജൈറ്റിസ് രോഗവിമുക്തി നേടിയ തിന്റെ വഴിപാടായിട്ടായിരുന്നു.

1986-ലെ പന്തീരായിരം മേയ് (മേടം) മാസത്തിലാണ് നടത്തിയത്. അത് അമേരി ക്കയിലുള്ള ഭവാനി പിഷാരടി എന്ന ഭക്ത യുടെ വഴിപാടായിരുന്നു. ആ പന്തീരായിര ത്തിന് വലിയ മാദ്ധ്യമശ്രദ്ധ ലഭിച്ചിരുന്നു. ആലിപ്പറമ്പ് ശിവരാമപ്പൊതുവാളും, തൃത്താല കേശവപ്പൊതുവാളും ചേർന്ന ഇരട്ടത്തായമ്പകയുണ്ടായിരുന്നു.

2009-ലേതാവട്ടെ ദേവകി അന്തർജ്ജന ത്തിന്റെ ശതാഭിഷേകത്തോട് (84-ാം പിറ ന്നാൾ) അനുബന്ധിച്ചായിരുന്നു.

എസ് എൻ എ സ്ഥാപിച്ചതിന്റെ നൂറാം വാർഷികാഘോഷങ്ങളുടെ തുടക്കം എന്ന നിലയിൽ 2019 ആഗസ്റ്റ് 30-ന് വേട്ടക്കരൻ പാട്ട് പന്തീരായിരമായി നടത്തി. കണ്ടമംഗലം മനോജ് നമ്പൂതിരിയായി രുന്നു വെളിച്ചപ്പാട്. അടിയന്തിരച്ചുമതല അനിൽകുമാർ മാരാരായിരുന്നു നിർവ്വ ഹിച്ചത്. ഇതിനോടനുബന്ധിച്ച് പോരൂർ ഹരിദാസിന്റേയും കലാനിലയം ഉദയൻ നമ്പൂതിരിയുടേയും ഡബിൾ തായമ്പക അടക്കം വിവിധ വാദ്യമേളങ്ങൾ ഉണ്ടായി. അനുഗ്രഹീതകലാകാരന്മാരായ പൈങ്കുളം ഹരിദാസ്, നെല്ലുവായ രാജു, കാട്ടകാ മ്പാൽ മണി തുടങ്ങിയവരാണ് കളമെഴു ത്തിന് നേതൃത്വം നൽകിയത്. ഇതിനു പുറമേ തലേ ദിവസം സാധാരണ പോലെ അടിയന്തിര പാട്ടും നടത്തിയിരുന്നു.

2009-ലെ പന്തീരായിരം: തലേദിവസത്തെ അടിയന്തിര പാട്ട്

2019-ലെ പന്തീരായിരം

# ഉത്സവങ്ങളുടെ തിരുമുറ്റം

ഔഷധശാലയുടെ ചരിത്രം രേഖപ്പെടുത്തുമ്പോൾ ഔഷധശാലാ അങ്കണത്തിലും ഇല്ലത്തെ മുറ്റത്തുമായി നടക്കുന്ന വിവിധ ആഘോഷപരിപാടികൾ രേഖപ്പെടുത്താതെ വയ്യ. മറ്റ് സ്ഥാപനങ്ങളിൽ നിന്നും കുടുംബങ്ങളിൽ നിന്നും വ്യത്യസ്തമായി ദേശത്തെ ഉത്സവങ്ങളുടെ ഒരു കേന്ദ്രമായി ഇവിടം മാറാറുണ്ട്. ഇല്ലത്തെ ഓരോ വിശേഷവും നാട്ടുകാരുടേതുമാകുന്നു.

ഇവിടുത്തെ ഓരോ വർഷവും തുടങ്ങുന്നത് ചിങ്ങമാസത്തിലെ വേട്ടേക്കരൻപാട്ടോടു കൂടിയോ കുമ്മാട്ടിയോടു കൂടിയോ ആണ്. നാട്ടുകാരുടെ കൂടി പ്രാതിനിധ്യവും സഹകരണവും കൊണ്ട് വേട്ടേക്കരൻപാട്ടിന് ഒരു ക്ഷേത്രോത്സവത്തിന്റെ പ്രതീതി വന്നുചേരാറുണ്ട്. വേട്ടേക്കരൻപാട്ടിനെ പറ്റി വിശദമായി പറഞ്ഞതുകൊണ്ട് ഇവിടെ ചേർക്കുന്നില്ല.

## കുമ്മാട്ടി

ഓണക്കാലത്തെ തൃശ്ശൂരിന്റെ തന്നെ സാംസ്ക്കാരികാഘോഷമായിമാറിയ കുമ്മാട്ടിക്ക് ഈ ഇല്ലവുമായി വളരെയധികം ബന്ധമുണ്ട്. പാലക്കാട് ജില്ലയിലെ ആലത്തൂർ, ചിറ്റൂർ തുടങ്ങിയ പ്രദേശങ്ങളിൽ കാർഷികോത്സവത്തിന്റെ ഭാഗമായാണ് കുമ്മാട്ടിക്കളി നടക്കുന്നതെങ്കിൽ വേട്ടേക്കരന്റെ അവതാരകഥയുമായി ബന്ധപ്പെട്ട ഐതിഹ്യമാണ് ഇവിടുത്തെ കുമ്മാട്ടിക്കുള്ളത്. അർജ്ജുനന്റെ ഉഗ്രതപസ്സിൽ സംപ്രീതരായി ഭക്തനെ അനുഗ്രഹിക്കാൻ കാട്ടാളവേഷത്തിൽ ശിവനും ശ്രീപാർവതിയും ഭൂതഗണങ്ങളും വന്നതിന്റെ പുനരവതരണമാണ് കുമ്മാട്ടിയുടെ ഇതിവൃത്തം. തൃശ്ശൂർ തൈക്കാട്ട് ഇല്ലത്തെ വേട്ടേക്കരന്റെ പ്രതിഷ്ഠയുമായി കുമ്മാട്ടിക്കളിക്ക് ബന്ധം വരുന്നതും ഇതുകൊണ്ടാണ്.

ചിങ്ങമാസത്തിലെ അവിട്ടം നാളിൽ ഇവിടെ വെച്ച് നടക്കുന്ന തെക്കുമ്മുറി കുമ്മാട്ടിയുടെ ചരിത്രം പി. കെ. പ്രിയ എഴുതി സെപ്തംബർ 2016-ൽ പ്രസിദ്ധീകരിച്ച 'തെക്കുംമുറി കുമ്മാട്ടി – തൃശ്ശൂരിന്റെ പൈതൃകം' എന്ന പുസ്തകത്തിൽ നിന്ന് ഉദ്ധരിക്കാം.

കുമ്മാട്ടി

“പഴനെല്ലിപ്പുറത്തു നിന്ന് മൂസ്സിന്റെ കുടുംബത്തെ അനുഗമിച്ച നായർയുവതിക്ക് തൈക്കാട്ട് മനയ്ക്ക് സമീപം ഒരു മാളിക പണിതു നൽകി. ഈ കാരപ്പുറത്ത് തറവാട്ടിൽ നിന്നാണ് തൃശ്ശൂർ കുമ്മാട്ടിയുടെ ഉത്ഭവം. ഒരു ദേശത്തിന്റെ ദൃശ്യാവിഷ്ക്കാരത്തിന് കേളി കൊട്ടുണരുകയായിരുന്നു.

വിവാഹം കഴിഞ്ഞ് ഇവിടെത്തന്നെ താമസമാക്കിയ യുവതിയുടെ പിൻതലമുറക്കാരാണ് മനയുടെ അടുത്തും സമീപപ്രദേശങ്ങളിലുമുള്ള നായർത്തറവാട്ടുകാർ. തൃശ്ശൂർ നഗരത്തിൽ നിന്ന് ഒന്നര കിലോമീറ്റർ അകലെ തൃശ്ശൂർ-പാലക്കാട് നാഷണൽ ഹൈവേയുടെ ഇരുവശങ്ങളിലുമായി സ്ഥിതിചെയ്യുന്ന കിഴക്കുമ്പാട്ടുകരയുടെ തെക്കുഭാഗം തെക്കുംമുറിയെന്നും വടക്കുഭാഗം വടക്കുംമുറിയെന്നും അറിയപ്പെടുന്നു. കുമ്മാട്ടി എന്നാണ് ആരംഭിച്ചത് എന്നതിനെക്കുറിച്ച് വ്യക്തമായ രേഖകളില്ലെങ്കിലും ശക്തൻതമ്പുരാന്റെ കാലഘട്ടവും പഴമക്കാരിലൂടെ പകർന്ന പാട്ടറിവുകളും കേട്ടറിവുകളും പറഞ്ഞുവെയ്ക്കുന്നത് കാരപ്പുറത്ത് വീട്ടിൽ നൂറിൽപ്പരം വർഷങ്ങൾക്കു മുമ്പു തന്നെ കുമ്മാട്ടിയുടെ ആർപ്പുവിളി ഉയർന്നിട്ടുണ്ടെന്നാണ്. കാലക്രമത്തിൽ വടക്കൂട്ട്, മൂത്തേടത്ത്, പൊല്ലത്ത്, പനവളപ്പിൽ, കുറുപ്പത്ത്, എരവത്ത് തുടങ്ങിയ തറവാട്ടുകാരും കുമ്മാട്ടിക്കളിയുടെ ഭാഗമായി. കാരപ്പുറത്ത് കുമ്മാട്ടി തെക്കുംമുറി കുമ്മാട്ടിയായി.

അനുഷ്ഠാനപരമായ യാതൊരു ചടങ്ങുകളുമില്ലാതെ ഓണനാളുകളിലെ സമൃദ്ധിയിൽ ആനന്ദത്തിന് വേണ്ടിയുള്ള ഒത്തുചേരൽ. താളവും പാട്ടും ആട്ടവുമെല്ലാം ആനന്ദത്തിന്റെ ആളിപ്പടരലാണല്ലോ. വേഷപ്പകർച്ചക്ക് അലങ്കാരങ്ങളും അണിഞ്ഞു. പണ്ടു കാലത്ത് കവുങ്ങിൻപാളയിൽ കണ്ണിനും മൂക്കിനും ദ്വാരമുണ്ടാക്കി ചുണ്ണാമ്പ്, മഞ്ഞൾ, കരി എന്നിവ കൊണ്ട് രൂപമെഴുതിയ പൊയ്മുഖങ്ങളും ഉണങ്ങിയ വാഴയില ദേഹത്ത് തോരണം ചാർത്തിയുമാണ് കുമ്മാട്ടി കെട്ടിയിരുന്നത്. തിരുവോണനാളിൽ സമൃദ്ധമായ ഓണസ്സദ്യ കഴിഞ്ഞ് വട്ടം കൂടിയിരുന്നവർ കൊട്ടും പാട്ടുമായി വേഷം കെട്ടിയ കുമ്മാട്ടികളുമൊത്ത് തൈക്കാട്ട് മനയിലെത്തി വേട്ടേക്കരന്റെ തിരുമുറ്റത്ത് ആടിത്തിമർത്തു എന്നാണ് ഇതേക്കുറിച്ചുള്ള ഐതിഹ്യം.”

ഇതൊടൊപ്പം സ്ത്രീകൾ നാലുകെട്ടിൽ കുഞ്ഞാത്തോലോടൊപ്പം (ഇല്ലത്തെ അന്തർജ്ജനങ്ങളെ അങ്ങനെയാണ് വിളിക്കാറ്) തിരുവാതിരക്കളിയും തുടങ്ങും. നാട്ടുകാരും ഇല്ലത്തുള്ളവരും ചേർന്ന് അങ്ങനെ ഓണം ആഘോഷിച്ച് തീർക്കും. കളി കഴിഞ്ഞാൽ കുമ്മാട്ടിക്ക് ഓണപ്പുടവയും നാണയത്തുട്ടുകളും സമ്മാനമായി നൽകിയിരുന്നു. തിരുവോണനാളിലെ ഈ ഒത്തുചേരൽ പിന്നീട് അവിട്ടം നാളിലായി.

കുമ്മാട്ടിക്കളിക്ക് കാലക്രമത്തിൽ പല മാറ്റങ്ങളും വന്നുചേർന്നു. പാളമുഖങ്ങളുടെ സ്ഥാനത്ത് 1935 മുതൽ നാകത്തകിടുകളും പിന്നീട് 1941 മുതൽ മരത്തിൽ കൊത്തിയ മുഖങ്ങളും ഉപയോഗിച്ചു തുടങ്ങി. വാഴയിലക്ക് പകരം കുമ്മാട്ടിപ്പുല്ലുകൾ അലങ്കാരമായി ഉപയോഗിച്ചു തുടങ്ങിയതോടെ കുമ്മാട്ടിപ്പുല്ലിന്റെ ഹൃദ്യമായ സുഗന്ധം ആനച്ചൂരു പോലെ കിഴക്കുമ്പാട്ടുകരക്കാരുടെ ഗന്ധമായി മാറി.

ഇന്ന് അവിട്ടം നാളിൽ ഉച്ചയോടെ തൃശ്ശൂർ തൈക്കാട്ട് ഇല്ലത്തു നിന്ന് ആരംഭിക്കുന്ന തെക്കുംമുറി കുമ്മാട്ടി നെല്ലങ്കര, ചേലക്കോട്ടുകര ദേശങ്ങളിലൂടെ കളിച്ച് വൈകുന്നേരം ഇല്ലത്തു തിരിച്ചെത്തി സമാപിക്കുന്നു. ഇതു കൂടാതെ തിരുവോണദിവസം പൃഥ്വിയുടേയും നെല്ലങ്കര ദേശത്തിന്റേയും കുമ്മാട്ടികളും ചതയം നാളിൽ കുളമുറ്റം, വടക്കുംമുറി കുമ്മാട്ടികളും ആഘോഷമായിത്തന്നെ നടന്നു വരുന്നു.

കുമ്മാട്ടിപ്പാട്ട്

കുമ്മാട്ടിമുഖങ്ങളുടെ 75-ാം വാർഷികം പ്രശസ്ത ചലചിത്രതാരവും
രാജ്യസഭാംഗവുമായ സുരേഷ്ഗോപി ഉദ്ഘാടനം ചെയ്യുന്നു

# മറ്റു വിശേഷങ്ങൾ

ഓണക്കാലത്ത് ഇതുകൂടാതെ ഓണത്തപ്പനെ പീഠത്തിൽ വെച്ച് നേദിക്കുന്നു. വിഷ്ണു, ശിവൻ, ശ്രീപാർവതി, ആദിത്യൻ, ഗണപതി എന്നീ അഞ്ചു പേർക്കാണ് പൂജ. അട, പഴം എന്നിവയാണ് വിശേഷമായി നിവേദിക്കാറുള്ളത്. ഓണക്കാലത്തെ സദ്യവട്ടങ്ങളും ഇതോടൊപ്പം ഒരുക്കും.

അഷ്ടമിരോഹിണിദിനത്തിൽ കിഴക്കുമ്പാട്ടുകര ദേശത്തെ ശോഭായാത്രയുടെ ടാബ്ലോകൾ ആരംഭിയ്ക്കുന്നത് ഇല്ലത്തിന്റെ മുറ്റത്തുനിന്നാണ്. വർണ്ണശബളമായ ആ കാഴ്ച കാണാൻ നിരവധി പേർ എത്തിച്ചേരാറുണ്ട്.

കന്നിമാസത്തിലെ പാമ്പുംകാവ് പൂജയും നവരാത്രിയുമാണ് നാട്ടുകാർ ഒത്തുകൂടുന്ന മറ്റൊരു അവസരം. പൂജവെപ്പിന് അടുത്ത വീടുകളിൽ നിന്ന് പൂജയ്ക്കായി പുസ്തകങ്ങൾ കുട്ടികൾ കൊണ്ടുവരികയും വിദ്യാരംഭദിവസം ചില കുട്ടികളെ എഴുത്തിനിരുത്തുകയും ചെയ്യാറുണ്ട്. സരസ്വതി, വേദവ്യാസൻ, ഗുരു, ദക്ഷിണാമൂർത്തി, ഗണപതി എന്നീ 5 പേർക്കാണ് പത്മമിട്ട് പൂജചെയ്യുന്നത്.

മഹാനവമി ദിവസം നാട്ടുകാരുടെ ഭജനയും ഇല്ലത്തെ പടി മുതൽ പൂമുഖം വരെ കുരുത്തോലയിട്ട് അലങ്കരിച്ച് വിളക്കുവെയ്ക്കുന്നതും പതിവുണ്ട്. 2016, 2017, 2018 വർഷങ്ങളിൽ മഹാനവമി ദിവസം രാത്രി മുടിയേറ്റ്, പടയണി, തെയ്യം എന്നിവ യഥാക്രമം അനുഷ്ഠാനമല്ലാതെ കാഴ്ചയ്ക്കായി നടത്തിവന്നു. മുൻവർഷങ്ങളിൽ പാഠകവും ചാക്യാർകൂത്തും ഇത്തരത്തിൽ നടത്തി വന്നിട്ടുണ്ട്.

വൃശ്ചികമാസത്തിൽ പനമുക്കുംപിള്ളി ശാസ്താവിന്റെ അമ്പലത്തിലെ ദേശവിളക്ക് എഴുന്നള്ളിക്കുന്നത് ഇല്ലത്തുനിന്നാണ്. മുപ്പട്ട് ശനിയാഴ്ച വൈകുന്നേരം തുടങ്ങുന്ന എഴുന്നള്ളിപ്പിന് നാട്ടുകാരുടെ വലിയ സംഘം തന്നെയുണ്ടാകും. പെൺകുട്ടികളും മുതിർന്ന സ്ത്രീകളുമടങ്ങുന്ന അമ്പതിലധികം പേർ താലം പിടിക്കാൻ തന്നെയുണ്ടാകാറുണ്ട്. ഇവരെ വെളിച്ചപ്പാടും അയ്യപ്പൻപാട്ടുസംഘവും അനുഗമിക്കും. നാഗസ്വരത്തോടെ പുറപ്പെടുന്ന എഴുന്നള്ളിപ്പിൽ ആനയും തേരും ഭജനസംഘവും ഉണ്ടാകാറുണ്ട്.

പടയണി

ധനുമാസത്തിലെ തിരുവാതിരയും മുപ്പട്ട് ബുധനാഴ്ചയിലെ കുചേലദിനവും പ്രത്യേക പൂജകളോടെ ആചരിക്കുന്നു. തിരുവാതിരയ്ക്കുള്ള ചടങ്ങുകളിൽ അടുത്തുള്ള വീട്ടുകാരും പങ്കെടുക്കാറുണ്ട്. കൂവപ്പായസം, കിഴങ്ങുകൾ ചുട്ടുകഴിയ്ക്കൽ, പാതിരാപ്പൂ ചൂടൽ തുടങ്ങിയവ ഇന്നും ആചരിച്ചു വരുന്നു. മകരമാസത്തിലെ പാറമേക്കാവ് ക്ഷേത്രത്തിലെ പാനപ്പറ ഒരു ദിവസം ഇല്ലത്തുനിന്നാണ് തുടങ്ങുന്നത്. അന്നേദിവസം പറയ്ക്ക് ശേഷം എല്ലാവർക്കും കാപ്പി-പലഹാരവും ഇല്ലത്ത് കരുതും. ഇതേ മാസത്തിൽത്തന്നെ കുളമുറ്റം വിഷ്ണുക്ഷേത്രത്തിൽ നിന്നും പനമുക്കുംപിള്ളി ശാസ്താവിന്റെ അമ്പലത്തിൽ നിന്നുമുള്ള ഇറക്കിപ്പൂജകളുമുണ്ട്.

കുംഭമാസത്തിലെ ശിവരാത്രിയ്ക്ക് വേട്ടേയ്ക്കരന് പ്രത്യേകപൂജകളും ഇളനീർ അഭിഷേകവുമുണ്ട്. ചാണകം ചുട്ട് ഭസ്മമുണ്ടാക്കുന്നതും ഇന്നേ ദിവസം തന്നെയാണ്.

മീനമാസത്തിൽ ഷഷ്ഠിദിവസം ചേലക്കോട്ടുകര മാഹേശ്വരക്ഷേത്രത്തിൽ പൂരമാണ്. അതിന്റെ ഭാഗമായുള്ള കാവടി എഴുന്നെള്ളിപ്പ് തുടങ്ങുന്നത് ഇല്ലത്തുനിന്നാണ്. നാഗസ്വരം, ബാൻഡ്‌വാദ്യം, ശിങ്കാരിമേളം തുടങ്ങി നിരവധി വാദ്യങ്ങളുടെ അകമ്പടിയോടെയാണിത് പുറപ്പെടുന്നത്.

മേടമാസമായാൽ തൃശ്ശൂർപ്പൂരത്തിന്റെ കാലമായി. ഇതോടനുബന്ധിച്ച് പാറമേക്കാവ് ഭഗവതിയുടെ ഇറക്കിപ്പൂജയും തിരുവമ്പാടി ഭഗവതിയുടെ പറയും ഇല്ലത്തുണ്ട്. വൈശാഖകാലമായാൽ എന്നും മാമ്പഴവും ഇഞ്ചിയും തൈരും നേദിക്കാറുണ്ട്. കൂടാതെ അക്ഷയതൃതീയദിവസം പാനകമുണ്ടാക്കി വിഷ്ണുവിന് നേദിച്ച് ഈ പാനകം ദേശത്തെ വീടുകളിലേക്ക് പ്രസാദമായും കൊടു

കാവടി

ഓണാഘോഷം

തെയ്യം

മുടിയേറ്റ്

ക്കുന്നു. വിഷുദിനവും എല്ലാ ആചാരങ്ങളോടെയും ആഘോഷിക്കുന്നുണ്ട്.

മിഥുനമാസത്തിൽ കർക്കടസംക്രാന്തിപ്പണികൾ എല്ലാം നടത്താറുണ്ടെങ്കിലും ചേട്ടയെ കളയൽ എന്ന ചടങ്ങ് കഴിഞ്ഞ കുറച്ചുവർഷമായി നടത്താറില്ല.

കർക്കടകത്തിൽ അഷ്ടമംഗലം, കറുകമാല എന്നിവ ശ്രീഭഗവതിക്ക് വെയ്ക്കുക, മുപ്പട്ട് വെള്ളിയാഴ്ച വെള്ളില ചൂടുക, മൈലാഞ്ചിയിടുക, പത്തിലക്കറി വെയ്ക്കുക, താള്കറി വെയ്ക്കുക എന്നിവയെല്ലാം നടത്തുന്നു. കൂടാതെ അന്നേ ദിവസം കൂട്ട്കൂട്ടിയ ഗണപതിഹോമവും കഴിക്കാറുണ്ട്. മുപ്പട്ട് ശനിയാഴ്ച വേട്ടേക്കരന് ത്രികാലപൂജയും പതിവുണ്ട്.

ഇവയ്ക്ക് പുറമെ എല്ലാ മാസവും മുപ്പട്ട് വെള്ളിയാഴ്ച രാവിലെ ഗണപതിഹോമവും വൈകുന്നേരം ഭഗവത്സേവയും കഴിക്കാറുണ്ട്. മുപ്പട്ട് ശനിയാഴ്ചകളിൽ വേട്ടേക്കരന് പ്രത്യേക പൂജയുമുണ്ട്.

ഇങ്ങനെ ക്രമീകരിച്ച് നോക്കുമ്പോൾ ഇല്ലത്ത് വിശേഷങ്ങൾ ഒഴിവായ മാസങ്ങൾ ഒന്നുമില്ലെന്ന് കാണാം. ഇതിന് സഹായത്തിനായി അകത്തും പുറത്തും ധാരാളം ആളുകൾ എല്ലാ കാലത്തും ഇവിടെയുണ്ടാകാറുണ്ട്. പണ്ട് നമ്പൂതിരിഗൃഹങ്ങളിൽ ഉണ്ടായിരുന്ന പല ചടങ്ങുകളും ഇന്നും നിലനിർത്തിവരുന്ന അപൂർവം കുടുംബങ്ങളിലൊന്നാണ് തൃശ്ശൂർ തൈക്കാട്ട് ഇല്ലം.

# ഗ്രന്ഥപ്പുര

അപൂർവ്വമായ താളിയോലഗ്രന്ഥങ്ങളും കയ്യെഴുത്തുപ്രതികളും നോട്ടുപുസ്തകങ്ങളും ഉൾപ്പെടെ വിപുലമായ ഒരു ഗ്രന്ഥശേഖരം തൃശ്ശൂർ തൈക്കാട്ടു മനയിൽ ഉണ്ട്. തൃശ്ശൂർ തൈക്കാട്ട് നാരായണൻ മൂസ്സ്, ഉണ്ണിമൂസ്സ്, പി. ടി. നാരായണൻ മൂസ്സ് എന്നിവരുടെ പാണ്ഡിത്യത്തിനെ പരിപോഷിപ്പിച്ചത് ഈ ഗ്രന്ഥശേഖരമാണ്.

1968-ൽ കോഴിക്കോട് സർവ്വകലാശാല സ്ഥാപിച്ച സമയത്ത് ഇവിടുത്തെ ശേഖരത്തിൽ നിന്ന് കുറേ ഗ്രന്ഥങ്ങൾ സംഭാവന ചെയ്യുകയുണ്ടായി. ആലത്തൂർ മണിപ്രവാളം എന്ന ആലത്തിയൂർ നമ്പിയുടെ വൈദ്യഗ്രന്ഥവും അതിൽ ഉൾപ്പെട്ടിരുന്നു. ഡോ. എം. ആർ. രാഘവവാരിയർ കോട്ടക്കൽ ആര്യവൈദ്യശാലയുടെ പ്രസിദ്ധീകരണവിഭാഗത്തിന്റെ ചുമതല ഏറ്റെടുത്ത സമയത്ത് ആലത്തൂർ മണിപ്രവാളം സർവ്വകലാശാലയിൽനിന്നെടുത്ത് 2009-ൽ പുനഃപ്രസിദ്ധീകരിച്ചു. ഇതിന്റെ അവതാരികയിൽ തൃശ്ശൂർ തൈക്കാട്ടെ ഗ്രന്ഥശാലയിൽ നിന്ന് സർവ്വകലാശാലയ്ക്കു കൊടുത്തതാണ് ഈ ഗ്രന്ഥമെന്നും ഇത്തരം അപൂർവ്വമായ ഗ്രന്ഥങ്ങൾ ഇനിയും പുറത്തു വരാനുണ്ടെന്നും ഡോ. രാഘവവാരിയർ സൂചിപ്പിയ്ക്കുന്നുണ്ട്.

1968-ൽ സർവ്വകലാശാലയ്ക്കു കൈമാറ്റം ചെയ്തതിനു ശേഷമുള്ള ഗ്രന്ഥങ്ങളുടെ ഒരു പട്ടിക തയ്യാറാക്കിയിരുന്നു. അതനുസരിച്ച് 70 സംസ്കൃതഗ്രന്ഥങ്ങളും 37 മലയാളഗ്രന്ഥങ്ങളും താളിയോലകളിലായി ഇന്നും കൈവശമുണ്ട്.

കൂടാതെ ആദ്യത്തെ വൈദ്യമാസികയായ ധന്വന്തരിയുടെ ആദ്യലക്കങ്ങളും വൈദ്യസാരഥി എന്ന മാസികയുടെ നിരവധി ലക്കങ്ങളും ഇവിടെ ഇന്നും സൂക്ഷിച്ചു വെച്ചിട്ടുണ്ട്.

തൃശ്ശൂർ തൈക്കാട്ട് നാരായണൻ മൂസ്സിന്റെ സിന്ദൂരമഞ്ജരി, ശൃംഗാരമണ്ഡനം ഭാണം എന്നീ കൃതികളൊഴികെ മറ്റൊന്നും നിർഭാഗ്യവശാൽ ഗ്രന്ഥശേഖരത്തിൽനിന്നു കണ്ടെത്താനായിട്ടില്ല. യാദവദാനവീയം, കപോതസന്ദേശം എന്നീ കൃതികളുടെ കയ്യെഴുത്തുപ്രതി ഉണ്ണി മൂസ്സിന്റെ പക്കൽനിന്നു വാങ്ങി കവനകൗമുദിയുടെ പത്രാധിപരായിരുന്ന പി. വി. കൃഷ്ണവാരിയർക്ക് കൈമാറിയതായി കെ. കെ. രാജയുടെ ലേഖനത്തിൽ (പുഷ്പാഞ്ജലി - എളേടത്ത് തൈക്കാട്ട് നീലകണ്ഠൻ മൂസ്സിന്റെ ഷഷ്ടിപൂർത്ത്യുപഹാരം, 1964) പറയുന്നുണ്ട്. എന്നാൽ ഇവ മാസികയിൽ പ്രസിദ്ധീകരിച്ചതായി അറിവില്ല.

തൃശ്ശൂർ തൈക്കാട്ട് നാരായണൻ മൂസ്സിന്റെ സിന്ദൂരമഞ്ജരി പ്രസിദ്ധീകരിച്ചത് 1915-ൽ പള്ളത്ത് ഇക്കോരൻ കൃഷ്ണന്റെ കേരളചിന്താമണി എന്ന അച്ചുകൂടത്തിലാണ്. ഇതിന്റെ പ്രതികൾ ലഭ്യമല്ലാത്തതുകൊണ്ട് 1994-ൽ ഔഷധശാല പുതിയ പതിപ്പ് ഇറക്കി. ഇതിന്റെ പ്രകാശനം നടന്നത് ഒല്ലൂരിലെ ഇളയിടത്ത് തൈക്കാട്ട് മൂസ്സിന്റെ ഇല്ലത്തുവെച്ചാണ്. ഇ. ടി. നീലകണ്ഠൻ മൂസ്സ് ഡോ. കെ. ആർ. രാമൻ നമ്പൂതിരിയ്ക്ക് നൽകിയായിരുന്നു പ്രകാശനം. അവതാരികയെഴുതിയത് വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാടാണ്. പുലാമന്തോൾ ശങ്കരൻ (ഏട്ടൻ) മൂസ്സ്, പി. ടി. നാരായണൻ മൂസ്സ്, ഇ. ടി. നാരായണൻ മൂസ്സ്, ആലത്തിയൂർ നാരായണൻ നമ്പി തുടങ്ങിയവരേക്കൂടാതെ ഇളയിടത്തു തൈക്കാട്ടേയും തൃശ്ശൂർ തൈക്കാട്ടേയും കുടുംബാംഗങ്ങളും ഇതിൽ പങ്കെടുത്തു.

# കുടുംബഡോക്ടർമാർ

തൃശ്ശൂർ നഗരത്തിന്റെ ചരിത്രമെഴുതുമ്പോൾ ഒഴിവാക്കാനാവാത്ത പേരാണ് ഡോ. വി. കെ. നാരായണമേനോന്റേത്. കൊച്ചി രാജകുടുംബാംഗമായ കേരള വർമ്മയുടേയും വടക്കേ കുറുപ്പത്ത് നാലുകെട്ടിൽ നാരായണിയമ്മയുടേയും മകനായി 1902-ൽ ജനിച്ചു. കൊല്ലം ജനറൽ ആശുപത്രിയിൽ 1926-ൽ ഹൗസ് സർജനായി. 1930-ൽ കൊച്ചിൻ സ്റ്റേറ്റിൽ സ്കൂൾ മെഡിക്കൽ ഓഫീസറായി നിയമിയ്ക്കപ്പെട്ടു. പിന്നീട് എറണാകുളം ജനറൽ ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായ അദ്ദേഹം 12 വർഷം തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ മെഡിക്കൽ സൂപ്രണ്ട് ആയി വിരമിച്ചു. ഡോ. നാരായണമേനോൻ കീരംകുളങ്ങരയിലാണ് താമസിച്ചിരുന്നത്.

തൃശ്ശൂരിലെ പൗരപ്രമുഖരിൽ പ്രഥമസ്ഥാനം വഹിച്ചിരുന്ന ഡോ. നാരായണമേനോൻ തൃശ്ശൂരിൽ അക്കാലത്തുണ്ടായിരുന്ന സാംസ്കാരികനായകന്മാരായ പ്രൊഫസ്സർ ജോസഫ് മുണ്ടശ്ശേരി, സി. അച്യുതമേനോൻ തുടങ്ങിവരുമായി അടുത്ത സമ്പർക്കം പുലർത്തിയിരുന്നു. പലരും അദ്ദേഹത്തിന്റെ അടുത്ത് ചികിത്സ തേടി എത്തുമായിരുന്നു.

ഏതു രോഗി ഏത് അസമയത്തു വന്നു വിളിച്ചാലും അവരുടെ ഒപ്പം വീട്ടിൽ പോയി ചികിത്സിയ്ക്കാൻ മടിയ്ക്കാറുണ്ടായിരുന്നില്ല ഡോ. നാരായണമേനോൻ. പ്രതിഫലമായി ഒന്നും ചോദിച്ചു വാങ്ങിയിരുന്നില്ല. കടുത്ത ഗുരുവായൂരപ്പഭക്തനായിരുന്ന ഡോ. നാരായണമേനോൻ ചികിത്സ വഴി കിട്ടുന്ന സമ്പാദ്യത്തിന്റെ നേർപകുതി ഗുരുവായൂരപ്പന് സമർപ്പിച്ചിരുന്നു. ഒരിയ്ക്കൽ പ്രതിഫലമായി കിട്ടിയ ഒരു സ്വർണ്ണമാലയും പകുതിയാക്കി മുറിച്ച് ഗുരുവായൂരപ്പന് സമർപ്പിച്ചു പോൽ.

1955-ൽ പി. ടി. നാരായണൻ മൂസ്സിന് കൈക്കുഴ തെറ്റിയപ്പോൾ ചികിത്സിയ്ക്കാൻ എത്തിയതോടെയാണ് ഡോ. നാരായണമേനോൻ തൃശ്ശൂർ തൈക്കാട്ടില്ലവുമായി ബന്ധപ്പെടുന്നത്. പിന്നീട് അദ്ദേഹത്തിന്റെ മരണം വരെ ഭംഗമെന്യേ പുലർന്ന സൗഹൃദമായിരുന്നു അത്.

പി. ടി. നാരായണൻമൂസ്സ് ഡോ. വി. കെ. നാരായണമേനോനോടൊപ്പം

ഡോ. വി. കെ. നാരായണമേനോന്റെയും തട വിള്ളിൽ. മാധവിക്കുട്ടിയമ്മയുടെയും മകനായി ജനിച്ച ഡോ. ടി. ഉണ്ണിക്കൃഷ്ണൻ അച്ഛന്റെ സമ്പ്ര ദായങ്ങളും ആദർശങ്ങളും അതേപടി ജീവിത ത്തിൽ പകർത്തി. ആധുനികവൈദ്യശാസ്ത്ര ത്തിൽ ബിരുദമെടുത്തതിനു ശേഷം ഏഴു വർഷ ക്കാലം തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചു. പിന്നീട് അച്ഛന്റെ സഹായി യായും നാരായണമേനോന്റെ മരണശേഷം സ്വത ന്ത്രമായും വീട്ടിൽത്തന്നെ രോഗികളെ പരിശോ ധിച്ചു വരുന്നു.

അദ്ദേഹം തൃശ്ശൂർ തൈക്കാട്ടില്ലവുമായി ബന്ധ പ്പെടുന്നത് 1976-ലാണ്. അന്നു മുതൽ 2005 നവം ബർ 10-ന് പി. ടി. നാരായണൻ മൂസ്സ് മരിയ്ക്കു ന്നതു വരെ എല്ലാ ഞായറാഴ്ചകളിലും വൈകു ന്നേരം 4 മണിയ്ക്ക് അദ്ദേഹം തൈക്കാട്ടില്ലത്ത് എത്തുമായിരുന്നു. ഒരു ഞായറാഴ്ച പോലും അതിനു മുടക്കം വന്നിട്ടില്ല എന്നത് ഒരത്ഭുതം പോലെയേ കാണാനാവൂ. ചികിത്സയുടെ ആവശ്യ ത്തിനു വേണ്ടിയായിരുന്നില്ല ഈ സന്ദർശനങ്ങൾ. അതേസമയം നാരായണൻ മൂസ്സിന്റെ ആരോഗ്യ കാര്യങ്ങൾ നിരന്തരം അന്വേഷിച്ചുകൊണ്ടുമി രുന്നു അദ്ദേഹം.

മൂസ്സിന്റെ മാത്രം ഡോക്ടറായിരുന്നില്ല അദ്ദേഹം. ദേവകി അന്തർജ്ജനത്തിന് ടി. ബി. മെനെഞ്ജറ്റിസ് ബാധ കണ്ടുപിടിച്ചതും ചികിത്സയ്ക്ക് ഏർപ്പാടാക്കിയതും ഡോ. ഉണ്ണിക്കൃ ഷ്ണനാണ്.

ഇല്ലവുമായുള്ള അടുപ്പം ഔഷധശാലയിലെ ജീവനക്കാരോടും അദ്ദേഹം സൂക്ഷിയ്ക്കുന്നുണ്ട്.

ഇല്ലമായോ ഔഷധശാലയുമായോ ഏതെ ങ്കിലും തരത്തിൽ ബന്ധപ്പെട്ടവർക്കൊക്കെ ഡോ. ഉണ്ണിക്കൃഷ്ണന്റെ ചികിത്സ സൗജന്യമാണ്. ചികി ത്സയ്ക്ക് എത്തിയവരുടെ തുടർവിവരങ്ങൾ രോഗി കളെ വിളിച്ച് അന്വേഷിയ്ക്കുന്നത് അദ്ദേഹ ത്തിന്റെ പ്രത്യേകതയാണ്.

കോങ്ങോട്ട് ഗീതയാണ് ഭാര്യ. സംഗീത, സുചിത്ര എന്നീ രണ്ടു മക്കളാണ് ഡോ. ഉണ്ണിക്കൃ ഷ്ണനുള്ളത്.

ഡോ. ടി. ഉണ്ണിക്കൃഷ്ണൻ

# രണ്ടു ക്ഷേത്രങ്ങൾ

## പെരിങ്ങാവ് ശ്രീധന്വന്തരീക്ഷേത്രം

തൃശ്ശൂരിന്റെ പ്രാന്തപ്രദേശത്തുള്ള പെരിങ്ങാവ് എന്ന ദേശം ഒരു നാട്ടുമ്പുറത്തിന്റെ ലാളിത്യവും പവിത്രതയും നിറഞ്ഞതാണ്. അതേ സമയം കോർപ്പറേഷന്റെ പരിധിയിൽപ്പെടുന്ന ഈ ഗ്രാമം ഒരു നഗരത്തിന്റെ സൗകര്യങ്ങളും ഉൾക്കൊള്ളുന്നുണ്ട്. കൊടുംവനമായിരുന്ന ഈ പ്രദേശം പെരുംകാവ് എന്നാണ് അറിയപ്പെട്ടിരുന്നതെന്നും പിന്നീട് അത് പെരിങ്ങാവ് ആയി മാറിയതാണെന്നും പറയപ്പെടുന്നുണ്ട്. ഇവിടെ ഒരു ധന്വന്തരീക്ഷേത്രമുണ്ട്.

പ്രധാനപ്രതിഷ്ഠ മഹാവിഷ്ണുവിന്റെ അംശാവതാരമായ ധന്വന്തരീ ദേവൻ തന്നെ. ആരോഗ്യത്തിന്റെ അധിപതിയായിട്ടാണ് ധന്വന്തരി ആരാധിയ്ക്കപ്പെട്ടു പോരുന്നത്. ഗണപതിയുടേയും അയ്യപ്പന്റേയും പ്രതിഷ്ഠകളുമുണ്ട്. ശ്രീകോവിൽ രണ്ടു നിലകളിലായി വൃത്തരൂപത്തിലാണ് പണി കഴിപ്പിച്ചിട്ടുള്ളത്. അതാവട്ടെ കേരളീയ വാസ്തുശിൽപങ്ങളിൽ വളരെ അപൂർവ്വവുമാണ്.

ഈ ക്ഷേത്രത്തിനു പിന്നിൽ കുറേ ഐതിഹ്യങ്ങളുണ്ട്. ഈ അമ്പലം ഇപ്പോൾ നിൽക്കുന്ന സ്ഥലത്ത് ഒരു പർണശാലയായിരുന്നുവെന്നും ഒരു പരദേശി ബ്രാഹ്മണൻ നൂറ്റാണ്ടുകൾക്കു മുമ്പ് അവിടെ പാർത്തിരുന്നുവെന്നും കഥയുണ്ട്. അദ്ദേഹം തന്റെ കയ്യിലുള്ള ഒരു സാളഗ്രാമം അവിടെ വെച്ചു പൂജിച്ചിരുന്നുവത്രേ. അതിഭൗതികമായ സിദ്ധികൾ അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സിദ്ധികൾ അയലത്തുള്ളവരെയെല്ലാം ആകർഷിച്ചിരുന്നുവത്രേ.

അക്കാലത്ത് കൊച്ചിരാജ്യം ഭരിച്ചിരുന്ന രാജാവ് ഒരു ആനക്കമ്പക്കാരനായിരുന്നു. അദ്ദേഹത്തിന് നിരവധി ആനകളുമുണ്ടായിരുന്നു. ഇപ്പറഞ്ഞ സ്ഥലത്തായിരുന്ന അതിലൊരാനയ്ക്ക് അസുഖം വന്നു. ദീനം മൂർച്ഛിയ്ക്കുകയും ജീവൻ അപകടനിലയിലാവുകയും ചെയ്തു. അക്കാലത്ത് രാജ്യത്തെ പ്രസിദ്ധരായ വൈദ്യന്മാർക്കൊന്നും ആനയെ സുഖപ്പെടുത്താനായില്ല. ഒടുവിൽ തൃശ്ശൂർ തൈക്കാട്ട് മൂസ്സിന്റെ ചികിത്സയിലാണ് ആന സുഖം പ്രാപിച്ചത്. ആനയെ തിരിച്ചു കിട്ടിയതിൽ സംപ്രീതനായ കൊച്ചി മഹാരാജാവ് അതിനെ തളച്ചിരുന്ന സ്ഥലം മുഴുവൻ മൂസ്സിന് പതിച്ചു നൽകി.

അന്നുമുതൽ തൈക്കാട്ടില്ലക്കാർ നേരിട്ടു നടത്തിയിരുന്ന ക്ഷേത്രഭരണം 1974-ൽ നാട്ടുകാരുടെ കമ്മിറ്റിയ്ക്ക് വിട്ടുകൊടുത്തു.

1980-ൽ നടത്തിയ ദേവപ്രശ്നത്തിൽ ഈ ക്ഷേത്രത്തിന് 900 വർഷത്തിലധികം പഴക്കമുണ്ടെന്നു കണ്ടെത്തിയിട്ടുണ്ട്.

നിരവധി ഉത്സവാഘോഷങ്ങൾക്കു പുറമേ വർഷം തോറും നടത്തിവരുന്ന ഔഷധസേവാദിനത്തിൽ ക്ഷേത്രദർശനത്തിനും ഔഷധസേവയ്ക്കുമായി ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്ന് ഭക്തജനങ്ങൾ എത്താറുണ്ട്.

പെരിങ്ങാവ് ക്ഷേത്രം

# പറപ്പൂര് ശ്രീധന്വന്തരീക്ഷേത്രം

തൃശ്ശൂർ നഗരത്തിൽനിന്ന് ഏകദേശം മൂന്നു കിലോമീറ്റർ കിഴക്കു മാറി നെല്ലിക്കുന്ന് എന്ന സ്ഥലത്തായിരുന്നു അഷ്ടവൈദ്യകുടുംബങ്ങളിലൊന്നായിരുന്ന പറപ്പൂര് മൂസ്സിന്റെ തറവാട്. ഈ കുടുംബത്തിൽ പ്രസിദ്ധരായ പല വൈദ്യന്മാരും ഉണ്ടായിരുന്നു. ഇവരുടെ ഉപാസനാമൂർത്തിയായിരുന്ന പറപ്പൂര് ധന്വന്തരീമൂർത്തിയുടെ ക്ഷേത്രവും സ്വത്തുക്കളും തറവാട്ടിൽ കുടുംബാംഗങ്ങൾ ഇല്ലാതെ വന്ന സമയത്ത് അഷ്ടവൈദ്യകുടുംബമായ തൃശ്ശൂർ തൈക്കാട്ട് മൂസ്സ് കുടുംബത്തിലേയ്ക്ക് ലയിയ്ക്കുകയായിരുന്നു. ഇന്ന് ക്ഷേത്രഭരണം നിർവ്വഹിയ്ക്കുന്നത് തൃശ്ശൂർ തൈക്കാട്ട് മൂസ്സ് കുടുംബമാണ്.

പറപ്പൂര് ക്ഷേത്രം

പറപ്പൂര് മൂസ്സിന്റെ ഇല്ലപ്പറമ്പിനോടു ചേർന്നാണ് ഈ ക്ഷേത്രം ഉണ്ടായിരുന്നത്. എല്ലാ ഐശ്വര്യങ്ങളോടും കൂടി നിലനിന്നിരുന്ന ഈ ക്ഷേത്രം ഒരു കാലഘട്ടത്തിൽ നാശം സംഭവിച്ച് നിത്യപൂജകൾക്കുതന്നെ ലോപം വന്ന് ജീർണ്ണിച്ചതായിത്തീർന്നു. പ്രധാനപ്രതിഷ്ഠ വിഷ്ണുവാണ്. ക്ഷേത്രത്തിലെ പ്രധാന ശ്രീകോവിലിനോടു ചേർന്ന് ഒരു തറയിൽ ഗണപതിയേയും (ഒക്കത്ത് ഗണപതി) ദുർഗ്ഗയേയും സങ്കല്പിച്ച് ആരാധിച്ചു പോന്നു. ശാസ്താവിന് പ്രത്യേകമായ ശ്രീകോവിൽ ഉണ്ടായിരുന്നുവെങ്കിലും പീഠം മാത്രമേ ഉണ്ടായിരുന്നുള്ളൂ; കുഴബിംബം ഏതോ കാലഘട്ടത്തിൽ നശിച്ചുപോയിരുന്നു. പൂജകൾ നടത്തിയിരുന്നത് വേണാട് മനയിലെ കുടുംബാംഗങ്ങളായിരുന്നു. അമ്പലപ്പറമ്പ് കാട് പിടിച്ച് കടക്കാൻ തന്നെ ഭയപ്പെടുന്ന രൂപത്തിലായിരുന്നെന്ന് നാട്ടുകാർ പറയുന്നു.

ഇതിനൊരു മാറ്റമുണ്ടാകുന്നത് 1970-കളിൽ പി. ടി. നാരായണൻ മൂസ്സ് രക്ഷാധികാരിയായി 'പറപ്പൂര് മഹാവിഷ്ണു ക്ഷേത്രോദ്ധാരണസമിതി' എന്ന പേരിൽ നാട്ടുകാരുടെ ഒരു കമ്മിറ്റി ഉണ്ടാക്കുന്നതോടെയാണ്. ഔഷധശാലയുടെ മാനേജരായിരുന്ന ആലത്തൂർ നമ്പൂതിരിയുടെ നേതൃത്വത്തിൽ ക്ഷേത്രത്തിന്റെ അതിർത്തി നിശ്ചയിച്ച് ചുറ്റുപുറവും കരിങ്കൽഭിത്തി പണിയുന്നതും ഇതേ കാലത്താണ്. കൊച്ചുണ്ണിയാശാരിയുടെ ചുമതലയിൽ 1971 ആഗസ്ത് 21-ന് ഈ മതിൽപണി തീർന്നു.

ഇല്ലത്തുനിന്ന് മരാമത്തു പണികൾക്കായി കല്ലും മരവും ഓടും 1973 മേയ് 5-ന് ഈ കമ്മിറ്റി ഏറ്റുവാങ്ങിയതിന്റെ രേഖകളുണ്ട്. ഇവയുപയോഗിച്ചാണ് വലിയമ്പലം പണിയുന്നതും ശ്രീകോവിലുകളുടെ കേടുപാടുകൾ തീർക്കുന്നതും.

1975-ൽ ക്ഷേത്രാഭിവൃദ്ധിക്കു വേണ്ടി അഷ്ടമംഗലപ്രശ്നം നടത്തുകയും പരിഹാരങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. വിശേഷാൽപൂജകൾ, കാവടി, ദേശവിളക്ക് എന്നിവയും നടത്തിയിട്ടുണ്ട്. പിന്നീട് കാര്യമായ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാതെ വരികയും 1980 ജനുവരി 13-ന് കമ്മിറ്റി പിരിച്ചു വിട്ട് കടബാദ്ധ്യതകൾ ഒന്നും ഇല്ലാതെ ഭരണം പി. ടി. നാരായണൻ മൂസ്സിനെ തിരികെ ഏൽപ്പിയ്ക്കുകയും ചെയ്തു.

രണ്ടായിരാമാണ്ടിന്റെ ആദ്യം തൃശ്ശൂർ തൈക്കാട്ട് മനയിൽ അഷ്ടമംഗലപ്രശ്നം വെച്ച സമയത്ത് പറപ്പൂർ അമ്പലത്തിൽ ഒരു ദിവസം താംബൂലപ്രശ്നവും നടത്തി. പ്രശസ്തജ്യോതിഷനായ കൈമുക്ക് വൈദികൻ പരമേശ്വരൻ നമ്പൂതിരിയും രാഘവപ്പണിക്കരും കൈമുക്കിന്റെ ശിഷ്യനായ പത്മനാഭശർമ്മയുമാണ് (കല്ലേറ്റുംകര പത്മനാഭശർമ്മ) ദേവജ്ഞരായുണ്ടായിരുന്നത്. ആ പ്രശ്നചിന്തയിലാണ് വിഷ്ണുവായല്ല ധന്വന്തരിയായാണ് അമ്പലത്തിൽ ആരാധിക്കേണ്ടതെന്ന് വിധിക്കുന്നത്.

പി. ടി. എൻ. വാസുദേവൻ മൂസ്സിന്റെ നേതൃത്വത്തിൽ നാട്ടുകാരുടെ ഒരു കമ്മിറ്റി ഉണ്ടാക്കി ജീർണ്ണോദ്ധാരണം നടത്താൻ മറ്റൊരു ശ്രമം നടന്നു. 'നെല്ലിക്കുന്ന് ധന്വന്തരീക്ഷേത്രപുനരുദ്ധാരണസമിതി' എന്ന പേരിൽ 2003-ലുണ്ടാക്കിയ കമ്മിറ്റിയുടെ പ്രസിഡന്റായി പി. ടി. എൻ. വാസുദേവൻ മൂസ്സും സെക്രട്ടറിയായി കുന്നമ്പത്ത് മുകുന്ദനും ട്രഷററായി കടവല്ലൂർ പാറമേൽ മനയിലെ രുദ്രൻ നമ്പൂതിരിയും തിരഞ്ഞെടുക്കപ്പെട്ടു. ഒ. കെ. കേശവൻ, പി. മനോജ്കുമാർ, കെ. സി. പീതാംബരൻ, കെ. ജി. സതീശൻ, പി. വി. നന്ദകുമാർ, മനോഹരൻ, അജയകുമാർ എന്നിവർ മെമ്പർമാരായിരുന്നു. പി. ടി. നാരായണൻ മൂസ്സ് രക്ഷാധികാരിയും.

വെള്ളത്തിന്റെ ആവശ്യത്തിനായി 2004 മാർച്ച് മാസം കുഴൽക്കിണർ കുഴിച്ചത് ഈ കമ്മിറ്റിയാണ്.

ക്ഷേത്രത്തിന്റെ ജീർണ്ണോദ്ധാരണങ്ങൾക്ക് മാർഗ്ഗനിർദ്ദേശത്തിനായി കല്ലേറ്റുംകര പത്മനാഭശർമ്മയുടെ നേതൃത്വത്തിൽ 2004 ആഗസ്റ്റ് മാസം 20-ന് ക്ഷേത്രത്തിൽവെച്ച് അഷ്ടമംഗലപ്രശ്നം നടന്നു. പ്രശ്നചിന്തയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ഇവയാണ്.

"സാക്ഷാൽ ധന്വന്തരീമൂർത്തിയാണ് ഇവിടെ ആരാധിച്ചുവരുന്ന സാന്നിദ്ധ്യമെന്നും ഋഷിതുല്യരായ വ്യക്തികളാലും ഋഷിയാലും മറ്റും പ്രതിഷ്ഠിയ്ക്കാനും ആരാധിയ്ക്കാനും ഇടവന്നിട്ടുള്ള ക്ഷേത്രമാണിതെന്നും അനിതരസാധാരണമായ ഭഗവത്ചൈതന്യം ഇവിടെയുണ്ടെന്നും കാണുന്നു. ആരൂഢക്ഷേത്രാങ്കണത്തിലുള്ള ശാസ്താസാന്നിദ്ധ്യം പുരാതനത്തിൽ വംശനാശം സംഭവിച്ച മറ്റൊരു ബ്രാഹ്മണാലയത്തിന്റേതായിരുന്നു. എന്നാൽ പിന്നീട് ആപത് സാഹചര്യത്തിൽ ഇന്നുള്ള സ്ഥാനത്തേക്ക് കൊണ്ടുവന്നു. ഇത് സ്വതന്ത്രദേവനും പ്രത്യേക ക്ഷേത്രസ്വഭാവത്തോടു കൂടിയതുമാണ്. അതിനാൽ ആരൂഢദേവനോടു കൂടിത്തന്നെ അലങ്കാരത്തോടുകൂടി

ക്ഷേത്രം പണിത് പുതിയ പീഠം ഉണ്ടാക്കി പ്രഭാസത്യകസമേതനായ ശാസ്താവിനെ കുഴബിംബത്തിൽത്തന്നെ യഥാവിധി പ്രതിഷ്ഠിച്ച് കർമ്മവ്യവസ്ഥചെയ്ത് ആരാധിക്കണം. വനദുർഗ്ഗയെ ആരൂഢദേവന്റെ ധനുരാശി ഭാഗത്ത് യഥാവിധി കണക്കനുസരിച്ച് മേല്ക്കൂര കൂടാതെ തറ പണിത് ചുമര് നാലു ഭാഗവും കെട്ടി കിഴക്ക് ദർശനമായിട്ട് പുതിയ ബിംബം സരൂപത്തിൽ യഥാവിധി കണക്കനുസരിച്ച് പണിത് പ്രതിഷ്ഠിക്കണം. ഗണപതിയെ ആരൂഢദേവന്റെ കന്നിരാശി ഭാഗത്ത് ചുറ്റമ്പലത്തിൽ വരത്തക്കവണ്ണം യഥാവിധി കിഴക്ക് ദർശനമായിട്ട് ബിംബപീഠങ്ങൾ കണക്കനുസരിച്ച് ഉണ്ടാക്കി പ്രതിഷ്ഠിക്കണം. ക്ഷേത്രത്തിന്റെ ധനുരാശിയിലുള്ള സർപ്പസങ്കേതം മാലിന്യങ്ങളും അശുദ്ധികളേക്കൊണ്ടും നിറഞ്ഞതാണ്. ആയതുകൊണ്ട് ടി. സങ്കേതത്തെ യഥാവിധി കന്നിരാശിപദത്തിലേക്ക് സ്ഥാനം നോക്കി യഥാവിധി പ്രതിഷ്ഠിച്ച് സാന്നിദ്ധ്യപുഷ്ടിവരുത്തി കർമ്മവ്യവസ്ഥ ചെയ്ത് ആരാധിക്കണം."

ഇതിനെ തുടർന്ന് നെല്ലിക്കുന്ന് ധന്വന്തരീ ക്ഷേത്രപുനരുദ്ധാരണസമിതി യോഗം ചേരുകയും കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തു. ആദ്യമായി വലിയമ്പലം പൊളിച്ച് അതേ ഉരുപ്പടികൾ കൊണ്ട് അമ്പലത്തിന്റെ തെക്കു ഭാഗത്തായി പൂജാരിക്ക് താമസിക്കാൻ കൂടി സൗകര്യത്തോടുകൂടിയ മുറിയും പരിപാടികൾ നടത്തുന്നതിനായി ഒരു സ്റ്റേജും പണിതു. ചുറ്റമ്പലനിർമ്മാണത്തിന് വേണ്ടി തറ പണിതു. ഇതിന്റെ തറക്കല്ലിട്ടത് 2005 ഏപ്രിൽ 22ന് ആഴ്‌വാഞ്ചേരി നേത്രനാരായണൻ രാമൻ തമ്പ്രാക്കളും വിശിഷ്ടാതിഥിയായി മുതലമട സ്നേഹം ട്രസ്റ്റി സുനിൽദാസുമായിരുന്നു. ശേഷം ചുറ്റമ്പലത്തിന്റെ തറപണി പൂർത്തിയാക്കി.

ഇതിനകംതന്നെ കമ്മിറ്റിയിൽ അഭിപ്രായ വ്യത്യാസങ്ങൾ തുടങ്ങിയിരുന്നു. അത് 'ശ്രീധന്വന്തരിരക്ഷതു' എന്നൊരു പ്രവർത്തകസമിതിക്ക് 2005 ഫെബ്രുവരി മാസത്തിൽ രൂപം കൊടുക്കാൻ കാരണമായി. ഇതിന്റെ പ്രസിഡന്റ് ഒ. കെ. കേശവനും സെക്രട്ടറി കെ. വി. മനോഹരനുമായിരുന്നു. ഇവർ രണ്ടു പേരും നെല്ലിക്കുന്ന് ധന്വന്തരീക്ഷേത്രപുനരുദ്ധാരണസമിതിയിൽ നിന്ന് രാജി വെയ്ക്കുകയും ചെയ്തു.

രണ്ടുവർഷത്തോളം ക്ഷേത്രപുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് സാധിക്കാതെ വന്നപ്പോൾ 2008-ൽ കമ്മിറ്റി പിരിച്ചുവിട്ടു. തുടർന്ന് ഭരണവും ജീർണ്ണോദ്ധാരണപ്രവർത്തനങ്ങളും നേരിട്ട് നടത്താൻ പി. ടി. എൻ. വാസുദേവൻ മൂസ്സ് തീരുമാനിച്ചു.

ആദ്യഘട്ടമായി ഗണപതിയെ ദേവന്റെ കന്നിരാശിയിൽ വരത്തക്കവണ്ണവും വനദുർഗ്ഗയെ ക്ഷേത്രത്തിന്റെ വടക്കുപടിഞ്ഞാറു ഭാഗത്ത് (ധനുരാശിഭാഗത്ത്) വരത്തക്കവണ്ണവും ശ്രീകോവിലുകൾ പണിത് പ്രതിഷ്ഠിച്ചു. സർപ്പക്കാവ് ക്ഷേത്രത്തിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്തേയ്ക്കു മാറ്റി. ധന്വന്തരിയുടെ ശ്രീകോവിലിന് ചുറ്റമ്പലവും തിടപ്പള്ളിയും പണിയുന്നത് ഇതേ അവസരത്തിലാണ്. 2010 ജൂൺ മാസമാണ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രതിഷ്ഠകൾ നടത്തിയത്.

ഇതിനു ശേഷം എല്ലാ വർഷവും ധന്വന്തരീജയന്തിയോടനുബന്ധിച്ച് ധന്വന്തരീഹോമവും വ്യാഴാഴ്ചകളിൽ മുക്കുടി വഴിപാടും തുടങ്ങി.

ഇതിന്റെ രണ്ടാം ഘട്ടമായി 2014-ൽ ശാസ്താവിന്റെ ജീർണ്ണിച്ച ശ്രീകോവിൽ പൊളിച്ച് പുതുക്കിപ്പണിയുകയും ഒപ്പംതന്നെ വലിയമ്പലം, ചുറ്റമ്പലം, തിടപ്പിള്ളി, നമസ്ക്കാരമണ്ഡപം തുടങ്ങിയവ കാണിപ്പയ്യൂർ ഉണ്ണി നമ്പൂതിരിപ്പാടിന്റെ നിർദ്ദേശപ്രകാരം വാസ്തുശാസ്ത്രമനുസരിച്ച് പുതിയതായി പണി കഴിപ്പിക്കുകയും ചെയ്തു. ക്ഷേത്രത്തിന്റെ കിഴക്കുവശത്തായി വലിയ നടപ്പുര പണിയുകയും ധന്വന്തരിയുടേയും ശാസ്താവിന്റേയും ചുറ്റമ്പലങ്ങൾക്ക് പുറത്തായി പ്രദക്ഷിണവഴി നിർമ്മിക്കുകയും ചെയ്തു.

2014-15-ൽ നടത്തിയ ഈ ജീർണ്ണോദ്ധാരണപ്രവർത്തനങ്ങൾക്കു ശേഷം 2016 ജനുവരിയിൽ ക്ഷേത്രത്തിൽ നവീകരണകലശവും ശാസ്താവിന്റെ പുനഃപ്രതിഷ്ഠയും നടന്നു.

ശാസ്താവിന്റെ പ്രതിഷ്ഠ നടന്നത് 2016 ജനുവരി 15 വെള്ളിയാഴ്ച രാവിലെ 9.09 മണി മുതൽ 10.28 വരെയുള്ള കുംഭം രാശിയിൽ ഉത്രട്ടാതി നക്ഷത്രത്തിലാണ്.

# പുനഃപ്രതിഷ്ഠയും നവീകരണകലശവും

പറപ്പൂര് ധന്വന്തരീക്ഷേത്രത്തിലെ ശാസ്താവിന്റെ പുനഃപ്രതിഷ്ഠയും നവീകരണകലശവും 2016 ജനുവരി 8 മുതൽ 18 വരെയുള്ള ദിവസങ്ങളിൽ നടന്നു. നവീകരണകലശച്ചടങ്ങുകൾക്ക് നേതൃത്വം നൽകിയത് ക്ഷേത്രം തന്ത്രിമാരായ ആനാംപറമ്പ് ജാതവേദൻ നമ്പൂതിരിയും രവി നമ്പൂതിരിയുമാണ്. പുനഃപ്രതിഷ്ഠ നടത്തിയത് ആനാംപറമ്പിലെ രുദ്രപ്രതാപ് നമ്പൂതിരിയാണ്. സഹായികളായി ഇളങ്ങല്ലൂർ നീലകണ്ഠൻ നമ്പൂതിരിയും മേലേടം മാധവൻ നമ്പൂതിരിയും ഉണ്ടായിരുന്നു. ശങ്കരൻ കുട്ടി മാരാർ, പെരുവനം സതീശൻ മാരാർ, മഠത്തിൽ നാരായണമാരാർ എന്നിവർ പാണിയ്ക്കും മേളത്തിനും നേതൃത്വം നൽകി. ശ്രീജിത്ത് വാരിയരും കുടുംബാംഗങ്ങളും കഴകവൃത്തികൾ നടത്തി. കോൽപ്പുറം പുരുഷോത്തമൻ നമ്പൂതിരി, കോൽപ്പുറം വിനീത് നമ്പൂതിരി എന്നിവരായിരുന്നു ക്ഷേത്രത്തിലെ പൂജകൾക്ക് നേതൃത്വം കൊടുത്തത്.

നവീകരണകലശച്ചടങ്ങുകളോടൊപ്പം ദിവസേന വൈകുന്നേരങ്ങളിൽ കലാപരിപാടികൾ നടന്നു. ജീർണ്ണോദ്ധാരണപ്രവർത്തനങ്ങൾക്ക് ഭാഗഭാക്കായവരെ ആദരിയ്ക്കുന്ന ചടങ്ങിൽ പത്മശ്രീ ഡോ. പി. ആർ. കൃഷ്ണകുമാർ, ശബരിമല മുൻ മേൽശാന്തി മൂത്തേടം സുകുമാരൻ നമ്പൂതിരി തുടങ്ങിയ പ്രമുഖർ പങ്കെടുത്തു. തദ്ദേശവാസികളുടെ നൃത്തസന്ധ്യ, ഭജന, ഡോ. എൻ. ഗോപാലകൃഷ്ണന്റെ പ്രഭാഷണം, പഞ്ചരത്നകീർത്തനാലാപനം, ഉദയൻ നമ്പൂതിരിയുടേയും കല്ലൂർ ഉണ്ണിക്കൃഷ്ണമാരാരുടേയും ഇരട്ടത്തായമ്പക, കവളപ്പാറ കെ. വിശ്വനാഥ പുലവരും സംഘവും അവതരിപ്പിച്ച തോൽപ്പാവക്കൂത്ത്, അജിത് നമ്പൂതിരിയുടെ സംഗീതക്കച്ചേരി എന്നിവയുണ്ടായി.

പതിനൊന്നാം ദിവസം പെരുവനം സതീശൻ മാരാർ നയിച്ച പഞ്ചാരിമേളത്തോടുകൂടിയ എഴുന്നള്ളിപ്പിന് തിടമ്പേറ്റിയത് ഗജസാമ്രാട്ട് പാമ്പാടി രാജനായിരുന്നു. അന്നേ ദിവസം പ്രസാദ ഊട്ടും നടന്നു.

ജീർണ്ണോദ്ധാരണപ്രവർത്തനങ്ങൾ പൂർണ്ണമായും നടത്തിയത് ഇല്ലത്തുനിന്നാണ്. കലശച്ചടങ്ങുകൾക്ക് നാട്ടുകാരുടെ നല്ല സഹകരണം ഉണ്ടായിരുന്നു. ഇവയ്ക്കെല്ലാം മേൽനോട്ടം നടത്തിയത് പി. ടി. എൻ. വാസുദേവൻ മൂസ്സും മധു മംഗലത്തും കോൽപ്പുറം വിനീത് നമ്പുതിരിയും ചേർന്നാണ്.

ഈ കലശച്ചടങ്ങുകൾക്കു ശേഷം ശാസ്താവിന്റെ പ്രതിഷ്ഠാദിനം, സർപ്പക്കാവ് പ്രതിഷ്ഠാദിനം, ധന്വന്തരി ജയന്തി, ഔഷധസേവാദിനം, ഏകാദശി, ഇല്ലം നിറ-പുത്തരി, ശ്രീകൃഷ്ണജയന്തി, മഹാഗണപതിഹോമം, കർക്കടമാസാചരണം, മണ്ഡലമാസാചരണം തുടങ്ങിയവ എല്ലാ വർഷവും നടത്തിവരുന്നു. 2018-ൽ വൃശ്ചികമാസത്തിൽ (ഡിസംബർ 8) അഞ്ചമ്പലം കൂട്ടിയ ദേശവിളക്കും നടത്തുകയുണ്ടായി.

ഇന്ന് അമ്പലത്തിൽ പൂജാകർമ്മങ്ങൾ നടത്തുന്നത് കോൽപ്പുറം വിനീത് നമ്പൂതിരിയാണ്. ആനാംപറമ്പ് രവി നമ്പൂതിരിയാണ് ക്ഷേത്രം തന്ത്രി.

ശ്രീകോവിലിന്റെ കേടുപാടുകൾ തീർക്കുന്നതും ബലിക്കല്ലുകൾ മാറ്റുന്നതും അടക്കമുള്ള ജീർണ്ണോദ്ധാരണപ്രവർത്തനങ്ങൾ പൂർത്തിയാക്കി ഇവിടെയും നവീകരണകലശം നടത്തേണ്ടതുണ്ട്.

# രണ്ടു കാവ്യങ്ങൾ

തൃശ്ശൂർ തൈക്കാട്ട് ഇല്ലവുമായി ബന്ധപ്പെട്ട് രണ്ടു കാവ്യങ്ങൾ ഉണ്ട്. മഹാകവി കെ. കെ. രാജയുടെ 'ബാഷ്പാഞ്ജലി'യും സുബ്ബരാമഭട്ടർ എഴുതിയ 'ആപദ്ദീപ'വുമാണ് അവ.

## ബാഷ്പാഞ്ജലി

തലപ്പിള്ളി രാജകുടുംബങ്ങളിലൊന്നായ കുമരപുരം കുടുംബത്തിലെ അംഗമായിരുന്നു പ്രസിദ്ധ കവി കെ. കെ. രാജാ. അദ്ദേഹത്തിന്റെ 'ബാഷ്പാഞ്ജലി' എന്ന കാവ്യത്തിന് മലയാളത്തിലെ വിലാപകാവ്യങ്ങളിൽ വളരെ പ്രധാനപ്പെട്ട സ്ഥാനമാണുള്ളത്. സി. എസ്. സുബ്രഹ്മണ്യൻ പോറ്റിയുടെ 'ഒരു വിലാപം', കുമാരനാശാന്റെ 'പ്രരോദനം', നാലപ്പാട്ടു നാരായണമേനോന്റെ 'കണ്ണുനീർത്തുള്ളി' എന്നിവയ്ക്കൊപ്പമാണ് 'ബാഷ്പാഞ്ജലി'യുടെ സ്ഥാനം എന്നാണ് നിരൂപകമതം. മകളുടേയോ ഗുരുവിന്റേയോ ഭാര്യയുടേയോ വിയോഗത്തിൽനിന്നുളവായ ആ കാവ്യങ്ങളിൽനിന്നു വ്യത്യസ്തമായി 'ബാഷ്പാഞ്ജലി' ഒരു സ്നേഹിതന്റെ വിയോഗത്തേക്കുറിച്ചാണെന്ന പ്രത്യേകതയും ഉണ്ട്.

കെ. കെ. രാജാ

പ്രിയസുഹൃത്ത് പഴനെല്ലിപ്പുറത്തു തൈക്കാട്ട് വാസുദേവൻ മൂസ്സ് എന്ന ഉണ്ണി മൂസ്സിന്റെ അകാല ദേഹവിയോഗത്തിൽ മനംനൊന്ത് എഴുതിയതാണ് 'ബാഷ്പാഞ്ജലി'. തൃശ്ശൂർ എസ് എൻ എ ഔഷധശാലയുടെ സ്ഥാപകനായ ഉണ്ണി മൂസ്സ് ഇരുപത്തേഴാം വയസ്സിലാണ് അന്തരിച്ചത്. അകാലത്തിൽ പൊലിഞ്ഞുപോയ ആ മഹാഭിഷഗ്വരന്റെ ഒരു വാങ്മയചിത്രം ഈ കാവ്യത്തിൽനിന്നു നമുക്കു ലഭ്യമാകുന്നതാണ്.

'ബാഷ്പാഞ്ജലി' കേരള സർവകലാശാലയിൽ പാഠപുസ്തകമായിരുന്നു.

ബാഷ്പാഞ്ജലിയുടെ പുറംചട്ട

# ആപദ്ദീപം

കുന്നലത്തുനാട്ടിലെ ആസ്ഥാനവൈദ്യനായിരുന്ന പഴനെല്ലിപ്പുറത്തു തൈക്കാട്ടു മൂസ്സ് സാമൂതിരിയുടെ അപ്രീതിയ്ക്കു പാത്രമായി നാടുകടത്തപ്പെട്ടു. അദ്ദേഹം തന്റെ അമ്മയേയും പത്നിയേയും മകളേയും തുണക്കാരിയേയും കൂട്ടി ഒരു സായംകാലത്ത് അവിടെനിന്നിറങ്ങി. കുലദൈവമായ വേട്ടേ

സുബ്ബരാമഭട്ടർ

ക്കരന്റെ വിഗ്രഹവും അവർ കയ്യിലെടുത്തിരുന്നു. ഭാരതപ്പുഴ കടന്നപ്പോഴേയ്ക്കും നേരം ഇരുണ്ടു. രാത്രി എവിടെ കഴിച്ചുകൂട്ടും എന്ന ആധിപൂണ്ട അവർക്കു മുമ്പിൽ ഒരാൾ കയ്യിൽ വിളക്കുമായി പ്രത്യക്ഷപ്പെട്ടു. അത്താഴം നൽകി തളർച്ച തീർത്ത് അയാൾ അവരെ നയിച്ചുകൊണ്ടുപോയി. നേരം വെളുക്കുംമുമ്പേ അവർ തൃശ്ശൂരിലെ കിഴക്കുമ്പാട്ടുകരയിലെ പൂട്ടിക്കിടക്കുന്ന ഒരില്ലത്തെത്തി.

മേൽപ്പറഞ്ഞ കഥയ്ക്ക് ഉപോൽബലകമായ ചരിത്രത്താളുകൾ ചികഞ്ഞെടുത്ത് സുബ്ബരാമഭട്ടർ എഴുതിയ സംസ്കൃതകാവ്യമാണ് 'ആപദ്ദീപം'.

ഇതിന് അദ്ദേഹത്തിന്റെ ശിഷ്യൻ വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് മനോഹരമായ ആശയാനുവാദം രചിച്ചിട്ടുണ്ട്. അതാണ് 'മാർഗ്ഗദീപം' എന്ന ഭാഷാകാവ്യം.

ഈ രണ്ടു കാവ്യങ്ങളും പ്രൊഫസർ വി. മധുസൂദനൻ നായർ ചൊല്ലി സി.ഡി.യിലാക്കി ഇറക്കിയിട്ടുണ്ട്. ഇതിന് സംഗീതം നിർവഹിച്ചത് അജിത്ത് നമ്പൂതിരിയാണ്. ഔഷധശാലയുടെ നവതിയോടനുബന്ധിച്ചാണ് ഇത് പ്രകാശനം ചെയ്തത്.

ഇവിടെ പരാമൃഷ്ടമായ രണ്ടു കാവ്യങ്ങളും ആപദ്ദീപത്തിനു രാഘവൻ തിരുമുൽപ്പാടു രചിച്ച മാർഗ്ഗദീപം എന്ന ആശയാനുവാദവും താഴെ ചേർക്കുന്നു.

രാഘവൻ തിരുമുൽപ്പാട്

# ബാഷ്പാഞ്ജലി

കെ. കെ. രാജാ

### മരണബിന്ദു

വഴിഞ്ഞ ലാവണ്യമൊടാടി നിൽക്കവേ
കൊഴിഞ്ഞു പോം ചില്ലയിൽനിന്നു താരുകൾ;
തെളിഞ്ഞു വാനിൽക്കളിയാടിയോടവേ
മുറിഞ്ഞു വീഴും ചില കൊച്ചു താരകൾ.

സ്തുതിയ്ക്കുവോരുണ്ടുലകത്തിൽ മൃത്യുവിൻ
കൃതിയ്ക്കെഴും ശാന്തരസത്തെ നിത്യവും;
കൊതിയ്ക്കുവോരില്ല,ഭിനീതി കാണുവാ-
ന,തിന്ദ്രിയാസ്വാദവിദൂരമല്ലയോ?

സ്ഫുടാദാരം സത്വഗുണത്തിലീശ്വരൻ
തൊടുത്ത വാസന്തവിലാസമാലയെ
കടിച്ചു പൊട്ടിച്ചു കടുത്ത ദംഷ്ട്രയാൽ
കഠോരദൃക്കാമൊരദൃഷ്ടദുർഗ്രഹം.

മരങ്ങളും കോച്ചിവലിയ്ക്കുമബ്ഭയം-
കരാഭിചാരം തുടരും ഹിമോൽക്കരം
ഹരിച്ചു പൊൻതാമരയെത്തകർത്തതിൻ-
മരന്ദമാധുര്യമിയന്ന ജീവിതം.

സമസ്തലോകാക്ഷിചകോരചക്രവും
സമൃദ്ധശോകത്തൊടു നോക്കിനിൽക്കവെ
സമസ്തമിച്ചാനമൃതാംശുധാരയാൽ
ക്ഷമയ്ക്കു നിർവ്വാണമണച്ച മൽസഖൻ.

ഇരുൾത്തിരയ്ക്കുള്ളിലലഞ്ഞൊളിഞ്ഞ ദിങ്-
നിരയ്ക്കുഷസ്സിൻമൃദുപൊൽക്കരങ്ങളാൽ
ഉയർച്ചയും വാഴ്ചയുമുണ്ടു വീണ്ടു;-മാ-
രറിഞ്ഞു ലോകങ്ങളിലീശ്വരേച്ഛകൾ?

കൃതാത്മസന്തർപ്പണപുണ്യതൃപ്തനാം
ഹുതാശനേകീടിന ധൂമവാഹനം
വിശിഷ്ടനെൻ തോഴനെ മണ്ണിൽനിന്നുടൻ
വിശുദ്ധമാം വിണ്ണിലണച്ചിരിയ്ക്കണം.

അമർത്ത്യലോകത്തിലണഞ്ഞിടും മഹീ-
സുമാസ്ത്രനിൽ സ്വർഗ്ഗപുരാംഗനാജനം
സുമന്ദഹാസത്തൊടു ചെയ്തിരിയ്ക്കണം
സ്വമഞ്ജുനേത്രാംബുജപുഷ്പവർഷണം.

അടുക്കലിന്നശികാളാദ്യവൈദ്യകാ-
സ്ഫുടാർത്ഥഭാഗം ചിലതുദ്ധരിച്ചുടൻ
തുടർന്ന ചോദ്യത്തിനിടയ്ക്കു മൽസഖൻ
ചുടുന്ന കണ്ണീരൊടുരയ്ക്കുമുത്തരം.

കുമാരനാശാൻ ഗുരുശാസനത്തിനാൽ
സമീപമാർന്നുത്തമതത്വഗീതിയാൽ
സമാശ്വസിപ്പിയ്ക്കിലുമാർത്തി തീർത്തിടാ
മമാന്തരംഗവ്രണമേകഭാവനിൽ.

### മൈത്രീബിന്ദു

പറന്നുവന്നെത്തിയതെങ്ങുനിന്നൊ,രാ-
ളറിഞ്ഞതില്ല,ങ്ങിനെ രണ്ടു പക്ഷികൾ
ഒരേ തരം കായ്കനി തിന്നു ഞങ്ങളി-
ങ്ങൊരേ മരക്കൊമ്പിലിരുന്നിതൊട്ടു നാൾ.

നിരാശഭാവം നെടുനാൾ ചവുട്ടിനി-
ന്നൊരെൻ മനപ്പൂഞ്ചിറകിന്നനാമയം
പരാർദ്ധ്യസുസ്നേഹചികിത്സയാലണ-
ച്ചൊരാര്യനന്നാദ്യമെനിയ്ക്കു വൈദ്യനായ്.

വിളങ്ങി മേന്മേൽ മിഴി രണ്ടു,മെൻ മുഖം
തെളിഞ്ഞു,മജ്ജീവിതഭൂവിൽനിന്നുടൻ
വെളിച്ചമൊന്നെന്നിലടിച്ചു തസ്കരൻ-
പടിയ്ക്കു പാഞ്ഞെൻമടിയോടി ദൂരവേ.

കുളിർത്ത സൗഭ്രാത്രവെളിച്ചമാവിധം
കിളിർത്തവാറെൻ കളകാവ്യകൗതുകം
വിടർത്ത പൊന്നിൻ ചിറകുച്ചലിയ്ക്കുമാ-
റടുത്തുദഞ്ചദ്രസമാടി മോടിയിൽ.

മരത്തിലീ ഞങ്ങൾ കിടന്നു നിർഭയം
കളിച്ചിരിയ്ക്കെപ്പതിവായണഞ്ഞുടൻ
വിരുദ്ധവർണ്ണാഢ്യർ വിഭിന്നഭംഗിയിൽ-
ച്ചിരിച്ചു രാവും പകലും കടന്നുപോയ്.

ഭുജംഗഫൂൽക്കാരഭയങ്കരങ്ങളാം
വനങ്ങളിൽ,ദ്ദന്തുരിതാന്തരങ്ങളിൽ
പരസ്പരസ്നേഹമരന്ദമാധുരീ-
തരംഗിതോന്മാദമൊഴുക്കി ഞങ്ങളെ.

പിടിയ്ക്കിളംപൂംതളിർ കൊത്തിനൽകുമാ-
യിടയ്ക്കുമെൻ തോഴനു വല്ല ദിക്കിലും
ഒരൊച്ച കേട്ടാൽ മതി മുന്നിലെത്തുവാൻ;
സപക്ഷപൂജാദരമത്ര നിർഭരം.

നിറന്ന പൂത്തുമ്പ നിരന്ന വാനവ-
പ്പറമ്പിലെൻ തോഴനുയർന്നു ചെന്നിതാ,
പരന്നു പാദാർച്ചനപുഷ്പമായ്; വരാം
ശരീരികൾക്കാ നില ഭാവനാബലാൽ.

കിനാവിലെപ്പക്ഷികളെങ്ങു? പാരിലെ-
സ്സനാതനാത്മജ്ഞർ മനുഷ്യരെങ്ങുവാൻ
ഘനാന്ധകാരാർത്തിയിൽ മർത്ത്യരത്നമേ!
മനം പരാധീനമുരച്ചു പിച്ചുകൾ.

### സ്വഭാവബിന്ദു

കുനിച്ചതില്ലങ്ങു ശിരസ്സു വൈദികാ-
ഗ്രണിയ്ക്കുമൂക്കാർന്ന മഹാധനിയ്ക്കുമേ,
തനിച്ച ദിവ്യപ്രണയത്തിനുള്ള മു-
ത്തണിക്കുളിർപ്പൊൽപ്പദമൊന്നിനെന്നിയേ

അയിത്ത,മാചാരശരീരലഗ്നമാ-
മമംഗളശ്ശിത്രപിധാനകംബളം
പിടിച്ചു ചീന്തുമ്പൊളിടയ്ക്കധീരനായ്-
ത്തടുത്തു ഞാൻ സ്നേഹമഹത്തിലങ്ങയെ.

എനിയ്ക്കു ദീനസ്വരമാര്യകണ്ഠമൊ-
ന്നനക്കിയിട്ടുള്ളറിവില്ലൊരിയ്ക്കലും;
ജനിച്ച നാളന്നു കരഞ്ഞിരിയ്ക്കുമോ?
ശരിയ്ക്കതസ്സൂതിഗൃഹം കഥിയ്ക്കണം.

ത്രിലോകസൗഭാഗ്യമഹോത്സവത്തിനാ-
വെളിച്ചമപ്പുഞ്ചിരി പാരിൽ നിൽക്കവേ
അലൗകികാഹ്ലാദസുഗന്ധമാർന്നൊരാ-
നിലാവിലന്നെത്ര തുടിച്ചു നീന്തി ഞാൻ.

പിടഞ്ഞു കേഴും പല രോഗികൾക്കുമ-
ന്നുടൻ സമുല്ലാസമണച്ചതല്ലയോ,
വിടർന്നു നീണ്ടുള്ള വിലോചനത്തി-
ലെത്തടം വഴിഞ്ഞോരനുകമ്പ ദൈവമേ!

നിരാശരിന്നൂർദ്ധ്വമുഖങ്ങൾ താവക-
പ്രശാന്തിയെത്താരകളിൽ പ്രലീനമായ്
ഗൃഹാങ്കണത്തിങ്കൽ വളർന്നു വന്നൊരാ
രസാലജാലങ്ങളനുസ്മരിയ്ക്കയാം.

ഉദാരസൗശീല്യമമൂല്യഗീതകം,
മൃദംഗമന്ദ്രധ്വനി മുഗ്ധഭാഷിതം,
ത്വദന്തികത്തിങ്കലെനിയ്ക്കു നിത്യവും
ഹൃദന്തമാനന്ദഭരോത്തരംഗിതം

അശേഷകാലങ്ങളിലും മനോഗുണ-
പ്രശീതളച്ഛായ തെളിഞ്ഞു തോഴനിൽ;
ദുരൂഹപാപങ്ങളെ വേർതിരിയ്ക്കുവാൻ
ശരീരികൾക്കാകൃതി ഭാവദർപ്പണം.

യഥാർത്ഥസൗന്ദര്യമറിഞ്ഞ,കൈതവം
രസിപ്പതാര്യന്റെ ഹൃദന്തമൊന്നു താൻ:
പതിച്ചിടും കൗമുദി പുൽപ്പടർപ്പിലും;
തുടിപ്പതാഴിയ്ക്കകമൊന്നു മാത്രമാം.

അനിന്ദ്യസൗശീല്യമതെങ്ങിരിപ്പ-
തിന്ന,വർണ്ണ്യലാവണ്യമതെങ്ങൊളിഞ്ഞു പോയ്?
മരിയ്ക്കയോ, മർത്ത്യനൊ,രൈന്ദ്രജാലികൻ
മറയ്ക്കയോ വസ്തുവൊടൊത്തതിൻ ഗുണം?

### തത്വബിന്ദു

നശിയ്ക്കയോ ബീജ,മതോ നവാങ്കുരം
ജനിയ്ക്കയോ, സത്ത കെടാതെ നിൽക്കയോ?
അറിഞ്ഞിടാതിപ്പരിണാമഗുപ്തി ഞാൻ
ദുരന്തമോഹത്തിൽ മലച്ചു നിൽക്കയാം.

തുടയ്ക്കണം ജന്തുശരീര,മത്രയ-
ല്ലിടയ്ക്കിടയ്ക്കൊന്നതുടച്ചു വാർക്കണം;
ഉടൽക്കതാണാ പ്രകൃതിയ്ക്കു ഭൂഷണം;
നടത്തണം ദൈവകരത്തിനിത്തൊഴിൽ.

കളിച്ചു കാലക്കടലിന്റെ വീചിയിൽ-
ത്തുടിച്ചുഗോളാകൃതി പൂണ്ട പോളകൾ
രചിച്ചിടും തൃക്കരമായതൊക്കയും
കെടുക്കയാണക്കളിയൊന്നുകൊണ്ടുതാൻ.

നരന്റെ കർമ്മത്തിനു വേഗമേറിയാൽ
വരുന്ന നിഷ്പന്ദത മൃത്യുവെന്നുമാം:
തിരിഞ്ഞിടും പമ്പരമണ്ഡകാണ്ഡവും
സ്ഥിരങ്ങളല്ലല്ലി മനുഷ്യദൃഷ്ടിയിൽ?

പരസ്പരാകർഷണഭാഗ്യസൂക്തമോ,
സമസ്തസംഹാരപരോഗ്രമന്ത്രമോ,
പരസ്സഹസ്രാണ്ഡകടാഹമെന്തുവാൻ
ജപിപ്പതത്യുജ്ജ്വലമൗനഭാഷയിൽ?

നിരന്തരം തള്ളിയലച്ചു വാസനാ-
തരംഗമാ മൃത്യുതടത്തിലെത്തവേ
തടഞ്ഞു തള്ളിച്ച കുറഞ്ഞു പിന്നെയും
തിരിഞ്ഞടിയ്ക്കുന്നു തടം തകർക്കുവാൻ.

വെളിച്ചമുള്ളപ്പൊളിരുട്ടി,രുട്ടിലോ
വെളിച്ച,-മീ രണ്ടിലുമൊന്നിതേ വിധം
വിഭിന്നമായ്ബ്ബോധവിശേഷമെത്രയു-
ണ്ട,വസ്ഥയുണ്ടെത്ര ചരാചരങ്ങളിൽ!

മലർന്നു നോക്കട്ടെ മനുഷ്യ,നായവ-
ന്നനന്തമെന്നും കുടവട്ടമല്ലയോ?
അചിന്ത്യതത്ത്വത്തെയളന്നുവെയ്ക്കുവാൻ
തുടർന്നുവല്ലോ, വിടുവിഡ്ഢി തന്നെ ഞാൻ.

## പാപബിന്ദു

പരമാർത്ഥവിചാരമേ, വൃഥാ
ചെറുതങ്ങിങ്ങു പദം ന്യസിച്ചു നീ:
ഇരുളാണ്ട പലേ വികാരവും
തരസാ ഞെട്ടിയുണർന്നതേ ഫലം!

ദുരദൃഷ്ടമകത്തുദഗ്രഭീ-
കരമാം പത്തി പരത്തി നിൽക്കവേ,
ഉരുഫൂൽകൃതിയോടുമാടിടു-
ന്നൊരു വാനിന്റെ പടം പുറത്തുമായ്

നുരയാൽക്കടുദംഷ്ട്ര കാട്ടിയും,
തിരയാൽബ്ഭീമരസജ്ഞ നീട്ടിയും,
കറയാർന്നലയാഴിയെന്തിനോ
കരയെത്തിന്നലറുന്നിതെപ്പൊഴും?

മുള പക്ഷതികൾക്കുദിക്കിലീ-
യിളവിട്ടന്നു പറന്നുപോംവിധം
മലയുണ്ടു മലച്ചു നിൽപ്പിതെൻ-
തല കണ്ടത്ര വെറുത്തു പോകയാൽ.

പിരിയാത്ത വയസ്യനെപ്പിരി-
ഞ്ഞൊരു മാപാപിയെ നീ വസുന്ധരേ,
തിരുമാറിൽ വഹിച്ചുനിന്നിടാ-
യ്കിരുൾ നീങ്ങട്ടെ ചരാചരങ്ങളിൽ.

മഴ പെയ്യുകയില്ല, ഭൂവിവൻ-
കഴൽ താങ്ങീടുകിലെന്നതല്ലയോ,
ഒഴുകും വഴി ദീനദീനമായ്-
പ്പുഴ ചൊല്ലുന്നു മൃദുസ്വരങ്ങളാൽ,

പലതും പകയുള്ളതെങ്കിലും
ചിലതീ സ്ഥാവരജംഗമങ്ങളിൽ
അലിവാർന്നു പൊറുക്കുമെന്തു;-മി-
ക്ഖലനെബ്ഭൂമി വഹിപ്പതില്ലയോ?

ഖലസാധുസമാനഭാവനാ-
നിലയാർന്നെന്നെ വഹിച്ചു നിൽക്കയാൽ
ദലപാണികളാൽ സമീരനേ-
റ്റുലയും വാഴ തൊഴുന്നിതൂഴിയെ.

ഇരുളിൻ പ്രിയമിത്രമല്ലി നീ;-
യുരുപാപത്തിനടുത്ത ബന്ധു ഞാൻ;
അറിയാത്തവരല്ല മുമ്പു നാം-
വരികൊന്നെന്നരികത്തുറക്കമേ!

തലയൊട്ടു പിടിച്ചു താഴ്ത്തി നീ-
യലിവുറ്റാര്യവിയോഗദുഃഖമേ!
ബലമോടു തദീയവാസഭൂ-
തലമെത്തീടുകിലാശു തള്ളിടാം.

## വിലാപബിന്ദു

അനുകമ്പയൊടെന്റെ മുമ്പിലാ-
'യിനി നീ ചാടുക'യെന്നുഷസ്സിതാ,
കനൽ കോരിയിടുന്നു മുന്നമ-
ക്കനകപ്പൂങ്കുല ചേർത്ത വാനിതിൽ.

കരമാം വല വീശി നിന്ന,ഹ-
സ്കര, നീയെത്ര മനുഷ്യമീനിനെ
മരണക്കരയിൽക്കുടഞ്ഞു ഹാ!
പുരുകാരുണ്യമിവങ്കലെന്തുവാൻ?

ഇരുളല്ലിതുയർന്ന ധൂമമാ-
ണി;-രവാം പട്ടട തീപ്പിടിയ്ക്കവേ
എരിയുന്നു മദീയജീവിതം;
പൊരി പൊങ്ങുന്നു വിയത്തിലെങ്ങുമേ?

ഭവദീയദയാശ്രുധാരയിൽ-
ബ്ഭവനൈശ്വര്യമൊലിച്ചുപോകിലും
തവ സന്നിധിയാർന്നു വിണ്ണി;-ലി-
ന്നവശേഷിച്ചുവരാകനിങ്ങു ഞാൻ.

ദിവി രൂപഗുണോപലബ്ധയാം
യുവകല്യാണി മുഖം കുനിയ്ക്കവേ
നവമാനദശാന്തരത്തിലാ-
രവളിൽസ്സാന്ത്വനമാചരിയ്ക്കുവാൻ?

വരുണാലയദേശലക്ഷ്യമാ-
യൊരുനാളംബുദമൊന്നിറങ്ങവേ
വരവാരിദവാഹമിത്രമേ!
വരുമങ്ങെന്നു കൊതിച്ചുപോയി ഞാൻ!

ചൊരിയും തുഹിനാശ്രുവാർന്നെഴും
ചെറുപുഷ്പങ്ങൾ മലർന്നു നോക്കവേ-
തിരയുന്നു വിയത്തിലങ്ങയെ-
പ്പരിചര്യാപരനായ മാരുതൻ.

നവനാടകമപ്സരോഗണം
സവിശേഷാഭിനയത്തൊടാടവേ
ഇവനെ സ്മൃതിചെയ്തിരുന്നിടാ-
മവിടുന്നെ,ങ്ങിനെ പോകുമേകനായ്?

സ്വഗൃഹാശ്രമശർമ്മസാക്ഷിയായ്-
സ്സുഗൃഹീതാഖ്യമശോകമില്ലയോ,
ഖഗണാരവസൂചിതാന്തമായ്
വിഗതാമോദമതങ്ങു പോകയാൽ.

ദിവസംപ്രതി നമ്മൾ നൽകിടും
കവിതാപുഷ്പമണിഞ്ഞനിന്ദിതം
ഭുവനൈകവിലോഭനീയയാം
നവനീരാഴി വിലാപശോച്യയായ്.

**സ്മരണബിന്ദു**

പുതുമുന്തിരി, നിത്യസേവയിൽ
പ്രതിബിംബിച്ച ഭവൽശ്ശുഭാസനം
സ്മൃതിഗോചരമാക്കിടുന്നു മേ
ശ്രുതികൈവല്യദമസ്സുഭാഷിതം.

മനതന്നരികത്തു നിൽക്കുമീ-
പ്പന നീലച്ചു വിടർന്ന പട്ടയാൽ
തനതീശ്വരനിത്യജീവനോ-
ർത്തിനിയും വീശുകതന്നെയാണിതാ!

വരതാരകയായ രാത്രിയും,
ചെറുതുന്മീലിതയാം ദിനാഭയും,
ഒരു കാല്യമഹസ്സിലെന്നപോ-
ലിരുദാരങ്ങളിണങ്ങിയങ്ങയിൽ.

ചില രാവവിടുന്നു, താമര-
യ്ക്കുളവായ്ത്തീർന്നൊരസൂയയോർക്കയാൽ
തല ചാഞ്ഞുചമച്ചൊരമ്പിളി-
ക്കലയെക്കണ്ടലിവാണ്ടതില്ലയോ?

ദുരിതക്കറ തീണ്ടിടാത്തൊരാ
വരനിശ്വാസനിരൂഢമാർദ്ദവം
തിരയുന്നു സമീരമേനിയിൽ
കരജത്തിന്റെ വിലോലശാഖകൾ.

പിരിയുമ്പൊളൊടുക്കമെന്നൊട-
ന്നുരചെയ്തോരനുവാദഭാഷിതം
കരൾ ചേർത്തു കരഞ്ഞിടുന്നു ഞാൻ
പരപൂജാകുസുമം സുമഞ്ജുളം.

അതിഭംഗി കലർന്നു കണ്ടിടാം
സ്മിതവെൺപട്ടു വിരിച്ച പൂമുഖം;
അതുമട്ടൊരു ചിത്തചിത്രസം-
സ്കൃതി ഞാനെങ്ങനെ കാണുമൂഴിയിൽ?

അവിടുന്നു മുടിയ്ക്കണിഞ്ഞിടും
പനിനീർപ്പിച്ചകമാലയോർക്കയാൽ
മഴവില്ലൊളി കണ്ടിടയ്ക്കിടെ-
ത്തലതല്ലിക്കരയുന്നു പത്നിമാർ.

മുഴുതിങ്കളിലാ മുഖത്തിനു-
ള്ളഴകീക്ഷിച്ചു കുതിച്ച പത്നിമാർ
അഴലാർന്നു ശപിച്ചിടുന്നിതാ,
കഴൽ പിന്നോട്ടു വലിയ്ക്കുമൂഴിയെ.

ശിവമസ്തു വസന്തനൃത്തമേ!
കവിതാഗീതകലാവിലാസമേ!
ദിവമാർന്നു ജയിയ്ക്ക! ശൂന്യമി-
ബ്ഭുവനം; നിങ്ങടെ നാടിതല്ലിനി.

# ആപദ്ദീപഃ

പി. എസ്. സുബ്ബരാമഭട്ടഃ

1. നിളാനദീതോയപരിപ്ലുതേഷു
ശ്രീലാസ്യരംഗേഷു മനോഹരേഷു
പുരാതനേऽനേഹസി കേരളേഷു
വൃത്താ കഥാ വൃദ്ധമുഖാൽ ശ്രുതേയം

2. ശൈലാബ്ധിരാജസ്യ വിശാലകീർത്തേഃ
ആരോഗ്യസംരക്ഷണജാഗരൂകഃ
ഭിഷഗ്വരോ ഭൂമിസുരഃ പുരാऽഭൂൽ
വാർത്താം വിതന്വൻ നിജവിദ്വിഷോപി

3. ചിരപ്രസന്നേന കുതോപി ഹേതോഃ
നിർവ്വാസിതോ ഭൂപതിനാ സ്വഗേഹാൽ
വിദൂനചേതാഃ സ വിഹായ ദീനാൻ
ദാരാൻ സുതാം ചാപി ദിവംഗതോऽഭൂൽ

4. പ്രവാസദണ്ഡാദഥ ലോകവാദ-
ശ്രുതാൽ പരിത്രസ്തമനാ നികാമം
വൈദ്യസ്യ ജായാപി വിമുച്യ വേശ്മ
ദേശാന്തരം ഗന്തുമിയേഷ ഗൂഢം

5. ദാസ്യാ സ്വയാ ബാലികയാ ദുഹിത്രാ
ശ്വശ്രാ ജരത്യാ ച സമം വിഷണ്ണാ
ദിനാന്തദേവാലയശംഖനാദം
ശ്രുത്വാ ഗൃഹാൽ പ്രാസ്ഥിത വൈദ്യപത്നീ

6. കിരാതമൂർത്തേഃ കുലദൈവതസ്യ
സംപൂജിതാ യാ പ്രതിമാ സ്വഗേഹേ
താമേവ സർവ്വം വസു മന്യമാനാ
വൈദ്യസ്യ ജായാ ജഗൃഹേ സ്വഹസ്തേ

7. "സർവ്വത്ര ഗോപായതു സങ്കടേഭ്യോ
ദയാനിധിർദ്ദിവ്യകിരാതമൂർത്തിഃ"
ഇത്യർത്ഥയിത്വാ നിശി നിസ്സഹായാ
സാ ദക്ഷിണം ദേശമഭിപ്രതസ്ഥേ

8. ഉത്തീര്യ സഹ്യാദ്രിസുതാം നിളാം താഃ
ജവേന ജാനുദ്വയസപ്രവാഹാം
നിർദ്ദിഷ്ടമാർഗ്ഗാഃ പഥി സസ്യസേക-
വിധായിഭിർദ്ദക്ഷിണതീരമാപുഃ

9. താഃ ബാലചന്ദ്രസ്യ കരൈഃ കഥഞ്ചിൽ
ആലക്ഷ്യ മാർഗ്ഗം ശനകൈശ്ചരന്ത്യഃ
വിസൃജ്യ രാജ്യം കുപിതസ്യ രാജ്ഞഃ
പദം ന്യധുഃ സീമനി മാടഭൂമേഃ

10. നിശാകരേ ചാസ്തമിതേ സമന്താൽ
ദിശാന്തരാളേ തമസാവൃതേ താഃ
നിശീഥിനീം യാപയിതും ദ്വിജാനാം
നിശാന്തമന്വേഷ്ടുമുപാക്രമന്ത

11. തസ്മിൻ ക്ഷണേ കോऽപി നരോऽവിദൂരാൽ
ആയാൻ സമാലക്ഷ്യത ദീപഹസ്തഃ
ഉത്പാദയൻ പ്രത്യയമാശു താസാം
അസൗ ബഭാഷേ ദ്വിജയോഷിതസ്താഃ

12. "നിശീഥവേലാസു സഹായഹീനാഃ
വിപദ്ഗതാഃ സഞ്ചരഥേഹ നൂനം
അനേന ദാസേന കിമസ്തി കിഞ്ചിൽ
സാഹായ്യമാധേയമതന്ദ്രിതേന"

13. വിലോക്യ പുംസോ വിനയപ്രകർഷം
ശ്രുത്വാനുകമ്പാമസൃണാം ച വാണീം
പ്രകാശലാഭേന വിവൃദ്ധതോഷാഃ
യോഷാഃ സവിശ്വാസമവാദിഷുസ്തം

14. "പലായിതാ രാജഭയേന താന്താഃ
തൃഷാ ക്ഷുധാ ചാദ്ധ്വപരിശ്രമേണ
നീത്വാശു വിപ്രാലയമന്തികസ്ഥം
സന്ത്രാതുമർഹസ്യബലാ ദയാലോ"

15. അഭ്യർത്ഥിതോസൗ മഹിളാഭിരേവം
താസാം പുരോ ന്യസ്യ നിജം പ്രദീപം
ക്ഷണാൽ സമാനീയ ദദൗ ഫലാനി
കേരാണി ച സ്വാദുജലാനി താഭ്യഃ

16. ഹൃദ്യാനി ഭുക്ത്വാ കദളീഫലാനി
പീത്വാ ച കേരസ്യ ജലം സുശീതം
പുനഃപ്രരൂഢേന ബലേന സർവ്വാഃ
സഹായമാകസ്മികമന്വഗച്ഛൻ

17. വനേ വിവിക്തേ ചരതോ ജനസ്യ
വിപത്സു സാഹായകമാദധാനം
ആത്മാനമാവേദയദഗ്രജാനാം
കൃതാശ്രയം വേശ്മസു ദീപവാഹഃ

18. കഥാഃ സചിത്രാഃ കഥയൻ നരാണാം
സ്വരക്ഷിതാനാം പഥി ഭീതിഭാജാം
ആശ്വാസയാമാസ വധൂജനം തം
വിഷാദിനം സാദ്ധ്വസലുപ്തധൈര്യം

19. വിസ്രംഭപാത്രസ്യ നരസ്യ ചാസാം
മിഥഃ സ്വവാർത്താവിനിവേദനം യൽ
തദേവ വിസ്മാരയതി സ്മ ദൈർഘ്യം
കാലാദ്ധ്വനോഃ ക്ലേശകരം പ്രയാണേ

20. ന ഗ്ലാനിരാസീന്നിശി പാദചാരാൽ
ന ചാപി നിദ്രാലസതാ യദാസാം
അഭൂതപൂർവ്വം തമമംസ്ത വൃദ്ധാ
പ്രസാദമീശസ്യ കിരാതമൂർത്തേഃ

21. അത്രാന്തരേഽജായത കാപി വാത്യാ
പ്രദീപനിർവ്വാപണദക്ഷവേഗാ
തഥാപി തദ്ദീപശിഖാമകമ്പാം
ദൃഷ്ട്വാ പരം വിസ്മയമാപുരേതാഃ

22. ഇത്ഥം വ്രജൻ പാന്ഥഗണസ്തുരീയേ
യാമേ രജന്യാഃ സുഖമാസസാദ
ശ്രീമദ്വൃഷാദ്രീശപുരസ്യ പൂർവ്വ-
ഭാഗേ ഗൃഹം ശൂന്യജനപ്രചാരം

23. അപാവൃണോദർഗ്ഗളിതൗ കവാടൗ
തദ്ഗേഹവാസീവ സ ദീപവാഹഃ
വിന്യസ്യ ദീപം ച ഗൃഹാന്തരേഽസൗ
വിജ്ഞാപയാമാസ വിനീതഭാവഃ

24. "വിപ്രസ്യ കസ്യാപി വിധേഃ പ്രഭാവാൽ
വിനഷ്ടവംശസ്യ നികേതനേഽസ്മിൻ
വസന്തു ഭദ്രാഃ! സതതം ഭവത്യോ
നിരസ്തഭൂപാലഭയാഃ സ്വതന്ത്രാഃ

25. യാവൽ ഗൃഹാരാമഗതേ തടാകേ
സ്നാനം ഭവത്യഃ സുഖമാചരന്തി
താവൽ ത്വദാഹാരവിധാനയോഗ്യം
പദാർത്ഥജാതം പ്രഹിണോമി സർവ്വം

26. അഹം ച ഭോക്തും സ്വയമാഗതഃ സ്യാ-
മഹന്യഹന്യത്ര ഭവൽസകാശം"
ഇതി ബ്രുവാണോയമഗാദഗാരാൽ
വിപന്നസന്ത്രാണവിവൃദ്ധഹർഷഃ

27. യദൃച്ഛയാപദ്ഗതരക്ഷണേന
പ്രദർശിതൗദാർയ്യമഹിമ്നി പുംസി
അന്തർഹിതേ ഗേഹദിദൃക്ഷയാ സാ
വൈദ്യസ്യ പത്നീ ത്വരതേ സ്മ കാമം

28. ഗൃഹാണ ദീപം തമിതി സ്വപുത്രീം
ആദിശ്യ ദേവം ഹൃദി ഭാവയന്തീ
പ്രാവേശയത്താം പ്രഥമം ഗൃഹാന്തഃ
സാദ്ധ്വീ സ്വയം വിസ്മൃതസർവ്വഖേദാ

29. പരന്തു ബാലാ തനയാ പ്രവൃത്താ
യാവൽ സമാദാതുമമും പ്രദീപം
അദൃശ്യതാസൗ ഭുവി ഹന്ത! താവൽ
നിഖാതവന്നിശ്ചലതാമുപേതഃ

30. ദൃഷ്ട്വാ തദത്യത്ഭുതമഭ്യജാനൻ
ഈശസ്യ ലീലേയമിതി പ്രഹൃഷ്ടാഃ
സ്മൃത്വാ നിശാവൃത്തമദഭ്രഭക്ത്യാ
സർവ്വാശ്ച ബദ്ധാഞ്ജലയോ ബഭൂവുഃ

31. അനാഥരക്ഷാവ്രതബദ്ധദീക്ഷഃ
കിരാതമൂർത്തിഃ കില മാർഗ്ഗബന്ധുഃ
ഗോപായിതും ഭക്തജനം സ്വകീയം
ഗുപ്തഃ സ്വയം ദാസവദാചചാര

32. ഭിഷക്തമം യം ശ്രുതിരാഹ ദേവം
സംരക്ഷിതാ തേന കുമാരികാ സാ
വിപ്രേണ കേനാപി ഭിഷഗ്വരേണ
പാണൗ കൃതാ വംശകരീ ബഭൂവ

33. ഏവം സ്വഭക്താനുജിഘൃക്ഷയാ യോ
ദധാര ദേവോ വിപദി പ്രദീപം
അദ്യാപി നൈവേദ്യസമർപ്പണാദ്യൈഃ
സംപൂജ്യതേ വൈദ്യഗൃഹേ സതീഭിഃ

34. ഭയചകിതമനാഥം വൈദ്യവംശം വിഷണ്ണം
സ്വവിഷയമുപയാതം മാടഭൂപോപി 'ശക്തഃ'
വിവിധവിഭവദാനൈഃ പോഷയാമാസപശ്ചാ-
ദിതി ഹ വദതി വാർത്താകോവിദോ വൃദ്ധ
ലോകഃ

35. ശൈലാബ്ധിരാജവിഷയാൽ സഹസൈവമേത്യ
'ശക്തസ്യ' മാടനൃപതേരവനിം പ്രപന്നഃ!
വൈദ്യാന്വയഃ പരിണതാമലകീപുരീതി
ഖ്യാതിം ഗതോ ജയതി മംഗളവാസഭൂമിഃ

36. ശൈലാബ്ധിരാജവിഷയാൽ സഹസൈവമേത്യ
'ശക്തസ്യ' മാടനൃപതേരവനിം പ്രപന്നഃ!
വൈദ്യാന്വയഃ പരിണതാമലകീപുരീതി*
ഖ്യാതിം ഗതോ ജയതി മംഗളവാസഭൂമിഃ

37. ഹരിഹരനാരായണയോർ-
ഗുരുവരയോഃ കരുണയാധിഗതവിദ്യഃ
അമരഗിര കൃതിമേതാ-
മകൃത കൃതീ സുബ്ബരാമാഖ്യഃ

* പഴനെല്ലിപ്പുറത്ത്

# മാർഗ്ഗദീപം

('ആപദ്ദീപ'ത്തിന്റെ ആശയാനുവാദം)

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട്

1. പേരാറ്റുനീരേറ്റു വിളങ്ങുമൈശ്വ-
ര്യാരാമമാകും മലയാളനാട്ടിൽ
നന്നെപ്പഴക്കത്തിൽ നടന്നതത്രേ
വയസ്സർ ചൊല്ലീടുമൊരിച്ചരിത്രം.

2. പ്രസിദ്ധനായുള്ളൊരു കുന്നലക്കോ-
നാരോഗ്യരക്ഷയ്ക്കധികാരിയായി
മുന്നം ദ്വിജൻ നന്മകൾ ശത്രുവിന്നും
ചെയ്യുന്നവൻ വൈദ്യരിൽ മുമ്പനുണ്ടായ്.

3. എന്നും തെളിഞ്ഞുള്ള നൃപാലനെന്തോ
കയർത്തുടൻ നാടുകടത്തിയപ്പോൾ
മന്നേ വെടിഞ്ഞൂ ഹൃദയം തകർന്നു
വിപ്രൻ കുടുംബത്തെയനാഥമാക്കി.

4. നടുങ്ങിയാ നാടുകടത്തലാലും
കടുത്ത ദുഷ്കീർത്തി പരക്കയാലും
ദേശാന്തരം പൂകുവതിന്നുറച്ചാൾ
രഹസ്യമായ് ഭൂസുരധർമ്മപത്നി

5. ബാല്യം കടക്കാത്തൊരു പുത്രിയോടും
പ്രായം കടന്നീടിനൊരമ്മയോടും
പാവം തുണപ്പെണ്ണൊടുമമ്പലത്തിൽ
സന്ധ്യയ്ക്കു ശംഖിൻധ്വനി കേട്ടിറങ്ങി.

6. സേവിച്ചുപോരും കുലദൈവമാകും
വേട്ടയ്ക്കരൻതന്നുടെ വിഗ്രഹത്തെ
സർവ്വസ്വമായ് കയ്യിലെടുത്തിരുന്നു
മറ്റൊന്നുമില്ലാത്തൊരു വിപ്രപത്നി.

7. കാക്കട്ടെ കാരുണ്യനിധാനമാപ-
ത്തില്ലാതെ വേട്ടയ്ക്കരനെങ്ങുമെന്നായ്
പ്രാർത്ഥിച്ചു തെക്കോട്ടു നടന്നു രാവിൽ
തുണയ്ക്കു വേറാരുമെഴാതെ സാദ്ധ്വി

8. മുട്ടോളമേ നീരൊഴുകും കിഴക്കൻ-
കുന്നിന്റെ കുഞ്ഞാം നിളയെ ക്ഷണത്തിൽ
കൈത്തേക്കുകാരോതിയ ചാലിലൂടേ
നടന്നു തെക്കേക്കരയിൽ കടന്നാർ.

9. കഷ്ടിച്ചു കണ്ടാ വഴിയമ്പിളിക്കീ-
റേകും വെളിച്ചത്തിൽ നടന്നു മന്ദം
കയർത്ത സാമൂതിരിതന്റെ ദേശം
കടന്നു ചെന്നാരവർ മാടഭൂവിൽ.

10. അന്നേരമേ ചന്ദ്രനുമസ്തമിച്ചു
ദിക്കൊക്കെയും കൂരിരുളാൽ മറഞ്ഞു
ആ രാവു പോക്കാനവരങ്ങൊരില്ലം
തിരഞ്ഞു ചുറ്റിത്തിരിയാൻ തുടങ്ങി.

11. പെട്ടെന്നൊരാൾ കയ്യിൽ വിളക്കുമായി-
ട്ടടുത്തു പോരുന്നതു കാണുമാറായ്
വിശ്വാസമുണ്ടാംവിധമോതിയന്തർ-
ജ്ജനങ്ങളോടാദരപൂർവ്വമായാൾ:

12. "ഈപ്പാതിരാവിൽ തുണയായൊരാള-
റ്റലഞ്ഞിടും നിങ്ങൾ വിപത്തിലത്രേ
എന്താകിലും വേണ്ടതു ചൊൽക, ചെയ്യാ-
മീ ദാസനേതും മടിയില്ലതിങ്കൽ."

13. കണ്ടാ മനുഷ്യന്റെ വണക്കമെന്ന-
ല്ലൻപേറുമാ വാക്കുകൾ കേട്ടുമപ്പോൾ
വെളിച്ചമുണ്ടായതിലുള്ളുണർന്നു
വിശ്വാസമാർന്നംഗനമാരുരച്ചാൾ:

14. "പേടിച്ചു രാജാവിനെ നാടുവിട്ടോർ
വിശന്നു ദാഹിച്ചു നടന്നലഞ്ഞോർ
ഈ ഞങ്ങളൻപാർന്നരികത്തൊരില്ല-
ത്തെത്തിച്ചു രക്ഷിക്കുക ഹേ ദയാലോ!"

15. ആ സ്ത്രീകളമ്മട്ടുരചെയ്കെ മുമ്പിൽ
വിളക്കു വെച്ചാപ്പുരുഷൻ മറഞ്ഞാൻ
പെട്ടെന്നു വന്നാൻ കുളിർനീർനിറഞ്ഞ
കരിക്കു, നേന്ത്രപ്പഴമൊക്കെയായി.

16. മാധുര്യമേറുന്ന പഴം കഴിച്ചും
തണുപ്പെഴും നല്ലിളനീർ കുടിച്ചും
തളർച്ച തീർത്തിട്ടവർ പിന്തുടർന്നാർ
യദൃച്ഛയാ വന്നു തുണച്ചൊരാളെ.

17. ആളറ്റ കാട്ടിൽത്തിരിവോർക്കു കഷ്ട-
പ്പാടിൽ തുണയ്ക്കുന്നവനെന്നുതന്നെ
വിളക്കെടുത്തുള്ളവനോതി വിപ്രാ-
ഗാരങ്ങളിൽ ഞാൻ കഴിയുന്നുവെന്നും.

18. വഴിയ്ക്കു പേടിച്ചലവോരെ രക്ഷി-
ച്ചെഴും ചരിത്രം പലതും പറഞ്ഞും
വിഷാദമോടുള്ളു വിറയ്ക്കുമാത്തേ-
മ്മാർകൾക്കു വിശ്വാസമണച്ചിതായാൾ.

19. ആയാളുമാ സ്ത്രീകളുമസ്തശങ്കം
വിശേഷമോരോന്നുരചെയ്തുപോകേ
അറിഞ്ഞതേയില്ല കഴിഞ്ഞുപോയോ-
രാ ദൂരവും നേരവുമെത്രയെന്നായ്.

20. കഴച്ചതില്ലാ കഴലും നടപ്പാ-
ലുറക്കവും രാത്രിയിൽ വന്നതില്ല
വേട്ടയ്ക്കരൻതന്റെ വിശേഷമാകും
പ്രസാദമെന്നേ നിരൂപിച്ചു വൃദ്ധ.

21. അതിന്നിടയ്ക്കേതു പെരുംവിളക്കും
കെട്ടേയ്ക്കുമെന്നുള്ളൊരു കാറ്റടിച്ചു
എന്നാകിലോ നാളമനങ്ങിടാതെ
കത്തും വിളക്കാലവർ വിസ്മയിച്ചു.

22. ഈമട്ടിലാ യാത്രികർ പോയ് പ്രഭാത-
മാകുന്നതിൻ മുമ്പവരല്ലലെന്യേ
നേരെ വൃഷാദ്രിക്കു കുറേക്കിഴക്കും-
പാട്ടുള്ളൊരാളറ്റ ഗൃഹത്തിലെത്തി.

23. താഴിട്ടിരിക്കും കതകും തുറന്നാ-
നാ വീട്ടിലേ വാഴ്‌വവനെന്നപോലേ
വെച്ചാ വിളക്കുള്ളിൽ വണക്കമേറ്റം
ഭാവിച്ചുരച്ചാൻ വഴികാട്ടിവന്നോൻ

24. "ഇതില്ലമത്രേ വിധിവൈഭവത്താ-
ലാളറ്റുപോയ് ബ്രാഹ്മണവംശമൊന്നിൽ
ഉപദ്രവിക്കില്ലരചൻ വസിക്കാ-
മിങ്ങെന്നുമേ നല്ലവരേ യഥേഷ്ടം.

25. കുളിച്ചിടാം തൊട്ടുവളപ്പിലുണ്ടു
കുളം, കുളിർപ്പിക്കുക മെയ്യുമുള്ളും
വെയ്പ്പിന്നു വേണ്ടും വിഭവങ്ങളെല്ലാ-
മെത്തിച്ചിടാമിങ്ങിവനപ്പൊഴേയ്ക്കും.

26. നിങ്ങൾക്കടുത്തെത്തിടുമെന്നുമെന്നു-
മുണ്ണുന്നതി"ന്നെന്നു പറഞ്ഞുകൊണ്ടേ
മറഞ്ഞിതായാൾ കൊടുതാം വിപത്തിൽ-
പ്പെട്ടോരരേ രക്ഷിച്ചതിനാൽ കൃതാർത്ഥൻ.

27. ആപത്തിലാകസ്മികമായ് തുണച്ചോ-
രൗദാര്യവായ്പേറിടുമാ വിശിഷ്ടൻ
പരോക്ഷനാകെഗ്ഗൃഹമൊന്നു നോക്കി-
ക്കാണാൻ വിചാരിച്ചിതു വൈദ്യപത്നി.

28. വേട്ടയ്ക്കരൻതന്നെ മനസ്സിൽ വെച്ചു
വിളക്കെടുത്തീടുകയെന്നുരച്ചു
ഗൃഹത്തിനുള്ളിൽ സുതയെ പ്രവേശി-
പ്പിച്ചീടിനാളല്ലൽ മറന്നു തമ്പി.

29. എന്നാലകത്തേയ്ക്കു കടന്ന കുട്ടി
വിളക്കെടുക്കുന്നതിനുദ്യമിക്കേ
അനക്കമില്ലാതെയതാ നിലത്തു
താഴ്ത്തി പ്രതിഷ്ഠിച്ചതുപോലിരുന്നു.

30. ഈ വിസ്മയം കണ്ടിരവിൽ കഴിഞ്ഞ-
തോർത്തൊക്കെയീശന്റെ വിലാസമെന്നായ്
അറിഞ്ഞു വർദ്ധിച്ചൊരു ഭക്തിയോടേ
കൈകൂപ്പി രോമാഞ്ചമണിഞ്ഞു നിന്നാർ.

31. വേട്ടേയ്ക്കരൻതാൻ വഴിയിൽ തുണപ്പോ-
നനാഥരക്ഷയ്ക്കവതീർണ്ണനായോൻ
സ്വഭക്തരെക്കാക്കുവതിന്നു വേഷം
മറച്ചു ഭൃത്യത്തൊഴിലാചരിച്ചു.

32. ഭിഷക്തമൻ വേദവചസ്സിനാലാ-
രദ്ദേവനാൽ രക്ഷിതയാം കുമാരി
ഭിഷഗ്വരൻ വിപ്രനൊരാൾ വരിയ്ക്കേ
ഭിഷക്കുലത്തിന്നു തുടക്കമിട്ടാൾ.

33. സ്വഭക്തരെപ്പേർത്തുമനുഗ്രഹിക്കാൻ
വിളക്കെടുത്തീടിനതേതു ദേവൻ
പൂജിപ്പതുണ്ടിപ്പൊഴുമാ ഗൃഹത്തി-
ലദ്ദേവനെ സ്ത്രീകൾ നിവേദ്യമോടേ.

34. ഏറും ഭയത്തോടുഴറി സ്വരാജ്യ-
ത്തണഞ്ഞൊരാ വൈദ്യകുലത്തെ മേന്മേൽ
പാരം തഴപ്പിച്ചിതു ശക്തനാകും
മാടേശനെന്നോതിവരുന്നു വൃദ്ധർ

35. കുന്നലനാടു വെടിഞ്ഞീ-
ക്കൊച്ചിയിൽ വാണൊരു വൈദ്യവംശംതാൻ
പെരുമയെഴും പഴനെല്ലി-
പ്പുറത്തു തൈക്കാട്ടു മൂസ്സുതന്നില്ലം.

36. ഹരിഹരനാരായണരാം
ഗുരുവരരരുളാൽ പഠിപ്പുനേടിയവൻ
സംസ്കൃതഭാഷയിലിക്കൃതീ
ഭംഗിയിൽ നിർമ്മിച്ചൂ സുബ്ബരാമകൃതി.

37. (കാവ്യം രചിച്ചീടിന ദേശികേന്ദ്ര-
നനന്യനാമെന്നെയനുഗ്രഹിയ്ക്ക!
വിവർത്തനത്തിൽ പരിതുഷ്ടനായി
വേട്ടയ്ക്കരൻതാൻ വഴിയിൽ തുണയ്ക്ക!)

38. വേട്ടയ്ക്കരൻതന്റെയനുഗ്രഹത്താൽ
വായ്പുള്ളൊരാ വൈദ്യഗൃഹത്തിലുണ്ടായ്
പ്രസിദ്ധരാകും പല,രുണ്ണിമൂസ്സീ
നൂറ്റാണ്ടിനാരംഭമലങ്കരിച്ചു.

39. ആചാര്യനായുർന്നിഗമം പഠിയ്ക്കാ-
നാരുണ്ണിമൂസ്സിന്നവിടുന്നുതന്നെ
പിന്നീടെനിക്കും ഗുരു വാസുദേവൻ
നമ്പീശനച്ചേവടിയിൽ തൊഴുന്നേൻ.

40. ആ വിശ്രുതാത്മാവെവിടെങ്ങു കഷ്ടി-
പിഷ്ടിപ്രയോഗം വശമുള്ളൊരീ ഞാൻ
എന്നാകിലും തെല്ലഭിമാനമക്കെ-
ട്ടോർമ്മിച്ചിടുമ്പോളുളവായിടുന്നു.

41. ആ വൈദ്യവംശത്തിലെയിപ്പൊഴത്തെ-
യാളായിടും മൂസ്സവർകൾക്കു ഞാനും
ഈ ഷഷ്ടിപൂർത്തിപ്പിറനാൾമഹത്തി-
ലർപ്പിച്ചിടുന്നേനഭിവാദനങ്ങൾ!

42. ചികിത്സിതാദ്ധ്വാവിലിവർക്കു പി-ടീ
നാരായണൻ മൂസ്സൊരു മാർഗ്ഗദീപം
എങ്ങും തെളിഞ്ഞായതു കത്തിടട്ടേ
പരന്നിടട്ടേ പ്രഭ പത്തു ദിക്കും.

*(കുറിപ്പ്: 1978-ൽ പി. ടി. നാരായണൻ മൂസ്സിന്റെ ഷഷ്ടിപൂർത്തിയാഘോഷവേളയിൽ അദ്ദേഹത്തിനു സമർപ്പിച്ചതാണ് ഈ രചന.)*

സി. ഡി.യുടെ ലേബൽ

# ഒപ്പം നടന്ന രണ്ടു പേർ

പി. ടി. നാരായണൻ മൂസ്സ് ശിഷ്യസമ്പത്തുകൊണ്ട് അനുഗൃഹീതനായിരുന്നു. ഗുരുവും ശിഷ്യരും തമ്മിൽ പ്രായം കൊണ്ട് വലിയ വ്യത്യാസമൊന്നുമുണ്ടായിരുന്നില്ല. ഏറിയാൽ പത്തോ പന്ത്രണ്ടോ വയസ്സിന്റെ അന്തരം കാണുമായിരിയ്ക്കും. ചിലർ സമപ്രായക്കാർ പോലുമായിരുന്നു.

ശിഷ്യന്മാരിൽച്ചിലർ പിന്നീട് ഔഷധശാലയിലെ ജീവനക്കാരായി മാറി. എ. എം. വിഷ്ണു നമ്പൂതിരി, എം. പി. വാസുദേവൻ നമ്പൂതിരിപ്പാട്, എൻ. ഗോപാലകൃഷ്ണൻ നായർ, സി. പി. നാരായണൻകുട്ടി നായർ എന്നിവർ അക്കൂട്ടത്തിൽപ്പെട്ടവരാണ്.

ഇതിൽ അവസാനം പറഞ്ഞ രണ്ടു പേരെ അൽപം വിശദമായിത്തന്നെ അനുസ്മരിയ്ക്കേണ്ടതുണ്ട്. നാരായണൻകാട്ടിൽ ഗോപാലകൃഷ്ണൻ നായരും ചക്കത്ത് പുതുവീട്ടിൽ നാരായണൻകുട്ടി നായരും. ഈ രണ്ടു പേരും കാലാകാലങ്ങളിൽ ഔഷധശാലയുടെ പുറത്തുള്ള പരസ്യമുദ്രകളായിരുന്നു. അസംസ്കൃതവസ്തുക്കളുടെ ശേഖരണത്തിനു നിയോഗിയ്ക്കപ്പെട്ട ഗോപാലകൃഷ്ണൻ നായർ തൃശ്ശൂർ അങ്ങാടിയിലും ചില്ലറ മരുന്നു വിൽപനയിൽ ഏർപ്പെട്ടിരുന്ന നാരായണൻകുട്ടി നായർ മരുന്നു വാങ്ങുന്നവരിലും ഔഷധശാലയുടെ പ്രതിരൂപങ്ങളായി അര നൂറ്റാണ്ടിലധികം വിളങ്ങി നിന്നു.

ഗോപാലകൃഷ്ണൻ നായരും നാരായണൻകുട്ടി നായരും മൂസ്സിനൊപ്പം

സാജാത്യവൈജാത്യങ്ങൾ കൊണ്ടും കൗതുകമുണർത്തുന്നുണ്ട് അവർ. രണ്ടു പേരും ജനിച്ചത് 1926-ലാണ്. പതിനഞ്ചു വയസ്സോടെ രണ്ടു പേരും മൂസ്സിന്റെ ശിഷ്യന്മാരായി എത്തി. സാജാത്യങ്ങൾ പക്ഷേ അവിടെ അവസാനിയ്ക്കുന്നു.

വൈജാത്യങ്ങളാണ് അന്യത്ര.

രണ്ടു പേരും മൂസ്സിന്റെ ശിഷ്യന്മാരായിരുന്നുവെങ്കിലും ഗോപാലകൃഷ്ണൻ നായർ വൈദ്യവ്യുത്തിയിൽ വഴി തെറ്റി വന്നതു പോലെയായിരുന്നു. തൃശ്ശൂർ അങ്ങാടിയിലെ കച്ചവടക്കാരുമായുള്ള ഇടപാടുകളായിരുന്നു ആയുർവേദവുമായുള്ള അദ്ദേഹത്തിന്റെ ബന്ധം. തലച്ചുമടായി വന്നിരുന്ന മരുന്നുവിൽപനക്കാരുമായി വില പേശുന്നതിൽ വിദഗ്ധനായിരുന്നു. പച്ചമരുന്നുകൾ കണ്ടാൽ അതിന്റെ ഗുണമേന്മ തിരിച്ചറിയുന്ന അപൂർവ്വം വ്യക്തികളിൽ ഒരാളായിരുന്നു അദ്ദേഹം. മരുന്നുകളുടെ ഗുണനിലവാരം നിലനിർത്തുന്നതിൽ അത് വലിയ ഒരു ഘടകമായിരുന്നു.

നാരായണൻകുട്ടി നായരാവട്ടെ ചില്ലറമരുന്നു വിൽപനയിൽ ഉത്സാഹിയായിരുന്നു. ഉപഭോക്താക്കളോട് വിശേഷങ്ങൾ ആരാഞ്ഞും അവരെ സൗഹൃദത്തിന്റെ വലയിൽ വീഴ്ത്തിയും അദ്ദേഹം സന്തോഷിപ്പിച്ചു നിർത്തി. മരുന്നു വാങ്ങാൻ വരുന്നവരിലെ രോഗികൾക്ക് ചികിത്സ നിശ്ചയിച്ചിരുന്നു. കുറഞ്ഞ മരുന്നുകൾ കൊണ്ട് അവരുടെ അസുഖം മാറ്റിയിരുന്നു.

വൈദ്യം പഠിയ്ക്കാനാണ് എത്തിയതെങ്കിലും ഗോപാലകൃഷ്ണൻ നായർക്ക് സഹജമായ

താൽപര്യം സാഹിത്യത്തിലായിരുന്നു. കഥകളും നോവലുകളും കവിതകളും വായിച്ചു കൂട്ടും. പൊറ്റെക്കാട്ട് പ്രിയകഥാകാരൻ. വള്ളത്തോൾ ഇഷ്ടകവി. സതീർത്ഥ്യനായ കടലായിൽ പരമേശ്വര നുമൊത്ത് അക്ഷരശ്ലോകം ചൊല്ലും. അത്യാവശ്യം ശ്ലോകങ്ങളും രചിയ്ക്കും. കെ. കെ. രാജയും വള്ള ത്തോളും ചെറുകാടും മറ്റും ഔഷധശാലയിൽ വന്ന കാര്യം പറയുമ്പോഴൊക്കെ എഴുത്തുകാരോ ടുള്ള ആരാധന കൊണ്ട് ആ കണ്ണുകൾ വിടരു ന്നതു കാണാം.

നാരായണൻകുട്ടി നായരെയാവട്ടെ അത്തരം അഭിരുചികളൊന്നും തീണ്ടിയിരുന്നതേയില്ല.

ഗോപാലകൃഷ്ണൻ നായർക്ക് പൂരക്കമ്പമു ണ്ടായിരുന്നു. പൂരങ്ങളായ പുരങ്ങൾക്കൊക്കെ പുറ പ്പെടും. ഉറക്കമൊഴിച്ച് മേളങ്ങൾ ആസ്വദിയ്ക്കും. പൂരപ്പറമ്പിൽ പുലരുംവരെ ചുറ്റിനടക്കും.

നാരായണൻകുട്ടി നായരും ചില പൂരങ്ങൾക്ക് ഒപ്പം കൂടും. ആറാട്ടുപുഴ പൂരം അത്തരത്തിലൊ ന്നായിരുന്നു. പക്ഷേ ശാസ്താവിനെ തൊഴുതു വലം വെച്ച് മതിൽക്കെട്ടിനുള്ളിൽ എവിടെയെ ങ്കിലും തോർത്തുമുണ്ടു വിരിച്ച് കിടക്കും. പൂരം കഴിഞ്ഞാൽ വിളിച്ചുണർത്തണമെന്ന് ഗോപാലകൃ ഷ്ണൻ നായരെ ശട്ടം കെട്ടി സുഖസുഷുപ്തിയില മരും.

സരസനായിരുന്നു ഗോപാലകൃഷ്ണൻ നായർ. തമാശകൾ പറയുകയും മറ്റുള്ളവർ പറയു ന്നത് ആസ്വദിയ്ക്കുകയും ചെയ്യും. നാരായ ണൻകുട്ടി നായരാവട്ടെ സ്വയം ഒരു മണ്ടനായി അഭിനയിയ്ക്കും. ഒരു വിഡ്ഢിച്ചിരിയോടെയ ല്ലാതെ അദ്ദേഹത്തെ കാണാൻ കഴിയുമായി രുന്നില്ല.

ഒരു തരത്തിലുമുള്ള വേദനകൾ സഹി യ്ക്കാൻ കഴിയുമായിരുന്നില്ല ഗോപാലകൃഷ്ണൻ നായർക്ക്. കുത്തിവെപ്പിനു പോലും പേടിയുള്ള പ്രകൃതം. വേദനകൾ വരുമ്പോൾ നാണം മറന്ന് നിലവിളിയ്ക്കുമായിരുന്നു.

നാരായണൻകുട്ടി നായരെ അത്തരം വേവലാ തികളൊന്നും ഭരിച്ചിരുന്നില്ല. ഭീതി എന്താണെന്ന് അദ്ദേഹം അറിഞ്ഞിരുന്നില്ല. ഒരിക്കൽ അദ്ദേഹ ത്തിന്റെ അസാന്നിദ്ധ്യത്തിൽ തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ നിന്ന് ഒരു സമ്മൺസ് വന്നു. നാരായണൻകുട്ടി നായർ അവധി കഴിഞ്ഞു മടങ്ങി വന്നപ്പോൾ ഞങ്ങൾ സമ്മൺസിന്റെ കാര്യം പറ ഞ്ഞു. പോലീസ് സ്റ്റേഷനിലേയ്ക്കു വിളിച്ചിട്ടു ണ്ടെന്ന് അറിയിച്ചു. വിരണ്ടു പോവുമെന്നു വിചാ രിച്ച ഞങ്ങൾക്കു തെറ്റി. “ഏറി വന്നാൽ അവർ എന്റെ തലയെടുക്കും; അതിലപ്പുറമൊന്നുമി ല്ലല്ലോ” എന്നായിരുന്നു ചിരിച്ചുകൊണ്ടുള്ള അദ്ദേ ഹത്തിന്റെ പ്രതികരണം. അപ്പോൾ അത് പതി വുള്ള വിഡ്ഢിച്ചിരിയായിരുന്നില്ല താനും.

ഈ നിലപാട് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അന്ത്യകാലത്ത് കൂടുതൽ പ്രകടമായിരുന്നു. ആദ്യം മകളുടെ കുട്ടിയും പിന്നാലെ മകളും അധികം വൈകാതെ ഭാര്യയും മരിച്ചു പോയ പ്പോഴും തികച്ചും ശാന്തനായിരുന്നു നാരായ ണൻകുട്ടി നായർ. പിന്നീട് സ്വന്തം വീട് അന്യാധീ നപ്പെട്ടപ്പോഴും സഹജമായ ചിരിയോടെയാണ് അതിനെ നേരിട്ടത്. അന്ത്യകാലത്ത് ഏറെക്കുറെ അനാഥനുമായി. ജോലിയിൽനിന്നു വിരമിച്ചതിനു ശേഷം കുറച്ചുകാലം വിശ്രമിച്ചുവെങ്കിലും അദ്ദേഹം ഔഷധശാലയിൽത്തന്നെ തിരിച്ചെത്തി. സ്വന്തം അനാരോഗ്യത്തെ അവഗണിച്ച് നാരായ ണൻ മൂസ്സിന് സഹചാരിയായി ഒപ്പം നിന്ന് അദ്ദേഹം അനാഥത്വത്തെ അതിജീവിച്ചു.

ഗോപാലകൃഷ്ണൻ നായരാവട്ടെ, തികച്ചും സനാഥനായിരുന്നു. ആദ്യ ഭാര്യ നന്നെ ചെറുപ്പ ത്തിലേ മരിച്ചുവെങ്കിലും രണ്ടാം പത്നി അദ്ദേ ഹത്തെ വേണ്ടുംവണ്ണം പരിചരിച്ചു. മക്കൾ മൂന്നു പേരും സുഖവിവരങ്ങൾ അന്വേഷിച്ചു കൊണ്ട് ഒപ്പം നിന്നു. പിരിഞ്ഞുപോയെങ്കിലും ഔഷധശാ ലയിൽനിന്ന് ഒരു നിശ്ചിതസംഖ്യ അവസാന മാസം വരെ എത്തിച്ചുകൊടുത്തിരുന്നു. പുസ്ത കങ്ങൾ വായിച്ചും ടെലിവിഷൻ കണ്ടും തന്റെ ജീവിതാസക്തി അദ്ദേഹം സാർത്ഥകമാക്കി. 2016 മാർച്ച് 2-ന് മരണത്തിനു കീഴടങ്ങുമ്പോൾ തൊണ്ണൂറു വയസ്സിന്റെ പടിവാതിൽക്കലെത്തിയി രുന്നു.

നാരായണൻ നായർക്ക് അത്രത്തോളം ആയു സ്സുണ്ടായില്ല. 2005 മേയ് 9-ന് പുഷ്പാഞ്ജലി യിലെ കല്യാണസ്സദ്യ കഴിഞ്ഞ് കിഴക്കുമ്പാട്ടുകര യിൽ ബസ്സിറങ്ങി ഔഷധശാലയിലേയ്ക്കു വരാൻ വേണ്ടി പാത മുറിച്ചു കടക്കുമ്പോൾ ഒരു ടിപ്പർലോറി ഇടിച്ചു തെറിപ്പിച്ചു. വിവരമറിഞ്ഞ് ഔഷധശാലയിൽനിന്ന് ഞങ്ങൾ എത്തുമ്പോ ഴേയ്ക്കും ജില്ലാ ആശുപത്രിയിൽ ഒരു നമ്പർ ടാഗ് ആയി മാറിക്കഴിഞ്ഞിരുന്നു നാരായണൻകുട്ടിനാ യർ. കിഴക്കുമ്പാട്ടുകര നാൽക്കവലയിൽ കുറുകെ ഒലിച്ചുപരന്ന ചോര ഒരു വേനൽമഴ പെയ്യുംവരെ അതേപടി കിടന്നു.

# രണ്ട് അഭ്യുദയകാംക്ഷികൾ

ചിലരുണ്ട്. ഹാജർ പുസ്തകത്തിലോ ശമ്പളപ്പട്ടികയിലോ കാണില്ല. പക്ഷേ ഔഷധശാലയുടെ പ്രതിസന്ധിഘട്ടങ്ങളിലൊക്കെ അവർ നിർദ്ദേശങ്ങളും ഉപദേശങ്ങളുമായി ഒപ്പമുണ്ടാവും. അവയാവട്ടെ നിർണ്ണായകവുമാവും. തേനേഴി ശങ്കരൻ നമ്പൂതിരിപ്പാട്, കുടുപ്പുള്ളി വാസുദേവൻ നമ്പൂതിരി എന്നിവരാണ് അവർ.

## തേനേഴി ശങ്കരൻ നമ്പൂതിരിപ്പാട്

തേനേഴി ശങ്കരൻ നമ്പൂതിരിപ്പാട് (തേനേഴി കുഞ്ഞുണ്ണി നമ്പൂതിരിപ്പാട്) പി. ടി. നാരായണൻ മൂസ്സിന്റെ സഹോദരീ ഭർത്താവാണ്. പാലക്കാട് ജില്ലയിലെ കുണ്ടൂർകുന്നിൽ താമസം. എച് ആർ എൻ സിയിൽ ഉദ്യോഗസ്ഥൻ. കുണ്ടൂർകുന്ന് എന്ന കുഗ്രാമത്തിൽനിന്ന് ഏറ്റവും അടുത്തുള്ള സ്കൂളിലേയ്ക്കു ഏഴു നാഴിക ദൂരം. നമ്പൂതിരിപ്പാട് ആദ്യം ചെയ്തത് കുണ്ടൂർകുന്നിൽ ഒരു സ്കൂൾ

പത്നിയോടൊപ്പം

തുടങ്ങുകയാണ്. അദ്ദേഹത്തിന്റെ ദീർഘദൃഷ്ടിയ്ക്ക് അത് ഒരുദാഹരണം.

ആ ദീർഘദൃഷ്ടി എല്ലാ കാര്യങ്ങളിലും ഉണ്ടായിരുന്നു. പ്രതിസന്ധി ഘട്ടങ്ങളിൽ തളരാതെ ഉറച്ച തീരുമാനങ്ങളെടുക്കാനുള്ള കഴിവ് ഔഷധശാലയുടെ കാര്യത്തിലും സംഭവിച്ചു. 1971-ലെ സമരത്തോടനുബന്ധിച്ചായിരുന്നു അത്. സമരം എങ്ങുമെത്താതെ നിന്നപ്പോൾ ജീവനക്കാരും ഇല്ലത്തുള്ളവരുടെ പ്രതിനിധിയായി കുടുപ്പുള്ളി വാസുദേവൻ നമ്പൂതിരിയും ചെന്നു കണ്ടത് തേനേഴി ശങ്കരൻ നമ്പൂതിരിപ്പാടിനെയാണ്. ഭരണം ഏറ്റെടുത്ത് ഔഷധശാലയെ രക്ഷിയ്ക്കണമെന്ന ദൗത്യസംഘത്തിന്റെ ആവശ്യത്തിന് വഴങ്ങിയില്ലെങ്കിലും പ്രതിസന്ധി തീർക്കാൻ ഇടപെടാമെന്ന് അദ്ദേഹം സമ്മതിച്ചു. അന്നു രാത്രി തന്നെ കിഴക്കുമ്പാട്ടുകരയിൽ എത്തി. അന്നത്തെ മാനേജരായ ആലത്തൂർ നമ്പൂതിരിപ്പാടിനെ പങ്കെടുപ്പിയ്ക്കാൻ അദ്ദേഹം തുനിഞ്ഞുവെങ്കിലും അതു വിഫലമായി. അങ്ങനെ മാനേജരുടെ അസാന്നിദ്ധ്യത്തിലാണെങ്കിലും സമരം ഒത്തുതീർപ്പിലെത്തിയ്ക്കാൻ അദ്ദേഹത്തിനു സാധിച്ചു.

ഇല്ലം കടക്കെണിയിലായി എന്ന സംസാരം പടർന്ന സമയമായിരുന്നു അത്. അങ്ങനെയല്ല എന്നു സ്ഥാപിയ്ക്കാൻ തേനേഴി നമ്പൂതിരിപ്പാട് മറ്റൊരു വഴിയും കണ്ടില്ല. അദ്ദേഹം സ്വന്തം ഉത്സാഹത്തിൽ ഇല്ലം പുതുക്കിപ്പണിയാൻ തുടങ്ങി. നാട്ടുകാരുടെ നാവടക്കാൻ അതിലും നല്ല ഒരു മാർഗ്ഗം അപ്പോൾ ഉണ്ടായിരുന്നില്ല.

കുടുംബാംഗങ്ങളോടൊപ്പം

1973 ഏപ്രിൽ 1-ന് മകൻ ടി. എം. നാരായണൻ എത്തുന്നതുവരെ അകലെയിരുന്നാണെങ്കിലും ഔഷധശാലയുടെ കാര്യങ്ങൾ മുന്നോട്ടു കൊണ്ടു പോയിരുന്നത് ശങ്കരൻ നമ്പൂതിരിപ്പാടാണ്. മകന് കാര്യപ്രാപ്തി ഉണ്ടാവുന്നതു വരെ അദ്ദേഹത്തിന് ഉപദേശ-നിർദ്ദേശങ്ങൾ നൽകി പിന്തുണച്ചു.

പല വിഷയങ്ങളിലും പി. ടി. നാരായണൻ മൂസ്സ് അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ തേടിയിരുന്നു എന്ന് മൂസ്സ് അദ്ദേഹത്തിനെഴുതിയ കത്തുകളിൽനിന്ന് വെളിപ്പെടുന്നുണ്ട്. ഔഷധശാലയ്ക്കും ഇല്ലത്തേയ്ക്കും അവശ്യഘട്ടങ്ങളിൽ സാമ്പത്തിക സഹായവും അദ്ദേഹം നൽകിയിട്ടുണ്ട്.

1987 ജൂലായ് 9-ന് അന്തരിയ്ക്കുന്നതു വരെ ശങ്കരൻ നമ്പൂതിരിപ്പാട് ഔഷധശാലയ്ക്ക് താങ്ങും തണലുമായി നിലകൊണ്ടു. മരിയ്ക്കുമ്പോൾ അദ്ദേഹത്തിന് 79 വയസ്സു തികഞ്ഞിരുന്നു.

## കുടുപ്പുള്ളി വാസുദേവൻ നമ്പൂതിരി

തൃശ്ശൂരിലെ പഴയ നടക്കാവിലായിരുന്നു കുടുപ്പുള്ളി വാസുദേവൻ നമ്പൂതിരിയുടെ താമസം. സമ്പത്തു കൊണ്ടും അഭിജാതമായ പെരുമാറ്റം കൊണ്ടും ആരുടേയും ശ്രദ്ധ ആകർഷിയ്ക്കുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ആലത്തിയൂർ നാരായണൻ നമ്പിയുടെ സഹോദരീ ഭർത്താവ് എന്ന നിലയിലാവാം തൃശ്ശൂർ തൈക്കാട്ടില്ലവുമായി ബന്ധപ്പെടുന്നത്.

പ്രതിസന്ധി ഘട്ടങ്ങളിലൊക്കെ വാസുദേവൻ നമ്പൂതിരി സഹായത്തിനെത്തിയിരുന്നു. പ്രത്യേകിച്ചും സാമ്പത്തികമായി. 1971-ലെ സമരം തീർക്കാൻ മുൻകൈ എടുത്തിരുന്നു അദ്ദേഹമെന്ന് പി. ടി. നാരായണൻ മൂസ്സിന്റെ ദിനസരിക്കുറിപ്പുകളിൽനിന്ന് വെളിപ്പെടുന്നുണ്ട്. അന്നത്തെ മാനേജരുടെ നിലപാട് ശരിയല്ല എന്ന് അഭിപ്രായപ്പെട്ടതായും കാണുന്നുണ്ട്. ഔഷധശാലയുടെ കാര്യങ്ങളിൽ അത്രത്തോളം സ്വാതന്ത്ര്യം എടുത്തിരുന്നു എന്നാണ് അതിൽനിന്നു മനസ്സിലാവുന്നത്.

അതേസമയം ഔഷധശാലയുടെ ദൈനന്ദിന പ്രവർത്തനങ്ങളിലൊന്നും കൈകടത്താൻ അദ്ദേഹം തുനിഞ്ഞിട്ടില്ല എന്നും മനസ്സിലാക്കണം. മരണം വരെ ആ സൗഹൃദം നിലനിന്നു. 1992 ജൂലായ് 20-നായിരുന്നു അദ്ദേഹത്തിന്റെ ദേഹവിയോഗം.

പത്നിയോടൊപ്പം

# നാല് അതികായന്മാർ

ഔഷധശാല നൂറു വർഷം പിന്നിടുമ്പോൾ നാലു വ്യക്തികളെ നമുക്കു പ്രത്യേകം ഓർമ്മിയ്ക്കേണ്ടതായുണ്ട്. ഔഷധശാലയുടെ യശസ്സിനും വളർച്ചയ്ക്കും വലിയ സംഭാവനകൾ നൽകിയവരാണ് അവർ. കുട്ടഞ്ചേരി ആര്യൻ മൂസ്സ്, ആലത്തിയൂർ നാരായണൻ നമ്പി, ടി. എം. നാരായണൻ, പുതിയേടം ഈശ്വരൻ നമ്പൂതിരി എന്നിവരാണ് ആ നാലു പേർ.

## കുട്ടഞ്ചേരി ആര്യൻ മൂസ്സ്

കുട്ടഞ്ചേരി ആര്യൻ മൂസ്സ് 1897-ൽ ജനിച്ചു. കുട്ടഞ്ചേരി മൂസ്സുമാർ സാധാരണയായി കാരണവന്മാരിൽ നിന്നല്ലാതെ മറ്റൊരിടത്തുനിന്ന് വൈദ്യശാസ്ത്രം പഠിയ്ക്കുക പതിവില്ല.

കുട്ടഞ്ചേരി ആര്യൻ മൂസ്സ്

ആര്യൻ മൂസ്സും അങ്ങനെത്തന്നെയാണുണ്ടായത്. കുട്ടഞ്ചേരി പാരമ്പര്യം പോലെത്തന്നെ അദ്ദേഹം നല്ല അദ്ധ്യാപകനായിരുന്നു. പുലാമന്തോൾ ശങ്കരൻ (ഏട്ടൻ) മൂസ്സ്, പി. ടി. നാരായണൻ മൂസ്സ്, പുലാമന്തോൾ ആര്യൻ മൂസ്സ്, ആലത്തിയൂർ നാരായണൻ നമ്പി എന്നിവർ അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു.

ആര്യൻ മൂസ്സ് വൈദ്യനെന്ന നിലയിലും അതിപ്രശസ്തനായിരുന്നു. തന്റെ ശിഷ്യനായ പി. ടി. നാരായണൻ മൂസ്സിന്റെ ഉടമസ്ഥതയിലുള്ള എസ് എൻ എ ഔഷധശാലയുടെ മുഖ്യരക്ഷാധികാരിയായിരുന്ന അദ്ദേഹം മാസത്തിൽ രണ്ടു ഞായറാഴ്ചകളിൽ രോഗികളെ പരിശോധിയ്ക്കാൻ എത്തിയിരുന്നു. ആ ദിവസങ്ങളിൽ ഔഷധശാലയുടെ മുറ്റം വാഹനങ്ങൾ കൊണ്ട് നിറയുമായിരുന്നു വത്രേ.

ഐശ്വര്യം വിളയാടിയ ഒരു കാലഘട്ടമായിരുന്നു അത്. കേരളത്തിനു പുറത്തുള്ളവർ പോലും അദ്ദേഹത്തിന്റെ ചികിത്സ തേടി ഔഷധശാലയിൽ എത്താറുണ്ടായിരുന്നു. അക്കൂട്ടത്തിൽ ഗുൽസാരിലാൽ നന്ദ, ബാപ്പുറാവ് മോഘേ, നാനാജി ദേശ്മുഖ്, മാധവ്റാവ് മോളെ എന്നിവർ ഉൾപ്പെടുന്നു. രമണമഹർഷിയെ ചികിത്സിയ്ക്കാൻ വേണ്ടി കുട്ടഞ്ചേരി മൂസ്സ് തിരുവണ്ണാമലയിലേയ്ക്കു പോയപ്പോൾ പി. ടി. നാരായണൻ മൂസ്സും അകമ്പടി സേവിച്ചിരുന്നു. കുട്ടഞ്ചേരി

മൂസ്സിന്റെ യശസ്സ് കേരളം കടന്നും പോയിരുന്നുവെന്ന് ഇതിൽനിന്നു മനസ്സിലാക്കാവുന്നതാണ്.

അദ്ദേഹത്തിന് മരുന്നു നിർമ്മാണത്തിലും അവഗാഹമുണ്ടായിരുന്നു. സ്വന്തമായ ഔഷധക്കൂട്ടുകളിൽനിന്ന് പുതിയ മരുന്നുകൾ ഉണ്ടാക്കിയിരുന്നു. ഔഷധശാലയിൽ അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ഉൽപ്പാദനം തുടങ്ങിയ മരുന്നുകളിൽ ചിലതാണ് ഋതുരഞ്ജിനി, ഗൃഹധൂമാദി ഉദ്വർത്തനചൂർണ്ണം, വല്മീകവടി തുടങ്ങിയവ.

കുട്ടഞ്ചേരി ആര്യൻ മൂസ്സ് സ്വസമുദായത്തിൽനിന്നല്ല വിവാഹം കഴിച്ചത്. കോമല്ലൂരിൽ പുത്തൻ വീട്ടിൽ കല്യാണിയമ്മയായിരുന്നു അദ്ദേഹത്തിന്റെ സഹധർമ്മിണി. ഈ വിവാഹത്തിൽ അദ്ദേഹത്തിന് രണ്ട് ആൺകുട്ടികളും രണ്ട് പെൺകുട്ടികളും ഉണ്ട്.

വൈദ്യരംഗത്ത് കർമ്മനിരതനായിരുന്ന അദ്ദേഹം 1970 മേയ് 28-ന് അന്തരിച്ചു.

ആര്യൻ മൂസ്സ് ശിഷ്യന്മാരോടൊപ്പം

# ആലത്തിയൂർ നാരായണൻ നമ്പി

ആലത്തിയൂർ നാരായണൻ നമ്പി

1939 ആഗസ്ത് 15-നാണ് ആലത്തിയൂർ നാരായണൻ നമ്പി ജനിച്ചത്. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം കോട്ടക്കൽ ആയുർവേദ പാഠശാലയിൽ നിന്ന് 'ആര്യവൈദ്യൻ' ജയിച്ച് അഷ്ടവൈദ്യ കുടുംബങ്ങളിൽ ഔദ്യോഗികബിരുദം നേടുന്ന ആദ്യത്തെ വ്യക്തിയായി. ശേഷം ഔഷധശാലയിൽ എത്തി കുട്ടഞ്ചേരി ആര്യൻ മൂസ്സിന്റെയും പി. ടി. നാരായണൻ മൂസ്സിന്റെയും ശിഷ്യനായി ചികിത്സാപരിചയം നേടി. ഗുരുനാഥന്മാരുടെ ചികിത്സാ യാത്രകളിൽ സഹായിയായും ചേർന്നു.

ഇതിനിടയിൽ ഔഷധശാലയുടെ നടത്തിപ്പിൽ പല ചുമതലകളും വഹിച്ചു. മരുന്നുനിർമ്മാണത്തിന്റെ മാത്രമല്ല ഒട്ടിട സ്റ്റോക്കിന്റെ ചുമതല കൂടി വഹിച്ചതായി രേഖകളിൽ കാണാനുണ്ട്. പക്ഷേ അക്കാലത്തൊന്നും ജീവനക്കാരനായി പരിഗണിയ്ക്കപ്പെട്ടതായി കാണാനില്ല. 1965 ഏപ്രിൽ 8-ന് നമ്പി ഔഷധശാലയിൽനിന്ന് വിട്ടുപോയി സ്വന്തം ഇല്ലത്തു തന്നെ മരുന്നുൽപ്പാദനവും വൈദ്യവൃത്തിയും തുടങ്ങി.

1968-ൽ കീഴോട്ടുകര കടലായിൽ മനയ്ക്കലെ ശ്രീദേവിയെ വിവാഹം ചെയ്തു. ജയകൃഷ്ണൻ, വാസുദേവൻ, നാരായണൻ എന്നിങ്ങനെ മൂന്നു മക്കളുണ്ടായി. എസ് എൻ എ യുടെ മരുന്നുകളുടെ ഏജൻസി നടത്തുന്നതിനോടൊപ്പം അശ്വനി മെഡിക്കൽസ് എന്ന പേരിൽ സ്വന്തമായി മരുന്നുകളുണ്ടാക്കുകയും ചെയ്തു. അതു പക്ഷേ അധികം നീണ്ടു നിന്നില്ല. 1978-ൽ കോട്ടക്കൽ ആര്യവൈദ്യശാലയുടെ നേഴ്സിങ്ങ് ഹോമിൽ അസി. ഫിസിഷ്യനായി ചേർന്നു. ചീഫ് ഫിസിഷ്യനായിരുന്ന ഡോ. എസ്. വാരിയരുടെ പ്രധാനസഹായിയായിരുന്നു നമ്പി. ആര്യവൈദ്യശാലയുടെ നേഴ്സിങ്ങ് ഹോമിലെ പത്തു വർഷത്തെ വിലപ്പെട്ട പരിചയം നേടിയതിനു ശേഷമാണ് 1988-ൽ ഔഷധശാലയുടെ ചീഫ് ഫിസിഷ്യനായി എത്തുന്നത്.

ഔഷധശാലയിൽ കഷായമരുന്നുകൾ ഉൽപ്പാദിപ്പിച്ചു തുടങ്ങിയത് നമ്പിയുടെ വരവോടുകൂടിയാണ്. കടുകിട വ്യതിചലിയ്ക്കാത്ത ചിട്ടകളാണ് നമ്പിയുടെ പ്രത്യേകത. രോഗികളെ അദ്ദേഹം വലുപ്പച്ചെറുപ്പമില്ലാതെ പരിഗണിച്ചു. ഔഷധശാലയിലേയും പിന്നീട് നേഴ്സിങ്ങ് ഹോമിലേയും സേവനക്കാലത്ത് ഒരു ദിവസം പോലും അദ്ദേഹം സ്വന്തം ആവശ്യത്തിനു വേണ്ടി അവധിയെടുത്തിട്ടില്ല. ചെറിയ അസുഖങ്ങളൊന്നും തന്റെ ഉത്തരവാദിത്വത്തിൽനിന്നു വിട്ടുനിൽക്കാനുള്ള കാരണമായിരുന്നില്ല അദ്ദേഹത്തിന്.

1994-ൽ മഹർഷി മഹേശ് യോഗിയുടെ ആവശ്യപ്രകാരം നെതർലന്റിലേയ്ക്കു പോയി. പിന്നീട് അത് മിക്കവാറും എല്ലാ വർഷങ്ങളിലും ആവർത്തിയ്ക്കപ്പെട്ടു. മഹർഷിയുടെ യു. എസ്. എ., ജർമ്മനി എന്നീ രാജ്യങ്ങളിലെ ആസ്ഥാനങ്ങളിലേയ്ക്കും പോകാനുള്ള അവസരം ലഭിച്ചു.

യാത്രയയപ്പ് (08.04.1965)

ഔഷധശാലയ്ക്ക് അന്താരാഷ്ട്രവിഹായസ്സിൽ ഒരിടം നേടിക്കൊടുത്തത് മഹർഷി മഹേശ് യോഗി യുമായുള്ള ഈ ബന്ധമാണ്. പിന്നീട് ഔഷധ ശാല സ്വന്തമായി നേഴ്സിങ്ങ് ഹോം തുടങ്ങിയ തോടെ യാത്രകളെല്ലാം അവസാനിപ്പിച്ച് മുഴുവൻ സമയവും അതിനു വേണ്ടി വിനിയോഗിയ്ക്കു കയും ചെയ്തു.

പ്രാണാചാര്യ പുരസ്കാരം, വൈദ്യശാസ്ത്രമ ഹോദധി അഷ്ടവൈദ്യൻ വൈദ്യമഠം വലിയ നാരാ യണൻ നമ്പൂതിരി സ്മാരകപുരസ്കാരം, AHMA പുരസ്കാരം എന്നിവ നേടിയിട്ടുണ്ട്.

അസുഖത്തേത്തുടർന്ന് അവസാനത്തെ ഏതാനും ആഴ്ചകൾ വിശ്രമജീവിതം നയിച്ചുവെ ന്നതിനപ്പുറം 2015 ഒക്ടോബർ 22-ന് അന്തരിയ്ക്കും വരെ വിശ്രമമെന്തെന്നറിയാത്ത ജീവിതമായി രുന്നു ആലത്തിയൂർ നാരായണൻ നമ്പിയുടേത്.

കുടുംബാംഗങ്ങളോടൊപ്പം

# ടി. എം. നാരായണൻ

ടി. എം. നാരായണൻ

പുലാമന്തോൾ മൂസ്സിന്റെ മരുമക്കളായ തേനേഴി സഹോദരന്മാർ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഔഷധശാലയുമായി ബന്ധപ്പെട്ടവരായിരുന്നു. വാസുദേവനും ശങ്കരനും നാലാമത്തെ മകൻ അനുജനും തൃശ്ശൂർ തൈക്കാട്ട് താമസിച്ചാണ് കോളേജ് വിദ്യാഭ്യാസം ചെയ്തത്. മൂന്നാമത്തെ മകൻ നാരായണന്റെ പഠനം ഒറ്റപ്പാലത്തായിരുന്നതുകൊണ്ട് അദ്ദേഹം തൃശ്ശൂർ തൈക്കാട്ട് ഇല്ലത്ത് താമസിയ്ക്കാനെത്തിയില്ല. അതു പക്ഷേ അതിലും ദീർഘമായ ഒരു ബന്ധത്തിലേയ്ക്കുള്ള വഴിയായി മാറി.

ഔഷധശാലാഭരണം സ്വയം ഏറ്റെടുക്കാൻ തയ്യാറാവാതിരുന്ന തേനേഴി ശങ്കരൻ നമ്പൂതിരിപ്പാട് തന്റെ മൂന്നാമത്തെ മകനെയാണ് പകരമായി കണ്ടെത്തിയത്. 1973 ഏപ്രിൽ 1-ന് എസ് എൻ എ ഔഷധശാലയുടെ ജനറൽ മാനേജരായി അധികാരമേൽക്കുമ്പോൾ ടി. എം. നാരായണന് 26 വയസ്സേ പ്രായമായിരുന്നുള്ളു. ഔഷധശാലയുടെ നൂറു വർഷത്തെ ചരിത്രത്തിൽ ആദ്യമായും അവസാനവുമായുണ്ടായ തൊഴിലാളി സമരം ഒത്തുതീർന്നിട്ട് ഒന്നരക്കൊല്ലമേ കഴിഞ്ഞിരുന്നുള്ളു. ആർജ്ജിച്ച കടങ്ങളും കുടിശ്ശിക വരുത്തിയ ഔദ്യോഗികബാദ്ധ്യതകളും ചേർന്ന് ഔഷധശാലയെ ഉലയ്ക്കുന്ന കാലമായിരുന്നു അത്. ഒരു ചെറുപ്പക്കാരന് കയ്യാളാൻ വേണ്ടതിലധികം ജോലികളാണ് ടി. എം. നാരായണനെ കാത്തിരുന്നത്. എങ്കിലും അച്ഛന്റെ ഭരണനൈപുണ്യവും നിർദ്ദേശങ്ങളും അദ്ദേഹത്തെ തുണച്ചതുകൊണ്ട് ദൗത്യം വിജയമാക്കാൻ അദ്ദേഹത്തിനു സാധിച്ചു എന്ന് കാലം തെളിയിച്ചു.

കർശനമായ സാമ്പത്തിക അച്ചടക്കമാണ് അദ്ദേഹം ആദ്യം നടപ്പാക്കിയത്. ചൂടുവെള്ളത്തിൽ വീണ പൊള്ളൽ മറക്കാത്തതുകൊണ്ടാവണം തന്റെ ഭരണകാലം അവസാനിയ്ക്കുന്നതുവരെ അദ്ദേഹം ആ കാർക്കശ്യം വെടിഞ്ഞില്ല. ഒരു സ്ഥാപനത്തിന് അവശ്യം വേണ്ട നയങ്ങളിലൊന്ന്.

ഭാവിയിലേയ്ക്കു നീണ്ടു ചെല്ലുന്ന കണ്ണുകളാണ് ടി. എം. നാരായണൻ എന്ന മാനേജർക്ക് ഉണ്ടായിരുന്നത്. പരിമിതമായ വിഭവങ്ങളേ കൈവശമായുണ്ടായിരുന്നുള്ളുവെങ്കിലും ഔഷധശാലയുടെ മരുന്നുകൾക്കുള്ള പ്രിയം അദ്ദേഹം കണ്ടറിയുകയും മരുന്നുൽപ്പാദനം വർദ്ധിപ്പിയ്ക്കാതെ മുന്നോട്ടു പോവുന്നതിൽ അർത്ഥമില്ലെന്ന് മനസ്സിലാക്കുകയും ചെയ്തു. കടബാദ്ധ്യതകളും മറ്റു കുടിശ്ശികകളും തീർത്ത് ഉടനെ നിർമ്മാണശാലയുടെ ആധുനികവൽക്കരണത്തിന് അദ്ദേഹം തയ്യാറായി. പുതിയ യന്ത്രങ്ങൾ സ്ഥാപിയ്ക്കാനും ഔഷധശാലയുടെ കെട്ടിടം പുതുക്കിപ്പണിയാനും വിശദമായ ഒരു പ്രോജക്റ്റ് റിപ്പോർട്ട് ഉണ്ടാക്കി കേരള ഫൈനാൻഷ്യൽ കോർപ്പറേഷനെ സമീപിച്ചു. വായ്പകൾ ലഭിയ്ക്കാൻ ഇന്നത്തേപ്പോലെ ഒട്ടും എളുപ്പമായിരുന്നില്ല അക്കാലത്ത്. ചോദ്യങ്ങളുടെ നിരവധി കടമ്പകൾ കടക്കേണ്ടതായി വന്നു. ഏറെക്കുറെ ഒറ്റയ്ക്കായിരുന്നു അദ്ദേഹം ഒഴുക്കിനെതിരെ ആ പുഴ നീന്തിക്കടന്നത്. അവസാനം കോർപ്പറേഷൻ വായ്പ ഭാഗികമായേ അനുവദിച്ചുള്ളു. കെട്ടിടനിർമ്മാണത്തിനുള്ള വായ്പ വെട്ടിക്കളഞ്ഞാണ് അത് അനുവദിയ്ക്കപ്പെട്ടത്.

ഔഷധശാലയിൽ യന്ത്രമർമ്മരങ്ങൾ കേട്ടുതുടങ്ങി. അത് പുരോഗതിയിലേയ്ക്കും സമൃദ്ധിയി

ലേയ്ക്കുമുള്ള മിടിപ്പുകളായിരുന്നു. അന്നത്തെ കാലത്ത് വമ്പൻ ഉൽപ്പാദനം എന്നു വിശേഷിപ്പിയ്ക്കപ്പെടാവുന്ന അത്രയും മരുന്നുകൾ ഉണ്ടാക്കുമ്പോഴും ഗുണനിലവാരം കാത്തുസൂക്ഷിയ്ക്കാൻ കാണിച്ച നിഷ്കർഷയാണ് ഔഷധശാലാ മരുന്നുകളുടെ യശസ്സ് ഉയർത്തിയത്.

അസംസ്കൃത വസ്തുക്കളുടെ വില അപ്പപ്പോൾ കൊടുത്തു തീർക്കാൻ നാരായണൻ കാണിച്ച ശുഷ്കാന്തി ബാദ്ധ്യതകളൊന്നുമില്ലാത്ത നിലയിൽ ഔഷധശാലയെ എത്തിച്ചു. മരുന്നുകളുടെയും അസംസ്കൃതമരുന്നുകളുടേയും കനത്ത ശേഖരം വലിയ ഒരാസ്തിയായി ഔഷധശാലയുടെ സ്റ്റോറുകളിൽ നിറഞ്ഞു കിടന്നു. ഔഷധശാലയുടെ സാമ്പത്തികനില വൻകുതിപ്പു നടത്തി.

സ്ഥാപനത്തിൽ സൗഹൃദാന്തരീക്ഷത്തിന്റെ ഗ്രാഫ് എന്നും ഉയർന്നുനിന്നു. ജീവനക്കാർക്ക് എപ്പോഴും പ്രാപ്യനായിരിയ്ക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. നിലപാടുകളിലെ കാർക്കശ്യം അതിനു തടസ്സമായതേയില്ല.

അതിഥികളോടും ആവശ്യക്കാരോടും എപ്പോഴും സ്നേഹപൂർവ്വം ഇടപെടാൻ അദ്ദേഹത്തിനായി. പുസ്തകങ്ങളോടും കലകളോടുമുള്ള പ്രിയം എഴുത്തുകാരേയും കലാകാരന്മാരേയും ഔഷധശാലയുമായി അടുപ്പിച്ചു. പുരോഗമനവീക്ഷണമുണ്ടായിരുന്നതുകൊണ്ട് ശാസ്ത്രസാഹിത്യ പരിഷത്ത് പോലുള്ള സംഘടനകളിലെ പ്രവർത്തകരുമായും അദ്ദേഹം അടുപ്പം സൂക്ഷിച്ചു. ഇതെല്ലാം സ്ഥാപനത്തിന്റെ പ്രതിച്ഛായയ്ക്കു തിളക്കം നൽകി.

2005-ലെ ഔദ്യോഗികവിരാമം കഴിഞ്ഞ് 9 വർഷത്തിനു ശേഷം 2014 മാർച്ച് 31-ന് അദ്ദേഹം ഔഷധശാലയിൽനിന്നു പിരിഞ്ഞുപോവുമ്പോൾ 41 വർഷത്തെ നീണ്ട സേവനം പൂർത്തിയാക്കിയിരുന്നു. ഒരായുസ്സു മുഴുവൻ ഒരേയൊരു സ്ഥാപനത്തിനു വേണ്ടി അർപ്പിച്ച അദ്ദേഹത്തിന് 2014 മാർച്ച് 30-ന് ഔഷധശാല ഒരു ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന പരിപാടികളോടെ ഉചിതമായ യാത്രയയപ്പു നൽകി. മറുപടി പ്രസംഗത്തിൽ നാരായണൻ

പത്നി ലതയോടൊപ്പം

ഒരു സ്ഥാപനത്തിന്റെ വിജയം അതിൽ തൊഴിലെടുക്കുന്നവരുടെ സംതൃപ്തിയിലാണ് നിലകൊള്ളുന്നതെന്നും അത് ഹനിയ്ക്കുന്ന ഒന്നും ചെയ്യാതിരുന്നതാണ് തന്റെ വിജയരഹസ്യമെന്നും പറഞ്ഞു. അദ്ദേഹത്തിന്റെ ഭരണകാലം വലിയ ഒരു പാഠപുസ്തകം പോലെ നമ്മളുടെ മുന്നിൽ തുറന്നു വെച്ചാണ് അദ്ദേഹം ഔഷധശാലയിൽ നിന്ന് വിട്ടുപോയത്.

1947 മാർച്ച് 21-ന് കുണ്ടൂർകുന്നിൽ തേനേഴി ശങ്കരൻ നമ്പൂതിരിപ്പാടിന്റേയും ദേവകി അന്തർജ്ജനത്തിന്റേയും മകനായി ജനിച്ച ടി. എം. നാരായണൻ ഇപ്പോൾ തൃശ്ശൂരിലെ പൂങ്കുന്നത്തുള്ള വീട്ടിൽ വിശ്രമജീവിതം നയിയ്ക്കുന്നു.

യാത്രയയപ്പ് - വേദി

യാത്രയയപ്പു വേളയിൽ

# പുതിയേടം ഈശ്വരൻ നമ്പൂതിരി

ചില വ്യക്തികൾ ഔഷധശാലയുടെ വളർച്ചയ്ക്കും യശസ്സിനും നിദാനമായിട്ടുണ്ട്. അക്കൂട്ടത്തിൽ എടുത്തു പറയേണ്ട ഒരു വ്യക്തിത്വമായിരുന്നു പുതിയേടം ഈശ്വരൻ നമ്പൂതിരിയുടേത്.

1940 ജനുവരി 7-നു കാസരഗോഡ് ജില്ലയിലെ മാത്തിൽ എന്ന ദേശത്തു ജനിച്ച ഈശ്വരൻ നമ്പൂതിരി വൈദ്യൻ കല്ലമ്പിള്ളിയുടെ ശിഷ്യനായിരുന്നു. പി. ടി. നാരായണൻ മൂസ്സിന്റെ സഹായിയായാണ് അദ്ദേഹം ഔഷധശാലയിൽ എത്തുന്നത്. ആയുർവേദത്തിൽ അടിയുറച്ച ജ്ഞാനമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. വൈകാതെ മരുന്നു നിർമ്മാണത്തിലേയ്ക്കു പ്രവേശിച്ച അദ്ദേഹം ഔഷധശാലയിൽനിന്നു പിരിയുന്നതു വരെ അതിന്റെ മേൽനോട്ടം നിർവ്വഹിച്ചു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഔഷധശാല ഉൽപ്പാദിപ്പിച്ചിരുന്ന മരുന്നുകളുടെ അവസാനവാക്കായിരുന്നു അദ്ദേഹം. ഗുണനിലവാരത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന വിട്ടുവീഴ്ചയില്ലാത്ത നിലപാട് ഔഷധശാലയുടെ മരുന്നുകളേപ്പറ്റിയുള്ള യശസ്സ് കാത്തുസൂക്ഷിയ്ക്കാൻ പര്യാപ്തമായി.

പുതിയേടം ഈശ്വരൻ നമ്പൂതിരി

അദ്ദേഹത്തിന്റെ ശ്രദ്ധ പക്ഷേ അതിൽ മാത്രം ഒതുങ്ങി നിന്നില്ല. മരുന്നു നിർമ്മാണത്തോടൊപ്പം ഇല്ലത്തെ കാര്യസ്ഥതയും രോഗികളുടെ ചികിത്സാനിർണ്ണയവും അദ്ദേഹം നടത്തി. നിരവധി രോഗികൾ, പ്രത്യേകിച്ചും സമൂഹത്തിലെ ദരിദ്രവിഭാഗം, അദ്ദേഹത്തെ തേടിയെത്താറുണ്ടായിരുന്നു. ജ്യോതിഷത്തിലുണ്ടായിരുന്ന അഗാധജ്ഞാനം രോഗികളിൽ പലരും ഉപയോഗപ്പെടുത്തിയിരുന്നുവെന്നു മാത്രമല്ല, അവരിൽ പലരും സ്വന്തം വിധിഹിതം തേടി വന്നവർ പോലുമായിരുന്നു. വിവാഹജാതകപ്പൊരുത്തം നോക്കാൻ വരുന്നവരെ കൃത്യമായ ഉപദേശങ്ങൾ നൽകി മടക്കിപ്പറഞ്ഞയച്ചതിനു ശേഷം ഒരു ചെറുചിരിയോടെ അദ്ദേഹം പറയുമായിരുന്നു: "ഓരോ വിശ്വാസം അല്ലാതെന്താ? ലോകത്തിൽ എത്ര പേർ ജാതകം നോക്കാതെ വിവാഹം കഴിയ്ക്കുന്നു! അതൊക്കെ നന്നായി നടക്കുന്നില്ലേ?"

സാങ്കേതികവിഷയങ്ങളിൽ അതീവതൽപരനായിരുന്നു പുതിയേടം. ഏതു തരത്തിൽപ്പെട്ട യന്ത്രവും അഴിച്ചു പരിശോധിയ്ക്കാനും കേടുവന്നവ നേരെയാക്കിയെടുക്കാനും നൈസർഗ്ഗികമായ ഒരു വാസനയുണ്ടായിരുന്നു അദ്ദേഹത്തിന്.

കഥകളിയും കച്ചേരിയും ഇഷ്ടമായിരുന്നു. വല്ലപ്പോഴും ഒരു പാട്ടുകച്ചേരി, മാസം തോറുമുള്ള തൃശ്ശൂർ കഥകളി ക്ലബ്ബിന്റെ കളി - ഇതൊക്കെയായിരുന്നു ഔഷധശാലയിലുള്ളപ്പോൾ അദ്ദേഹം കണ്ടെത്തിയിരുന്ന നേരമ്പോക്കുകൾ.

അവിവാഹിതനായിരുന്നു. ഔഷധശാലയിൽത്തന്നെയായിരുന്നു താമസം. സ്വന്തം ജ്യേഷ്ഠാനുജന്മാരെ കയ്യയച്ച് സഹായിയ്ക്കുമാ

യിരുന്നു. പണം ആവശ്യമായി വരുമ്പോൾ ഔഷധശാലാ ജീവനക്കാരുടെയും പ്രധാന സ്രോതസ്സായിരുന്നു.

1972 ഒക്ടോബർ 30-നാണ് അദ്ദേഹം എത്തിയതെങ്കിലും ജോലി സ്ഥിരപ്പെട്ടത് 1973 ഏപ്രിൽ 1-നായിരുന്നു. 1998 ജനുവരി 31-ന് ഔദ്യോഗികമായി വിരമിച്ച അദ്ദേഹം 2005 ആഗസ്ത് 31 വരെ ഓണററിയായി ജോലിയിൽ തുടർന്നു. മറവി രോഗം പിടികൂടിയത് അക്കാലത്താണ്. അതോടെ ജോലിയിൽ കൃത്യത പുലർത്താനാവാതെയായി. കൊല്ലത്തിൽ ആകെ രണ്ടു വട്ടമായി അച്ഛന്റേയും അമ്മയുടേയും ശ്രാദ്ധത്തിനാണ് പുതിയേടം സ്വന്തം നാട്ടിൽ പോവാറുണ്ടായിരുന്നത്. അതിൽ കടുകിട പിഴയ്ക്കാറുമില്ല. പക്ഷേ മറവി ബാധിച്ചതോടെ അച്ഛന്റെ ശ്രാദ്ധമായെന്നു പറഞ്ഞ് ഒരു ദിവസം ഔഷധശാലയിൽനിന്നു പോയി. എവിടെയൊക്കെയോ ചുറ്റിത്തിരിഞ്ഞ് വൈകുന്നേരം ഔഷധശാലയിൽത്തന്നെ തിരികെയെത്തി. അതോടെ ഔഷധശാലയിൽ താമസിപ്പിയ്ക്കുന്നത് സുരക്ഷിതമാവില്ല എന്നു തീരുമാനമായി. 2005 ആഗസ്ത് 22-ന് ജനറൽ മാനേജർ ടി. എം. നാരായണൻ പുതിയേടത്തിനെ കോഴിക്കോട്ടുള്ള സഹോദരന്റെ വീട്ടിൽ കൊണ്ടു ചെന്നാക്കി.

പിന്നീട് അദ്ദേഹത്തിന്റെ ജ്യേഷ്ഠാനുജന്മാർ പുതിയേടത്തിനേയും കൂട്ടി വീണ്ടും തൃശ്ശൂരിലേയ്ക്കു വന്നു. ഔഷധശാലയുമായുള്ള ഇടപാടുകൾ അവസാനിപ്പിച്ച് 2005 ആഗസ്ത് 31-ന് അദ്ദേഹത്തെ നാട്ടിലേയ്ക്കു കൂട്ടിക്കൊണ്ടു പോയി. എസ് എൻ എ ഔഷധശാല സമം പുതിയേടം ഈശ്വരൻ നമ്പൂതിരി എന്ന ഒരു കാലഘട്ടത്തിന്റെ അന്ത്യമായിരുന്നു അത്.

മറക്കാൻ വയ്യാത്ത ഒരു സംഭവം പിന്നീടുണ്ടായി. പുതിയേടം സ്വന്തം നാട്ടിലേയ്ക്കു തിരിച്ചു പോയിട്ട് ഒരു മാസമായിരുന്നില്ല. അദ്ദേഹത്തിന്റെ കിടപ്പുമുറിയിലുള്ള മേശയ്ക്കും മേശവിരിപ്പിനുമിടയിൽ സൂക്ഷിച്ചോ മറന്നോ വെച്ച നിരവധി കറൻസി നോട്ടുകൾ കണ്ടെത്തി. എണ്ണി നോക്കിയപ്പോൾ 93,000-ൽപ്പരം ഉറുപ്പികയുണ്ടായിരുന്നു.

മറവിരോഗത്തിന് കാന്തചികിത്സ പരീക്ഷിയ്ക്കാൻ വേണ്ടി ഒല്ലൂരിലുള്ള ഒരു കേന്ദ്രത്തിൽ അദ്ദേഹത്തെ പ്രവേശിപ്പിച്ചപ്പോഴേയ്ക്കും അത് ഞങ്ങളറിയുന്ന പുതിയേടം എന്ന വ്യക്തിയേ അല്ലാതായിക്കഴിഞ്ഞിരുന്നു. പിന്നീട് പത്തു ദിവസത്തോളം പയ്യന്നൂരിലുള്ള ഒരു സ്വകാര്യ ആശുപത്രിയിൽ ബോധരഹിതനായി കിടന്നു.

ദാരുണമായ ആ അന്ത്യകാലജീവിതത്തിന് 2007 ജൂൺ 12-ന് വിരാമമായി. തനിയ്ക്കു വേണ്ടിയല്ലാതെ ജീവിച്ചു തീർത്ത ഒരു ജന്മമായിരുന്നു അദ്ദേഹത്തിന്റേത്.

ഇല്ലത്തെ പൂമുഖത്ത്

# ഉണ്ണിമൂസ്സ് ദിനാഘോഷങ്ങൾ

2002 മുതൽ എല്ലാ വർഷവും ഔഷധശാലയുടെ സ്ഥാപകദിനം ഉണ്ണിമൂസ്സ് ദിനം എന്ന പേരിൽ ഡിസംബർ 1-ാം തീയതി ആഘോഷിയ്ക്കാറുണ്ട്. സാധാരണ ആഘോഷങ്ങളിൽ നിന്നു വ്യത്യസ്തമായി ആയുർവേദവിദ്യാഭ്യാസത്തിനു സഹായകരമാകുന്ന രീതിയിൽ പ്രശസ്ത ആയുർവേദഭിഷഗ്വരന്മാരെയും വിദ്യാഭ്യാസ വിചക്ഷണന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ദിവസത്തെ സെമിനാർ ആയാണ് ഉണ്ണിമൂസ്സ് ദിനം കൊണ്ടാടുന്നത്. കേരളത്തിലെ വിവിധ ആയുർവേദകോളേജുകളിൽ നിന്നുള്ള ആയിരത്തോളം വിദ്യാർത്ഥികൾ ഈ സെമിനാറിൽ പങ്കെടുക്കാറുണ്ട്. ഇതിൽ അവതരിപ്പിയ്ക്കപ്പെടുന്ന പ്രബന്ധങ്ങളും ചർച്ചകളും പുസ്തകരൂപത്തിൽ പ്രസാധനം ചെയ്യാറുണ്ട്. ഇത് ആയുർവേദ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഡോക്ടർമാർക്കും പ്രയോജനകരമാകുന്ന പുസ്തകമാണ്.

ഇതുവരെ നടന്ന സ്ഥാപകദിനങ്ങളുടെ വിവരങ്ങൾ ഇങ്ങനെയാണ്.

## ഉണ്ണിമൂസ്സ് ദിനം 2002

**സെമിനാർ ഉദ്ഘാടനം :**
വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട്

**ഉണ്ണി മൂസ്സ് അനുസ്മരണപ്രഭാഷണം:**
അഷ്ടവൈദ്യൻ ഇ. ടി. നാരായണൻ മൂസ്സ്

**സെമിനാർ വിഷയം:**
ചികിത്സാമഞ്ജരി: പഠനവും പ്രയോഗവും

**പ്രബന്ധാവതാരകരും പാനലംഗങ്ങളും:**
ഡോ. കെ. രാജഗോപാലൻ, ഡോ. വി. വേലായുധൻ നായർ, ഡോ. പി പി. കിരാതമൂർത്തി, ഡോ. ജോസ് പൈകട, ആലത്തിയൂർ നാരായണൻ നമ്പി, ഡോ. കെ. മുരളി, ഡോ. പി. ഗൗരീശങ്കർ, അരുമാനൂർ പരമേശ്വരൻ, ഡോ. പി. എം. രവീന്ദ്രൻ.

**മോഡറേറ്റർ:** ഡോ. എം. പ്രസാദ്

ഉദ്ഘാടനം - വൈദ്യഭൂഷണം
രാഘവൻ തിരുമുൽപ്പാട്

# ഉണ്ണിമൂസ്സ് ദിനം 2003

**ഉദ്ഘാടനം:**
ആർട്ടിസ്റ്റ് നമ്പൂതിരി, പ്രശസ്ത ചിത്രകാരൻ

**ഉണ്ണി മൂസ്സ് അനുസ്മരണപ്രഭാഷണം:**
ഡോ. എം. ആർ. വാസുദേവൻ നമ്പൂതിരി

**സെമിനാർ വിഷയം:**
രോഗവിചാരം: സെർവിക്കൽ
സ്പോണ്ടിലോസിസ് ആയുർവേദ വീക്ഷണത്തിൽ

**യോഗവിചാരം:**
ഷഡ്ധരണം, അമൃതോത്തരം കഷായം
എന്നീ യോഗങ്ങളുടെ പ്രസക്തി

**ക്രിയാവിചാരം:**
അവപീഡകസ്നേഹപാനം

**പ്രബന്ധാവതാരകരും പാനലംഗങ്ങളും:**
ഡോ. ടി. ശ്രീകുമാർ, അരുമാനൂർ പരമേശ്വരൻ,
ഡോ. എം. പ്രസാദ്, ആലത്തിയൂർ നാരായണൻ നമ്പി,
ഡോ. എം. ആർ. വാസുദേവൻ നമ്പൂതിരി,
ഡോ. ജി. ശ്യാമകൃഷ്ണൻ, ഡോ. എൻ. എൽ. സെബാസ്റ്റ്യൻ.

**മോഡറേറ്റർ:** ഡോ. എ. എൻ. നാരായണൻ നമ്പി

ഉദ്ഘാടനം - ആർട്ടിസ്റ്റ് നമ്പൂതിരി

---

# ഉണ്ണിമൂസ്സ് ദിനം 2004

**ഉദ്ഘാടനം:**
പ്രൊഫ. എം. എൻ. വിജയൻ,
പ്രശസ്ത സാഹിത്യകാരൻ, വിമർശകൻ.

**ഉണ്ണി മൂസ്സ് അനുസ്മരണപ്രഭാഷണം:**
ഡോ. ജി. ജി. ഗംഗാധരൻ

**സെമിനാർ വിഷയം:**
ഭൈഷജ്യരത്നാവലി: പഠനവും പ്രയോഗവും

**പ്രബന്ധാവതാരകരും പാനലംഗങ്ങളും:**
ഡോ. ജെറോം വി. കുര്യൻ, ഡോ. കെ. ശശിധരൻ,
ഡോ. മനോജ്കുമാർ, ഡോ. ഉണ്ണികൃഷ്ണപ്പിള്ള,
ഡോ. ശശികുമാർ നെച്ചിയിൽ, ഡോ. കെ. മുരളി,
ഡോ. എം. എസ്. കാമത്ത്.

**മോഡറേറ്റർ:** ഡോ. പ്രകാശ് മംഗലശ്ശേരി

ഉദ്ഘാടനം - പ്രൊഫ. എം. എൻ. വിജയൻ

## ഉണ്ണിമൂസ്സ് ദിനം 2006

ഉദ്ഘാടനം - പ്രൊഫ. കെ. പി. ശങ്കരൻ

**ഉദ്ഘാടനം:**
പ്രൊഫ. കെ. പി. ശങ്കരൻ, പ്രശസ്തസാഹിത്യവിമർശകൻ

**ഉണ്ണി മൂസ്സ് അനുസ്മരണപ്രഭാഷണം:**
ഡോ. കെ. പി. മുരളീധരൻ

**സെമിനാർ വിഷയം:**
രോഗവിചാരം: തൈറോയ്ഡ് രോഗങ്ങൾ ആയുർവേദവീക്ഷണത്തിൽ
യോഗവിചാരം: ഗുളൂച്യാദി ഗണം, ഗുഗ്ഗുലുതിക്തകം എന്നീ യോഗങ്ങളുടെ പ്രസക്തി
ക്രിയാവിചാരം: ശമനസ്നേഹപാനം

**പ്രബന്ധാവതാരകരും പാനലംഗങ്ങളും:**
ഡോ. പത്മനാഭൻ, അഷ്ടവൈദ്യൻ വൈദ്യമഠം ഋഷികുമാരൻ നമ്പൂതിരി, ഡോ. പി. എസ്. ശ്രീകുമാർ, ആലത്തിയൂർ നാരായണൻ നമ്പി, ഡോ. പി. ടി. ചാക്കോ, ഡോ. സി. ഡി. കൃഷ്ണകുമാർ.

**മോഡറേറ്റർ:** ഡോ. രാജീവ് പെരുമ്പാവൂർ

---

## ഉണ്ണിമൂസ്സ് ദിനം 2007

ഉദ്ഘാടനം - ആലങ്കോട് ലീലാകൃഷ്ണൻ

**ഉദ്ഘാടനം:**
ആലങ്കോട് ലീലാകൃഷ്ണൻ, പ്രശസ്തസാഹിത്യകാരൻ

**സെമിനാർ വിഷയം:**
ആരോഗ്യകല്പദ്രുമം: പഠനവും പ്രയോഗവും

**പ്രബന്ധാവതാരകരും പാനലംഗങ്ങളും:**
ഡോ. എം. വി വിനോദ്കുമാർ, ഡോ. എസ്. രാജഗോപാല, ഡോ. എം. ജി. രാമചന്ദ്രൻ, ഡോ. അജയൻ, ഡോ. സി. അബു, ആലത്തിയൂർ നാരായണൻ നമ്പി, ഡോ. മന്നച്ചൻ.

**മോഡറേറ്റർ:** ഡോ. പി. കെ. വി. ആനന്ദ്

---

## ഉണ്ണിമൂസ്സ് ദിനം 2008

ഉദ്ഘാടനം - സത്യൻ അന്തിക്കാട്

**ഉദ്ഘാടനം:**
സത്യൻ അന്തിക്കാട്, പ്രശസ്ത സിനിമാസംവിധായകൻ

**സെമിനാർ വിഷയം:**
രോഗവിചാരം: പോളിസിസ്റ്റിക്ക് ഓവേറിയൻ ഡിസീസ് ആയൂർവ്വേദ വീക്ഷണത്തിൽ
യോഗവിചാരം: പുനർന്നവാദി, ചിരുവില്വാദി എന്നീ യോഗങ്ങളുടെ പ്രസക്തി
ക്രിയാവിചാരം: തക്രധാര

**പ്രബന്ധാവതാരകരും പാനലംഗങ്ങളും:**
ഡോ. അനിത കെ. വിശ്വംഭരൻ, ഡോ. ബി. ശ്യാമള, ഡോ. എം. പ്രസാദ്, ഡോ. പി. എം. എസ്. രവീന്ദ്രനാഥ്, ആലത്തിയൂർ നാരായണൻ നമ്പി, ഡോ. കെ. ശങ്കരൻ, ഡോ. ആര്യാദേവി.

**മോഡറേറ്റർ:** ഡോ. എ. എൻ. നാരായണൻ നമ്പി

## ഉണ്ണിമൂസ്സ് ദിനം 2009

ഉദ്ഘാടനം - പ്രൊഫ. വി. മധുസൂദനൻ നായർ

**ഉദ്ഘാടനം:**
പ്രൊഫ. വി. മധുസൂദനൻ നായർ, പ്രശസ്തകവി

**സെമിനാർ വിഷയം:**
ചക്രദത്തം: പഠനവും പ്രയോഗവും.

**പ്രബന്ധാവതാരകരും പാനലംഗങ്ങളും:**
ഡോ. മനോജ് ശങ്കരനാരായണ, ഡോ. സുശീലാസജി, ഡോ. അരുൺകുമാർ, ഡോ. അനിതാ ജേക്കബ്, ആലത്തിയൂർ നാരായണൻ നമ്പി, ഡോ. സി. ഡി. സഹദേവൻ, ഡോ. കെ. മുരളി, ഡോ. ശശികുമാർ നെച്ചിയിൽ.

**മോഡറേറ്റർ:** ഡോ. എ. എൻ. നാരായണൻ നമ്പി

---

## ഉണ്ണിമൂസ്സ് ദിനം 2010

ഉദ്ഘാടനം - ഡോ സി. എൻ. പരമേശ്വരൻ

ഔഷധശാലയുടെ നവതി ആഘോഷങ്ങൾ സമാപിയ്ക്കുന്നതിന്റെ ഇടയിലാണ് 2010-ലെ ഉണ്ണിമൂസ്സ് ദിനം വന്നത്. ഡിസംബർ 1-ന് ഔഷധശാലാ ജീവനക്കാരും അഭ്യുദയകാംക്ഷികളും ഐ. എം. എ. ബ്ലഡ് ബാങ്കിലേയ്ക്ക് രക്തം നൽകിയാണ് സ്ഥാപകദിനം ആചരിച്ചത്. ഈ പരിപാടി ഉദ്ഘാടനം ചെയ്തത് ഐ. എം. എ. ബ്ളഡ് ബാങ്ക് ഫൗണ്ടറായ ഡോ. സി. എൻ. പരമേശ്വരനാണ്.

---

## ഉണ്ണിമൂസ്സ് ദിനം 2011

ഉദ്ഘാടനം - സേതു

**ഉദ്ഘാടനം:**
സേതു, പ്രശസ്ത സാഹിത്യകാരൻ

**സെമിനാർ വിഷയം:**
രോഗവിചാരം: പ്രോസ്റ്റേറ്റ് ഗ്രന്ഥി രോഗങ്ങൾ ആയുർവേദവീക്ഷണത്തിൽ
യോഗവിചാരം: ഇന്ദുകാന്തം, മഹാമഞ്ജിഷ്ഠാദി എന്നീ യോഗങ്ങളുടെ പ്രസക്തി
ക്രിയാവിചാരം: നിരൂഹവസ്തി

**പ്രബന്ധാവതാരകരും പാനലംഗങ്ങളും:**
ഡോ. പി. എം. മധു, ഡോ. കെ. പി. റോഷൻ, ഡോ. എ. കെ. മനോജ്കുമാർ, ഡോ. എം. ആർ. വാസുദേവൻ നമ്പൂതിരി, ഡോ. കെ. മുരളീധരൻ, ഡോ. കെ. വി. രാമൻകുട്ടി വാരിയർ, ആലത്തിയൂർ നാരായണൻ നമ്പി.

**മോഡറേറ്റർ:** ഡോ. എ. എൻ. നാരായണൻ നമ്പി

## ഉണ്ണിമൂസ്സ് ദിനം 2012

**ഉദ്ഘാടനം:**
പി. എൻ. സുരേഷ്, വൈസ് ചാൻസലർ, കേരള കലാമ ണ്ഡലം കൽപിത സർവ്വകലാശാല

**സെമിനാർ വിഷയം:**
യോഗാമൃതം: പഠനവും പ്രയോഗവും

**പ്രബന്ധാവതാരകരും പാനലംഗങ്ങളും:**
ഡോ. എസ്. അനിജ, ഡോ. പി. പി. ജിഗീഷ്, ഡോ. എസ്. അജയൻ, അരുമാനൂർ പരമേശ്വരൻ, ഡോ. സി. അബു, ഡോ. കെ. വി. രാമൻകുട്ടി വാരിയർ, ഡോ. പി. ശ്രീനിവാസൻ, ആലത്തിയൂർ നാരായണൻ നമ്പി.

**മോഡറേറ്റർ:** ഡോ. എ. എൻ. നാരായണൻ നമ്പി

ഉദ്ഘാടനം - പി. എൻ. സുരേഷ്

---

## ഉണ്ണിമൂസ്സ് ദിനം 2013

**ഉദ്ഘാടനം:**
കെ. ജയകുമാർ, പ്രശസ്ത കവിയും തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല വൈസ് ചാൻസലറും

**സെമിനാർ വിഷയം:**
രോഗവിചാരം: അൾസറേറ്റീവ് കൊളൈറ്റിസ് ആയുർവേദവീക്ഷണത്തിൽ
യോഗവിചാരം: അഗസ്ത്യരസായനം, ഡാഡിമാദി ഘൃതം എന്നീ യോഗങ്ങളുടെ പ്രസക്തി
ക്രിയാവിചാരം: വിരേചനം

ഉദ്ഘാടനം - കെ. ജയകുമാർ

**പ്രബന്ധാവതാരകരും പാനലംഗങ്ങളും:**
ഡോ. ടി. ശ്രീകുമാർ, ഡോ. ജി. ശ്യാമകൃഷ്ണൻ, ഡോ. ജെ. പാവന, ആലത്തിയൂർ നാരായണൻ നമ്പി, അഷ്ടവൈദ്യൻ വൈദ്യമഠം ഋഷികുമാരൻ നമ്പൂതിരി, ഡോ. സി. വി. ജയദേവൻ.

**മോഡറേറ്റർ:** ഡോ. എ. എൻ. നാരായണൻ നമ്പി

---

## ഉണ്ണിമൂസ്സ് ദിനം 2014

**ഉദ്ഘാടനം:**
ഡോ. അന്റോണിയോ മൊറാന്റി, ആയുർവേദിക് പോയന്റ്, ഇറ്റലി

**സെമിനാർ വിഷയം:**
ശാർങ്ഗധരസംഹിത: പഠനവും പ്രയോഗവും

**പ്രബന്ധാവതാരകരും പാനലംഗങ്ങളും:**
ഡോ. ജെറോം വി. കുര്യൻ, ഡോ. എ. രമ്യ, ഡോ. വി. രാജ്മോഹൻ, ആലത്തിയൂർ നാരായണൻ നമ്പി, ഡോ. കെ. വി. രാമൻകുട്ടി വാരിയർ, ഡോ. ഷീല കാറളം.

**മോഡറേറ്റർ:** ഡോ. മനീഷ് മോഹൻ

ഉദ്ഘാടനം - ഡോ. അന്റോണിയോ മൊറാന്റി

## ഉണ്ണിമൂസ്സ് ദിനം 2016

ഉദ്ഘാടനം - പി. പി. രാമചന്ദ്രൻ

**ഉദ്ഘാടനം :**
പി. പി. രാമചന്ദ്രൻ, പ്രശസ്തകവി

**സെമിനാർ വിഷയം:**
രോഗവിചാരം: പാർക്കിൻസൺസ് ഡിസീസ് ആയുർവേദവീക്ഷണത്തിൽ
സംജ്ഞാവിചാരം: ക്ലേദം, ലീനദോഷം, മൂഢവാതം തുടങ്ങിയ സംജ്ഞകളേക്കുറിച്ചുള്ള പാനൽ ചർച്ച
ക്രിയാവിചാരം: രൂക്ഷണ ചികിത്സകൾ

**പ്രബന്ധാവതാരകരും പാനലംഗങ്ങളും:**
ഡോ. ജോമോൻ ജോസഫ് ഡാനിയേൽ,
ഡോ. കെ. പി. മുരളീധരൻ, ഡോ. കെ. എൻ. അനന്തലക്ഷ്മി, ഡോ. കെ. എസ്. സേതുരാജ്, ഡോ. എ. ബിനിത.

**മോഡറേറ്റർ:** ഡോ. എ. എൻ. നാരായണൻ നമ്പി

---

## ഉണ്ണിമൂസ്സ് ദിനം 2017

ഉദ്ഘാടനം - വിദ്യാഭ്യാസമന്ത്രി സി. രവീന്ദ്രനാഥ്

**ഉദ്ഘാടനം:**
പ്രൊഫ. സി. രവീന്ദ്രനാഥ്, വിദ്യാഭ്യാസമന്ത്രി

**സെമിനാർ വിഷയം:**
തൈറോയ്ഡ് രോഗങ്ങൾ

**പ്രബന്ധാവതാരകരും പാനലംഗങ്ങളും:**
ഡോ. പി. എം. മധു, ഡോ. എം. സി. സാവിത്രി, ഡോ. സുബിൻ വൈദ്യമഠം, ഡോ. എം. കെ. ജിതേഷ്, ഡോ. സീത ചന്ദ്രൻ.

**മോഡറേറ്റർ:** ഡോ. എ. എൻ. നാരായണൻ നമ്പി

---

## ഉണ്ണിമൂസ്സ് ദിനം 2019

ഉദ്ഘാടനം - കൃഷിവകുപ്പ് മന്ത്രി
അഡ്വ. വി. എസ്. സുനിൽകുമാർ

**ഉദ്ഘാടനം:**
അഡ്വ. വി. എസ്. സുനിൽകുമാർ, കൃഷിവകുപ്പ് മന്ത്രി

**സെമിനാർ വിഷയം:**
ദോഷോപക്രമണീയം - ഒരു വിചിന്തനം

**പ്രബന്ധാവതാരകരും പാനലംഗങ്ങളും:**
ഡോ. ജി. ശ്യാമകൃഷ്ണൻ, ഡോ. പി. എസ്. ശ്രീകുമാർ, ഡോ. കെ. പി. മുരളീധരൻ, ഡോ. എം. പി. ഈശ്വരശർമ്മ, ഡോ. കെ. മുരളി, ഡോ. പി. കെ. വി. ആനന്ദ്.

**മോഡറേറ്റർ:** ഡോ. എ. എൻ. നാരായണൻ നമ്പി

---

ഔഷധശാല ചെയർമാൻ പി. ടി. നാരായണൻ മൂസ്സിന്റെ നിര്യാണത്തെ തുടർന്ന് 2005-ലും ആലത്തിയൂർ നാരായണൻ നമ്പിയുടെ മരണത്തെത്തുടർന്ന് 2015-ലും പ്രളയദുരന്തത്തെത്തുടർന്ന് ആഘോഷങ്ങൾ ഒഴിവാക്കിയതുകൊണ്ട് 2018-ലും ഉണ്ണിമൂസ്സ് ദിനം നടത്തിയില്ല.

# ഉണ്ണിമൂസ്സ് ഫൗണ്ടേഷൻ

തൃശ്ശൂർ തൈക്കാട്ട് മൂസ്സുമാർ വൈദ്യന്മാർ എന്നു മാത്രമല്ല നല്ല അദ്ധ്യാപകർ എന്ന നിലയിലും പ്രശസ്തരായിരുന്നു. തൈക്കാട്ട് നാരായണൻ മൂസ്സിന്റെ ശിഷ്യന്മാരായി പി. കെ. നാരായണൻ നമ്പീശൻ, കീരംകുളങ്ങരെ ചക്രപാണി വാര്യർ, ചങ്ങരംപാട്ടു ഗോദവർമ്മൻ തിരുമുൽപ്പാട്, കൊടുങ്ങല്ലൂർ അനന്ത നാരായണപട്ടർ, പടമറ്റത്തു കൃഷ്ണൻ നമ്പൂതിരി, കാറ്റാട്ടു നാരായണൻ നായർ എന്നിങ്ങനെ ഒരു നീണ്ട പട്ടിക തന്നെ കുടമാളൂർ കെ. കെ. ഗോപാലപിള്ളയുടെ ലേഖനത്തിൽ കാണുന്നുണ്ട്. ഇതു തന്നെ പൂർണ്ണമാണോ എന്ന് ഉറപ്പില്ല. കൊച്ചിരാജകുടുംബത്തിലെ ഏഴാംകൂർ കൊച്ചുണ്ണിത്തമ്പുരാനും നാരായണൻ മൂസ്സിന്റെ ശിഷ്യന്മാരിൽപ്പെടുന്നു എന്നു കാണുന്നുണ്ട്.

ഉണ്ണി മൂസ്സും ശിഷ്യന്മാരുടെ കാര്യത്തിൽ സമ്പന്നനായിരുന്നു. പേരുകൾ ലഭിച്ചിട്ടില്ലെങ്കിലും ശിഷ്യരോടൊത്തുള്ള രണ്ടു ചിത്രങ്ങൾ ലഭിച്ചിട്ടുണ്ട്. നാരായണൻ മൂസ്സും ഉണ്ണി മൂസ്സും യഥാക്രമം 37-ഉം 27-ഉം വയസ്സിനുള്ളിലാണ് ഇത്രയും ശിഷ്യന്മാരെ സമ്പാദിച്ചതെന്ന് ഓർമ്മിയ്ക്കണം. കൂടുതൽ ആയുസ്സ് ഉണ്ടായിരുന്നെങ്കിൽ അവർക്ക് എത്രയെത്ര ശിഷ്യന്മാർ ഉണ്ടാകുമായിരുന്നു എന്ന് അത്ഭുതം കൂറുകയേ നിവൃത്തിയുള്ളു.

അച്ഛനായ പുലാമന്തോൾ ശങ്കരൻ മൂസ്സിന്റേയും കുട്ടഞ്ചേരി ആര്യൻ മൂസ്സിന്റേയും കീഴിൽ വിശദമായ പഠനത്തിനു ശേഷമാണ് പി. ടി. നാരായണൻ മൂസ്സ് തൃശ്ശൂരിലെത്തുന്നത്. തൃശ്ശൂർ തൈക്കാട്ട് മനയുടെ ഗുരുകുലശൃംഖലയിൽ അദ്ദേഹവും ഒരു കണ്ണിയാവുകയാണുണ്ടായത്. തൃശ്ശൂർ തൈക്കാട്ടില്ലത്ത് താമസിച്ചും അല്ലാതെയും അദ്ദേഹത്തിനു ശിഷ്യപ്പെട്ടവരിൽ പിൽക്കാലത്ത് വൈദ്യരംഗത്ത് പ്രശസ്തരായ ആലത്തിയൂർ നാരായണൻ നമ്പി, അഞ്ചേരി കോവിലകത്ത് രവിവർമ്മ, ഡോ. ഡി. രാമനാഥൻ, ഡോ. കോൽപ്പുറത്ത് നീലകണ്ഠൻ നമ്പൂതിരി, ഡോ. വി. എൻ. നീലകണ്ഠൻ നമ്പൂതിരി, അഷ്ടവൈദ്യൻ ഇ. ടി. ദിവാകരൻ മൂസ്സ് എന്നിവരും ഉൾപ്പെടുന്നു. പിൽക്കാലത്ത് വലിയ ചിത്രകാരനായി കേൾവിപ്പെട്ട ആർട്ടിസ്റ്റ് നമ്പൂതിരിയും (കരുവാട്ട് വാസുദേവൻ നമ്പൂതിരി) ഒരു ഹ്രസ്വകാലയളവിലാണെങ്കിലും നാരായണൻ മൂസ്സിന്റെ ശിഷ്യനായിരുന്നു എന്ന് നമ്മൾ കണ്ടു.

പഠനത്തിന്റെ സമ്പ്രദായം ഒന്നു മാറിയെന്നേയുള്ളു; ആലത്തിയൂർ നാരായണൻ നമ്പിയുടെ കീഴിൽ ചികിത്സ പരിശീലിയ്ക്കാൻ നിരവധി ബിരുദധാരികൾ ഔഷധശാലയിൽ എത്തിയിട്ടുണ്ട്.

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ ഔഷധശാല വിദ്യാഭ്യാസപ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുവാനും കൃത്യമായ ഒരു ദിശാബോധം ഉണ്ടാക്കുവാനും ഒരു ട്രസ്റ്റ് എന്ന ആശയം ഉരുത്തിരിഞ്ഞു വന്നത് പിന്നീടാണ്. അത് ഉണ്ണിമൂസ്സ് ഫൗണ്ടേഷൻ എന്ന ട്രസ്റ്റിന്റെ രൂപീകരണത്തിലേയ്ക്കാണ് നയിച്ചത്.

റവന്യൂ വകുപ്പുമന്ത്രി കെ. പി. രാജേന്ദ്രൻ ഉണ്ണിമൂസ്സ് ഫൗണ്ടേഷൻ ലോഗോ പ്രകാശനം ചെയ്യുന്നു

# ഉദ്ദേശ്യലക്ഷ്യങ്ങൾ

2010 ഏപ്രിൽ 8-ന് ഡോ. പി. ടി. എൻ. വാസുദേവൻ മൂസ്സ് ചെയർമാനും ജി. സുനിമോൾ വൈസ് ചെയർമാനും ഡോ. എ. എൻ. നാരായണൻ നമ്പി ജനറൽ സെക്രട്ടറിയും ടി. എം. നാരായണൻ ട്രഷററും ആയി ഉണ്ണിമൂസ്സ് ഫൗണ്ടേഷൻ എന്ന ട്രസ്റ്റ് രൂപീകരിച്ചു. ഔഷധശാലയുടെ നവതി ആഘോഷങ്ങളുടെ ഉദ്ഘാടനവേളയിൽ ഫൗണ്ടേഷന്റെ ലോഗോ റവന്യൂ മന്ത്രി കെ. പി. രാജേന്ദ്രൻ പ്രകാശനം ചെയ്തു.

വൈവിധ്യങ്ങളായ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നാലു പ്രത്യേകവിഭാഗങ്ങളിലായി ഫൗണ്ടേഷൻ പ്രവർത്തനം തുടരുന്നു.

1) ഓജസ്സ്
2) തേജസ്സ്
3) ഉഷസ്സ്
4) തപസ്സ്

ഇവയേപ്പറ്റി അൽപം വിശദമായി പ്രതിപാദിയ്ക്കാം:

## 1) ഓജസ്സ്

### പുസ്തകപ്രസാധനം

ഔഷധശാല 2002 മുതൽ ഉണ്ണിമൂസ്സ് ദിനത്തോടനുബന്ധിച്ച് നടത്തിവരാറുള്ള സെമിനാറിലെ ചർച്ചകൾ പുസ്തകരൂപത്തിലാക്കി പ്രസിദ്ധീകരിച്ചു വരുന്നു. ആ ഇനത്തിൽ ഇപ്പോൾ ആകെ 13 പുസ്തകങ്ങളായി.

തൈക്കാട്ട് നാരായണൻ മൂസ്സിന്റെ 'സിന്ദൂരമഞ്ജരി'യുടെ പുതിയ പതിപ്പ് 1994-ൽ പ്രസാധനം ചെയ്തു. ഒല്ലൂരിലെ ഇളയിടത്ത് തൈക്കാട്ട് മൂസ്സിന്റെ ഇല്ലത്തുവെച്ച് ഇ. ടി. നീലകണ്ഠൻ മൂസ്സ് ഡോ. കെ. ആർ. രാമൻ നമ്പൂതിരിയ്ക്ക് നൽകിയായിരുന്നു ഇതിന്റെ പ്രകാശനകർമ്മം.

അമ്പത്തൊന്ന് യോഗങ്ങളുടെ വിശദീകരണമടങ്ങുന്ന 'യോഗമഞ്ജരി' എന്ന പുസ്തകം രണ്ടു ഭാഗങ്ങളായി പ്രസിദ്ധീകരിച്ചു. അരുമാനൂർ പരമേശ്വരനും ഡോ. കെ. വി. രാമൻകുട്ടി വാരിയരും കൂടി എഴുതിയ 'യോഗമഞ്ജരി'യുടെ സംശോധനം നിർവ്വഹിച്ചത് ഡോ. കെ. മുരളിയും ഡോ. പി. ടി. എൻ. വാസുദേവൻ മൂസ്സും ചേർന്നാണ്. ഇതിന്റെ ഒന്നാം ഭാഗം 2015 ജൂൺ 5-ന് തൃപ്പൂണിത്തുറ ഗവ. ആയുർവേദ കോളേജിൽ വെച്ച് കൊല്ലം അമൃത സ്കൂൾ ഓഫ്

സിന്ദൂരമഞ്ജരിയുടെ പുറംചട്ട

ആയുർവേദയുടെ പ്രിൻസിപ്പാൾ ഡോ. എം. ആർ. വാസുദേവൻ നമ്പൂതിരി തൃപ്പൂണിത്തുറ ഗവ. ആയുർവേദ കോളേജ് പ്രിൻസിപ്പാൾ ഡോ. ടി. കെ. ഉമയ്ക്ക് നൽകിക്കൊണ്ട് പ്രകാശിപ്പിച്ചു. രണ്ടാം ഭാഗത്തിന്റെ പ്രകാശനം 2019 ജൂൺ 2-ന് തൃശ്ശൂരിലെ ഹോട്ടൽ എലൈറ്റ് ഇന്റർനാഷണലിൽ വെച്ച് നാഷണൽ ആയുഷ് മിഷന്റെ ക്വാളിറ്റി കൺസൾട്ടന്റ് ഡോ. ഷീല കാറളം ഡോ. ജെസ്നി വി. ജോസിനു നൽകിക്കൊണ്ട് നിർവ്വഹിച്ചു.

എൻ. എസ്. മൂസ്സ് എഡിറ്റ് ചെയ്ത് വൈദ്യസാരഥി പ്രസ്സ് പുറത്തിറക്കിയ 'വൈദ്യമനോരമ എന്ന ചികിത്സാക്രമം' എന്ന ഗ്രന്ഥം പുനഃപ്രസിദ്ധീകരണത്തിന് തയ്യാറെടുക്കുന്നു.

## 2) തേജസ്സ്
### ചികിത്സയും അനുബന്ധസേവനങ്ങളും

തൃശ്ശൂർ തൈക്കാട്ട് മൂസ്സിന്റെ തനതായ ചികിത്സാസമ്പ്രദായങ്ങൾ പ്രചരിപ്പിയ്ക്കുന്നതിനും

യോഗമഞ്ജരി രണ്ടാം ഭാഗം പുറംചട്ട

പ്രോത്സാഹിപ്പിയ്ക്കുന്നതിനും വേണ്ടി പല ചികിത്സാകേന്ദ്രങ്ങളും ഫൗണ്ടേഷന്റെ സേവനം സ്വീകരിച്ചിട്ടുണ്ട്.

1. റിവർ റിട്രീറ്റ്, ചെറുതുരുത്തി
2. സൂര്യ റിസോർട്ട്സ്, അരിമ്പൂർ
3. വിഷ്ണു റിസോർട്ട്സ്, അമലനഗർ
4. തളിക്കുളം റിസോർട്ട്സ്, തളിക്കുളം
5. മൈത്രേയി വേദിക് വില്ലേജ്, അളിയാർ, തമിഴ്നാട്

ഈ സ്ഥലങ്ങളിൽ താമസിച്ച് ചികിത്സ നേടുന്ന രോഗികൾക്ക് നേരിട്ടും അല്ലാതെയും എല്ലാ വൈദ്യസഹായവും നൽകി വരുന്നു. ഇപ്പോൾ ഇവയിൽ മൈത്രേയി വേദിക് വില്ലേജ് മാത്രമേ സജീവമായി ഉള്ളൂ.

യോഗമഞ്ജരി ഒന്നാം ഭാഗം പുറംചട്ട

സിന്ദൂരമഞ്ജരി പ്രകാശനവേളയിൽ

സിന്ദൂരമഞ്ജരി പ്രകാശനം

## 3) ഉഷസ്സ്

### 1. ഗവേഷണപ്രവർത്തനങ്ങൾ

**ഓട്ടിസം**

ഡോ. ലക്ഷ്മിയുടേയും സഹപ്രവർത്തകരുടേയും നേതൃത്വത്തിൽ ഹൈദരാബാദിലെ സാന്ദീപനി സ്കൂളിൽ Super Specialty Treatment Plan ആരംഭിച്ചു. ആയുർവേദം, ഹോമിയോപ്പതി, ആന്ത്രോപോസ്ഫിക് സയൻസ്, ഫിസിയോതെറാപ്പി, സൈക്കോതെറാപ്പി എന്നീ വിഭാഗങ്ങളിൽപ്പെട്ട എല്ലാവരും ചേർന്നായിരുന്നു ചികിത്സ.

ആയുർവേദവിഭാഗത്തിന് ആലത്തിയൂർ നാരായണൻ നമ്പിയും പിന്നീട് ഡോ. എ. എൻ. നാരായണൻ നമ്പിയും നേതൃത്വം നൽകി. ബാംഗളൂർ, ചെന്നൈ, ഹൈദരാബാദ് തുടങ്ങി പല സ്ഥലങ്ങളിൽ വെച്ചായിരുന്നു ചികിത്സ. വി. എ. വേണുഗോപാലും പലപ്പോഴായി അവരെ അനുഗമിച്ചിരുന്നു.

ഇരുന്നൂറോളം കുട്ടികളെ ഈ സംയോജിത ചികിത്സയ്ക്ക് വിധേയമാക്കി. പ്രിസർവേറ്റീവ്സ് ചേർക്കാത്ത ഔഷധങ്ങളും ഗ്രന്ഥങ്ങളിൽ സവിശേഷം പ്രതിപാദിയ്ക്കുന്ന മരുന്നുകളുമാണ് ചികിത്സയ്ക്ക് ഉപയോഗിച്ചത്.

**അർബ്ബുദം**

ഡോ. എം. പി. പരമേശ്വരന്റെ നേതൃത്വത്തിൽ ഡോ. സുധ കാരക്കാട്ട് അർബ്ബുദ പഠനം നടത്തുന്നുണ്ട്. അതിനായി 3 ലക്ഷം ഉറുപ്പിക ഫൗണ്ടേഷൻ നൽകി. Study of the Effectiveness of Ayurveda in Palliative Care and Treatment of Cancer – A Clinical Revalidation എന്നതാണ് വിഷയം. അഞ്ഞൂറോളം രോഗികളുടെ ചികിത്സാക്കുറിപ്പുകളും ചികിത്സയ്ക്കു മുമ്പും പിമ്പുമുള്ള അവസ്ഥകളും അടങ്ങുന്ന ബൃഹത്തായ ഗവേഷണം ഇപ്പോൾ അവസാനഘട്ടത്തിലാണ്.

### 2. അനുബന്ധപ്രവർത്തനങ്ങൾ

2011 മാർച്ച് 6-ന് ഡോ. എം. പി. പരമേശ്വരന്റെ നേതൃത്വത്തിൽ Ayurveda Initiative എന്ന പേരിൽ ആയുർവേദവും ആധുനിക ശാസ്ത്രവും എങ്ങനെ പരസ്പരപൂരകങ്ങളായി വർത്തിയ്ക്കണം എന്നതിനും രണ്ട് വൈദ്യശാസ്ത്രധാരയേയും സമന്വയിപ്പിച്ച് പുതിയതായി രൂപീകരിയ്ക്കപ്പെട്ട ആരോഗ്യ സർവ്വകലാശാലയ്ക്ക് എന്തു ചെയ്യാം എന്നു ചർച്ച ചെയ്യാനും രൂപരേഖ തയ്യാറാക്കാനും ഔഷധശാലയിൽ വെച്ച് യോഗം ചേർന്നിരുന്നു. അതിൽ കേരള ആരോഗ്യ സർവ്വകലാശാലയുടെ വൈസ് ചാൻസലർ ഡോ. കെ. മോഹൻദാസ്, ഡോ. എം. പി. പരമേശ്വരൻ, ഡോ. ടി. ശ്രീകുമാർ, ഡോ. പി. ടി. എൻ. വാസുദേവൻ മൂസ്സ്, ഡോ. പി. കെ. വി. ആനന്ദ്, ഡോ. സുരേന്ദ്രൻ, ഡോ. എ. എൻ. നാരായണൻ നമ്പി എന്നിവർ പങ്കെടുത്തു.

പിന്നീട് ഇതിന്റെ തുടർച്ചയായി പീച്ചിയിലെ KFRI-യിൽ വെച്ച് രണ്ടാമത്തെ യോഗം ചേർന്നു.

## 4) തപസ്സ്

### വൈദ്യവിദ്യാഭ്യാസം, സെമിനാർ, വർക് ഷോപ്പുകൾ

യോഗമഞ്ജരി ഒന്നാം ഭാഗം പ്രകാശനം

യോഗമഞ്ജരി രണ്ടാം ഭാഗം പ്രകാശനം

# പ്രവർത്തനങ്ങൾ

ഉണ്ണിമൂസ്സ് ഫൗണ്ടേഷൻ രൂപീകരിയ്ക്കുന്നതിനു മുമ്പു തന്നെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ തുടങ്ങിയെന്നു പറഞ്ഞുവല്ലോ. രൂപീകരിച്ചതിനു ശേഷവും തപസ്സ് എന്ന വിഭാഗത്തിന്റെ കീഴിൽ അത്തരം പ്രവർത്തനങ്ങൾ തുടർന്നുപോരുന്നു. അവയേപ്പറ്റിയെല്ലാം അൽപം വിശദമായി പ്രതിപാദിയ്ക്കാം.

## 1. പഠനപദ്ധതികൾ

ഇന്ത്യയ്ക്ക് അകത്തും പുറത്തുമായി പഠനപദ്ധതികളും സെമിനാറുകളുമാണ് ഈ വിഭാഗത്തിൽ നടന്നുവരുന്നത്.

### അന്തർദ്ദേശീയം

2002-ൽ കൊച്ചിയിൽ വെച്ചു നടന്ന വേൾഡ് ആയുർവേദ കോൺഗ്രസ്സിൽ സംബന്ധിയ്ക്കാൻ ഇറ്റലിയിൽനിന്നെത്തിയ ഡോ. അന്റോണിയോ മൊറാന്റിയുമായി വി. എ. വേണുഗോപാലിന്റെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽനിന്ന് ഡോക്ടർമാർക്കും തെറാപ്പിസ്റ്റുകൾക്കുമായി നാലു വർഷം നീണ്ടു നിൽക്കുന്ന ഒരു സിലബസ്സും അതനുസരിച്ച് ഇറ്റലിയിലും ഇന്ത്യയിലുമായി പരിശീലനം നടത്താനുള്ള പദ്ധതിയും ഉണ്ടാക്കി. 2003 നവംബർ 12-ന് തുടങ്ങിയ ഈ പഠനപദ്ധതി ഇപ്പോഴും തുടരുന്നുണ്ട്. ഡോ. വിജയകുമാർ വർമ്മ (പ്രൊഫസ്സർ, വൈദ്യരത്നം ആയുർവേദ കോളേജ്) യാണ് ആദ്യത്തെ ക്ലാസ്സെടുത്തത്. നവംബർ മാസത്തിൽ ഇറ്റലിയിൽനിന്ന് ഡോക്ടർമാരും തെറാപ്പിസ്റ്റുകളുമടങ്ങുന്ന സംഘം ഔഷധശാലയിൽ വന്ന് പ്രായോഗികപരിശീലനം നേടുകയും മറ്റു കാലങ്ങളിൽ ഇറ്റലിയിൽ പഠനം നടത്തുകയുമാണ് പതിവ്. ഡോ. എ. എൻ. നാരായണൻ നമ്പിയുടേയും ഡോ. ദേവി നാരായണന്റേയും നേതൃത്വത്തിലാണ് ക്ലാസ്സുകൾ നടത്താറുള്ളത്. ഈ പദ്ധതിയിൽ ഇതുവരെ 350-ഓളം വിദ്യാർത്ഥികൾക്ക് പരിശീലനം സിദ്ധിച്ചിട്ടുണ്ട്.

അന്റോണിയോ മൊറാന്റി, കാർമെൻ ടോസ്റ്റോ

#### ശ്രീലങ്ക

ഔഷധശാലയിൽ വിദേശത്തുനിന്നുള്ള ഒരു പഠനസംഘം ആദ്യമായി എത്തുന്നത് ശ്രീലങ്കയിൽനിന്നാണ്. 2003-ൽ ഡോ. സുജീവ ജയസുന്ദരെയുടെ നേതൃത്വത്തിൽ വിദ്യോദയ ആയുർവേദ കോളേജിൽനിന്നുള്ളവരായിരുന്നു അവർ. 2007-ൽ അദ്ദേഹത്തിന്റെ തന്നെ നേതൃത്വത്തിൽ അതേ കോളേജിൽനിന്നു തന്നെയുള്ള വിദ്യാർത്ഥികൾ പഞ്ചകർമ്മ ആൻഡ് ബ്യൂട്ടി തെറാപ്പി പഠിയ്ക്കാൻ എത്തിയിരുന്നു. 2015-ൽ ഡോ. വസന്ത ജാനകി വിക്രമാർച്ചിയുടെ നേതൃത്വത്തിൽ ഗംപാഹ വിക്രമാർച്ചി ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് 35 വിദ്യാർത്ഥികൾ പഞ്ചകർമ്മപഠനത്തിനു വന്നു. രവിവർമ്മ മന്ദിരത്തിൽ വെച്ചായിരുന്നു അതു നടത്തിയത്. 2017-ൽ അതേ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു തന്നെ പ്രൊഫ. ഡോ. ചന്ദ്രസിരിയുടെ നേതൃത്വത്തിൽ 40 വിദ്യാർത്ഥികൾ രണ്ടാഴ്ച നീണ്ടുനിന്ന പഞ്ചകർമ്മ കോഴ്സ് ചെയ്യാനെത്തി. പറവട്ടാനിയിലുള്ള അഞ്ജനത്തിൽ വെച്ചായിരുന്നു അത്.

### അമേരിക്ക

യു എസ് എയിലെ വിദ്യാർത്ഥികൾക്കായി 2005-ൽ ആലപ്പുഴയിലെ പഗോഡ റിസോർട്ടിൽ വെച്ച് ഒരു മാസം നീണ്ടു നിന്ന പഞ്ചകർമ്മ പഠനപദ്ധതി സംഘടിപ്പിച്ചു. ഡോ. എ. എൻ. നാരായണൻ നമ്പി, ഡോ. ബിജു ബാലകൃഷ്ണൻ എന്നിവരാണ് നേതൃത്വം നൽകിയത്.

### ആസ്ട്രേലിയ

നേഴ്സിങ്ങ് ഹോമിൽ ചികിത്സയ്ക്കു വന്ന കാറ്റിന ജോൺസ് ആണ് വടക്കെ ആസ്ട്രേലിയയിലെ അഡലെയ്ഡിലുള്ള ഈക്വൽസ് ഇന്റർനാഷണലുമായുള്ള ബന്ധത്തിനു കാരണമായത്. വി. എ. വേണുഗോപാൽ നടത്തിയ ചർച്ചയിലൂടെയാണ് 2010-ൽ ആദ്യ കോഴ്സ് തുടങ്ങുന്നത്. ഡോ. റായ് അവിടെ നേരിട്ടും ഡോ. എ. എൻ. നാരായണൻ നമ്പി ഓൺലൈൻ വഴിയുമായി ക്ലാസ്സുകൾ നടത്തി. 2013-ൽ ഡോ. റായുടെ അസാന്നിദ്ധ്യത്തിൽ ഡോ. എ. എൻ. നാരായണൻ നമ്പി നേരിട്ട് ക്ലാസ്സുകൾ നടത്തുകയും ഡോ. ബോസ്കോ അവിടെ ചെന്നെത്തുംവരെ അതു തുടരുകയും ചെയ്തു. 2015 മുതൽ ഡോ. ബോസ്കോയുടെ നേരിട്ടുള്ളതും ഡോ. എ. എൻ. നാരായണൻ നമ്പിയുടെ ഓൺലൈൻ വഴിയുള്ളതുമായ ക്ലാസ്സുകൾ തുടർന്നു. ഈ കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ആസ്ട്രേലിയൻ സർക്കാരിന്റെ സ്കോളർഷിപ്പ് ലഭിയ്ക്കുകയുണ്ടായി.

ഇറ്റലി ട്രെയിനിങ്ങ് 2003

റഷ്യ ട്രെയിനിങ്ങ് 2019

ഇറ്റലി ട്രെയിനിങ്ങ് 2019

**ജർമ്മനി**

യൂറോപ്പിൽ ഏറ്റവുമധികം വിദ്യാർത്ഥികളുള്ളതും 20 വർഷത്തിലേറെ സേവനപരിചയമുള്ളതുമായ ആയുർവേദസ്കൂളാണ് മാർക് റോസൻബർഗ് നടത്തുന്ന യൂറോപ്യൻ അക്കാദമി ഓഫ് ആയുർവേദ. 2009-ൽ ഇറ്റലിയിൽ വെച്ചു നടന്ന അന്തർദ്ദേശീയ ആയുർവേദ സമ്മേളനത്തിന്റെ ഭാഗമായി വന്ന അദ്ദേഹം ആ സ്ഥാപനത്തിലേയ്ക്കും അവിടെ എല്ലാ വർഷവും നടക്കാറുള്ള ആയുർവേദ കോൺഗ്രസ്സിലേയ്ക്കും ഡോ. എ. എൻ. നാരായണൻ നമ്പിയെ ക്ഷണിച്ചു. 2009 മുതൽ തുടർച്ചയായി 10 കൊല്ലം അവിടെ പ്രബന്ധങ്ങൾ അവതരിപ്പിയ്ക്കുകയും വർക്ഷോപ്പുകൾ നടത്തുകയും ചെയ്തു. ഇതേ സ്ഥാപനത്തിലെ വിദ്യാർത്ഥികൾ രണ്ടു തവണ ഔഷധശാലയിൽ വന്ന് ഉപരിപഠനം നടത്തിയിട്ടുണ്ട്.

**മാലിദ്വീപ്**

സയ്ദ മുഹമ്മദിന്റെ നേതൃത്വത്തിൽ മാലിദ്വീപിൽനിന്നുള്ള വിദ്യാർത്ഥികൾ ഔഷധശാലയിൽ വന്ന് രണ്ടു തവണ പഠനം നടത്തി. 2006-ൽ VESHI-യുമായി സഹകരിച്ച് നടത്തിയ ഒരു മാസത്തെ കോഴ്സിന്റെ പേര് Certified Course in Traditional Alternative Medicine & Spa Therapist എന്നായിരുന്നു.

**എസ്തോണിയ**

യൂറോപ്യൻ രാജ്യമായ എസ്തോണിയയിൽ 2005-ൽ പഞ്ചകർമ്മ ക്ലാസ്സുകൾ സംഘടിപ്പിച്ചു. രണ്ടാഴ്ച നീണ്ടുനിന്ന ക്ലാസ്സിന് നേതൃത്വം നൽകിയത് ഡോ. എ. എൻ. നാരായണൻ നമ്പിയാണ്. ഡോ. റയ്മണ്ടിന്റെ സഹായവും ഡോ. റായുടെ സംഘാടനവും ഇതിനെ മികച്ചതാക്കി. 30 പേരാണ് പങ്കെടുത്തത്.

**ഫ്രാൻസ്**

2009-ൽ ആത്രേയ സ്മിത്തിന്റെ നേതൃത്വത്തിൽ ഫ്രാൻസിലെ നീസ് നഗരത്തിൽ വെച്ച് ആയുർവേദ കോഴ്സ് നടത്തി. യൂറോപ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വേദിക് സ്റ്റഡീസ് ആണ് ഇതു സംഘടിപ്പിച്ചത്.

**റഷ്യ**

ഡോ. ഓലേഗ് സോറോക്കിന്റെ കീഴിൽ റഷ്യ കേന്ദ്രീകരിച്ചു പ്രവർത്തിയ്ക്കുന്ന വിദ്യാഭ്യാസ സ്ഥാപനമാണ് വേദ എജുക്കേഷൻ. 2018-ൽ അക്കാദമിക് സേവനത്തിന് ഔഷധശാലയുമായി ധാരണയായി. 2019 ഫെബ്രുവരിയിൽ 10 ഡോക്ടർമാരടങ്ങുന്ന ആദ്യസംഘം ഔഷധശാലയിൽ പഠനം നടത്തി. തുടർവിദ്യാഭ്യാസപരിപാടികളും നടന്നു വരുന്നു.

ശ്രീലങ്ക ട്രെയിനിങ്ങ് 2003

ശ്രീലങ്ക ട്രെയിനിങ്ങ് 2015

## ഡോക്ടർമാർക്കുള്ള കേരളീയ പഞ്ചകർമ്മ വർക്ഷോപ്പ്

കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിലെ ആയുർവേദ ഡോക്ടർമാർക്ക് കേരളീയമായ ചികിത്സകൾ പരിചയപ്പെടുത്താനാണ് ഈ വർക്ഷോപ്പ് തുടങ്ങിയത്. 2005 ആഗസ്റ്റിലെ ആദ്യത്തെ വർക്ഷോപ്പിൽ ആലത്തിയൂർ നാരായണൻ നമ്പിയുടെ അഷ്ടാംഗഹൃദയപാരായണവും വൈകുന്നേരങ്ങളിലുള്ള 'ഗുരുമുഖ'വും പഞ്ചകർമ്മത്തിന്റെ hands on practice-ഉം ശ്രദ്ധേയമായി. 'ഗുരുമുഖ'ത്തിൽ ആലത്തിയൂർ നാരായണൻ നമ്പിയും അവണപ്പറമ്പ് മഹേശ്വരൻ നമ്പൂതിരിപ്പാടും വൈദ്യമഠം ഋഷികുമാരൻ നമ്പൂതിരിയും പങ്കെടുത്തു. വിവിധ വർഷങ്ങളിലായി ഇത്തരം വർക്ഷോപ്പുകൾ നടത്തിവരുന്നുണ്ട്.

## പഞ്ചകർമ്മ തെറാപ്പിസ്റ്റ് കോഴ്സ്

2002-ൽ പഞ്ചകർമ്മ തെറാപ്പിസ്റ്റ് കോഴ്സ് ആരംഭിച്ചു. പ്രായോഗികപരിശീലനമടക്കമുള്ള കൃത്യമായ പാഠ്യപദ്ധതി ആവിഷ്കരിച്ച് ആറു മാസം നീണ്ടു നിൽക്കുന്ന കോഴ്സ് രൂപകൽപന ചെയ്യപ്പെട്ടു. 2010 വരെ തുടർന്ന ഈ കോഴ്സ് വഴി വിദഗ്ധരായ 250-ഓളം തെറാപ്പിസ്റ്റുകളെ പരിശീലിപ്പിച്ച് എടുക്കാനായി എന്നതു മാത്രമല്ല, അവരിൽ മിക്കവർക്കും നല്ല ജോലിയും നേടിക്കൊടുക്കാനായി. ഈ പരിശീലനത്തിന് നേതൃത്വം കൊടുത്തത് ഡോ. എ. എൻ. നാരായണൻ നമ്പിയാണ്. 2010-ഓടെ കേരള സർക്കാർ ഔദ്യോഗികമായി ആയുർവേദ കോളേജുകളിലും അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും പഞ്ചകർമ്മ കോഴ്സുകൾ ആരംഭിച്ചതോടെ ഔഷധശാല ഈ ഉദ്യമത്തിൽ നിന്നു പിൻവാങ്ങുകയും മറ്റ് വിദ്യാഭ്യാസപ്രവർത്തനങ്ങളിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിയ്ക്കുകയും ചെയ്തു.

### മുംബൈ

2009-ൽ ഔഷധശാലയുടെ നേതൃത്വത്തിൽ മുംബൈയിൽ കേരളീയ പഞ്ചർമ്മ വർക്ഷോപ്പ് നടത്തുകയുണ്ടായി. രണ്ടാഴ്ച നീണ്ടുനിന്ന ഈ വർക്ഷോപ്പിൽ 25 വിദ്യാർത്ഥികൾ പങ്കെടുത്തു.

### ബാംഗളൂർ

2009-ൽത്തന്നെ ബാംഗളൂരിലുള്ള Sports Authority of Indiaയിൽ വിവിധ കോച്ചുകൾക്കായി Injury Management & Recovery എന്ന വിഷയത്തിൽ ഒരാഴ്ച നീണ്ടു നിന്ന വർക്ഷോപ്പ് നടത്തി. ഡോ. അർഷാദും ഡോ. എ. എൻ. നാരായണൻ നമ്പിയുമാണ് ഇവയ്ക്ക് നേതൃത്വം കൊടുത്തത്. ടി. പി. ആന്റണിയും കെ. സോമനുമാണ് SAI-ൽ ഇത് സംഘടിപ്പിച്ചത്. നൂറോളം കോച്ചുകൾ ഇതിൽ സജീവമായി പങ്കെടുത്തു.

സഹചര സെമിനാർ

## 2. അന്താരാഷ്ട്ര സമ്മേളനങ്ങൾ

ഇറ്റലിയിലെ ഡോ. അന്റോണിയോ മൊറാന്റിയും ഡോ. കാർമെൻ ടോസ്റ്റോയും ഡയറക്ടർമാരായ ആയുർവേദിക് പോയന്റുമായി സഹകരിച്ച് ഇന്ത്യയ്ക്കകത്തും പുറത്തുമായി അന്താരാഷ്ട്രസമ്മേളനങ്ങൾ നടത്തിയിട്ടുണ്ട്.

### ഇറ്റലി

ഔഷധശാല 2009 മാർച്ച് 21-22 തീയതികളിലായി ആയുർവേദിക് പോയന്റുമായി സഹകരിച്ച് ഇറ്റലിയിൽ വെച്ച് Ayurveda – Meaning of Life: Awareness-Environment and Health എന്ന വിഷയത്തിൽ അന്താരാഷ്ട്രസമ്മേളനം നടത്തി. ഫിസിക്സ് നൊബേൽ പുരസ്കാരജേതാവായ പ്രൊഫ. ബ്രയാൻ ജോസെഫ്സൺ ആയിരുന്നു ഉദ്ഘാടകൻ.

### തൃശ്ശൂർ

2010-ൽ ഔഷധശാലയുടെ നവതി ആഘോഷങ്ങളുടെ ഭാഗമായി ഡിസംബർ 4-5 തീയതികളിലായി പീച്ചിയിലെ KFRI-യിൽ വെച്ച് നടത്തിയ സെമിനാറിൽ 200-ഓളം പേർ പങ്കെടുത്തു. Ayurveda-Redefined: Essence-Explore-Expand എന്നതായിരുന്നു വിഷയം.

### ഇറ്റലി

2016 സെപ്തംബർ 16 മുതൽ 19 വരെയുള്ള തീയതികളിൽ ആയുർവേദിക് പോയന്റിന്റെ സഹകരണത്തോടെ മിലാനിൽ വെച്ച് നടത്തിയ അന്താരാഷ്ട്രസെമിനാറിലെ വിഷയം Ayurveda – Meaning of Life: The Future in the Tradition എന്നതായിരുന്നു. 300-ഓളം പേർ ഭാഗഭാക്കായി.

മേൽപ്പറഞ്ഞവയ്ക്കു പുറമേ 2006-ൽ ഔഷധശാല തൃശ്ശൂരിൽ വെച്ച് ഒരു അന്താരാഷ്ട്രസമ്മേളനം നടത്തി. ഹോട്ടൽ ട്രിച്ചൂർ ടവറിൽ വെച്ചായിരുന്നു അത്. നൂറോളം പ്രതിനിധികൾ പങ്കെടുത്ത ഈ സമ്മേളനത്തിലെ ചർച്ചാവിഷയം Ayurveda and Medical Astrology എന്നതായിരുന്നു.

## ഫൗണ്ടേഷനുമായി സഹകരിയ്ക്കുന്ന സംഘടനകൾ

**1. ATMA - Advanced Traditional Medicine Applications**

യൂറോപ്യൻ രാജ്യങ്ങളുടെ സപ്തവത്സരപദ്ധതിയായ FP7-ൽ ആദ്യമായി ഒരു ആയുർവേദ പ്രോജക്റ്റ് നൽകി. 15-ഓളം യൂറോപ്യൻ രാജ്യങ്ങളിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളും ഇന്ത്യയിലെ മൂന്നു സർവ്വകലാ




ശാലകളും ഔഷധശാലയും ഉണ്ണി മൂസ്സ് ഫൗണ്ടേഷനും ആ കൺസോർഷ്യത്തിൽ ചേർന്നിരുന്നു.

**2. IRSA-International Research Symposium in Ayurveda**

ജർമ്മനിയിൽ വെച്ച് 2015-16 വർഷങ്ങളിൽ നടന്ന സിംപോസിയത്തിൽ ലോകത്തിൽ നടക്കുന്ന എല്ലാ ആയുർവേദ ഗവേഷണങ്ങൾക്കും ഒരു മാർഗ്ഗരേഖ തയ്യാറാക്കി. 250-ഓളം പ്രബന്ധങ്ങൾ ലഭിച്ചതിൽനിന്ന് 5 എണ്ണം ചുരുക്കപ്പട്ടികയിൽപ്പെടുത്തി ജർമ്മനിയിൽ ഒരു സിംപോസിയം നടത്തി അതിൽ മികച്ചത് തിരഞ്ഞെടുത്തു.

**3. INDRA-International Network for Development of Research in Ayurveda, Europe**

ഇത് 2015-ൽ ജർമ്മനിയിൽ വെച്ച് രൂപീകൃതമായി. ഡോ. എ. എൻ. നാരായണൻ നമ്പിയാണ് ഇതിന്റെ കോ-ഓർഡിനേറ്റർ. 20-ൽപ്പരം സ്ഥാപനങ്ങൾ ഇതിൽ പങ്കാളികളാവുകയും 30-ഓളം രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുക്കുകയും ചെയ്തു.

അന്താരാഷ്ട്രസമ്മേളനം - മെഡിക്കൽ അസ്ട്രോളജി (2006)



അന്താരാഷ്ട്രസമ്മേളനം 2016 – വേദി

# തൊഴിലാളി സംഘടനകൾ

നഗരത്തിന്റെ ഭാഗമാണെങ്കിലും കിഴക്കുമ്പാട്ടുകരയ്ക്ക് അതിന്റെ ഗ്രാമീണസ്വഭാവം ഇപ്പോഴും കൈമോശം വന്നിട്ടില്ല. അപ്പോൾ നൂറു വർഷം മുമ്പുള്ള കിഴക്കുമ്പാട്ടുകരയെപ്പറ്റി ഊഹിയ്ക്കുകയായിരിയ്ക്കും നല്ലത്.

അങ്ങനെയൊരു നാട്ടിൻപുറത്ത് വളരെ എളിമയോടെ തുടങ്ങുന്ന ഒരു സംരംഭത്തിലെ ജീവനക്കാർ സ്വാഭാവികമായും ഉടമസ്ഥന്റെ ശിഷ്യരോ ആശ്രിതരോ ആയിരിയ്ക്കും. അതുതന്നെയാണ് ഔഷധശാലയിലും സംഭവിച്ചത്. ജീവനക്കാരിൽ അധികം പേരും തദ്ദേശവാസികളോ ബന്ധുജനങ്ങളോ ഇഷ്ടക്കാരോ ആയിരുന്നു. അനുയോജ്യരായ ഉദ്യോഗാർത്ഥികളെ തേടി പരസ്യം കൊടുക്കുന്നതും കൂടിക്കാഴ്ച നടത്തി തിരഞ്ഞെടുക്കുന്നതുമായ സമ്പ്രദായമൊക്കെ വളരെ വൈകിയാണ് തുടങ്ങുന്നത്. അതുവരെ തൃശ്ശൂർ തൈക്കാട്ട് മനയിലെ അംഗങ്ങളേപ്പോലെയായിരുന്നു ഔഷധശാലാ ജീവനക്കാരും.

സ്ഥാപനം അതിന്റെ അമ്പതു വർഷം തികയ്ക്കുന്ന കാലത്താണ് അസ്വസ്ഥതയുടെ ഒരു കൊടി ഉയരുന്നത്. ആ സമരത്തിനാവട്ടെ ഔഷധശാലയുടെ ചരിത്രത്തിൽ ഒരു പ്രമുഖസ്ഥാനമുണ്ട്. എന്തെന്നാൽ ജീവനക്കാർക്കു വേണ്ടി ഒരു സംഘടന ആദ്യമായി രൂപം കൊള്ളുന്നത് ആ സമരത്തിനു വേണ്ടിയാണ്.

എ. ഐ. ടി. യു. സി.യുടെ നേതൃത്വത്തിലുള്ള യൂണിയനായിരുന്നു സമരത്തിന്റെ സംഘാടകർ. കെ. എ. പോൾ ആയിരുന്നു യൂണിയന്റെ നേതാവ്.

സമരത്തിനു ശേഷം യൂണിയന്റെ ഇടപെടലുകളൊന്നും കാര്യമായി ഉണ്ടായില്ല. ജീവനക്കാരുടെ ശമ്പളവർദ്ധന അടക്കമുള്ള ആവശ്യങ്ങൾക്കുള്ള ചർച്ചകളിൽ അവരുടെ കാര്യമായ സാന്നിദ്ധ്യവും ഉണ്ടായിരുന്നില്ല. അവകാശങ്ങൾ നേടിയെടുക്കാൻ എ. ഐ. ടി. യു. സി. പോരാ എന്ന തിരിച്ചറിവിൽ ആ യൂണിയൻ തുടങ്ങാൻ ഏറ്റവുമധികം പരിശ്രമിച്ച പി. ഉണ്ണിക്കൃ

ഷ്ണന്റെ ഒത്താശയോടെ 1992 ഫെബ്രുവരി 2-ന് ഐ. എൻ. ടി. യു. സി. യുടെ നേതൃത്വത്തിൽ എസ് എൻ എ ഔഷധശാല എംപ്ലോയീസ് യൂണിയൻ എന്ന സംഘടന രൂപീകരിച്ചു. പി. എം. രവീന്ദ്രനായിരുന്നു ഐ. എൻ. ടി. യു. സി. യുടെ സെക്രട്ടറി. പിന്നീട് 2014 മാർച്ച് 8-ന് ഇതിന്റെ പേര് എസ് എൻ എ ഔഷധശാല വർക്കേഴ്സ് കോൺഗ്രസ്സ് എന്നാക്കി പ്രവർത്തനം തുടർന്നു.

ഇതിനിടെ 2001-ൽ എസ് എൻ എ എംപ്ലോയീസ് യൂണിയൻ എന്ന പേരിൽ ഐ എൻ എൽ സിയുടെ നേതൃത്വത്തിൽ എ. വി. വല്ലഭൻ പ്രസിഡണ്ടായി പുതിയ ഒരു സംഘടന രൂപീകരിയ്ക്കപ്പെട്ടുവെങ്കിലും അത് അധികകാലം തുടർന്നില്ല.

1983 ഒക്ടോബർ 10-ന് ബി. എം. എസ്സിന്റെ നേതൃത്വത്തിലുള്ള വാണിജ്യ വ്യവസായ മസ്ദൂർ സംഘ്, എസ് എൻ എ ഔഷധശാല യൂണിറ്റ് എന്ന മറ്റൊരു സംഘടന കൂടി രൂപീകരിയ്ക്കപ്പെട്ടുവെങ്കിലും 2010-ലാണ് അത് സജീവമാവുന്നത്. പി. വി. സുബ്രഹ്മണ്യനായിരുന്നു തൃശ്ശൂർ ജില്ല വാണിജ്യ വ്യവസായ മസ്ദൂർ സംഘിന്റെ അന്നത്തെ ജനറൽ സെക്രട്ടറി.

ഇപ്പോൾ ഔഷധശാലയിൽ ഐ. എൻ. ടി. യു. സി.യുടെ നേതൃത്വത്തിലുള്ള എസ് എൻ എ വർക്കേഴ്സ് കോൺഗ്രസ്സ് എന്ന സംഘടനയും ബി. എം. എസിന്റെ ബാനറിലുള്ള വാണിജ്യ വ്യവസായ മസ്ദൂർ സംഘ്, എസ് എൻ എ ഔഷധശാല യൂണിറ്റ് എന്ന സംഘടനയുമാണ് നിലവിലുള്ളത്.

2011 മുതൽ ശമ്പളപരിഷ്കരണ കരാറുകൾ മൂന്നു വർഷത്തേയ്ക്ക് എന്നാക്കി നിജപ്പെടുത്തി. അതു വരെ അത് രണ്ടു വർഷം കൂടുമ്പോഴായിരുന്നു.

ഒരക്ഷരത്തെറ്റു പോലെയായിരുന്നു 1971-ലെ സമരമുണ്ടായത്. 1971 ഒക്ടോബർ 29-ലെ ഒത്തുതീർപ്പു രേഖയിൽ ഒമ്പതാമത്തെ വ്യവസ്ഥയായി "മാനേജ്മെന്റും തൊഴിലാളികളും തമ്മിലുണ്ടായ തർക്കങ്ങൾ സൗഹാർദ്ദപൂർവ്വം തീർത്ത പരിതസ്ഥിതിയിൽ സ്ഥാപനത്തിന്റെ പുരോഗതിയ്ക്കു വേണ്ടി തൊഴിലാളികൾ സൗഹാർദ്ദപൂർവ്വം പ്രവർത്തിയ്ക്കുന്നതാണെന്ന് അസോസിയേഷനും തൊഴിലാളികൾക്ക് എതിരായി യാതൊരു പ്രതികാര മനോഭാവവും കൂടാതെ സൗഹാർദ്ദപൂർവ്വം പെരുമാറുന്നതാണെന്ന് മാനേജ്മെന്റും നിശ്ചയിച്ചിരിയ്ക്കുന്നു" എന്ന് രേഖപ്പെടുത്തിയിരുന്നുവല്ലോ. ആധുനിക വ്യവസായ രംഗത്ത് അശ്ലീലമായി വ്യവഹരിയ്ക്കപ്പെടുന്ന മാനേജ്മെന്റ്, തൊഴിലാളി എന്ന രണ്ടു പദങ്ങൾ റദ്ദ് ചെയ്തുകൊണ്ടാണ് പിന്നീട് സ്ഥാപനം മുന്നോട്ടു പോയത്. അതുകൊണ്ടു തന്നെ ഇന്ന് ഔഷധശാലയിൽ സന്തോഷത്തിന്റെയും സൗഹാർദ്ദത്തിന്റെയും സമാധാനത്തിന്റെയും അന്തരീക്ഷം പുലരുന്നു.

# നവതി ആഘോഷങ്ങൾ

ആരോഗ്യസേവനരംഗത്ത് ഒൻപതു പതിറ്റാണ്ടുകൾ പൂർത്തിയാക്കിയ ഔഷധശാലയുടെ നവതി ആഘോഷം ഒരു വർഷം നീണ്ടു നിന്ന വൈവിദ്ധ്യമാർന്ന പരിപാടികളോടെ നടന്നു. ഇതിനായി ആർട്ടിസ്റ്റ് നമ്പൂതിരി ചെയർമാനും വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് മുഖ്യ രക്ഷാധികാരിയുമായി രൂപീകരിയ്ക്കപ്പെട്ട ആഘോഷക്കമ്മിറ്റിയിൽ സാമൂഹ്യരാഷ്ട്രീയസാംസ്കാരികരംഗത്തെ പ്രമുഖരും ആയുർവേദഭിഷഗ്വരന്മാരും ജീവനക്കാരുടേയും നാട്ടുകാരുടേയും ഏജൻസികളുടേയും പ്രതിനിധികളും ഉൾപ്പെട്ടിരുന്നു.

### ഉദ്ഘാടനസമ്മേളനം

എസ് എൻ എ ഔഷധശാലയുടെ നവതി ആഘോഷങ്ങളുടെ ഉദ്ഘാടനം 2010 ജനുവരി 10-ാം തീയതി ഔഷധശാലാ അങ്കണത്തിൽ വെച്ച് നടന്നു.

പ്രശസ്തചിത്രകാരനും നവതി ഓർഗനൈസിംഗ് കമ്മറ്റി ചെയർമാനുമായ ആർട്ടിസ്റ്റ് നമ്പൂതിരി കൊടിക്കൂറ ഉയർത്തി ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചു.

ആരോഗ്യമന്ത്രി പി. കെ. ശ്രീമതി നിലവിളക്ക് കൊളുത്തി സമ്മേളനത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. തുടർന്ന് വേദിയിലും സദസ്സിലും ഉള്ളവർ ചേർന്ന് തൊണ്ണൂറ് തിരികൾ തെളിയിച്ചു. ആർട്ടിസ്റ്റ് നമ്പൂതിരി യോഗത്തിന്റെ അദ്ധ്യക്ഷനായിരുന്നു.

തൃശ്ശൂരിൽ ആരംഭിച്ച കേരള ആരോഗ്യ സർവകലാശാലയുടെ പ്രോ വൈസ് ചാൻസലർ ആയുർവേദരംഗത്തു നിന്നുള്ള പ്രഗത്ഭനായിരിയ്ക്കും എന്ന പ്രഖ്യാപനം ആരോഗ്യമന്ത്രി

ആർട്ടിസ്റ്റ് നമ്പൂതിരി കൊടിക്കൂറ ഉയർത്തുന്നു

മന്ത്രി പി. കെ. ശ്രീമതി ഉദ്ഘാടനം ചെയ്യുന്നു

നടത്തിയത് ഈ സമ്മേളനത്തിൽ വെച്ചാണ്. കേരളത്തിലെ ആയുർവേദമേഖലയ്ക്ക് അഭിമാനിയ്ക്കാവുന്ന ഒരു നേട്ടം തന്നെയാണ് ഈ സ്ഥാനലബ്ധി.

ഉണ്ണിമൂസ്സ് ഫൗണ്ടേഷൻ ഉദ്ഘാടനവും ലോഗോ പ്രകാശനവും റവന്യൂമന്ത്രി കെ. പി. രാജേന്ദ്രൻ നിർവഹിച്ചു.

ചടങ്ങിൽ ആയുർവേദരംഗത്തെ പ്രമുഖ ചികിത്സകരായ വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരി, ഇ.ടി. നാരായണൻ മൂസ്സ്, ആലത്തിയൂർ നാരായണൻ നമ്പി എന്നിവരെ തൃശ്ശൂർ ലോകസഭാംഗം പി.സി. ചാക്കോ ആദരിയ്ക്കുകയുണ്ടായി.

ഈ സമ്മേളനത്തിൽ ഔഷധശാലയുടെ വളർച്ചയിൽ സുപ്രധാന പങ്കുവഹിച്ച പൂർവകാല ജീവനക്കാരായ കെ. ശങ്കരൻ നായർ, കെ. നാരായണൻ നായർ, എൻ. ഗോപാലകൃഷ്ണൻ നായർ എന്നിവരെ കൗൺസിലർ കിരൺ സി. ലാസർ പൊന്നാടയണിയിച്ച് ആദരിച്ചു.

ഔഷധശാലയുടെ സ്ഥാപകനായ അഷ്ടവൈദ്യൻ തൃശ്ശൂർ തൈക്കാട്ട് ഉണ്ണി മൂസ്സിന്റെ വിയോഗത്തിൽ പ്രശസ്തകവി കെ. കെ. രാജാ എഴുതിയ ബാഷ്പാഞ്ജലി എന്ന വിലാപകാവ്യത്തിന്റെ ഓഡിയോ സി. ഡി. തേറമ്പിൽ രാമകൃഷ്ണൻ എം എൽ എ, പ്രമുഖ വ്യവസായിയും ചലച്ചിത്രനിർമ്മാതാവും എ വി എ ഗ്രൂപ്പ് ചെയർമാനുമായ എ. വി. അനൂപിന് നൽകിക്കൊണ്ട് പ്രകാശനം നടത്തി. പ്രശസ്ത സംഗീതജ്ഞനായ അജിത് നമ്പൂതിരിയുടെ മുഖവചനത്തോടു കൂടി മലയാളത്തിന്റെ പ്രിയകവി വി. മധുസൂദനൻ നായരാണ് കവിത ആലപിച്ചിരിയ്ക്കുന്നത്. ഈ മനോഹരകാവ്യത്തിനു പുറമേ തൃശ്ശൂർ തൈക്കാട്ട് കുടുംബത്തിന്റെ പൂർവചരിത്രം രേഖപ്പെടുത്തിയ സുബ്ബരാമഭട്ടരുടെ ആപദ്ദീപം എന്ന സംസ്കൃതകാവ്യവും അതിന് വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് രചിച്ച മാർഗ്ഗദീപം എന്ന മലയാളത്തിലുള്ള ആശയാനുവാദവും വി. മധുസൂദനൻ നായരുടെ ശ്രവ്യമനോഹരമായ ശബ്ദത്തിൽ ചേർത്തിട്ടുണ്ട്.

ചടങ്ങിൽ നാട്ടുകാരുടെ പ്രതിനിധിയായി കൊച്ചിൻ യൂണിവേഴ്സിറ്റി വൈസ് ചാൻസലറായിരുന്ന ഡോ. കെ. ഗോപാലനും വിവിധ സംഘടനകളെ പ്രതിനിധാനം ചെയ്ത് അഷ്ടവൈദ്യൻ ഇ. ടി. നീലകണ്ഠൻ മൂസ്സ് (ആയുർവേദ മെഡി

വേദി

വേദി - മറ്റൊരു ദൃശ്യം

സിൻ മാനുഫാക്ചറേഴ്സ് ഓർഗനൈസേഷൻ ഓഫ് ഇന്ത്യ), ഡോ. ബേബി കൃഷ്ണൻ (ആയുർവേദ ഹോസ്പിറ്റൽ മാനേജ്മെന്റ് അസോസിയേഷൻ), ഡോ. ജോജി തച്ചിൽ (ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ) എന്നിവരും എസ് എൻ എ ഔഷധശാലയുടെ ഏജൻസികളുടെ പ്രതിനിധിയായി സി. പി. ശിവദാസനും ജീവനക്കാർക്കു വേണ്ടി പി. ഉണ്ണികൃഷ്ണൻ, കെ. ജയരാജൻ എന്നിവരും ആശംസകളർപ്പിച്ച് പ്രസംഗിച്ചു. ജനറൽ മാനേജർ ടി. എം. നാരായണൻ അതിഥികൾക്ക് ഉപഹാരങ്ങൾ സമ്മാനിച്ചു.

ഔഷധശാലയുടെ മാനേജിങ് ഡയറക്ടർ ഡോ. പി. ടി. എൻ. വാസുദേവൻ മൂസ്സ് സ്വാഗതവും നവതി പ്രോഗ്രാം കമ്മറ്റി ചെയർമാൻ പ്രൊഫസ്സർ എം. മുരളീധരൻ നന്ദിയും പറഞ്ഞു.

### അഷ്ടവൈദ്യസംഗമം

ഉദ്ഘാടനദിവസം ഉച്ചതിരിഞ്ഞ് അഷ്ടവൈദ്യകുടുംബാംഗങ്ങളുടെ ഒത്തുചേരൽ നടന്നു. ചീരട്ടമൺ മൂസ്സ് ഒഴികെ നിലവിലുള്ള അഷ്ടവൈദ്യ കുടുംബങ്ങളായ തൃശ്ശൂർ തൈക്കാട്ട് മൂസ്സ്, പുലാമന്തോൾ മൂസ്സ്, ഇളയിടത്ത് തൈക്കാട്ട് മൂസ്സ്, കുട്ടഞ്ചേരി മൂസ്സ്, ആലത്തിയൂർ നമ്പി, വയസ്കര മൂസ്സ്, വൈദ്യമഠം എന്നിവിടങ്ങളിലെ ഭൂരിപക്ഷം പേരും ഇതിൽ പങ്കെടുത്തു. പുലാമന്തോൾ ശങ്കരൻ മൂസ്സ് മോഡറേറ്ററായ യോഗത്തിൽ അഷ്ടവൈദ്യകുടുംബങ്ങളുടെ ചരിത്രം സമാഹരിച്ച് പുസ്തകരൂപത്തിലാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യപ്പെട്ടു. അഷ്ടവൈദ്യ കുടുംബങ്ങളിൽപ്പെട്ട വൈദ്യപാരമ്പര്യം പിൻതുടരുന്ന ഇരുപതോളം വൈദ്യന്മാർക്ക് അഷ്ടവൈദ്യൻ ഇ. ടി. നാരായണൻ മൂസ്സ് ഔഷധശാലയുടെ സ്നേഹോപഹാരം നൽകി.

പുലാമന്തോൾ ആര്യൻ മൂസ്സിന്റെ 'സദാചാര വൃത്തിവർത്തനം' എന്ന കൃതിയെക്കുറിച്ച് ഡോ. പി. വി. ശ്രീദേവി സംസാരിച്ചു. ഈ ഗ്രന്ഥത്തെ ആധാരമാക്കിയാണ് ശ്രീദേവി ഡോക്ടറേറ്റ് എടുത്തിരിക്കുന്നത്.

നവതി ആഘോഷങ്ങളുടെ ഭാഗമായി വിവിധ സ്ഥലങ്ങളിൽ വെച്ച് ആയുർവേദസംബന്ധിയായ സെമിനാറുകൾ സംഘടിപ്പിച്ചു. ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ചാണ് സെമിനാറുകൾ നടത്തിയത്.

ബാഷ്പാഞ്ജലി സി ഡി പ്രകാശനം

വാർത്താപത്രിക 1-ാം പുറം

വാർത്താപത്രിക 2-ാം പുറം

സംഗമത്തിനെത്തിയ അഷ്ടവൈദ്യകുടുംബാംഗങ്ങൾ

## അമൃതസമീക്ഷ

2010 ഫെബ്രുവരി 21-ാം തീയതി കോഴിക്കോട് മലബാർ പാലസിൽ വെച്ച് അമൃതസമീക്ഷ എന്ന പേരിൽ ആയുർവേദ സെമിനാർ നടത്തി.

ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വി. ജി. ഉദയകുമാറിന്റെ അദ്ധ്യക്ഷതയിൽ നടന്ന സെമിനാറിന്റെ ഉദ്ഘാടനം മാതൃഭൂമി മാനേജിങ് ഡയറക്ടർ എം. പി. വീരേന്ദ്രകുമാറാണ് നിർവഹിച്ചത്. ചടങ്ങിൽ എടക്കാട് നാരായണൻ വൈദ്യർ, ഡോ. കെ. ശങ്കരൻ, ഡോ. സി. അബു എന്നീ ആയുർവേദാചാര്യന്മാരെ എ. പ്രദീപ്കുമാർ എം എൽ എ ഷാളണിയിച്ച് ആദരിച്ചു. ഡോ. മനോജ് കാളൂർ (ആയുർവേദ മെഡിസിൻ മാനുഫാക്ചറേഴ്സ് ഓർഗനൈസേഷൻ ഓഫ് ഇന്ത്യ), ഡോ. എൻ. കെ. മാധവൻ നമ്പ്യാർ (ആയുർവേദ ഹോസ്പിറ്റൽ മാനേജ്മെന്റ് അസോസിയേഷൻ) എന്നിവർ ആശംസകൾ അർപ്പിച്ചു. എ. ജയകൃഷ്ണൻ നമ്പി സ്വാഗതവും ഡോ. ശശി കീഴാറ്റുപുറത്ത് നന്ദിയും രേഖപ്പെടുത്തി.

ചിറ്റമൃതിന്റെ ഉപയോഗത്തെ സംബന്ധിച്ച ചർച്ചകളാണ് ഇവിടെ നടന്നത്. സെമിനാറിൽ ഡോ. ഇന്ദിരാ ബാലചന്ദ്രൻ, അരുമാനൂർ പരമേശ്വരൻ, ഡോ. ജെറോം വി. കുര്യൻ, ഡോ. ടി. എസ്. കൃഷ്ണകുമാർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ. കെ. വി. രാമൻകുട്ടി വാരിയർ, ഡോ. പി. കെ. വി. ആനന്ദ് എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. ഡോ. എ. എൻ. നാരായണൻ നമ്പി മോഡറേറ്ററായിരുന്നു.

ഉദ്ഘാടനം - എം. പി. വീരേന്ദ്രകുമാർ

## അഭയസമീക്ഷ

2010 ആഗസ്റ്റ് 29-ാം തീയതി തിരുവനന്തപുരത്ത് ഹോട്ടൽ എസ്. പി. ഗ്രാന്റ് ഡേയ്സിൽ വെച്ച് അഭയസമീക്ഷ എന്ന പേരിൽ ആയുർവേദസെമിനാർ നടത്തി.

ഉദ്ഘാടനം നിർവഹിച്ചത് തിരുവിതാംകൂർ മഹാരാജാവ് പദ്മനാഭദാസ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ ആയിരുന്നു. ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ഡോ. കെ. ഗോപകുമാർ ആദ്ധ്യക്ഷം വഹിച്ചു. ഡോ. സി. രത്നാകരൻ (പ്രോവൈസ്ചാൻസലർ, കേരള യൂണിവേഴ്സിറ്റി ഹെൽത്ത് ആന്റ് അലൈഡ് സയൻസ്) മുഖ്യാതിഥിയായിരുന്നു. ഡോ. അനിത ജേക്കബ്, (ഡയറക്ടർ, ഐ എസ് എം, ഗവണ്മെന്റ് ഓഫ് കേരള), ഡോ. സി. ബി. ജസ്റ്റിൻ

ഉദ്ഘാടനം - ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ

ജോസ് (സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി, ആയുർവേദമെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ) എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. വി. എ. വേണുഗോപാൽ സ്വാഗതവും ഡോ. പി. ബി. ഗോപകുമാർ നന്ദിയും പറഞ്ഞു.

കടുക്കയുടെ വിവിധ പ്രയോഗങ്ങളേയും ഉപയോഗസാദ്ധ്യതകളേയും സംബന്ധിച്ച് നടന്ന സെമിനാറിൽ ഡോ. എസ്. അജയൻ, ഡോ. എസ്. ഗോപകുമാർ, ഡോ. കെ. മുരളി, ഡോ. മനോജ് ശങ്കരനാരായണ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ആലത്തിയൂർ നാരായണൻ നമ്പി, ഡോ. എം. ആർ. വാസുദേവൻ നമ്പൂതിരി, ഡോ. എം. എൻ. ശശിധരൻ, അരുമാനൂർ പരമേശ്വരൻ എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. ഡോ. എ. എൻ. നാരായണൻ നമ്പി മോഡറേറ്ററായിരുന്നു.

## ആമയസമീക്ഷ

2010 ഒക്ടോബർ 2-ാം തീയതി ബാംഗ്ലൂരിലെ ഈസ്റ്റ് കൾച്ചറൽ അസോസിയേഷൻ ഹാളിൽ വെച്ച് തൈറോയ്ഡ് രോഗങ്ങളെ കുറിച്ച് സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്തത് പ്രൊഫ. അലക്സ് ഹാങ്കി (ഡീൻ, ഐ. എ. ഐ. എം., ബാംഗ്ലൂർ) ആയിരുന്നു. എഫ്. ആർ. എൽ. എച്ച്. ടി.യുടെ ജോയിന്റ് ഡയറക്ടറായ ഡോ. ജി. ജി. ഗംഗാധരൻ അദ്ധ്യക്ഷനായ സമ്മേളനത്തിൽ എസ്. രഘു എം എൽ എ, ഡോ. വി. ജി. ഉദയകുമാർ (ജനറൽ സെക്രട്ടറി, ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ) എന്നിവർ സന്നിഹിതരായിരുന്നു. വി. എ. വേണുഗോപാൽ സ്വാഗതവും വി. പി. രാഘവൻ നന്ദിയും പറഞ്ഞു.

ഡോ. ആർ. കിഷോർ, ഡോ. രാധിക വർമ്മ, ഡോ. പത്മനാഭൻ എന്നിവർ തൈറോയ്ഡ് രോഗങ്ങളെ കുറിച്ച് പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ. ജി. ജി. വിവേക് മോഡറേറ്ററായിരുന്നു. ഡോ. ഗായത്രി ചർച്ചകൾ ക്രോഡീകരിച്ച് സദസ്സിന് നന്ദിയും പറഞ്ഞു.

ഉദ്ഘാടനം - പ്രൊഫ. അലക്സ് ഹാങ്കി

### അഗ്നിസമീക്ഷ

2010 നവംബർ 7-ാം തീയതി അങ്കമാലിയിലെ ഹോട്ടൽ എലൈറ്റ് പലാസ്സോയിൽ വെച്ചാണ് ഈ സെമിനാർ നടന്നത്.

ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സംസ്ഥാന പ്രസിഡന്റ് ഡോ. ടി. എ. സലിമിന്റെ അദ്ധ്യക്ഷതയിൽ നടന്ന സെമിനാർ ഉദ്ഘാടനം ചെയ്തത് പ്രൊഫസ്സർ സുകുമാർ അഴീക്കോടാണ്. മുതിർന്ന ആയുർവേദ വൈദ്യന്മാരായ ഡോ. കെ. ശ്രീധരൻ വൈദ്യർ, ഡോ. പി. ടി. കൃഷ്ണൻ നമ്പ്യാർ, ഡോ. എൻ. പി. പി. നമ്പൂതിരി, ഡോ. കെ. ഐ. വർഗ്ഗീസ് പട്ടരുമഠം എന്നിവരെ രാജ്യസഭാംഗം പി. രാജീവ് ആദരിച്ചു. ഡോ. എസ്. നരേന്ദ്രബാബു (ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ), ജോയച്ചൻ കെ. എരിഞ്ഞേരി (ആയുർവേദ മെഡിസിൻ മാനുഫാക്ചറേഴ്സ് ഓർഗനൈസേഷൻ

ഉദ്ഘാടനം - പ്രൊഫ. സുകുമാർ അഴീക്കോട്

ഓഫ് ഇന്ത്യ), ഡോ. എ. എം. അൻവർ (ആയുർവേദ ഹോസ്പിറ്റൽ മാനേജ്മെന്റ് അസോസിയേഷൻ) എന്നിവർ ആശംസകളർപ്പിച്ചു. ടി. എസ്. ഗോകുൽദാസ് സ്വാഗതവും ഡോ. പി. കെ. ലതിക നന്ദിയും പറഞ്ഞു.

കൊടുവേലിയുടെ വിവിധ പ്രയോഗങ്ങളേയും ഗുണദോഷങ്ങളേയും കേന്ദ്രീകരിച്ച് നടന്ന ചർച്ചയിൽ ഡോ. എസ്. അജയൻ, ഡോ ജി. ശ്യാമകൃഷ്ണൻ, ഡോ. പി. എസ്. ശ്രീകുമാർ, ഡോ. സി. അനഘൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ആലത്തിയൂർ നാരായണൻ നമ്പി, ഡോ. കെ. എ. ശശിധരൻ, ഡോ. സി. കെ. കൃഷ്ണൻ നായർ, ഡോ. സി. ഡി. കൃഷ്ണകുമാർ എന്നിവർ പാനലംഗങ്ങളായി ചർച്ചകൾക്ക് നേതൃത്വം കൊടുത്തു. ഡോ. എ. എൻ. നാരായണൻ നമ്പി മോഡറേറ്ററായിരുന്നു.

### ആരോഗ്യസമീക്ഷ

